# ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ

ബൈബിളിലെ ദൈവം
യഥാർഥത്തിൽ ആരാണ് എന്ന് മനസ്സിലാക്കുക



റാം കൃഷ്ണമൂർത്തി

# ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ

## ബൈബിളിലെ ദൈവം
## യഥാർഥത്തിൽ ആരാണ് എന്ന് മനസ്സിലാക്കുക

റാം കൃഷ്ണമൂർത്തി

**ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ**
ബൈബിളിലെ ദൈവം യഥാർഥത്തിൽ ആരാണ് എന്ന് മനസ്സിലാക്കുക

ഗ്രന്ഥകാരൻ
റാം കൃഷ്ണമൂർത്തി

ഈ രചന ഗ്രന്ഥകാരന്റെ അനുവാദം കൂടാതെതന്നെ സൗജന്യമായി പകർത്തുകയും ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്.

സ്വതന്ത്ര പ്രസിദ്ധീകരണം
ഒന്നാം പതിപ്പ്

തിരുവെഴുത്തിലെ ഉദ്ധരണികൾ എല്ലാം സത്യവേദപുസ്തകത്തിൽ നിന്നും എടുത്തിരിക്കുന്നു.

കവർ & പേജ് ഡിസൈൻ: ബ്ലെസ്മോൻ

*ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവും താൻ മാത്രം അമർത്ത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്തവനും കാണ്മാൻ കഴിയാത്തവനുമായ ദൈവത്തിന്. തനിക്ക് എന്നേയ്കും ബഹുമാനവും ശക്തിയും ഉണ്ടായിരിക്കട്ടെ. ആമേൻ.*

*1 തിമോഥെയോസ് 6:15-16*

# ഉള്ളടക്കം

മുഖവുര: ഈ പുസ്തകം ഉപയോഗിക്കുന്ന വിധംആമുഖം . . iii

എന്തിനു വേണ്ടിയാണ് ദൈവത്തിന്റെ
അഭേദ്യഗുണങ്ങൾ പഠിക്കുന്നത്? . . . . . . . . . . . . . . . . . . . . . . . . 1

അഭേദ്യഗുണം 1: ദൈവത്തിന്റെ വിശുദ്ധി . . . . . . . . . . . . . . . . . 9

അഭേദ്യഗുണം 2: ദൈവത്തിന്റെ ശക്തി . . . . . . . . . . . . . . . . . . 17

അഭേദ്യഗുണം 3: ദൈവത്തിന്റെ സാന്നിധ്യം . . . . . . . . . . . . . . . . 31

അഭേദ്യഗുണം 4: ദൈവത്തിന്റെ അറിവ് . . . . . . . . . . . . . . . . . 41

അഭേദ്യഗുണം 5: ദൈവത്തിന്റെ പിതൃത്വം . . . . . . . . . . . . . . . . 53

അഭേദ്യഗുണം 6: ദൈവത്തിന്റെ സ്നേഹം . . . . . . . . . . . . . . . . 61

അഭേദ്യഗുണം 7: ദൈവത്തിന്റെ ജ്ഞാനം . . . . . . . . . . . . . . . . . 73

അഭേദ്യഗുണം 8: ദൈവത്തിന്റെ ക്രോധം . . . . . . . . . . . . . . . . . 85

അഭേദ്യഗുണം 9: ദൈവത്തിന്റെ വിശ്വസ്തത . . . . . . . . . . . . . . 95

അഭേദ്യഗുണം 10: ദൈവത്തിന്റെ സർവ്വാധികാരം . . . . . . . . 105

അഭേദ്യഗുണം 11: ദൈവത്തിന്റെ ക്ഷമ . . . . . . . . . . . . . . . . . 117

അഭേദ്യഗുണം 12: ദൈവത്തിന്റെ മാറ്റമില്ലായ്മ . . . . . . . . . . 127

ഉപസംഹാരം: കൃതജ്ഞത . . . . . . . . . . . . . . . . . . . . . . . . . . . 143

ഗ്രന്ഥകാരനെക്കുറിച്ച് . . . . . . . . . . . . . . . . . . . . . . . . . . . . . 147

## മുഖവുര:

# ഈ പുസ്തകം ഉപയോഗിക്കുന്ന വിധം

ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ പന്ത്രണ്ടെണ്ണം ഉൾക്കൊള്ളുന്ന ഈ പുസ്തകം വായനയ്ക്കായി പരിഗണിച്ചതിന് നന്ദി. ബൈബിളിലെ ദൈവത്തിന്റെ യഥാർഥ സ്വഭാവം സംബന്ധിച്ച് വായനക്കാരന് നല്ല അവബോധം ഉണ്ടാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇത് ഈ ബൃഹത്തായ വിഷയം സംബന്ധിച്ചുള്ള ആഴമേറിയ ഒരു പഠനമോ പ്രാഥമികമായി പണ്ഡിതന്മാർക്കു വേണ്ടി എഴുതപ്പെട്ടതോ അല്ല എന്നിരിക്കിലും, തിരുവെഴുത്തുകളുടെ ഉറപ്പുള്ള അടിത്തറയെ അടിസ്ഥാനമാക്കിയുള്ളതാണ്.

വിശ്വാസികൾക്ക് പ്രായോഗിക പാഠവും അക്രൈസ്തവരോട് അഭ്യർഥനയും ഉൾക്കൊള്ളുന്ന ഓരോ അധ്യായവും പൊതുവെ ഹ്രസ്വമാണ്. ജീവിതത്തിൽ മാറ്റങ്ങൾ വരുത്തുവാൻ പ്രേരകമാകുന്നതിന് ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ഓരോ അധ്യായത്തിന്റെയും അവസാനം നൽകപ്പെട്ടിരിക്കുന്നു. ഓരോ അഭേദ്യഗുണത്തിന്റെയും ഒടുവിൽ ധ്യാനത്തിനും മനഃപാഠത്തിനുമായി തിരുവെഴുത്തുകളിൽ നിന്നുള്ള ഒരു വാക്യം നൽകിയിരിക്കുന്നു. നൽകപ്പെട്ടിരിക്കുന്ന അഭേദ്യഗുണത്തിനായി ദൈവത്തെ സ്തുതിക്കുവാൻ സ്തുതിഗീതങ്ങളുടെ ഒരു പട്ടികയും ഒപ്പം ചേർത്തിരിക്കുന്നു. പ്രസ്തുത അഭേദ്യഗുണത്തിന്റെ വെളിച്ചത്തിൽ ജീവിക്കുവാൻ സഹായകമാകുന്നതിന് ഒരു ഹ്രസ്വപ്രാർഥനയും ഓരോ അധ്യായത്തിന്റെയും അവസാനം നൽകിയിരിക്കുന്നു.

ഈ പുസ്തകം പല വിധത്തിൽ ഉപയോഗിക്കാവുന്നതാണ്. അവയിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു:

- വ്യക്തിഗത വായന.
- ചെറിയ സംഘമായുള്ള ബൈബിൾ പഠനം.
- പുതിയ വിശ്വാസികളെ ശിഷ്യരാക്കുന്നതിനുള്ള ഉപാധി (പുതിയ വിശ്വാസികൾക്ക് ബൈബിളിലെ മഹത്വവാനായ ദൈവത്തെ അറിയുന്നതിനും ആസ്വദിക്കുന്നതിനും വഴിയൊരുക്കുന്നതിന് സഹായകരമായ മാർഗ്ഗമാണിത്!)

- അക്രൈസ്തവനാണെങ്കിലും, ബൈബിളിലെ ദൈവത്തെക്കുറിച്ച് കൂടുതൽ അറിയുവാൻ താത്പര്യപ്പെടുന്ന ഒരു സ്നേഹിതനോ കുടുംബാംഗത്തിനോ ഈ പുസ്തകം നൽകാവുന്നതാണ്.
- ദൈവത്തിന്റെ അദ്വേദ്യഗുണങ്ങളെക്കുറിച്ച് തങ്ങളുടെ സഭാംഗങ്ങളെ പഠിപ്പിക്കുവാൻ താത്പര്യപ്പെടുന്ന പാസ്റ്റർമാർക്ക്.
- മുകളിൽ പറഞ്ഞിരിക്കുന്ന കൂട്ടത്തിൽ ഉൾപ്പെടാത്ത, നിങ്ങൾക്ക് അറിയാവുന്ന ഒരാൾ ജീവിതത്തിൽ ചില മേഖലകളിൽ പ്രയാസം നേരിടുന്നുവെങ്കിൽ, ഈ പുസ്തകത്തിന്റെ ചില ഭാഗങ്ങൾപോലും സഹായകരമായേക്കാം.
- ഉദാഹരണത്തിന്, ആകുലതയാൽ പ്രയാസപ്പെടുമ്പോൾ, "ദൈവത്തിന്റെ സാന്നിധ്യം" എന്ന അധ്യായം സഹായകരമായേക്കാം.
- പല കാര്യങ്ങളും നിങ്ങൾക്ക് പ്രതികൂലമായി കാണപ്പെടുമ്പോൾ, "ദൈവത്തിന്റെ സർവ്വാധികാരം" എന്ന അധ്യായം സംഘർഷമനുഭവിക്കുന്ന ആത്മാവിനെ ശാന്തമാക്കുന്നതിന് ഉതകിയേക്കാം.
- പാപത്തെ മറികടക്കുവാൻ പോരാട്ടം നേരിടുന്നുവെങ്കിൽ, "ദൈവത്തിന്റെ വിശുദ്ധി", "ദൈവത്തിന്റെ സ്നേഹം" എന്നീ അധ്യായങ്ങൾ സഹായകമായേക്കാം.
- ഒരു തീരുമാനത്തോട് മല്ലിടുകയാണെങ്കിൽ, "ദൈവത്തിന്റെ ജ്ഞാനം" എന്ന അധ്യായം ചില മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയേക്കാം.

അതെ, നിങ്ങൾ കണ്ടതുപോലെ, ഈ പുസ്തകം വിവിധ ഉദ്ദേശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാവുന്നതാണ്. ഈ പുസ്തകം തയ്യാറാക്കിയപ്പോൾ വിദഗ്ദോപദേശത്തിനു വേണ്ടി ഞങ്ങൾ പരിശോധിച്ച വിഭവങ്ങളുടെ ഒരു ലിസ്റ്റും ഇതോടൊപ്പം നൽകിയിട്ടുണ്ട്. ഈ സുപ്രധാന വിഷയത്തെക്കുറിച്ച് ആഴമായ അവബോധം പ്രദാനം ചെയ്യുവാൻ അവയും നിങ്ങൾക്ക് സഹായകരമായേക്കാം.

കർത്താവിനെ അറിയുന്നതിലും സ്നേഹിക്കുന്നതിലും വളരുന്നതിന് നിങ്ങളെ സഹായിക്കുവാൻ ഈ പുസ്തകം ഉപയോഗിക്കുവാൻ കർത്താവ് പ്രസാധിക്കട്ടെ എന്ന് ഞാൻ ആത്മാർഥമായി പ്രാർഥിക്കുന്നു.

അതോടൊപ്പം, ഈ പുസ്തകത്തിന്റെ ഒരു ഭാഗവും പകർപ്പവകാശമുള്ളതല്ല. ഗ്രന്ഥകാരന്റെ അംഗീകാരവും ആവശ്യമല്ല. അതു

കൊണ്ട്, ദയവായി ഈ പുസ്തകം ആവശ്യം പോലെ ഉപയോഗിക്കുവാൻ സ്വാതന്ത്ര്യം എടുക്കുക.

സകല മഹത്വവും ദൈവത്തിന്!

ക്രിസ്തുവിൽ,

**റാം കൃഷ്ണമൂർത്തി**

# എന്തിനു വേണ്ടിയാണ് ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ പഠിക്കുന്നത്?

*The Knowledge of the Holy* എന്ന പ്രശസ്തമായ പുസ്തകത്തിൽ എ ഡബ്ല്യൂ ടോസർ ഇപ്രകാരം ഉചിതമായി പറഞ്ഞു:

> *...ദൈവത്തെക്കുറിച്ചുള്ള ശരിയായ അവബോധം ക്രമാനുഗത വേദശാസ്ത്രത്തിനു മാത്രമല്ല, പ്രായോഗിക ക്രിസ്തീയ ജീവിതത്തിനും അടിസ്ഥാനമാണ്... അടിസ്ഥാനവിശ്വാസ സത്യത്തിൽ ഉള്ള ഒരു പിശകോ ക്രിസ്തീയ ധാർമ്മികത പ്രായോഗികമാക്കുന്നതിനുള്ള പരാജയമോ വേരൂന്നിയിരിക്കുന്നത് ദൈവത്തെ സംബന്ധിച്ചുള്ള അപൂർണ്ണവും അനുചിതവുമായ ചിന്തയിൽ ആണെന്നു കാണുവാൻ സാധിക്കും. മറിച്ച് സംഭവിക്കുക അപൂർവ്വമാണെന്ന് ഞാൻ വിശ്വസിക്കുന്നു.*

ദൈവത്തിന് പ്രസാദകരവും സ്വീകാര്യവുമായ വിധത്തിൽ നമ്മുടെ ക്രിസ്തീയ ജീവിതം ജീവിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, ദൈവത്തെക്കുറിച്ച് ശരിയായ അവബോധം ഉണ്ടാക്കുവാൻ നാം പരിശ്രമിക്കേണ്ടതാണ്. ബൈബിളിന്റെ ദൈവത്തിന്റെ അഭേദ്യഗുണങ്ങളാലാണ് തന്നെ മനസ്സിലാക്കുവാൻ സാധിക്കുന്നത് എന്നതിനാൽ നാം അവയെ പഠിക്കേണ്ടത് അനിവാര്യമാണ്. ഈ ചെറിയ പുസ്തകത്തിന്റെ ലക്ഷ്യം അതാണ്: പഠിക്കുകയയും തത്ഫലമായി, ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ സംബന്ധിച്ചുള്ള ബോധ്യത്തിൽ വളരുകയും ചെയ്യുക.

ഈ വിഷയം സംബന്ധിച്ച് ആഴമായ പഠനത്തിന് നിങ്ങൾക്ക് പ്രചോദനവും ആഹ്വാനവും ലഭിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു. അനവധി അനുഗ്രഹങ്ങൾക്കു കാരണമാകുന്ന ആജീവ

നാന്ത പഠനമാണിത്. പ്രസ്തുത അനുഗ്രഹങ്ങളിൽ അഞ്ച് എണ്ണം താഴെ കൊടുത്തിരിക്കുന്നു.

## ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ പഠിക്കുന്നതു മൂലം ലഭ്യമാകുന്ന അഞ്ച് അനുഗ്രഹങ്ങൾ

***അനുഗ്രഹം#1: സ്വീകാര്യമായ ആരാധന അർപ്പിക്കുവാൻ അത് നമ്മെ സഹായിക്കുന്നു.***

എബ്രായ ലേഖനത്തിന്റെ എഴുത്തുകാരൻ നമ്മൊടു കല്പിക്കുന്നത് "ദൈവത്തിന്നു പ്രസാദംവരുമാറു ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്ക" (എബ്രായർ 12:28) എന്നാണ്. ദൈവം ആരാണെന്ന് നാം മനസ്സിലാക്കാതെ ഈ കല്പന അനുസരിക്കുവാൻ എങ്ങനെ സാധിക്കും? ദൈവത്തിന്റെ അഭേദ്യഗുണങ്ങളാൽ മാത്രമാണ് നമുക്കു ദൈവത്തെ മനസ്സിലാകുക എങ്കിൽ, ദൈവത്തിന് സ്വീകാര്യമായ വിധത്തിൽ ദൈവത്തെ ആരാധിക്കുന്നതിന് അവയെക്കുറിച്ചുള്ള ബോധ്യത്തിൽ നാം വളരേണ്ടത് അനിവാര്യമാണ്.

***അനുഗ്രഹം#2: അത് ദൈവത്തെ പ്രസാദിപ്പിക്കുന്നു.***

കർത്താവിനെ ബഹുമാനിക്കുന്നതും അവന് പ്രസാദകരവുമായ ജീവിതം "ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരുന്ന ജീവിതമാണ്" എന്ന് കൊലോസ്യർ 1:10 വിവരിക്കുന്നു. ദൈവത്തിന്റെ അഭേദ്യഗുണങ്ങളിലൂടെ മാത്രമാണ് നമുക്ക് ദൈവത്തെ അറിയക സാധ്യമാകുന്നത് എങ്കിൽ, ബൈബിളിൽ നമുക്ക് വെളിപ്പെടുത്തപ്പെട്ട പ്രകാരം തന്റെ അഭേദ്യഗുണങ്ങൾ പഠിക്കുന്നതിലൂടെ മാത്രമാണ് നമുക്ക് ദൈവത്തെക്കുറിച്ചുള്ള അറിവിൽ വളരുവാൻ സാധിക്കുന്നത്. അതാണ് വേദശാസ്ത്രം അഥവാ ദൈവത്തെ സംബന്ധിച്ചുള്ള പഠനം ക്രിസ്തീയ ജീവിതത്തിന് അനിവാര്യമാക്കുന്നത്. ക്രസ്തീയതയിൽ, പണ്ഡിതന്മാർക്കു മാത്രമുള്ളതാണ് വേദശാസ്ത്രം എന്ന് ചിന്തിക്കുന്നത് തെറ്റിദ്ധാരണയാണ്. മറിച്ച്, വേദശാസ്ത്രം ഓരോ ക്രിസ്ത്യാനിയ്ക്കുമുള്ളതാണ്. എന്തുകൊണ്ട്? കാരണം, ദൈവത്തിന്റെ സ്വഭാവം സംബന്ധിച്ചുള്ള ബോധ്യത്തിൽ വളരുന്നതിലൂടെ ഓരോ ക്രിസ്ത്യാനിയും ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കണം!

***അനുഗ്രഹം#3: അത് നമ്മെ ദൈവത്തെക്കുറിച്ചുള്ള തെറ്റായ വീക്ഷണത്തിൽ നിന്നും സംരക്ഷിക്കുന്നു.***

ഒരു മനുഷ്യന്റെ സ്വഭാവം എന്തെന്ന് അവൻ ആരാധിക്കുന്ന ദൈവത്തിന്റെ സ്വഭാവത്തിൽ നിന്നും തിരിച്ചറിയുവാൻ സാധിക്കും എന്ന് പറയപ്പെടുന്നു. ബൈബിളിലെ ദൈവത്തെക്കുറിച്ചുള്ള

നമ്മുടെ അവബോധം കുറ്റമറ്റതല്ല എങ്കിൽ, അത് നമ്മുടെ ദൈവാരാധനയെ മാത്രമല്ല മറിച്ച്, നമ്മുടെ സ്വഭാവത്തെ ക്കൂടി ബാധിക്കുന്നതാണ്. അതിനാലാണ്, ഈ അധ്യായത്തിന്റെ ആരംഭത്തിൽ നൽകിയിരിക്കുന്ന ടോസറിന്റെ മുന്നറിയിപ്പ് ഗൗര വതരമായി കാണേണ്ടത് അനിവാര്യമാകുന്നത്. ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ സംബന്ധിച്ചുള്ള ശരിയായ അവബോധരാ ഹിത്യം, ദൈവത്തെ സംബന്ധിച്ച് നമുക്ക് തെറ്റായ കാഴ്ചപ്പാട് നൽകുകയും ദൈവത്തെ പ്രസാദിപ്പിക്കുന്നതിൽ പരാജയപ്പെ ടുന്ന ഒരു ജീവിതം നയിക്കുവാൻ കാരണമാകുകയും ചെയ്യും. അതുകൊണ്ടാണ്, ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ പഠിക്കു ന്നതിന് വളരെ വലിയ പ്രാധാന്യമുള്ളത്. ദൈവത്തിന്റെ അഭേ ദ്യഗുണങ്ങൾ സംബന്ധിച്ച് ആജീവനാന്തം പഠിച്ചാലും, നമുക്ക് അവയെ സമ്പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കുകയില്ല. കാരണം, അപരിമിതനായ ദൈവത്തെ സമ്പൂർണ്ണമായി മനസ്സി ലാക്കുവാൻ പരിമിതരായ സൃഷ്ടികൾക്ക് സാധ്യമല്ല.

എന്നിരുന്നാലും, നാം ദൈവത്തിന്റെ സ്വരൂപത്തിലാണ് സൃഷ്ടി ക്കപ്പെട്ടത്. അതിനർഥം, ദൈവത്തെ സംബന്ധിച്ചുള്ള ചില സത്യ ങ്ങൾ മനസ്സിലാക്കുവാൻ നമുക്ക് ജന്മസിദ്ധമായ കഴിവ് ഉണ്ട് എന്നതാണ്. ക്രിസ്തുവിൽ പുതിയ സൃഷ്ടിയാക്കപ്പെട്ട്, (2 കൊരി ന്ത്യർ 5:17) ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ തുടർമാന മായ പ്രകാശിപ്പിക്കുന്ന പ്രവർത്തനത്തോടുകൂടെ (1 കൊരിന്ത്യർ 2:13) നമുക്ക് ദൈവത്തെ കൂടുതൽ കൂടുതൽ അറിയുക *സാധ്യ മാണ്.* 25 വർഷത്തെ ശുശ്രൂഷയ്ക്കു ശേഷവും പൗലോസിന്റെ നിരന്തരമായ ആഗ്രഹം അഥവാ ലക്ഷ്യം ഇതായിരുന്നു: “ക്രിസ്തു വിനെ അനുഭവിച്ചറിയുക” (ഫിലിപ്യർ 3:10). അതായിരിക്കട്ടെ നമ്മുടേയും തുടർമാനമായ ലക്ഷ്യം.

***അനുഗ്രഹം#4: അത് നമ്മുടെ ഹൃദയങ്ങളിൽ ആനന്ദം ഉളവാ ക്കുന്നു.***

ദൈവത്തെ മഹത്വപ്പെടുത്തുകയും എന്നെന്നും അവനെ ആസ്വ ദിക്കുകയുമാണ് മനുഷ്യന്റെ ആത്യന്തിക ഉദ്ദേശ്യം എന്നാണ് വെസ്റ്റ് മിനിസ്റ്റർ വേദപഠനം പ്രസ്താവിക്കുന്നത്. നാം ദൈവത്തെ സംബന്ധിച്ചുള്ള അറിവിൽ വളരുമ്പോൾ അവനോടുള്ള നമ്മുടെ സ്നേഹം വർധിക്കുന്നു. അതുപോലെതന്നെ, നമ്മുടെ അനുസ രണവും വർധിക്കുന്നു. തത്ഫലമായി, നമ്മുടെ ജീവിതങ്ങളിൽ പരിശുദ്ധാത്മാവ് കൂടുതൽ ആനന്ദം ഉളവാക്കുന്നു (ഗലാത്യർ 5:22). ചാൾസ് സ്പർജ്ജൻ എന്ന പ്രശസ്തനായ, കഴിഞ്ഞകാല പ്രസംഗകന്റെ വാക്കുകൾ എത്ര പ്രചോദനകരമാണ്:

> *ദൈവത്തിന്റെ ആഴമേറിയ സാഗരത്തിലേയ്ക്ക് നിങ്ങളെത്തന്നെ എറിയുക; തന്റെ അപരിമേയത്വത്തിൽ നിങ്ങളെത്തന്നെ നിമഗ്നമാക്കുക; വിശ്രമയിടത്തു നിന്നും ഉന്മേഷത്തോടെയും ഊർജ്ജസ്വലതയോടെയും എന്നപോലെ നിങ്ങൾ പുറത്തുവരും. ആത്മാവിനെ അത്രയേറെ ആശ്വസിപ്പിക്കുവാൻ സാധിക്കുന്ന മറ്റ് യാതൊന്നും ഉള്ളതായി എനിക്കറിയില്ല; ദുഃഖത്തിന്റെയും സങ്കടത്തിന്റെയും വൻതിരകളെ ശാന്തമാക്കുവാൻ സാധിക്കുന്ന മറ്റൊന്നും ഉള്ളതായി എനിക്കറിയില്ല; അതിനാൽ, ദൈവം എന്ന വിഷയത്തിൽ ചിന്താമഗ്നനാകുന്ന ഭക്തൻ എന്ന നിലയിൽ, പരീക്ഷയുടെ കാറ്റിനോട് ശാന്തമാകുവാൻ പറയുക.*

### *അനുഗ്രഹം#5: അത് ബൈബിൾപരമായി കഷ്ടതയോട് പ്രതികരിക്കുവാൻ നമ്മെ സഹായിക്കുന്നു.*

തകർന്നുപോയ ലോകത്തിലുള്ള യാഥാർഥ്യമാണ് കഷ്ടത (റോമർ 8:20). ക്രിസ്ത്യാനികളും അതിൽ നിന്ന് ഒഴികഴിവുള്ളവരല്ല. പലപ്പോഴും, നാം നേരിട്ടേക്കാവുന്ന കഷ്ടതകൾക്ക് പൂർണ്ണമോ സ്വീകാര്യമോ ആയ വിശദീകരണവും ഉണ്ടായിരിക്കില്ല. അത്തരം സമയങ്ങളിൽ, ദൈവത്തിന്റെ വഴികളെ ചോദ്യം ചെയ്യുവാനും വലിയ നിരാശയിലേയ്കും നിരുത്സാഹത്തിലേയ്കും നിപതിക്കുവാനും ചിലപ്പോൾ, ദൈവത്തിൽ നിന്നും അകന്നുപോകുവാനും നാം പ്രലോഭിതരായേക്കാം. എന്നിരുന്നാലും, ദൈവത്തിന്റെ സ്വഭാവം സംബന്ധിച്ചുള്ള നമ്മുടെ ബോധ്യത്തിൽ വളരുന്നതനുസരിച്ച്, ദൈവത്തിലുള്ള നമ്മുടെ ആശ്രയം കൂടുന്നു. അതു സംഭവിക്കുമ്പോൾ, കഷ്ടതകൾ "എന്തുകൊണ്ട്" എന്ന ചോദ്യത്തിനു പകരം, ദൈവം നമ്മെ ഉപേക്ഷിച്ചുകളഞ്ഞിട്ടില്ല എന്നും താൻ വാഗ്ദത്തം ചെയ്തതുപോലെ, നമ്മെ സുരക്ഷിതരായി ഭവനത്തിൽ എത്തിക്കും എന്നും അറിഞ്ഞുകൊണ്ട് നാം ദൈവത്തിൽ വിശ്രാമം കണ്ടെത്തും (ഫിലിപ്യർ 1:6).

ഇത് സത്യമാണെന്ന് ദൈവഭക്തനായ ഇയ്യോബ് കണ്ടെത്തി. ഭാവനാതീതമായ കഷ്ടത അദ്ദേഹം നേരിടുകയും നിരവധി ചോദ്യങ്ങളുടെ ഉത്തരങ്ങൾക്കായി പരതുകയും ആ ചോദ്യങ്ങളൊക്കെയും ദൈവത്തോട് നേരിട്ട് ചോദിക്കുവാൻ സാധിച്ചിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുകയും ചെയ്തു (ഇയ്യോബ് 13:3). എന്നാൽ, ഒടുവിൽ, ദൈവം തന്നത്താൻ ഇയ്യോബിന് പ്രത്യക്ഷപ്പെട്ടപ്പോൾ, ഇയ്യോബ് കൈകൾക്കൊണ്ട് വായ പൊത്തുക മാത്രമല്ല പിന്നെയോ, തനിക്കു മനസ്സിലാകാത്ത കാര്യങ്ങൾ സംസാരിച്ചതിനാൽ പശ്ചാത്തപിക്കുകയും ചെയ്തു (ഇയ്യോബ് 40:4, 42:4-6). തന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഇയ്യോബിന് ഒരിക്കലും ലഭി

ച്ചില്ല എങ്കിലും, ദൈവത്തെ സംബന്ധിച്ചുള്ള തന്റെ ബോധ്യത്തിൽ വളരുവാൻ അദ്ദേഹത്തിന് സാധിച്ചു. എന്റെയും നിങ്ങളുടെയും കാര്യത്തിലും അതു സത്യമാണ്. ദൈവത്തിന്റെ സ്വഭാവത്തെ നാം കൂടുതൽ മനസ്സിലാക്കുന്തോറും, അവന്റെ വഴികളെ ചോദ്യം ചെയ്യാതെ, നിരുത്സാഹത്തിലേയ്ക്കും നിരാശയിലേയ്ക്കും നിപതിക്കാതെ, അവനിൽ നിന്നും നമ്മെത്തന്നെ അകറ്റാതെ, വിശ്വാസത്താൽ അവനിൽ ആശ്രയിക്കുന്നത് തുടർന്നുകൊണ്ട്, നാം കൂടുതൽ ബൈബിൾ പരമായി കഷ്ടതയെ കൈകാര്യം ചെയ്യും.

ദൈവത്തിന്റെ അഭേദ്യഗുണങ്ങളുടെ പഠനം ആജീവനാന്തം തുടരുവാൻ ഈ അഞ്ച് അനുഗ്രഹങ്ങൾ നമ്മെ പ്രചോദിപ്പിക്കും എന്നു ഞാൻ പ്രത്യാശിക്കുന്നു. എന്നാൽ, ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ പഠിക്കുന്നതിനു മുൻപ്, ഈ വിഷയം സംബന്ധിച്ച് ഏതാനം ചില അടിസ്ഥാന സത്യങ്ങൾ നമുക്കു നോക്കാം.

## ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ സംബന്ധിച്ചുള്ള അടിസ്ഥാന സത്യങ്ങൾ

*എന്താണത്?* ഒരു വ്യക്തിയുടെ സഹജമായ ഗുണം അഥവാ സ്വഭാവം എന്നതാണ് അഭേദ്യഗുണം എന്നതുകൊണ്ട് അർഥമാക്കുന്നത്. ദൈവത്തിന്റെ അഭേദ്യഗുണത്തെ പരാമർശിക്കുമ്പോൾ, ദൈവത്തിന്റെ സ്വഭാവം അഥവാ പ്രകൃതിയിൽ സഹജമായും സ്ഥിരമായുമുള്ളതും തിരുവെഴുത്തുകളിലൂടെ നമുക്കു വെളിപ്പെടുത്തപ്പെട്ടതുമായ വിവിധ സവിശേഷതകളെക്കുറിച്ചാണ് നാം പറയുന്നത്.

*എന്തല്ല.* വിവിധ അഭേദ്യഗുണങ്ങൾ ദൈവത്തിന്റെ വിവിധ ഘടകങ്ങളുടെ ഭാഗമല്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ദൈവം 10% സ്നേഹവും 15% വിശുദ്ധിയും 5% കരുണയുമാണ് എന്നല്ല. ഓരോ അഭേദ്യഗുണവും ദൈവത്തിന്റെ പൂർണ്ണതയെ വർണ്ണിക്കുന്നു. ഉദാഹരണത്തിന്, സ്നേഹം ദൈവത്തിന്റെ സ്വഭാവത്തിന്റെ ഒരു ഭാഗമല്ല; ദൈവം തന്റെ പൂർണ്ണത്വത്തിൽ സ്നേഹം ആകുന്നു. വിശുദ്ധി ദൈവത്തിന്റെ സ്വഭാവത്തിന്റെ ഒരു ഭാഗമല്ല; ദൈവം തന്റെ പൂർണ്ണത്വത്തിൽ *വിശുദ്ധൻ ആകുന്നു.* നീതി ദൈവത്തിന്റെ സ്വഭാവത്തിന്റെ ഒരു ഭാഗമല്ല; ദൈവം തന്റെ പൂർണ്ണത്വത്തിൽ *നീതിമാൻ ആകുന്നു.*

അഭേദ്യഗുണങ്ങളിൽ ഒന്നിനെ ബലികഴിച്ചുകൊണ്ട് മറ്റൊന്നിനെ പ്രകടമാക്കുവാൻ ദൈവത്തിന് സാധ്യമല്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സ്നേഹം ആയിരിക്കുന്ന ദൈവം (1 യോഹന്നാൻ 4:8) ക്രോധം പ്രകടമാക്കുന്ന ദൈവവുമാണ് (സങ്കീർത്തനങ്ങൾ 5:5). അതുകൊണ്ട്, "ദൈവം സ്നേഹമാണ്" എന്നതിനാൽ,

ഒടുവിൽ എല്ലാവരേയും രക്ഷിക്കും എന്ന് അനുമാനിക്കരുത് എന്നത് പ്രധാനപ്പെട്ടതാണ്. സ്നേഹമായിരിക്കുന്ന ദൈവം വിശുദ്ധനും തന്റെ ക്രോധം പ്രകടിപ്പിക്കുന്നവനുമാണ്. അതിനാലാണ്, “ദൈവം പാപിയെ സ്നേഹിക്കുന്നു എന്നാൽ, പാപത്തെ വെറുക്കുന്നു” എന്ന പ്രസ്താവന വളരെ ശ്രദ്ധാപൂർവ്വം ഉപയോഗിക്കേണ്ടത്.

ദൈവം തന്റെ സ്നേഹസ്വഭാവം നിമിത്തം, മാനസാന്തരപ്പെടുന്ന പാപികളെ രക്ഷിക്കുമ്പോൾത്തന്നെ, തന്റെ വിശുദ്ധസ്വഭാവം നിമിത്തം, മാനസാന്തരപ്പെടാത്ത പാപികളെ നിത്യനരകത്തിലേയ്ക് തള്ളിക്കളയേണ്ടതാണ്, തള്ളിക്കളയുകതന്നെ ചെയ്യും. ദൈവം പാപത്തെ മാത്രം ശിക്ഷിക്കുകയല്ല. തന്റെ പുത്രനായ യേശു ക്രിസ്തുവിലേയ്ക് വിശ്വാസത്താൽ തിരിയാത്ത പാപിയെക്കൂടി ശിക്ഷിക്കുന്നു. അതിനാലാണ്, ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ പഠിക്കുമ്പോൾ, അവയിൽ ഒന്നിനെ വിട്ടുകളഞ്ഞു കൊണ്ട് മറ്റൊന്നിന് നാം ഊന്നൽ നൽകാതിരിക്കേണ്ടത്. സകല പൂർണ്ണതയുടെയും ആകെത്തുകയാണ് ദൈവം.

ദൈവത്തിന്റെ അഭേദ്യഗുണങ്ങളെ രണ്ട് വിശാലമായ വിഭാഗങ്ങളായി തരംതിരിക്കാം: മറ്റുള്ളവരിലേയ്കു പകരാവുന്നവയും പകരുക സാധ്യമല്ലാത്തവയും.

***പകരാനാവാത്ത അഭേദ്യഗുണങ്ങൾ.*** ഇവ ദൈവത്തിന് മാത്രമായിട്ടുള്ള അഭേദ്യഗുണങ്ങളാണ്. അവ നമ്മിലേയ്കു പകരുക സാധ്യമല്ല. ഉദാഹരണങ്ങൾ, ദൈവത്തിന്റെ സ്വയാസ്ഥിത്വം, സർവ്വശക്തി, സർവ്വജ്ഞാനം, സർവ്വസാന്നിധ്യം എന്നിവ.

***പകരാവുന്ന അഭേദ്യഗുണങ്ങൾ.*** ദൈവത്തിന്റെ അഭേദ്യഗുണങ്ങളിൽവച്ച് പരിമിതമായ അളവിൽ നമുക്കു സ്വായത്തമാക്കുവാൻ സാധ്യമായവയാണ് ഇവ. ഉദാഹരണങ്ങൾ, സ്നേഹം, കരുണ, ദയ എന്നിവ.

അഭേദ്യഗുണങ്ങളിൽ ചിലത് ഒരു വിഭാഗത്തിലാണ്, മറുവിഭാഗത്തിലല്ല എന്ന് തരംതിരിക്കുക എപ്പോഴും എളുപ്പമല്ല എന്നത് ഞാൻ സമ്മതിക്കുന്നു. ഉദാഹരണത്തിന്, സർവ്വജ്ഞാനം പകരുവാൻ സാധ്യമല്ലാത്ത സ്വഭാവവിശേഷമാണ് എന്നിരിക്കെത്തന്നെ, സർവ്വജ്ഞാനിയായ ദൈവത്തോട് താരതമ്യം ചെയ്യുമ്പോൾ വളരെ പരിമിതമായ അളവിലാണെങ്കിലും, നമ്മൾ മനുഷ്യർ ജ്ഞാനം ഉള്ളവരാണ്. അതിനാൽ, അഭേദ്യഗുണങ്ങളുടെ വിഭാഗം എന്നതിന് വളരെയധികം ശ്രദ്ധ നൽകാതിരിക്കുവാൻ നാം ശ്രമിക്കണം. പകരം, നമ്മുടെ ശ്രദ്ധ അഭേദ്യഗുണങ്ങളിൽ തന്നെ ആയിരിക്കണം.

ഈ പ്രാരംഭ ചിന്തകളോടെ, ദൈവത്തിന്റെ അഭേദ്യഗുണങ്ങളിൽ ചിലത്, ഇനി വരുന്ന പേജുകളിൽ നമുക്ക് പ്രാർഥനാപൂർവ്വം പഠിക്കാം.

## അഭേദ്യഗുണം 1:

# ദൈവത്തിന്റെ വിശുദ്ധി

*പാപത്തിൽ നിന്ന്, അതിന്റെ എല്ലാ രൂപഭേദങ്ങളിൽ നിന്നും ദൈവം സമ്പൂർണ്ണമായി വേർപെട്ടിരിക്കുന്നു എന്നു മാത്രമല്ല, താൻ പരിപൂർണ്ണമായും വിശുദ്ധനും തന്റെ സൃഷ്ടികളിൽ നിന്നും തികച്ചും വേറിട്ടിരിക്കുന്നവനുമാണ് എന്നതുംകൂടിയാണ് ദൈവത്തിന്റെ വിശുദ്ധി സൂചിപ്പിക്കുന്നത്.*

ദൈവത്തിന്റെ വിശുദ്ധി സംബന്ധിച്ച് മുകളിൽ പറഞ്ഞ പ്രസ്താവന മനസ്സിലാക്കുവാൻ, ഒരുപക്ഷെ, ഈ സാദൃശ്യം നമ്മെ സഹായിച്ചേക്കാം:

> *ആരോഗ്യപൂർണ്ണനായിരിക്കുക എന്നതിന്റെ അർഥമെന്താണ്? അത് രോഗത്തിന്റെ അഭാവമല്ല (മാത്രമല്ല) മറിച്ച്, ക്രിയാത്മകമായ ഊർജ്ജം നിവേശിതമായിരിക്കുന്ന അവസ്ഥകൂടിയാണ്. വിശുദ്ധി എന്നത് തിന്മയുടെ അഭാവവും സ്പഷ്ടമായ ശരിയുടെ സാന്നിധ്യവുമാണ്. ദൈവത്തിൽ വിശുദ്ധി എന്നത് ഇച്ഛയുടെയും പ്രവൃത്തിയുടേതും എന്നതു പോലെതന്നെ, തന്റെ അസ്ഥിത്വത്തിന്റെയും സ്വഭാവത്തിന്റെയുംകൂടി വിശുദ്ധിയാണ്.*

ഒരു എഴുത്തുകാരന്റെ അഭിപ്രായത്തിൽ:

> *ദൈവത്തിന്റെ വിശുദ്ധിയെ തന്റെ അഭേദ്യഗുണങ്ങളിൽ സുപ്രധാനമായി അനേകരും കാണുന്നു. കാരണം, ദൈവത്തിന്റെ മറ്റെല്ലാ അഭേദ്യഗുണങ്ങളിലും വിശുദ്ധി നിറഞ്ഞു നിൽക്കുകയും ദൈവം ആയിരിക്കുന്നതിനോടും ദൈവം ചെയ്യുന്ന സകലത്തിനോടും ഇത് ചേർന്നു പോകുകയും ചെയ്യുന്നു. ദൈവത്തിന്റെ വിശുദ്ധിയിൽ നിരവധി സവിശേഷതകൾ ഉൾക്കൊണ്ടിരിക്കുന്നു.*
>
> *"ദൈവം തന്റെ സകല സൃഷ്ടികളിലും നിന്ന് വ്യത്യസ്തനും അനന്തമായ മഹത്വത്താൽ അവർക്കുമീതേ ഉയർന്നിരിക്കുന്നവനുമാണ് "എന്ന് സൂചിപ്പിക്കുന്ന അതീന്ദ്രിയമായ ഊന്നൽ ഇതിലുണ്ട്. ദൈവത്തിന്റെ ഈ അതീന്ദ്രിയതയെ യെശെയ്യാവ് 57:17 വിവരിക്കുന്നത് താൻ "ഉന്നതനും ഉയർ*

*ന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്ന നാമ മുള്ളവനുമാണ് എന്നാണ്.*

*"ദൈവം തിന്മയിൽ നിന്നോ പാപത്തിൽ നിന്നോ വേർപെട്ടവ നാണ്" എന്ന ധാർമ്മികമായ ഊന്നലും ഇതിലുണ്ട്. 'വിശുദ്ധി 'ദൈവത്തിന്റെ പ്രൗഢഗംഭീരമായ പരിശുദ്ധിയെ അല്ലെ ങ്കിൽ ധാർമ്മികമായ പ്രൗഢഗംഭീരതയെ ചൂണ്ടിക്കാണി ക്കുന്നു. ഈ ഊന്നലിന്റെ അടിസ്ഥാനം ലേവ്യ 11:44,45 ആണ്: "ഞാൻ വിശുദ്ധനാകയാൽ നിങ്ങൾ ...വിശുദ്ധന്മാരാ യിരിക്കേണം." ദൈവം ധാർമ്മിക വിശുദ്ധി ഉള്ളവനാകയാൽ തനിക്ക് തിന്മയ്ക് മാപ്പു കൊടുക്കുവാനോ അതുമായി എന്തെങ്കിലും ബന്ധം ഉണ്ടായിരിക്കുവാനോ സാധിക്കുക യില്ല (സങ്കിർത്തനം 11:4-6). ദൈവം തന്റെ വിശുദ്ധിയിൽ ധാർമ്മികതയുടെയും സാന്മാർഗ്ഗികതയുടെയും മാനദണ്ഡ മാണ്; താൻ തന്നെയാണ് നിയമം; മാനദണ്ഡം നിശ്ചയിക്കു ന്നത് താൻ തന്നെയാണ്.*

തിരുവെഴുത്തുകളിൽ ഒരിക്കൽ മാത്രമാണ് ദൈവത്തിന്റെ അഭേ ദ്യഗുണങ്ങളിൽ ഒന്ന് തുടർച്ചയായി മൂന്നുതവണ പരാമർശിച്ചിരി ക്കുന്നത്: അത് ദൈവത്തിന്റെ വിശുദ്ധിയാണ്. സ്വർഗ്ഗത്തിലെ സിംഹാസനത്തിനു മുമ്പിൽ ഇത്ര ഭയഭക്തി പുരസ്സരം ആഘോഷി ക്കപ്പെടുന്നത് മറ്റൊരു ഗുണമല്ല, വിശുദ്ധി എന്ന അഭേദ്യഗുണംത ന്നെയാണ്, സാറാഫുകൾ "സൈന്യങ്ങളുടെ ദൈവമായ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ "എന്ന് ആർത്തു പറയുന്നു (യെശയ്യാവ് 6:3). വാസ്തവത്തിൽ, ദൈവത്തിന്റെ "അഭേദ്യഗുണ ങ്ങളിലെ അഭേദ്യഗുണമാണ് വിശുദ്ധി."

കുറഞ്ഞപക്ഷം മൂന്ന് മേഖലകളിലെങ്കിലും ദൈവത്തിന്റെ വിശുദ്ധി പ്രകടമാകുന്നത് നമുക്കു കാണുവാൻ സാധിക്കും.

## 1. ദൈവത്തിന്റെ വിശുദ്ധി തന്റെ സ്വഭാവത്തിൽ പ്രക ടമായിരിക്കുന്നു

ദൈവത്തിന്റെ വിശുദ്ധി എന്നതിനർഥം, താൻ പാപത്തിൽ നിന്നും സമ്പൂർണ്ണമായി വേർപെട്ടിരിക്കുന്നു എന്നാണ്. 1 യോഹന്നാൻ 1:5-ൽ ഈ സത്യം വ്യക്തമാണ്. "ദൈവം വെളിച്ചം ആകുന്നു", എന്ന് അവിടെ നമ്മോടു പറഞ്ഞിരിക്കുന്നു. അനേക വെളിച്ചങ്ങളിൽ ഒരു വെളിച്ചമാണ് ദൈവം എന്നല്ല അഥവാ ദൈവത്തിൽ വെളിച്ചം ഉണ്ട് എന്നോ അല്ല, ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നത് എന്നത് ശ്രദ്ധിക്കുക. പകരം, ദൈവം വെളിച്ചം *ആകുന്നു* എന്നാണ് പറഞ്ഞിരിക്കുന്നത്. "ദൈവം ആത്മാവ് ആകുന്നു" (യോഹ ന്നാൻ 4:24) എന്നതുപോലെയും "ദൈവം സ്നേഹം ആകുന്നു

" (1 യോഹന്നാൻ 4:8) എന്നതുപോലെയും ദൈവം സാരാംശത്തിൽ വിശുദ്ധനും ആകുന്നു. ഈ വിഷയത്തെ എടുത്തുകാട്ടുന്ന ചില വാക്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

> *പുറപ്പാട് 15:11 - യഹോവേ, ദേവന്മാരിൽ നിനക്കു തുല്യൻ ആർ? വിശുദ്ധിയിൽ മഹിമയുള്ളവനേ, സ്തുതികളിൽ ഭയങ്കരനേ, അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനേ, നിനക്കു തുല്യൻ ആർ?*

> *1 ശമൂവേൽ 2:2 - യഹോവയെപ്പോലെ പരിശുദ്ധൻ ഇല്ല; നീ അല്ലാതെ ഒരുത്തനുമില്ലല്ലോ; നമ്മുടെ ദൈവത്തെപ്പോലെ ഒരു പാറയും ഇല്ല.*

## 2. ദൈവത്തിന്റെ വിശുദ്ധി തന്റെ പ്രവൃത്തികളിൽ പ്രകടമായിരിക്കുന്നു

ദൈവത്തിന്റെ വിശുദ്ധി തന്റെ പ്രകൃതത്തിൽ മാത്രമല്ല കാണാനാകുന്നത്. പിന്നെയോ, സകല സൃഷ്ടിയിലും തിരുവെഴുത്തുകളിലും അത് കാണപ്പെടുന്നു.

***സൃഷ്ടിയിൽ.*** ദൈവം ആദ്യം സകലവും സൃഷ്ടിച്ചപ്പോൾ, അത് നല്ലതും പാപരഹിതവുമായിരുന്നു എന്ന് ഉല്പത്തി 1:31 വ്യക്തമായി പ്രസ്താവിക്കുന്നു.

***തിരുവെഴുത്തുകളിൽ.*** റോമർ 7:12 പറയുന്നു, "ആകയാൽ ന്യായപ്രമാണം വിശുദ്ധം; കല്പന വിശുദ്ധവും ന്യായവും നല്ലതും തന്നേ." അതുകൊണ്ടാണ്, "വിശുദ്ധ ബൈബിൾ" എന്ന് ബൈബിൾ വിളിക്കപ്പെടുന്നത്.

അതായത്, ദൈവത്തിന്റെ പൊതുവായ വെളിപ്പാട് എന്ന് അറിയപ്പെടുന്നതും പരിമിതവുമായ സൃഷ്ടിയിലും, ദൈവത്തിന്റെ പ്രത്യേക വെളിപ്പാട് എന്ന് അറിയപ്പെടുന്നതും ദൈവം തന്നത്താൻ കൂടുതൽ വെളിപ്പെടുന്നതുമായ തിരുവെഴുത്തുകളിലും, ദൈവത്തിന്റെ പ്രവൃത്തികളാൽ വിശുദ്ധി പ്രകടമായിരിക്കുന്നു. ഒരു എഴുത്തുകാരൻ ഇപ്രകാരം പറയുന്നു, "ദൈവത്തിന്റെ കൈ ശക്തിയും കണ്ണ് സർവ്വജ്ഞാനവും ശരീരാന്തർഭാഗങ്ങൾ കരുണയും ദൈർഘ്യം നിത്യതയുമാണ്. എന്നാൽ, തന്റെ മനോഹാരിത വിശുദ്ധിയാണ്." പാപത്തിന്റെ ശക്തിയിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്നവർ ദൈവത്തിന്റെ അഭേദ്യഗുണങ്ങളിൽ ഏറ്റവും മനോഹരമായത് വിശുദ്ധിയാണ് എന്നു കരുതുന്നതിൽ അതിശയിക്കേണ്ടതില്ല.

## 3. ദൈവത്തിന്റെ വിശുദ്ധി പാപത്തോടുള്ള തന്റെ പ്രതികരണത്തിൽ പ്രകടമായിരിക്കുന്നു

“ദൈവം വെളിച്ചം ആകുന്നു” (1 യോഹന്നാൻ 1:5) എന്ന വ്യക്തമായ പ്രസ്താവനയെ “അവനിൽ ഇരുട്ടു ഒട്ടും ഇല്ല” (1 യോഹന്നാൻ 1:5) എന്ന പ്രസ്താവനയോടെ യോഹന്നാൻ ഊന്നിപ്പറയുന്നു. ദൈവം വെളിച്ചം ആകുന്നതിനാൽ തനിക്ക് വെളിച്ചത്തിന്റെ വിപരീതമായ ഇരുട്ട് ആകുക സാധ്യമല്ല. വെളിച്ചത്തെ മലിനപ്പെടുത്തുവാൻ സാധിക്കാത്തതുപോലെതന്നെ ദൈവത്തിന് തന്നിൽ ഇരുട്ട് ഉണ്ടായിരിക്കുക സാധ്യമല്ല. അതുകൊണ്ടാണ് എല്ലാത്തരം പാപങ്ങളെയും ദൈവം വെറുക്കുന്നത്. കാരണം ഇരുട്ട് പരാമർശിക്കുന്നത് പാപത്തെയാണ് (യോഹന്നാൻ 3:19).

ഹബക്കൂക്ക് 1:3-ൽ പാപത്തോടുള്ള ദൈവത്തിന്റെ പ്രതികരണം വായിക്കുന്നു, “ദോഷം കണ്ടുകൂടാതവണ്ണം നിർമ്മലദൃഷ്ടിയുള്ളവനും പീഡനം കാണ്മാൻ കഴിയാത്തവനുമായുള്ളോവേ…” ശുദ്ധമായതിനെ ദൈവം സമ്പൂർണ്ണമായി സ്നേഹിക്കുന്നതുപോലെ തന്നെ, അശുദ്ധമായതിനെ ദൈവം സമ്പൂർണ്ണമായി വെറുക്കുകയും ചെയ്യുന്നു. സദൃശ്യവാക്യങ്ങൾ 15:9 ഇപ്രകാരം പ്രസ്താവിക്കുന്നു, “ദുഷ്ടന്മാരുടെ വഴി യഹോവെക്കു വെറുപ്പു; എന്നാൽ നീതിയെ പിന്തുടരുന്നവനെ അവൻ സ്നേഹിക്കുന്നു.” ദൈവം തിന്മയെ വെറുക്കുന്നതിനാൽ തിന്മയെ ശിക്ഷിക്കേണ്ടതാണ്. നോഹയുടെ കാലത്തെ പ്രളയം, സോദോമും ഗോമോറയും നശിപ്പിച്ചത്, യഹൂദന്മാരെ അടിമകളാക്കിവച്ചതിന് ഫറവോനെയും മിസ്രയീമ്യരെയും ന്യായം വിധിച്ചത് എന്നിവ ഈ വസ്തുത തെളിയിക്കുവാൻ എതാനം ഉദാഹരണങ്ങളാണ്.

എന്നാൽ, പാപത്തോടുള്ള ദൈവത്തിന്റെ വെറുപ്പിന്റെ പരമോന്നത ഉദാഹരണം, നമ്മുടെ പാപങ്ങളെ കുരിശിൽ വഹിച്ച തന്റെ പുത്രനായ യേശുവിന്റെ ന്യായവിധിയിൽ കാണുന്നു. കർത്താവായ യേശു നമ്മുടെ പാപങ്ങളെ കുരിശിന്മേൽ വഹിച്ചപ്പോൾ, ദൈവം തന്റെ പ്രിയനായ പുത്രന്റെമേൽ തന്റെ ക്രോധം മുഴുവൻ പകർന്നു. തന്റെ പുത്രൻ കുരിശിൽ കഷ്ടമനുഭവിച്ചതിനാൽ ദൈവം തന്റെ വിശുദ്ധിയിൽ കുറവ് വരുത്തിയില്ല. തന്റെ പുത്രന്റെ ആവശ്യങ്ങൾ നടപ്പാക്കുവാൻ ദൈവം തന്റെ നീതിയുടെ നിലവാരം താഴ്ത്തിയില്ല. ദൈവം അത്രമാത്രം പാപത്തെ വെറുക്കുന്നു. ഇരുട്ടിനോട് ഒരിക്കലും യാതൊരു വിട്ടുവീഴ്ചയും ദൈവം ചെയ്യുകയില്ല.

## ദൈവത്തിന്റെ വിശുദ്ധിയോടുള്ള നമ്മുടെ പ്രതികരണം

അതുകൊണ്ട്, ദൈവത്തിന്റെ വിശുദ്ധിയോടുള്ള നമ്മുടെ പ്രതികരണം എന്തായിരിക്കണം? അപ്പോസ്തലനായ പത്രോസ് 1 പത്രോസ് 1:14-16-ൽ അത് നന്നായി ചിത്രീകരിക്കുന്നു (ലേവ്യ 11:44-45; 19:2 എന്നീ വാക്യങ്ങളിൽ നിന്നും സ്വീകരിച്ചിരിക്കുന്നു): "പണ്ടു നിങ്ങളുടെ അജ്ഞാനകാലത്തു ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാനടപ്പിലും വിശുദ്ധരാകുവിൻ. "ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്നു എഴുതിയിരിക്കുന്നുവല്ലോ." ഒരു എഴുത്തുകാരൻ യഥോചിതം പറഞ്ഞിരിക്കുന്നതുപോലെ, "ദൈവത്തെ ബഹുമാനിക്കുന്നതിനുള്ള പ്രഥമ മാർഗ്ഗം ഇതാണ്. മലിനമാകാത്ത ആത്മാവോടെ ദൈവത്തോട് സംവദിക്കുന്നതിന് ആഗ്രഹിക്കുകയും *ദൈവത്തിനായി ദൈവത്തെപ്പോലെ* ജീവിക്കുകയും ചെയ്യുമ്പോൾ ചെയ്യുന്നത്ര ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഉന്നതമായ പുകഴ്ചകളാലോ വാചാലമായ പദപ്രയോഗങ്ങളാലോ ആർഭാടമായ ശുശ്രൂഷകളാലോ നമുക്കു സാധിക്കുന്നതല്ല."

നാം എപ്രകാരം പ്രാർഥിക്കണം എന്നത് സംബന്ധിച്ചുള്ള നമ്മുടെ കർത്താവിന്റെ ഉപദേശത്തിൽ, യാചനയുടെ ആദ്യഭാഗം ഇപ്രകാരം ആരംഭിക്കുന്നു: "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ" (മത്തായി 6:9). വിശുദ്ധനായ ദൈവത്തെ ബഹുമാനിക്കുന്നതിനുള്ള ഉത്തമമായ മാർഗ്ഗം നാം വിശുദ്ധരായി ജീവിക്കുകയാണ്. ആദരവിനോടുള്ള ശരിയായ പ്രതികരണം അനുകരണമാണ്! ദൈവം വിശുദ്ധനായതിനാൽ വിശുദ്ധനാകുവാനുള്ള ഒരു വിശ്വാസിയുടെ വാഞ്ചയുടെ സാരാംശം ഒരു പ്രായം ചെന്ന വിശ്വാസിയുടെ പ്രാർഥനയിൽ ഇപ്രകാരം ഉൾക്കൊണ്ടിരിക്കുന്നു:

> *എന്റെ ദൈവമേ,*
>
> *നിന്നെ പ്രസാദിപ്പിക്കുന്നതും നീ ആഗ്രഹിക്കുന്നതുപോലെ ആയിത്തീരുന്നതും അതിമനോഹരമാണ് എന്ന് ഞാൻ കരുതുന്നു. അയ്യോ, ഞാൻ നിന്നെപ്പോലെ വിശുദ്ധനും ക്രിസ്തുവിനെപ്പോലെ നിർമ്മലനും നിന്റെ ആത്മാവിനെപ്പോലെ പൂർണ്ണനും ആയിരുന്നെങ്കിൽ!*
>
> *ഇവ, നിന്റെ പുസ്തകത്തിലെ ഉത്കൃഷ്ഠമായ കല്പനകളാണ് എന്ന് ഞാൻ കരുതുന്നു, ഞാൻ ഇവയെ ലംഘിക്കുകയോ?*

*ഞാൻ ഇവയെ തകർക്കണമോ? ഞാൻ ഇവിടെ ജീവിച്ചിരിക്കുന്നതിടത്തോളം കാലം അത് ആവശ്യമായിരിക്കുമോ?*

*അനന്തമായ നന്മയും കൃപയുമുള്ള ഈ ധന്യനായ ദൈവത്തെ ഞാൻ ദുഃഖിപ്പിക്കുന്നതിൽ, പാപിയായ എനിക്ക് അയ്യോ കഷ്ടം...*

*ജീവനുള്ളവരിൽ വച്ച് ഏറ്റവും ഉത്കൃഷ്ഠനായവനെ മഹത്വപ്പെടുത്തുവാനും ആരാധിക്കുവാനും ഞാൻ എന്തു ചെയ്യണം? എന്റെ ആത്മാവും ശരീരവും തന്റെ ശുശ്രൂഷയ്കായി എന്നെന്നേയ്കുമായി അതിരുകളില്ലാതവണ്ണം ഞാൻ സമർപ്പിക്കട്ടെ!*

*ഓ, ഞാൻ എന്റെ സ്വന്തമായിത്തീരുവാൻ ഇനിയൊരിക്കലും ശ്രമിക്കാതിരിക്കുവാൻ തക്കവണ്ണം എന്നെത്തന്നെ അവനു നൽകുവാൻ സാധിച്ചെങ്കിൽ! അല്ലെങ്കിൽ, അവന്റെ ഹിതത്തിനും സ്നേഹത്തിനും പൂർണ്ണമായി യോജിക്കാത്ത ഏതെങ്കിലും ഇച്ഛയോ ആഗ്രഹങ്ങളോ ഉണ്ടാകാതിരിക്കുവാൻ തക്കവണ്ണം എന്നെത്തന്നെ അവനു നൽകുവാൻ സാധിച്ചെങ്കിൽ!*

“ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല” എന്ന് എബ്രായർ 12:14 വ്യക്തമായി പ്രസ്താവിക്കുന്നു. ദൈവം തന്റെ മക്കൾക്ക് ശിക്ഷണം നൽകുന്നതിന്റെ ഉദ്ദേശ്യം, “നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന്” വേണ്ടിയാണ് (എബ്രായർ 12:10). “ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെയ്കുവാൻ” നാം കല്പിക്കപ്പെട്ടിരിക്കുന്നു (2 കൊരിന്ത്യർ 7:1). നമ്മെത്തന്നെ “ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി” തുടർമാനമായി സമർപ്പിക്കണം (റോമർ 12:1). തന്റെ കൃപയാലും പരിശുദ്ധാത്മാവിലുള്ള ആശ്രയത്താലും ഉദ്ദീപിപ്പിക്കപ്പെട്ട് പാപത്തെ സമൂലമാംവിധം കൈകാര്യം ചെയ്യുന്നതിനും വിശുദ്ധിയെ വിട്ടുവീഴ്ച കൂടാതെ പിന്തുടരുന്നതിനും ഈ വാക്യങ്ങൾ നമ്മെ ആഹ്വാനം ചെയ്യുന്നില്ലേ?

അതുകൊണ്ട്, യേശുവിൽ ഇതുവരെയും വിശ്വാസം അർപ്പിക്കാത്തവർ താമസംകൂടാതെ, അവനിലേയ്ക്ക് തിരിഞ്ഞുകൊണ്ടാണ് തുടക്കം കുറിക്കേണ്ടത്. വിശുദ്ധനായ ഈ ദൈവത്തിൽ നിന്നും നിങ്ങൾക്ക് രക്ഷപെടുക സാധ്യമല്ല. ഭാവിയിൽ ഒരു ന്യായവിധി വരുന്നു എന്ന് ബൈബിൾ വ്യക്തമായി പ്രസ്താവിക്കുന്നു. യേശുവിലൂടെ നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെടാതെ നിങ്ങൾ മരിക്കുകയാണെങ്കിൽ നിങ്ങളുടെ ഭാവി ഇരുട്ട് നിറഞ്ഞതാണ്.

അത്തരത്തിലുള്ള എല്ലാ ആളുകളുടെയും അന്തിമ വാസസ്ഥലം തീപ്പൊയ്കയാണ് (വെളിപ്പാട് 20:14). സചേതനമായ വേദനയിലും ദണ്ഡനത്തിലും അവർ നിത്യത ചിലവഴിക്കുന്ന ആ സ്ഥലം നരകം എന്നും വിളിക്കപ്പെട്ടിരിക്കുന്നു (മത്തായി 5:29). സാത്താനും അവന്റെ പിശാചുക്കളും നിത്യ ശിക്ഷാവിധിയ്കായി എറിയപ്പെടുന്ന സ്ഥലവും കൂടെയാണ് നരകം (വെളിപ്പാട് 20:10; മത്തായി 25:41).

അതുകൊണ്ട്, ഞാൻ സ്നേഹത്തിൽ നിങ്ങളോട് ആത്മാർഥമായി അപേക്ഷിക്കുന്നു: ഇന്ന് നിങ്ങളുടെ പാപങ്ങളിൽ നിന്നും പിന്തിരിഞ്ഞ് ക്രിസ്തുവിലേയ്കു തിരിയുക. "ഇന്നു അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ നിങ്ങളുടെ ഹൃദയം കഠിനമാക്കരുതു" (എബ്രായർ 4:7). നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെടുന്നതിനുള്ള ഏക മാർഗ്ഗം യേശുവാണ്. ഈ വിശുദ്ധനായ ദൈവവുമായി നിങ്ങൾക്ക് അനുരഞ്ജനപ്പെടുവാൻ യേശുവിലൂടെ മാത്രമാണ് സാധ്യമാകുന്നത്. നിങ്ങളെ രക്ഷിക്കുവാൻ യേശുവിനോട് നിലവിളിക്കുക, അതുവഴി, നിങ്ങളുടെ പാപങ്ങൾ തുടച്ചുമാറ്റപ്പെട്ടതിനാലുള്ള ആനന്ദം അനുഭവിക്കുക. അപ്പോൾ (അപ്പോൾ മാത്രം), ചിന്തയിലും പ്രവൃത്തിയിലും ഒരു വിശുദ്ധ ജീവിതം പിന്തുടരുവാൻ നിങ്ങൾക്ക് പരിശുദ്ധാത്മാവിലൂടെ ശക്തി ലഭിക്കും.

ഓർക്കുക, "ദൈവം വെളിച്ചമാണ്; അവനിൽ ഇരുട്ടു ഒട്ടും ഇല്ല" (1 യോഹന്നാൻ 1:5). ദൈവത്തിന് ഇരുട്ടുമായി യാതൊരു ഇടപാടുമില്ല, ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ നമുക്കും ഇരുട്ടുമായി ഒരിടപാടും ഉണ്ടായിരിക്കുവാൻ കഴിയുകയില്ല. ദൈവത്തിന്റെ വഴികൾ എല്ലായ്പ്പോഴും ഉത്കൃഷ്ഠമാണ്. കാരണം, അത് വിശുദ്ധിയുടെ വഴിയാണ്. ഇത് ജീവന്റെയും വെളിച്ചത്തിന്റെയും വഴിയാണ്. ഇടർച്ചയ്ക്കോ അലച്ചിലിനോ അതിൽ കാരണമില്ല. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ച്പ്പാട് ഉന്നതമായിരിക്കുമ്പോൾ നമ്മുടെ നടപ്പ് കൂടുതൽ വിശുദ്ധമായിരിക്കും. തെറ്റു ചെയ്യുവാൻ വിസമ്മതിച്ച ഒരു കൊച്ചുബാലനെ അവന്റെ കൂട്ടുകാരൻ കളിയാക്കി, "നിന്റെ അപ്പ നിന്നെ ഉപദ്രവിക്കുമെന്ന് നിനക്ക് പേടിയാണോ?" എന്ന ചോദ്യത്തിന് അവന്റെ അനുയോജ്യമായ മറുപടി ഇപ്രകാരമായിരുന്നു, "അങ്ങനെയല്ല. അപ്പയെ *ഞാൻ* ഉപദ്രവിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു." ഈ വിശുദ്ധനായ ദൈവത്തോടുള്ള നമ്മുടെ മനോഭാവവും ഈ കൊച്ചുബാലന്റെ മനോഭാവം തന്നെയായിരിക്കട്ടെ.

ഇനിമേലാൽ ഇരുട്ടിലല്ല പിന്നെയോ, വെളിച്ചത്തിൽ നടക്കുന്ന ഒരുവന്റെ ചിന്താഗതി അതാണ്. പാപം ദൈവത്തെ വേദനിപ്പിക്കുന്നു എന്നതുകൊണ്ട് നാം പാപത്തെ വെറുക്കുന്നു. പാപം

നമ്മോട് എന്തു ചെയ്യുന്നു എന്നതുകൊണ്ടു മാത്രമല്ല മറിച്ച്, പ്രാഥമികമായി നമ്മുടെ സ്നേഹനിധിയായ രക്ഷകനോട് അത് എന്തു ചെയ്യുന്നു എന്നതുകൊണ്ടുമാണ് നാം പാപത്തെ വെറുക്കുന്നത്. അതുകൊണ്ട്, നാം ഉപേക്ഷിക്കേണ്ട ഏതെങ്കിലും പാപമുണ്ട് എങ്കിൽ, പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് താമസംവിനാ നമുക്ക് അത് ഉപേക്ഷിക്കാം!

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1. ദൈവത്തിന്റെ വിശുദ്ധി സംബന്ധിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടിനെ ഈ അധ്യായം എപ്രകാരമാണ് സ്വാധീനിച്ചത്?
2. ദൈവത്തിന്റെ ഈ അഭേദ്യഗുണത്തിന്റെ വെളിച്ചത്തിൽ നിങ്ങളുടെ ജീവിതത്തിൽ എന്ത് മാറ്റം വരുത്തുവാൻ സാധിക്കും?
3. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ പ്രാർഥനകളെ എപ്രകാരം ബാധിക്കും?
4. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ സുവിശേഷീകരണത്തെ എപ്രകാരം ബാധിക്കും?

## ധ്യാന/മനഃപാഠവാക്യം

*പുറപ്പാട് 15:11 – യഹോവേ, ദേവന്മാരിൽ നിനക്കു തുല്യൻ ആർ? വിശുദ്ധിയിൽ മഹിമയുള്ളവനേ, സ്തുതികളിൽ ഭയങ്കരനേ, അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനേ, നിനക്കു തുല്യൻ ആർ?*

## പ്രാർഥന

*കർത്താവേ, ക്ഷമിക്കപ്പെട്ട ഒരു പാപിയ്ക്ക് എത്ര വിശുദ്ധി നേടുവാൻ സാധിക്കുമോ അത്രത്തോളം എന്നെ വിശുദ്ധനാക്കേണമേ.*

## അഭേദ്യഗുണം 2:

# ദൈവത്തിന്റെ ശക്തി

*ദൈവം ചെയ്യുവാൻ ഉദ്ദേശിക്കുന്ന സകലതും തന്റെ വിശുദ്ധ സ്വഭാവത്തിന് അനുസൃതമായി ചെയ്യുന്നതിനുള്ള ശക്തിയെയാണ് ദൈവത്തിന്റെ ശക്തി എന്നതു കൊണ്ട് അർഥമാക്കുന്നത്.*

"ബലം ദൈവത്തിനുള്ളതാണ്" എന്ന് സങ്കീർത്തനം 62:11-ൽ ദാവീദ് പറയുന്നു. "സർവ്വശക്തൻ" എന്ന പദപ്രയോഗം (ഉല്പത്തി 17:1; പുറപ്പാട് 6:3; 2 കൊരിന്ത്യർ 6:18; വെളിപ്പാട് 1:8) അർഥമാക്കുന്നത് സകല അധികാരവും ശക്തിയും ഉള്ളത് ദൈവത്തിനു മാത്രമാണ് എന്നാണ്. ഈ പദപ്രയോഗം 50 തവണയിലധികം ബൈബിളിൽ കാണപ്പെടുന്നു. അത് ദൈവത്തെ വർണ്ണിക്കുവാൻ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവം സർവ്വശക്തിയുള്ളവനാണ് എന്ന് വർണ്ണിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന മറ്റൊരു പദമായ *ഒമ്നിപ്പൊട്ടൻസ്* എന്ന ഇംഗ്ലീഷ് പദം 2 ലാറ്റിൻ പദങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞിരിക്കുന്നു: *ഒമ്നി* എന്നാൽ സർവ്വവും, *പൊട്ടൻസ്* എന്നാൽ ശക്തൻ എന്നുമാണ് അർഥമാക്കുന്നത്. വാസ്തവത്തിൽ, "മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളോടെ വരുന്നതും നിങ്ങൾ കാണും" എന്ന് മർക്കോസ് 14:62-ൽ മതനേതാക്കന്മാരോട് യേശു പറയുമ്പോൾ "സർവ്വശക്തൻ" എന്ന പദം ദൈവത്തിന്റെ പേരായി ഉപയോഗിച്ചിരിക്കുന്നു. ദൈവത്തിന്റെ വലത്തുഭാഗത്ത് എന്നു പറയുന്നതിനു പകരം, സർവ്വശക്തന്റെ വലത്തുഭാഗത്ത് എന്നു പറയുമ്പോൾ, ദൈവവും സർവ്വശക്തിയും വേർതിരിക്കാനാകാത്തതാണ് എന്നാണ് യേശു അർഥമാക്കിയത്.

ദൈവത്തിന്റെ ശക്തി നമ്മുടെ ശക്തിയിൽ നിന്നും വ്യത്യസ്തമാണ്. നമ്മുടെ ശക്തി നമ്മുടെ സ്വന്തമല്ല. അത് ദൈവത്തിൽ നിന്നും ലഭിച്ചതാണ്. ദൈവത്തിന്റെ ശക്തി എന്നാൽ, ദൈവത്തിൽത്തന്നെ അന്തർലീനമായിരിക്കുന്ന ശക്തിയാണ്. ദൈവത്തിന് ശക്തിയ്കായി മറ്റുള്ളവരിൽ ആശ്രയയിക്കുകയോ തന്റെ ശക്തി എപ്രകാരം ഉപയോഗിക്കണം അഥവാ ഉപയോഗിക്കരുത്

എന്നതു സംബന്ധിച്ച് മറ്റാരോടെങ്കിലും ആലോചന ചോദിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. ദൈവം സർവ്വശക്തനാണ്!

ഒരു എഴുത്തുകാരൻ ഇപ്രകാരം യഥോചിതം പറഞ്ഞു:

> *ദൈവത്തിന്റെ സർവ്വശക്തി എന്നാൽ, തന്റെ അപരിമേയമായ ജ്ഞാനം നയിക്കുന്നതുപോലെ, തന്റെ ഇച്ഛയുടെ അപരിമേയമായ വിശുദ്ധി തീരുമാനിക്കുന്നതുപോലെ തന്റെ ഇഷ്ടപ്രകാരം എന്തും നടത്തുവാനുള്ള കഴിവും പ്രാപ്തിയുമാണ്... ദൈവത്തിന്റെ സകല അഭേദ്യഗുണങ്ങളുടെയും മനോഹാരിത വിശുദ്ധിയായിരിക്കുന്നതുപോലെ ദൈവത്വത്തിന്റെ സകല പൂർണ്ണതയ്കും ജീവനും പ്രവർത്തനവും നൽകുന്നത് ശക്തിയാണ്.*
>
> *നിത്യമായ ജ്ഞാനത്തെ നടപ്പിലാക്കുന്നതിന് ശക്തി ഇല്ലാതിരുന്നുവെങ്കിൽ അത് എത്ര വ്യർഥമാകുമായിരുന്നു. ശക്തി കൂടാതെ തന്റെ കരുണ ദുർബലവും തന്റെ വാഗ്ദത്തങ്ങൾ പൊള്ളയായ ശബ്ദങ്ങളും മുന്നറിയിപ്പുകൾ വെറും ഭയപ്പെടുത്തലുകളും ആകുമായിരുന്നു. ദൈവത്തിന്റെ ശക്തി തന്നെപ്പോലെയാണ്: അനന്തമാണ്, നിത്യമാണ്, അഗ്രാഹ്യമാണ്; അത് പ്രകൃതിയാൽ പരിശോധിക്കപ്പെടുവാനോ നിയന്ത്രിക്കപ്പെടുവാനോ വിഘ്നപ്പെടുത്തുവാനോ സാധിക്കാത്തതാണ്.*

അതുകൊണ്ട്, “യഹോവയാൽ കഴിയാത്ത കാര്യം ഉണ്ടോ?” (ഉല്പത്തി 18:14; യിരെമ്യാവ് 32:27) എന്ന ചോദ്യത്തിന്റെ വ്യക്തമായ ഉത്തരം, “നിനക്കു അസാധ്യമായത് ഒന്നുമില്ല” (യിരെമ്യാവ് 32:17) എന്നതാണ്. ദൈവത്തിനു സകലവും ചെയ്യുവാൻ സാധിക്കും എന്നത് ഈ വാക്കുകളിലൂടെ ഇയ്യോബ് വ്യക്തമാക്കുന്നു, “നിനക്കു സകലവും കഴിയുമെന്നും നിന്റെ ഉദ്ദേശ്യമൊന്നും അസാധ്യമല്ലെന്നും ഞാൻ അറിയുന്നു” (ഇയ്യോബ് 42:2).

ദൈവത്തിന്റെ സർവ്വശക്തിയെക്കുറിച്ചു പഠിക്കുമ്പോൾ നാം മനസ്സിലാക്കേണ്ട ചില കാര്യങ്ങളുണ്ട്.

ഒന്നാമതായി, ദൈവത്തിന് സകലവും ചെയ്യുക സാധ്യമാണെങ്കിലും, *തന്റെ വിശുദ്ധ സ്വഭാവത്തിന് ചേരാത്ത യാതൊരു കാര്യവും ദൈവം ചെയ്യുകയില്ല*. ദൈവം സ്വയം ചുമത്തിയ ചില പരിമിതികളുണ്ട്. ഉദാഹരണത്തിന്, ദൈവത്തിന് ഭോഷ്ക്ക് പറയുക സാധ്യമല്ല (തീത്തോസ് 1:2), ദൈവത്തിന് പാപം ചെയ്യുവാൻ പരീക്ഷിക്കപ്പെടുക സാധ്യമല്ല (യാക്കോബ് 1:13), ദൈവത്തിന് തന്റെ സ്വഭാവം ത്യജിക്കുക സാധ്യമല്ല (2 തീമോഥെയോസ് 2:13). ദൈവം തന്റെ വചനത്തിന് വിരുദ്ധമായി പ്രവർത്തിക്കുക

യില്ല. ഉദാഹരണത്തിന്, സകല മനുഷ്യരെയും രക്ഷിക്കുവാൻ ദൈവം തിരഞ്ഞെടുത്തിട്ടില്ല. തങ്ങളുടെ പാപങ്ങളെക്കുറിച്ചു മാന സാന്തരപ്പെടുകയും തന്റെ പുത്രനായ യേശുവിലേയ്ക് വിശ്വാ സത്തിൽ തിരിയുകയും ചെയ്യുന്നവർ മാത്രമാണ് രക്ഷിക്കപ്പെ ടുന്നത്. മറ്റുള്ളവർ, ന്യായവിധിദിവസത്തിൽ എത്രതന്നെ യാചി ച്ചാലും, നരകത്തിനായി വിധിക്കപ്പെടും!

രണ്ടാമതായി, ചില പ്രത്യേക സാഹചര്യങ്ങളിൽ തന്റെ സർവ്വ ശക്തി *പ്രദർശിപ്പിക്കുന്നില്ല* എന്ന് ദൈവം തീരുമാനിച്ചേക്കാം. തന്റെ ശക്തി പ്രകടമാക്കുന്നതിനാൽ തന്റെ വിശുദ്ധ സ്വഭാവ ത്തിൽ വിട്ടുവീഴ്ച വരുത്തേണ്ടിവരുന്ന സാഹചര്യങ്ങളല്ല ഇവ യൊന്നും. പിന്നെയോ, ഈ സാഹചര്യങ്ങളിൽ തന്റെ ശക്തി പ്ര കടമാക്കാതിരിക്കുവാൻ ദൈവം തീരുമാനിക്കുന്നത് തന്റേതായ കാരണങ്ങളാലാണ്. ഉദാഹരണത്തിന്, കുരിശിൽ നിന്നും തന്റെ പുത്രനെ രക്ഷിച്ചില്ല (റോമർ 8:32). തന്റെ മക്കളിൽ പലരേയും ക്രൂരമായ മരണത്തിൽ നിന്നും രക്ഷിച്ചില്ല (ഉദാഹരണത്തിന്, ഹാബേൽ, ഉല്പത്തി 4:8; സ്തേഫാനോസ്, അപ്പോസ്തലപ്രവർ ത്തിയിൽ 7:59-60). ആ സാഹര്യങ്ങളിൽ, വിടുവിക്കുന്ന തന്റെ ശക്തി കാണിക്കുവാൻ ദൈവത്തിന് സാധിക്കുമായിരുന്നില്ലേ? തീർച്ചയായും സാധിക്കുമായിരുന്നു! എന്നിരുന്നാലും, ദൈവം അത് ചെയ്തില്ല. കാരണം, മേൽപ്പറഞ്ഞ വ്യക്തികൾ നേരിട്ട സാഹചര്യങ്ങളിലൂടെ അവർ കടന്നു പോകേണം എന്നുള്ളത് ദൈവത്തിന്റെ പദ്ധതി ആയിരുന്നു.

അതുപോലെതന്നെ, ചിലപ്പോൾ, നിങ്ങൾക്കും ചില വേദനാ ജനകമായ സംഭവങ്ങൾ നേരിടേണ്ടിവരും. അതിൽ നിന്നും നമ്മെ വിടുവിക്കുവാൻ ദൈവത്തിന് ശക്തി ഇല്ലാത്തതിനാലല്ല പിന്നെയോ, അത് ദൈവത്തിന്റെ ആന്ത്യന്തിക പദ്ധതിയുടെ ഭാഗ മല്ല എന്നതുകൊണ്ടാണ് അപ്രകാരം സംഭവിക്കുന്നത്. ദൈവം സർവ്വാധികാരിയാണെന്നു പറയുമ്പോൾ അതാണ് നാം അർഥമാ ക്കുന്നത്. സർവ്വാധികാരി അഥവാ രാജാവായി തന്റെ സൃഷ്ടികളു ടെമേൽ ദൈവം അധികാരം നടത്തുന്നു. അതുകൊണ്ട്, ദൈവം *എല്ലായ്പ്പോഴും* നമുക്ക് “അനുകൂലമായ” ഫലം നൽകും എന്ന അർഥത്തിൽ, “അതു മനുഷ്യർക്കു അസാധ്യം എങ്കിലും ദൈവ ത്തിനു സകലവും സാധ്യം” (മത്തായി 19:26) എന്ന വാക്യം പോലെ യുള്ളവ തെറ്റായി ഉദ്ധരിക്കാതിരിക്കുവാൻ നാം ശ്രദ്ധിക്കേണ്ട തുണ്ട്. നമ്മെ പരീക്ഷകളിൽ നിന്നും വിടുവിക്കുവാൻ ദൈവ ത്തിന് ശക്തിയുണ്ട് എന്നും പലപ്പോഴും വിടുവിക്കുന്നു എന്നതും നാം ഓർമ്മിക്കേണ്ടതാണ്. എന്നാൽ, ചില സന്ദർഭങ്ങളിൽ, തന്റെ ഉദ്ദേശ്യപ്രകാരം പരീക്ഷകൾ എടുത്തു മാറ്റുന്നതിനു പകരം,

നമ്മെ അതിൽകൂടെ സുരക്ഷിതരായി കടത്തുകയും ചെയ്യുന്നു. പരീക്ഷകളിലൂടെ സുരക്ഷിതരായി പുറത്തു കൊണ്ടുവരുന്നതിനും ശക്തി ആവശ്യമാണ്!

## ദൈവത്തിന്റെ ശക്തിയുടെ പ്രദർശനം

തിരുവെഴുത്തുകളിൽ വെളിപ്പെടുത്തപ്പെട്ട പ്രകാരം, കുറഞ്ഞ പക്ഷം എട്ട് മേഖലകളിലെങ്കിലും ദൈവത്തിന്റെ ശക്തി നമുക്ക് പ്രദർശിക്കപ്പെട്ടിരിക്കുന്നു. ചിലത് ഭൂതകാലവുമായും ചിലത് വർത്തമാനകാലവുമായും ചിലത് ഭാവികാലവുമായും ബന്ധപ്പെട്ടിരിക്കുന്നു.

*1. പ്രപഞ്ചത്തിന്റെ സൃഷ്ടിയിൽ.* "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പത്തി 1:1) എന്ന പ്രസ്താവനയോടെയാണ് ബൈബിൾ ആരംഭിക്കുന്നത്. ഉടനടി, ദൈവത്തിന്റെ സർവ്വശക്തിയെ നമുക്കു പരിചയപ്പെടുത്തുന്നു. കേവലം ഒരു വാക്കുകൊണ്ട് ഈ സർവ്വ പ്രപഞ്ചത്തേയും ശൂന്യതയിൽ നന്നും സൃഷ്ടിക്കുവാൻ ആർക്കു സാധിക്കും? ദൈവത്തിനു മാത്രമാണ് അത് സാധ്യമാകുന്നത്! ദൈവത്തിന്റെ സർവ്വശക്തി വ്യക്തമാക്കുന്ന സൃഷ്ടികർമ്മത്തിന്റെ വിശദാംശങ്ങൾ ഉല്പത്തിയുടെ ആദ്യ രണ്ട് അധ്യായങ്ങൾ നമുക്കു നൽകുന്നു. ആവർത്തിക്കുന്ന ഈ പദപ്രയോഗം ശ്രദ്ധിക്കുക, "എന്ന് ദൈവം കല്പിച്ചു" (ഉദാ, ഉല്പത്തി 1:3, 6, 9). ഉടനടി എപ്രകാരമാണ് സൃഷ്ടിയിലെ ഘടകങ്ങൾ യഥോചിതം നിലവിൽ വന്നത് എന്ന് "അങ്ങനെ സംഭവിച്ചു" എന്ന പ്രയോഗം വ്യക്തമാക്കുന്നു (ഉല്പത്തി 1:7, 9, 11). അതാണ് ശക്തി- അവിശ്വസനീയമായ ശക്തി!

ബൈബിളിലൂടെയുള്ള ദൈവത്തിന്റെ പ്രത്യേക വെളിപ്പാട് കൂടാതെ, സൃഷ്ടിതന്നെ ദൈവത്തിന്റെ ശക്തിയെ സാക്ഷ്യപ്പെടുത്തുന്നു എന്ന് റോമർ 1:20 നമ്മോടു പറയുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, സൃഷ്ടി ഒരു സൃഷ്ടാവിനെ സാക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ടാണ് ദൈവത്തിന്റെ അസ്ഥിത്വത്തെ നിഷേധിക്കുന്നതിന് ആർക്കും ഒഴികഴിവ് പറയുക സാധ്യമല്ലാത്തത്.

*2. പ്രപഞ്ചത്തെ നിലനിർത്തുന്നതിൽ.* പ്രപഞ്ചത്തെ സൃഷ്ടിക്കുക മാത്രമല്ല ദൈവം ചെയ്തത്. പിന്നെയോ, അതിനെ നിലനിർത്തുകയും ചെയ്യുന്നു. അതും നടപ്പാക്കിയത് തന്റെ ശക്തിയുള്ള വാക്കിനാലാണ്. പുത്രൻ ദൈവത്തിന്റെ "തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും" ആണെന്ന് എബ്രായർ 1:3 പ്രസ്താവിക്കുന്നു. യേശു തന്റെ ശക്തിയാൽ സകല പ്രപഞ്ചത്തേയും നിലനിർത്തുന്നു. സുവിശേഷങ്ങളിൽ നാം പല

പ്പോഴും പ്രകൃതിയുടെ മേലുള്ള യേശുവിന്റെ അധികാരത്തെ കാണുന്നു. ഇപ്പോഴും, ഭൂമിയെ മൂടാതവണ്ണം വെള്ളത്തെ ദൈവത്തിന്റെ ശക്തി നിയന്ത്രിക്കുന്നു. ഭൂകമ്പം പോലെയുള്ള ദുരന്തങ്ങൾക്ക് ദൈവത്തിന്റെ ശക്തി പരിധി കല്പിക്കുന്നു. മാനവജാതിയെ നിലനിർത്തുന്നതും ദൈവത്തിന്റെ ശക്തിതന്നെയാണ്. ഒരു കുഞ്ഞിനെ അതിന്റെ അമ്മയുടെ ഉദരത്തിൽ ഗർഭകാലം മുഴുവൻ പരിപാലിക്കുന്നതും ദൈവത്തിന്റെ ശക്തിയാണ്. അതു മാത്രമല്ല, മുതിർന്നവരായ നമ്മെയും നിലനിർത്തുന്നത് ദൈവത്തിന്റെ ശക്തിതന്നെയാണ്.

*3. തിന്മയെ തടയുന്നതിൽ.* ദൈവം തന്റെ ശക്തിയാൽ, പ്രപഞ്ചത്തിൽ നിന്നും തിന്മയെ ആത്യന്തികമായി തുടച്ചുമാറ്റുന്നതാണ്. ഇപ്പോൾപോലും, തിന്മ അതിന്റെ പൂർണ്ണഗതി കൈവരിക്കാതെ അതിനെ തടഞ്ഞുനിർത്തുന്നത് ദൈവത്തിന്റെ ശക്തിയാണ്. പലപ്പോഴും, ദുഷ്ടമനുഷ്യരുടെ തിന്മപ്രവൃത്തികൾ കേൾക്കുമ്പോൾ നാം ഞെട്ടാറുണ്ട്. അത്തരം പ്രവൃത്തികൾ *എല്ലായ്പോഴും* സംഭവിക്കുന്നില്ല എന്ന വസ്തുത തെളിയിക്കുന്നത് ദൈവം തിന്മയെ നിയന്ത്രിക്കുന്നു എന്നാണ്. മനുഷ്യന്റെ അധഃപതനത്തോടൊപ്പം സാത്താന്റെ ശക്തിയുടെ സഹായവുംകൂടി ലഭിക്കുമ്പോൾ അനവധി തിന്മകൾ ചെയ്യുവാൻ കഴിയും (ഉല്പത്തി 6:5; റോമർ 3:14-18). എന്നാൽ, ദൈവം തന്റെ ശക്തിയാൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. സാത്താൻ ഇയ്യോബിനെ ആക്രമിച്ചപ്പോൾപോലും, ദൈവം അനുവദിച്ചതിനേക്കാൾ കൂടുതൽ നാശനഷ്ടം ഉണ്ടാക്കാതെ ദൈവത്തിന്റെ ശക്തിയാൽ നിയന്ത്രിക്കപ്പെട്ടിരുന്നു (ഇയ്യോബ് 1:12, 2:6).

*4. തന്റെ ജനത്തെ വിടുവിക്കുന്നതിൽ.* പുറപ്പാട് പോലെയുള്ള സംഭവങ്ങൾ ദൈവത്തിന്റെ സർവ്വശക്തിയുടെ വ്യക്തമായ പ്രകടനമാണ്. "യഹോവേ, നിന്റെ വലങ്കൈ ബലത്തിൽ മഹത്വപ്പെട്ടു; യഹോവേ, നിന്റെ വലങ്കൈ ശത്രുവിനെ തകർത്തുകളഞ്ഞു" എന്ന് പുറപ്പാട് 15:6 നമ്മോടു പറയുന്നു. ദൈവത്തിന്റെ മഹത്തായ ശക്തിയുടെ പ്രതീകമായിരുന്നു തന്റെ വലങ്കൈ. തന്റെ ജനത്തെ വിടുവിക്കുന്നതിനുള്ള ദൈവത്തിന്റെ മഹാശക്തിയുടെ ഉദാഹരണങ്ങളാണ് പിന്നീട്, യോശുവയുടെ നേതൃത്വത്തിൽ കനാനിലും അതിനുശേഷം ദാവീദിന്റെ നേതൃത്വത്തിലും ലഭിച്ച വിജയങ്ങൾ.

*5. രോഗത്തെയും മരണത്തെയും അതിജീവിക്കുന്നതിൽ.* യേശു തന്റെ ഭൗമിക ശുശ്രൂഷയുടെ കാലത്ത്, അനേക അവസരങ്ങളിൽ, അനേക വ്യാധികളെ സൗഖ്യമാക്കുന്നതിനുള്ള തന്റെ ശക്തിയെ ഒരു വാക്കോ അല്ലെങ്കിൽ ഒരു സ്പർശനമോ കൊണ്ട്

പ്രകടമാക്കി. താൻ മശിഹ ആണെന്നും മശിഹ എന്ന നിലയിൽ ദൈവരാജ്യത്തെ അതിന്റെ സർവ്വ മഹത്വത്തോടെയും താൻ സ്ഥാപിക്കുമ്പോൾ അവിടെ ആരും സൗഖ്യം പ്രാപിക്കേണ്ട ആവശ്യമുണ്ടായിരിക്കില്ല; കാരണം, അവിടെ യാതൊരു രോഗവും കാണുകയില്ല എന്നു കാണിക്കുകയായിരുന്നു അവയുടെ ഉദ്ദേശ്യം.

എന്നിരുന്നാലും, ഏറ്റവും അവിശ്വസനീയമായ ശക്തി ദൈവം പ്രകടമാക്കിയത് യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചപ്പോഴാണ്. ആ ഉയിർത്തെഴുന്നേൽപ്പിലൂടെ യേശു കാണിക്കുന്നത് രോഗത്തെയും മരണത്തെയും കീഴടക്കുവാൻ തനിക്ക് ശക്തിയുണ്ട് എന്നാണ്. എപ്രകാരമാണത്? പാപം കാരണമാണ് ഈ ലോകത്തിലേയ്ക് രോഗവും മരണവും വന്നത് (റോമർ 5:12, 6:23). പാപങ്ങളുടെ പരിഹാരം പൂർണ്ണമായി നടപ്പാക്കി എന്നതിനാലും (റോമർ 4:24-25) ഉയിർത്തെഴുന്നേൽപ്പ് അതിന്റെ തെളിവായിരിക്കുന്നു എന്നതിനാലും, രോഗവും മരണവും ഒരു ദിവസം പരിപൂർണ്ണമായി ഇല്ലാതാക്കപ്പെടും (വെളിപ്പാട് 21:1-4).

***6. ജീവിതങ്ങൾ രൂപാന്തരപ്പെടുത്തുന്നതിൽ.*** രക്ഷയുടെ 3 ഘട്ടങ്ങളിൽ പ്രകടമായിരിക്കുന്നതുപോലെ ദൈവത്തിന്റെ ശക്തി മനുഷ്യരുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നു: നീതീകരണം (കഴിഞ്ഞ കാലത്ത്), വിശുദ്ധീകരണം (വർത്തമാനകാലത്ത്), തേജസ്കരണം (ഭാവികാലത്ത്).

***നീതീകരണത്തിൽ.*** നാം ദൈവത്തിന്റെ മക്കളാണ് എങ്കിൽ, ദൈവവിരോധികളായിരുന്ന നാം എപ്രകാരമാണ് ദൈവസ്നേഹികളായി മാറിയത്? സുവിശേഷത്തിലൂടെ! പൗലോസ് സുവിശേഷത്തെ വർണ്ണിക്കുന്നത് ഇപ്രകാരമാണ്: "സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവന്നും ആദ്യം യെഹൂദനും പിന്നെ യവനനും അതു രക്ഷെയ്കായി *ദൈവശക്തിയാകുന്നുവല്ലോ*" (റോമർ 1:16). സുവിശേഷം ദൈവത്തിന്റെ ശക്തിയാണ്. ഈ ശക്തമായ സുവിശേഷത്തിലൂടെ, നീതീകരണം എന്ന പ്രവൃത്തിയാൽ, ദൈവം മനുഷ്യരെ തന്നോട് നിരപ്പാക്കുന്നു. ഈ സുവിശേഷത്താലാണ് നമുക്കു പുതുജീവൻ ലഭിക്കുന്നത്.

***വിശുദ്ധീകരണത്തിൽ.*** *ഒരുവൻ ദൈവത്തിന്റെ മകൻ ആയിത്തീരുമ്പോൾ, ഉള്ളിൽ വസിക്കുന്ന ശക്തനായ പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തിലൂടെ ഉയിർത്തെഴുന്നേൽപ്പിന്റെ ആ ശക്തിയെ സ്വന്തമാക്കുന്നു. പരിശുദ്ധാത്മാവിനാൽ നമുക്കു നൽകപ്പെട്ട ആ ശക്തി നമ്മെ സാക്ഷികളാകുവാൻ പ്രാപ്തരാക്കുക മാത്രമല്ല പിന്നെയോ, വിശുദ്ധ ജീവിതം നയിക്കുവാനും പ്രാപ്തരാക്കുന്നു.* "എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂ

ദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു" (അപ്പോ. പ്രവൃത്തികൾ 1:8). *കാരണം*, "തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവന്നും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ" ( 2 പത്രൊസ് 1:3).

ഒരു ബുദ്ധമത വിശ്വാസിയുമായി മതവിശ്വാസങ്ങൾ ചർച്ച ചെയ്തശേഷം, ഒരു ക്രിസ്ത്യാനി അയാളോട് ക്രിസ്തീയതയെക്കുറിച്ച് എന്ത് ചിന്തിക്കുന്നു എന്നു ചോദിച്ചു. ആ ബുദ്ധവിശ്വാസി ഇപ്രകാരം പറഞ്ഞു, "നമ്മുടെ രണ്ടുപേരുടേയും ഉപദേശങ്ങൾ തമ്മിൽ വളരെയധികം സാമ്യമുണ്ട് എന്നു ഞാൻ കാണുന്നു. എന്നാൽ, എന്റെ വിശ്വാസത്തിൽ ഇല്ലാത്ത ഒന്ന് നിങ്ങളുടെ വിശ്വാസത്തിൽ ഞാൻ കാണുന്നു. എന്റെ വിശ്വാസം ഞാൻ എന്താണ് ചെയ്യേണ്ടത് എന്നു പറയുന്നു. എന്നാൽ അതു ചെയ്യുന്നതിനുള്ള ശക്തി പ്രദാനം ചെയ്യുന്നില്ല. *നിങ്ങളുടെ വിശ്വാസത്തിൽ അതിനുള്ള ശക്തി നൽകുന്നുണ്ട്.*"

***തേജസ്കരണത്തിൽ.*** ഭാവിയിൽ നമുക്ക് യേശുവിന്റെ ശരീരത്തോടു സാമ്യമുള്ള ശരീരങ്ങൾ ലഭിക്കുന്നതിനെയാണ് ഇത് പരാമർശിക്കുന്നത്. പാപം, കഷ്ടത, മരണം എന്നിവ ബാധിക്കാത വണ്ണം ഈ ശരീരം സ്വതന്ത്രമായിരിക്കും. യേശു മടങ്ങിവരുമ്പോൾ അതു സംഭവിക്കും. ഫിലിപ്യർ 3:20-21 ഇപ്രകാരം പറയുന്നു, "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ടു നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും."

നമ്മുടെ രക്ഷ ഈ തേജസ്കരണം സംഭവിക്കുന്നതുവരെ ഭദ്രമാണോ എന്നു നാം സംശയിക്കുന്നുവെങ്കിൽ, നമുക്ക് ആശ്വസിക്കാൻ വകയുണ്ട്. തേജസ്കരിക്കപ്പെടുന്നതുവരെ യഥാർഥ വിശ്വാസികളെ ദൈവത്തിന്റെ ശക്തി സംരക്ഷിക്കും എന്ന് പത്രോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. 1 പത്രോസ് 1:4-ൽ നാം ഇപ്രകാരം വായിക്കുന്നു, "അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷെക്കു വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കു വേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും...."

***7. ദുഷ്ടന്മാരുടെ ന്യായവിധിയിൽ.*** നോഹയുടെ കാലത്തെ ദുഷ്ടലോകത്തെ ആഗോളപ്രളയത്തിലൂടെ ന്യായം വിധിച്ച ദൈവത്തിന്റെ ശക്തിയെ ഉല്പത്തി 6-8 വെളിപ്പെടുത്തുന്നു. സാത്താ

നേയും അവന്റെ പിശാചുക്കളെയും ദൈവത്തിനെതിരെ മത്സരിച്ച എല്ലാ അവിശ്വാസികളേയും എന്നെന്നേയ്ക്കുമായി ദൈവം ഒരു ദിവസം ന്യായം വിധിക്കുന്നത് എപ്രകാരമാണെന്ന് വെളിപ്പാട് 19-20 വിവരിക്കുന്നു. ആ ന്യായവിധിയുടെ അവസാനം അവർ യഥാർഥവും നിത്യവുമായ തീപ്പൊയ്കയിലേയ്ക്ക് എറിയപ്പെടും. പണ്ട്, പ്രളയസമയത്ത് ദൈവത്തിന്റെ ശക്തിയെ ചെറുക്കുവാൻ ആർക്കും സാധിക്കാതിരുന്നതുപോലെ, ഇനി വരുന്ന ന്യായവിധിയെയും ചെറുക്കുവാൻ ആർക്കും സാധിക്കുകയില്ല.

കൂടാതെ, അവർ തീപ്പൊയ്കയിൽ നിത്യദണ്ഡനം അനുഭവിക്കുമെങ്കിലും അവരുടെ ശരീരങ്ങൾ നശിച്ചുപോകയില്ല എന്നതിലൂടെയും ദൈവത്തിന്റെ ശക്തി പ്രകടമാകും. എന്തുകൊണ്ട്? കാരണം, വിശ്വാസികൾക്ക് സ്വർഗ്ഗത്തിന് അനുയോജ്യമായ ശരീരങ്ങൾ പ്രദാനം ചെയ്യുന്നതുപോലെതന്നെ അവിശ്വാസികൾക്കും നരകത്തിന് അനുയോജ്യമായ ശരീരങ്ങൾ ദൈവം നൽകും. (മരിച്ചുപോയ സകല അവിശ്വാസികളും ന്യായവിധി ദിവസത്തിൽ വെള്ളസിംഹാസനത്തിനു മുൻപിൽ നിൽക്കുന്നതായി വെളിപ്പാട് 20:12 പരാമർശിക്കുന്നു. തിന്മ പ്രവർത്തിക്കുന്നവർ ന്യായവിധിയ്ക്കായി എഴുന്നേൽപ്പിക്കപ്പെടും എന്ന് യോഹന്നാൻ 5:29-ൽ യേശുതന്നെ പറഞ്ഞു. അതായത്, അവിശ്വാസികൾക്കും നരകത്തിന് അനുയോജ്യമായ പുതിയ ശരീരങ്ങൾ ലഭിക്കും.)

***8. പുതിയ ലോകം സൃഷ്ടിക്കുന്നതിൽ.*** ഈ പ്രപഞ്ചത്തെ അഗ്നിയാൽ നശിപ്പിക്കുകയും പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുകയും ചെയ്യുന്നതിൽ ദൈവത്തിന്റെ ശക്തിയെക്കുറിച്ച് വെളിപ്പാട് 21, 22 അധ്യായങ്ങൾ വിവരിക്കുന്നു. നാം (അതായത്, സകല വിശ്വാസികളും) ഈ മഹാദൈവത്തിന്റെ സാന്നിധ്യത്തിൽ എന്നെന്നേയ്കും വസിക്കുവാൻ പോകുന്നത് ആ സ്ഥലത്താണ്.

അതായത്, കുറഞ്ഞപക്ഷം, 8 മേഖലകളിലെങ്കിലും ദൈവം തന്റെ ശക്തി നമുക്ക് വെളിപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിന്റെ ശക്തി സംബന്ധിച്ചുള്ള അറിവ് നമ്മുടെ അനുദിന ജീവിതത്തെ എപ്രകാരം സ്വാധീനിക്കണം എന്നു പറയുന്നതിനു മുൻപ്, ഞാൻ ഇത് പറയട്ടെ: ദൈവത്തിന്റെ ശക്തി സംബന്ധിച്ചുള്ള നമ്മുടെ അവബോധം വളരെ വളരെ പരിമിതമാണ്. ദൈവഭക്തനായ ഇയ്യോബ് എന്ന വലിയ മനുഷ്യൻ ഈ പരിമിധി മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ്, ദൈവത്തിന്റെ ആശ്ചര്യകരമായ ശക്തിയെക്കുറിച്ച് 26:6 മുതൽ 13 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചശേഷം, 14-ൽ ഇയ്യോബ് ഇപ്രകാരം ഏറ്റുപറയുന്നത്, “എന്നാൽ ഇവ അവന്റെ വഴിയുടെ അറ്റങ്ങളത്രേ; നാം അവനെ

ക്കുറിച്ച് ഒരു മന്ദസ്വരമേ കേട്ടിട്ടുള്ളൂ. അവന്റെ ബലത്തിന്റെ ഇടിമുഴക്കം ആർ ഗ്രഹിക്കും?" ഇവ അവന്റെ ശക്തിയുടെ മന്ദസ്വരം മാത്രമാണ് എന്ന് ഇയ്യോബ് പറയുന്നു. ദൈവത്തിന്റെ ശക്തി സംബന്ധിച്ചുള്ള നമ്മുടെ അറിവ് അത്രമാത്രം പരിമിതമാണ്!

എന്നിരുന്നാലും, ദൈവത്തിന്റെ ശക്തി സംബന്ധിച്ചുള്ള (മറ്റ് അഭേദ്യഗുണങ്ങൾ സംബന്ധിച്ചുമുള്ള) സമ്പൂർണ്ണമായ അറിവിന്റെ അഭാവം നമ്മെ നിരുത്സാഹപ്പെടുത്തരുത്. ദൈവം നമ്മെ സഹായിക്കുന്നിടത്തോളം, ഈ അറിവിൽ വളരുവാൻ നാം ആഗ്രഹിച്ചുകൊണ്ടിരിക്കണം. ദൈവത്തിന്റെ ശക്തി സംബന്ധിച്ചുള്ള ഈ അറിവ് കുറഞ്ഞപക്ഷം മൂന്ന് പ്രത്യേക മേഖലകളിലെങ്കിലും പ്രായോഗിക തലത്തിലേയ്ക് നമ്മെ നയിക്കേണ്ടതാണ്.

## നാം ദൈവത്തെ ഭയപ്പെടണം

സങ്കീർത്തനങ്ങൾ 33:6-7 ഇപ്രകാരം പറയുന്നു, "യഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകലസൈന്യവും ഉളവായി; അവൻ സമുദ്രത്തിലെ വെള്ളത്തെ കൂമ്പാരമായി കൂട്ടുന്നു; അവൻ ആഴികളെ ഭണ്ഡാരഗൃഹങ്ങളിൽ സംഗ്രഹിക്കുന്നു. ദൈവം സർവ്വശക്തനായ സൃഷ്ടാവാണ് എന്നതിന്റെ വെളിച്ചത്തിൽ നമ്മുടെ പ്രതികരണം എന്തായിരിക്കണമെന്ന് അടുത്ത രണ്ടു വാക്യങ്ങൾ പറയുന്നു: "സകലഭൂവാസികളും യഹോവയെ ഭയപ്പെടട്ടെ; ഭൂതലത്തിൽ പാർക്കുന്നവരൊക്കെയും അവനെ ശങ്കിക്കട്ടെ. അവൻ അരുളിച്ചെയ്തു; അങ്ങനെ സംഭവിച്ചു; അവൻ കല്പിച്ചു; അങ്ങനെ സ്ഥാപിതമായി" (സങ്കീർത്തനങ്ങൾ 33:8-9). ഭയവും ഭക്തിയുമായിരിക്കണം നമ്മുടെ യഥാർഥ പ്രതികരണം. ദൈവത്തെ ഭയഭക്തിയോടെയും ബഹുമാനത്തോടെയും കാണേണ്ടതാണ് - നിസ്സാരനായി കരുതരുത്! ദൈവത്തിന്റെ കല്പനകൾ എല്ലാം, അവയിൽ ഓരോന്നും പിറുപിറുക്കാതെയും ചോദ്യം ചെയ്യാതെയും അനുസരിക്കേണ്ടവയാണ്.

അനവധി അവിശ്വാസികൾ ദൈവത്തിന്റെ അസ്ഥിത്വത്തെ നിഷേധിക്കുന്നതിന്റെ കാരണം ഇതാണ്: ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നതിലൂടെ ആരോടും പ്രത്യേകിച്ച്, തങ്ങളുടെ സൃഷ്ടാവിനോട് ഉത്തരവാദിത്തം ഇല്ലാതെ അഥവാ കണക്കു ബോധിപ്പിക്കാതെ ജീവിക്കുവാൻ സാധിക്കും എന്ന് അവർ കരുതുന്നു. ഉത്തരവാദിത്തം ഇല്ല എങ്കിൽ ന്യായവിധി സംബന്ധിച്ച് ഭയവും ഉണ്ടായിരിക്കില്ല. തത്ഫലമായി, തങ്ങൾക്കു ബോധിച്ചതുപോലെ ജീവിക്കുവാൻ സാധിക്കും എന്ന് അവർ കരുതുന്നു. ദൈവം സൃഷ്ടാവാണെന്നത് ഒരുവൻ നിഷേധി

ക്കുമ്പോൾ, ന്യായാധിപൻ, വീണ്ടെടുപ്പുകാരൻ എന്നീ നിലകളിലുള്ള കാഴ്ചപ്പാടുകളും അർഥരഹിതമാകും. അതിനാലാണ്, നമ്മുടെ സുവിശേഷ അവതരണം ദൈവത്തെ ന്യായാധിപനോ സ്നേഹമോ വീണ്ടെടുപ്പുകാരനോ ആയിട്ടല്ല മറിച്ച്, സൃഷ്ടാവായി പ്രതിപാദിച്ചുകൊണ്ട് ആരംഭിക്കേണ്ടത്. നമ്മെ നിർമ്മിച്ചവനോട് ഉത്തരവാദത്തമില്ല എങ്കിൽ, സുവിശേഷം പണിതുയർത്തുവാൻ ഉറപ്പുള്ള അടിസ്ഥാനം ഉണ്ടായിരിക്കുകയില്ല.

## നാം ദൈവത്തെ സ്തുതിക്കണം

ദൈവം നമ്മുടെ ഭാഗത്തുണ്ട് എങ്കിൽ (നാം അവന്റെ മക്കളായതിനാൽ ദൈവം നമ്മുടെ ഭാഗത്തുണ്ട്) ദൈവത്തിന്റെ ശക്തി നിമിത്തം നാം നിരന്തരം അവനെ സ്തുതിക്കണം. തന്റെ മഹാശക്തിയുള്ള കരം നമ്മെ നിത്യ മരണത്തിൽ നിന്നും വിടുവിച്ച് നിത്യജീവനിൽ ആക്കിയിരിക്കുന്നു. വരുവാൻ പോകുന്ന മഹാക്രോധത്തിൽ നിന്നും തന്റെ മഹാശക്തി നമ്മെ സംരക്ഷിച്ചിരിക്കുന്നു. ദൈവം നമ്മെ സുരക്ഷിതരായി ഭവനത്തിലേയ്കു നയിക്കും. ഇത്തരത്തിലുള്ള ഒരു സത്യം നമ്മെ നിരന്തരമായ സ്തുതിയ്കും ആരാധനയ്കും ആഹ്വാനം ചെയ്യുന്നു. ബൈബിളിൽ രേഖപ്പെടുത്തപ്പെട്ട ആദ്യത്തെ പാട്ട് മോശെ പാടിയതിന് അതിശയിക്കേണ്ടതില്ല:

> ***പുറപ്പാട് 15:11-13 - യഹോവേ, ദേവന്മാരിൽ നിനക്കു തുല്യൻ ആർ? വിശുദ്ധിയിൽ മഹിമയുള്ളവനേ, സ്തുതികളിൽ ഭയങ്കരനേ, അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനേ, നിനക്കു തുല്യൻ ആർ? നീ വലങ്കൈ നീട്ടി, ഭൂമി അവരെ വിഴുങ്ങി. നീ വീണ്ടെടുത്ത ജനത്തെ ദയയാൽ നടത്തി; നിന്റെ വിശുദ്ധനിവാസത്തിലേക്കു നിന്റെ ബലത്താൽ അവരെ കൊണ്ടുവന്നു.”***

## നാം ദൈവത്തിൽ ആശ്രയിക്കണം

ലൂക്കോസ് 1:37-ൽ മറിയയ്ക് ഗബ്രിയേൽ പ്രത്യക്ഷപ്പെട്ട് അവൾ മശിഹയ്കു ജന്മം നൽകും എന്നു പറയുന്നത് വായിക്കുന്നു, “ദൈവത്തിന്നു ഒരു കാര്യവും അസാധ്യമല്ലല്ലോ എന്നു ഉത്തരം പറഞ്ഞു.” സർവ്വശക്തനായ ദൈവത്തെ തന്റെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിൽ നിന്നും ആർക്കെങ്കിലുമോ എന്തിനെങ്കിലുമോ തടയുക സാധ്യമല്ല എന്ന കാരണത്താൽ ദൈവത്തിന്റെ ഒരു വാക്കോ വാഗ്ദത്തമോ ഒരിക്കലും നിവർത്തിയാകാതെ പോകുകയില്ല എന്നതാണ് ആശയം. ദൈവത്തെക്കുറിച്ചുള്ള ഈ സത്യങ്ങൾ മറിയ വിശ്വസിച്ചു. അതുകൊണ്ടാണ്, “ഇതാ ഞാൻ കർ

ത്താവിന്റെ ദാസി; *നിന്റെ വാക്കുപോലെ* എനിക്കു ഭവിക്കട്ടെ" എന്ന് മറിയ പ്രതികരിച്ചത് (ലൂക്കോസ് 1:38). ഭൗമികമായ എന്ത് പരിണിതഫലങ്ങൾ താൻ നേരിട്ടേക്കാമെങ്കിലും ദൈവത്തിന്റെ വാഗ്ദത്തവചനം നിവർത്തിക്കുവാനുള്ള അവന്റെ ശക്തിയിൽ അവൾ അചഞ്ചലമായി വിശ്വസിച്ചു. വിവാഹനിശ്ചയം വേർപെടുത്തുന്നതിന് ആദ്യം യോസേഫ് ശ്രമിക്കുന്നത് ഉൾപ്പെടെയുള്ള വെല്ലുവിളികൾ മറിയ നേരിട്ടുവെങ്കിലും ദൈവം തന്റെ വാഗ്ദത്തം നിവർത്തിച്ചു!

മറിയയെപ്പോലെ, വിശ്വാസത്തിന്റെ എളിമയുള്ള മനോഭാവത്തോടെ, ജീവിതത്തിലെ വെല്ലുവിളികളെ മറികടക്കുവാൻ ദൈവത്തിന്റെ ശക്തി നമ്മെ സഹായിക്കും എന്ന് നാമും വിശ്വസിക്കണം. സാഹചര്യങ്ങൾ എന്തായിരുന്നാലും തന്റെ കല്പനകളുടെ അനുസരണത്തിലേയ്ക്ക് ആ വിശ്വാസം പരിണമിക്കണം. ഈ സർവ്വശക്തനായ ദൈവം തന്റെ മക്കളെ ഒരുനാളും കൈവിടുകയോ ഉപേക്ഷിക്കുകയോ ചെയ്യാത്ത സർവ്വസ്നേഹവാനായ ദൈവവുമാണ് എന്നത് നാം ഓർമ്മിക്കേണ്ടത് അനിവാര്യമാണ് (എബ്രായർ 13:5).

സങ്കീർത്തനം 62-ലേയ്കു തിരികെ പോയി, 11,12 വാക്യങ്ങൾ നമുക്കു നോക്കാം: "ബലം ദൈവത്തിന്നുള്ളതെന്നു ദൈവം ഒരിക്കൽ അരുളിച്ചെയ്തു. ഞാൻ രണ്ടുപ്രാവശ്യം കേട്ടുമിരിക്കുന്നു. കർത്താവേ, ദയയും നിനക്കുള്ളതാകുന്നു. നീ ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കുന്നു." ദൈവത്തിന്റെ *ബലത്തോടൊപ്പം (ശക്തി) ദയയും (സ്നേഹം)* ഉണ്ടെന്നത് ശ്രദ്ധിക്കുക. നമ്മെപ്പോലെയുള്ള പാപികളോട് സ്നേഹമില്ലാതെ ശക്തി മാത്രമുള്ള ദൈവമായിരുന്നു എങ്കിൽ നമ്മുടെ സ്ഥാനം എവിടെയാകുമായിരുന്നു? അല്ലെങ്കിൽ, സ്നേഹത്തിന്റെ പ്രവർത്തികൾ നടപ്പിലാക്കുന്നതിനുള്ള ശക്തി കൂടാതെ സ്നേഹം മാത്രമുള്ള ദൈവമായിരുന്നു നമുക്കുണ്ടായിരുന്നത് എങ്കിൽ നാം എവിടെയാകുമായിരുന്നു? ഈ രണ്ടു ഗുണങ്ങളും അവയുടെ പൂർണ്ണതയിൽ ദൈവത്തിനുണ്ട് എന്നത് നന്ദിപൂർവ്വം സ്മരിക്കാം. അതുകൊണ്ടാണ്, നാം ദൈവത്തിൽ *അചഞ്ചലമായി* ആശ്രയിക്കേണ്ടത്. നമ്മോടു കൂടെയിരിക്കുമെന്നും നമ്മെ സുരക്ഷിതരായി ഭവനത്തിൽ എത്തിക്കുമെന്നും ദൈവം വാഗ്ദത്തം ചെയ്തിട്ടുണ്ട്. നമ്മെ സൃഷ്ടിക്കുകയും എന്തെല്ലാം സംഭവിച്ചാലും, തന്റെ കരങ്ങളിൽ നമ്മെ സുരക്ഷിതരായി പാലിക്കുകയും ചെയ്യുന്നവന്, നമുക്ക് നമ്മുടെ ആത്മാക്കളെ ഏല്പിച്ചുകൊടുക്കാം. "ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു; ഞാൻ ഭയപ്പെടുകയില്ല, മനു

ഷ്യനു എന്നോടു എന്തു ചെയ്യുവാൻ കഴിയും?" എന്ന് ദാവീദിനോടൊപ്പം നമുക്കും പറയാം (സങ്കീർത്തനങ്ങൾ 56:11).

സകല പാപങ്ങളെയും പരീക്ഷകളെയും ഭയത്തെയും അടിമത്തത്തെയും അതിജീവിക്കുന്നതിനും ദൈവഭക്തിയോടെ ജീവിക്കുന്നതിനും നമുക്ക് ശക്തി നൽകപ്പെട്ടിരിക്കുന്നു എന്ന് ദൈവം പറയുമ്പോൾ നമുക്ക് അവനിൽ ആശ്രയിക്കാം (റോമർ 6:18; 2 പത്രോസ് 1:3). ഈ ആശ്രയം സ്തുതിയും പ്രാർഥനയുമായി മാറ്റുന്നതിലൂടെ, ഒരു വിശുദ്ധ ജീവിതം നയിക്കുവാൻ നമുക്ക് സാധിക്കേണ്ടതിന് ഈ ശക്തി നമ്മുടെ ജീവിതങ്ങളിൽ പരിശുദ്ധാത്മാവിലൂടെ പ്രവർത്തനക്ഷമമാക്കുവാൻ നമുക്ക് തുടർമാനമായി ഈ മഹാദൈവത്തോട് അപേക്ഷിക്കാം.

നിങ്ങൾ ഒരു ക്രിസ്ത്യാനിയല്ല എങ്കിൽ, ഈ ദൈവം തന്റെ മഹാശക്തി നിങ്ങൾക്കെതിരെ ഉപയോഗിക്കുന്നത് ഭാവനയിൽ കാണുക. ഈ ദൈവത്തെ എതിർത്ത് ജയിക്കുവാൻ സാധിക്കും എന്ന് ചിന്തിക്കുന്നത് എത്രയോ വലിയ ബുദ്ധിശൂന്യതയാണ്! ദയവായി, മുന്നറിയിപ്പ് സ്വീകരിക്കുക. ഒരു ന്യായവിധി വരുന്നു. സർവ്വശക്തനായ ഈ ദൈവത്തിൽ നിന്നും നിങ്ങൾക്ക് എങ്ങനെ രക്ഷപെടുവാൻ സാധിക്കും? നോഹയുടെ കാലത്ത് ദൈവത്തെ പരിഹസിച്ച ഒരുവനും പ്രളയത്തെ അതിജീവിക്കുവാൻ സാധക്കാതിരുന്നതുപോലെതന്നെ ദൈവത്തെ പരിഹസിക്കുന്ന ഒരുവനും ഇനി വരാൻ പോകുന്ന അഗ്നിയാലുള്ള ന്യായവിധിയിൽ നിന്നും രക്ഷപെടുക സാധ്യമല്ല.

ലൂക്കോസ് 12:4-5 വാക്യങ്ങളിൽ യേശു നമുക്കു മുന്നറിയിപ്പ് നൽകിയിരിക്കുന്നു, "എന്നാൽ എന്റെ സ്നേഹിതന്മാരായ നിങ്ങളോടു ഞാൻ പറയുന്നതു: ദേഹത്തെ കൊന്നിട്ടു പിന്നെ അധികമായി ഒന്നും ചെയ്‌വാൻ കഴിയാത്തവരെ ഭയപ്പെടേണ്ടാ. ആരെ ഭയപ്പെടേണം എന്നു ഞാൻ നിങ്ങൾക്കു കാണിച്ചുതരാം. കൊന്നിട്ടു നരകത്തിൽ തള്ളിക്കളവാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ: അതേ, അവനെ ഭയപ്പെടുവിൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു." നിങ്ങൾക്ക് ദൈവത്തിന്റെ ന്യായവിധിയിൽ നിന്നും രക്ഷപെടുവാൻ സാധിക്കുന്നത് യേശുവിൽ ആശ്രയിക്കുന്നതിലൂടെ മാത്രമാണ്. വരാനിരിക്കുന്ന ക്രോധത്തിൽ നിന്നും നിങ്ങളെ വിടുവിക്കുവാൻ സാധിക്കുന്നത് യേശുവിനു മാത്രമാണ് (1 തെസ്സലോനിക്യർ 1:10). സങ്കീർത്തനം 2:12 ൽ നൽകപ്പെട്ടിരിക്കുന്ന കഠിനമായ മുന്നറിയിപ്പ് ഗൗരവതരമായി സ്വീകരിക്കുക, "അവൻ കോപിച്ചിട്ടു നിങ്ങൾ വഴിയിൽവെച്ചു നശിക്കാതിരിപ്പാൻ പുത്രനെ ചുംബിപ്പിൻ. അവന്റെ കോപം ക്ഷണത്തിൽ

ജ്വലിക്കും; അവനെ ശരണം പ്രാപിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ."

## ചർച്ചയ്കുള്ള ചോദ്യങ്ങൾ

1. ദൈവത്തിന്റെ ശക്തി സംബന്ധിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടിനെ ഈ അധ്യായം എപ്രകാരമാണ് സ്വാധീനിച്ചത്?
2. ദൈവത്തിന്റെ ഈ അഭേദ്യഗുണത്തിന്റെ വെളിച്ചത്തിൽ നിങ്ങളുടെ ജീവിതത്തിൽ എന്ത് മാറ്റം വരുത്തുവാൻ സാധിക്കും?
3. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ പ്രാർഥനകളെ എപ്രകാരം ബാധിക്കും?
4. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ സുവിശേഷീകരണത്തെ എപ്രകാരം ബാധിക്കും?

## ധ്യാന/മനഃപാഠവാക്യം

*1 ദിനവൃത്താന്തം 29:11 - യഹോവേ, മഹത്വവും ശക്തിയും തേജസ്സും യശസ്സും മഹിമയും നിനക്കുള്ളതു; സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതൊക്കെയും നിനക്കുള്ളതല്ലോ. യഹോവേ, രാജത്വം നിനക്കുള്ളതാകുന്നു; നീ സകലത്തിന്നും മീതെ തലവനായിരിക്കുന്നു.*

## പ്രാർഥന

*പിതാവേ, അങ്ങ് സർവ്വശക്തിയുള്ള ദൈവമാണ്. ഞാനുൾപ്പെടെ സകലത്തിന്റെയുംമേൽ അങ്ങ് വാഴുന്നു. ഒരു വഴിയുമില്ല എന്നു തോന്നുന്ന സമയങ്ങളിൽപോലും വിടുവിക്കുന്ന നിന്റെ ശക്തിയിൽ വിശ്വസിക്കുവാനും ചാരുവാനും എന്നെ സഹായിക്കേണമേ. മനുഷ്യരെ ഭയപ്പെടാതിരിക്കുവാൻ എന്നെ സഹായിക്കേണമേ. അങ്ങയെ കൂടുതൽ ഭയപ്പെടുവാനും എനിക്ക് ആവശ്യമുള്ളതൊക്കെയും നൽകുവാൻ അങ്ങേയ്കു സാധിക്കും എന്ന വസ്തുതയിൽ വിശ്രാമം കണ്ടെത്തുവാനും എന്നെ ദയവായി സഹായിക്കേണമേ.*

*ആമേൻ!*

## അഭേദ്യഗുണം 3:

# ദൈവത്തിന്റെ സാന്നിധ്യം

*ദൈവത്തിന് തന്റെ സമ്പൂർണ്ണ അസ്തിത്വത്തോടെ എല്ലായ്പോഴും എല്ലായിടത്തും സന്നിഹിതനായിരിക്കുന്നതിനുള്ള കഴിവിനെയാണ് ദൈവത്തിന്റെ സാന്നിധ്യം എന്നത് പരാമർശിക്കുന്നത്.*

ദൈവത്തിന്റെ ഈ അഭേദ്യഗുണത്തെ ദൈവത്തിന്റെ സർവ്വസാന്നിധ്യം എന്ന് വേദപണ്ഡിതന്മാർ പലപ്പോഴും പരാമർശിക്കുന്നു. ദൈവം സന്നിഹിതനല്ലാത്ത യാതൊരു ഇടവും ഈ പ്രപഞ്ചത്തിൽ ഇല്ല എന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന അഭേദ്യഗുണങ്ങളിൽ ഒന്നാണിത്. നാം എവിടെ പോയാലും അവിടെ ദൈവം സന്നിഹിതനാണ്. നമുക്ക് ദൈവത്തിൽ നിന്നും ഒളിക്കുക സാധ്യമല്ല. ദൈവത്തെ പിന്നിലാക്കി നമുക്ക് മുമ്പോട്ടു പോകുകയും സാധ്യമല്ല.

ദൈവത്തെ മറികടന്ന് മുമ്പോട്ട് ഓടുന്നതിനെക്കുറിച്ചു പറയുമ്പോൾ ഒരു സംഭവകഥ ഓർമ്മ വരുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സിൽ, മിക്കയിടത്തും താപനില ഒറ്റ അക്കത്തിലേയ്കോ അതിനു താഴേയ്കോ കടക്കുമ്പോൾ ഹൈവേയിലുള്ള വാഹനങ്ങൾ പരിശോധിക്കുന്ന ഒരു നയമുണ്ടെന്നത് നിങ്ങൾക്കറിയാമോ? പ്രസ്തുത നയം നടപ്പിലാക്കിയ ഒരു സംഭവത്തെക്കുറിച്ചാണ് ഈ കഥ പരാമർശിക്കുന്നത്.

> *വർഷങ്ങൾക്കു മുൻപ്, തണുപ്പുള്ള ഒരു വെളുപ്പിന് മൂന്നു മണിയ്ക്, മൊണ്ടാനയിൽ ഗ്രേറ്റ് ഫോൾസിൽ റോഡിൽ നിന്നും തെന്നിമാറിയിരിക്കുന്ന ഒരു കാറിനെക്കുറിച്ച് മൊണ്ടാന സ്റ്റേറ്റ് ട്രൂപ്പർക്ക് വിവരം ലഭിച്ചു. മഞ്ഞിലാണ്ടുപോയിരുന്നതും എന്നാൽ എൻജിൻ പ്രവർത്തനക്ഷമവുമായിരുന്ന കാർ അദ്ദേഹം കണ്ടെത്തി.*
>
> *ഡ്രൈവറുടെ ഡോറിന് അടുക്കലേയ്ക് എത്തിയ ട്രൂപ്പർ കാണുന്നത് ഒഴിഞ്ഞ വോഡ്ക കുപ്പിയുമായി ലക്കില്ലാതെ ഇരിക്കുന്ന മധ്യവയസ്കനെയാണ്. ഗ്ലാസ്സിൽ തട്ടിയപ്പോൾ അയാൾ ഉണർന്നു. തന്റെ തൊട്ടടുത്ത് സ്റ്റേറ്റ് ട്രൂപ്പർ നിൽക്കുകയും കറങ്ങുന്ന മിന്നുന്ന വെളിച്ചം തന്റെ വാഹനത്തിന്റെ കണ്ണാടിയിൽ അടിക്കുകയും ചെയ്യുന്നതു കണ്ട*

*പ്പോൾ, അയാൾ പരിഭ്രാന്തനായി. ഗിയർ മാറി വാഹനം ഓടിക്കുവാൻ അയാൾ ശ്രമിച്ചു.*

*കാറിന്റെ സ്പീഡോമീറ്ററിൽ മണിക്കൂറിൽ 20, 30, 40, 50 മൈൽ എന്നിങ്ങനെ സ്പീഡ് കാണിച്ചു. എന്നാൽ, അപ്പോഴും കാറിന്റെ ചക്രങ്ങൾ മഞ്ഞിൽ പുതഞ്ഞുകിടന്ന് കറങ്ങുകയായിരുന്നു. നർമ്മബോധമുള്ള ട്രൂപ്പർ സ്പീഡിൽ ഓടുന്ന (നിശ്ചലമായ, എന്നാൽ, ചക്രം കറഞ്ഞിക്കൊണ്ടിരിക്കുന്ന) കാറിനൊപ്പം ഓടുന്നതായി ഭാവിച്ചു. തന്റെ കാറിന്റെ സ്പീഡിൽ ട്രൂപ്പറും ഓടുകയാണെന്ന് കരുതിയ ഡ്രൈവർക്ക് എന്താണ് സംഭവിക്കുന്നതെന്നു മനസ്സിലായില്ല. അൽപ്പസമയത്തിനു ശേഷം, "നിർത്തൂ" എന്ന് ട്രൂപ്പർ അക്രോശിച്ചു. അയാൾ തലകുലുക്കി, തന്റെ വണ്ടിയുടെ എൻജിൻ ഓഫാക്കി.*

*നോർത്ത് ദാക്കോട്ടയിൽ നിന്നുള്ള ആ ഡ്രൈവർ പിന്നീട് അറസ്റ്റ് ചെയ്യപ്പെട്ടു. മണിക്കൂറിൽ 50 മൈലിൽ ഓടിക്കൊണ്ടിരുന്ന തന്റെ കാറിനൊപ്പം സ്റ്റേറ്റ് ട്രൂപ്പർ എങ്ങനെയാണ് ഓടിക്കൊണ്ടിരുന്നത് എന്ന് ജയിലിൽ കിടന്നും അയാൾ ഒരു പക്ഷെ, ചിന്തിച്ചിട്ടുണ്ടാകണം.*

ഈ കഥ എന്നെ ഓർമ്മിപ്പിക്കുന്നത് സങ്കീർത്തനം 139:7-12 -ൽ നൽകപ്പെട്ടിരിക്കുന്ന ദാവീദിന്റെ വാക്കുകളെയാണ്. "നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും? തിരുസന്നിധി വിട്ടു ഞാൻ എവിടേക്കു ഓടും? ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ടു; പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ടു. ഞാൻ ഉഷസ്സിൻ ചിറകു ധരിച്ചു, സമുദ്രത്തിന്റെ അറ്റത്തു ചെന്നു പാർത്താൽ അവിടെയും നിന്റെ കൈ എന്നെ നടത്തും; നിന്റെ വലങ്കൈ എന്നെ പിടിക്കും. ഇരുട്ടു എന്നെ മൂടിക്കളയട്ടെ; വെളിച്ചം എന്റെ ചുറ്റും രാത്രിയായ്തീരട്ടെ എന്നു ഞാൻ പറഞ്ഞാൽ ഇരുട്ടുപോലും നിനക്കു മറവായിരിക്കയില്ല; രാത്രി പകൽപോലെ പ്രകാശിക്കും; ഇരുട്ടും വെളിച്ചവും നിനക്കു ഒരുപോലെ തന്നേ." ദൈവത്തിന്റെ സാന്നിധ്യത്തിൽ നിന്നും രക്ഷപെട്ട് ഒരുവന് പോകുവാൻ സാധിക്കുന്ന ഒരു സ്ഥലവും ഈ മുഴുവൻ പ്രപഞ്ചത്തിലും ഇല്ല എന്ന് ദാവീദ് ഊന്നിപ്പറഞ്ഞു.

പുതിയ നിയമവും അതേ സത്യം പ്രഖ്യാപിച്ചിരിക്കുന്നു. ദൈവവിശ്വാസികളല്ലാതിരുന്ന തത്വചിന്തകരോട് അഥേനയിൽവച്ച് സംസാരിക്കുമ്പോൾ, ദൈവത്തെ അന്വേഷിക്കുവാൻ ഉദ്ബോധിപ്പിച്ചുകൊണ്ട് തന്റെ പ്രസംഗത്തിൽ പൗലോസ് ഇപ്രകാരം പറഞ്ഞു, "അവർ ദൈവത്തെ തപ്പിനോക്കി കണ്ടെത്തുമോ എന്നുവച്ചു അവനെ അന്വേഷിക്കേണ്ടതിന്നു തന്നേ. അവൻ നമ്മിൽ

ആർക്കും അകന്നിരിക്കുന്നവനല്ലതാനും. അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നതു. അങ്ങനെ നിങ്ങളുടെ കവിവരന്മാരിലും ചിലർ: “നാം അവന്റെ സന്താന മല്ലോ” എന്നു പറഞ്ഞിരിക്കുന്നു (അപ്പോസ്തലപ്രവൃത്തികൾ 17:27-28).

അതായത്, ദൈവം എല്ലായിടത്തും എല്ലായ്പോഴും സന്നിഹിതനായിരിക്കുന്നു എന്നത് ബൈബിളിൽ നിന്നും വ്യക്തമായിരിക്കുന്നു. (സൃഷ്ടിയ്ക് അതീതനായിരിക്കുന്ന) അത്യുത്കൃഷ്ടനായിരിക്കുന്ന ദൈവം (തന്റെ സൃഷ്ടിയുടെ ഇടയിൽ അന്തർവർത്തിയുമാണ്) സന്നിഹിതനുമാണ്. ഈ രണ്ട് ആശയങ്ങളെയും (അതീതത്വവും അന്തർവർത്തിത്വവും) യെശയ്യാവ് 57:15 ഒരുമിച്ച് പരാമർശിക്കുന്നു: “ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു (അതായത് അതീതത്വം); താഴ്മയുള്ളവരുടെ മനസ്സിന്നും മനസ്താപമുള്ളവരുടെ ഹൃദയത്തിന്നും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു (അതായത്, അന്തർവർത്തിത്വം).” ദൈവം സ്വർഗ്ഗത്തിൽ ഇരിക്കുന്നുവെങ്കിലും, തന്റെ സൃഷ്ടിയുടെ ഇടയിൽ സന്നിഹിതനുമാണ്. അതിനേക്കാൾ പ്രധാനമായത്, തന്റെ മക്കളുടെ ഉള്ളിലും പരിശുദ്ധാത്മാവ് എന്ന വ്യക്തിയിൽ ദൈവം സന്നിഹിതനാണ്. ആശ്ചര്യകരമായ സത്യം!

ദൈവത്തിന്റെ സർവ്വസാന്നിധ്യം പ്രായോഗിക നിലയിൽ നമ്മെ എപ്രകാരം സ്വാധീനിക്കണം എന്നു ചിന്തിക്കുന്നതിനു മൻപ്, ദൈവത്തിന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള മൂന്ന് തെറ്റായ ആശയങ്ങൾ ചുരുക്കമായി പ്രതിപാദിക്കുന്നത് നന്നായിരിക്കും.

***1. സർവ്വസാന്നിധ്യം എന്നതുകൊണ്ട് ഒരേ സമയം വ്യത്യസ്ത സ്ഥലങ്ങളിൽ ദൈവം ഭാഗികമായി സന്നിഹിതനായിരിക്കുന്നു എന്ന് അർഥമാക്കുന്നില്ല.*** ദൈവം ആത്മാവാണ്. ദൈവത്തിന്റെ ഒരു ഭാഗം ഒരു സ്ഥലത്തും മറ്റ് ഭാഗങ്ങൾ മറ്റു സ്ഥലങ്ങളിലുമായി ദൈവത്തെ വിഭജിക്കുക സാധ്യമല്ല. ദൈവം തന്റെ മുഴുവൻ അസ്തിത്വത്തോടെ എല്ലായിടത്തും സന്നിഹിതനായിരിക്കുന്നു. ദൈവം അവിഭാജ്യനാണ്. ആകാശം എത്രതന്നെ വിശാലമായിരുന്നാലും അതിന് ദൈവത്തെ ഉൾക്കൊള്ളുവാൻ സാധിക്കുകയില്ല. ശലോമോൻ ജ്ഞാനത്തോടെ 1 രാജാക്കന്മാർ 8:27-ൽ ഇപ്രകാരം പറഞ്ഞു, “എന്നാൽ ദൈവം യഥാർഥമായി ഭൂമിയിൽ വസിക്കുമോ? സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും നീ അടങ്ങുകയില്ലല്ലോ.”

സിസ്റ്റമാറ്റിക് തിയോളജി എന്ന പുസ്തകത്തിൽ വെയ്ൻ ഗ്രൂഡെം ഇപ്രകാരം എഴുതുന്നു:

> *ദൈവം എല്ലാ ദിശകളിലും അനന്തമായി വ്യാപിച്ചിരിക്കുന്നതു കൊണ്ട് ഏതാണ്ട് അപരിമിതവും അനന്തവുമായ സ്ഥലത്ത് ദൈവം സ്വയം നിലനിൽക്കുന്നു എന്ന് ചിന്തിക്കാതിരിക്കുവാൻ നാം ശ്രദ്ധിക്കണം. അതുപോലെ, ദൈവം ഒരു "വലിയ ഇടമാണ്" അഥവാ പ്രപഞ്ചത്തിന്റെ ബഹിരാകാശത്തിനു ചുറ്റിലുമുള്ള വലിയ പ്രദേശമാണ് എന്നും നാം ചിന്തിക്കരുത്. ദൈവം വളരെ വലിയ ഒരു ജീവിയാണ് എന്നതുപോലയാണ് ഈ ആശയങ്ങളെല്ലാം ദൈവത്തിന്റെ അസ്തിത്വത്തെ സ്ഥലവുമായി ബന്ധപ്പെടുത്തി ചിന്തിക്കുന്നത് തുടരുന്നത്. പകരം, വലിപ്പത്തിന്റെ അടിസ്ഥാനത്തിലോ സ്ഥലസംബന്ധിയായോ ദൈവത്തെക്കുറിച്ച് ചിന്തിക്കുന്നത് നാം ഒഴിവാക്കേണ്ടതുണ്ട്. ദൈവം സ്ഥലമോ വലിപ്പമോ കൂടാതെ നിലനില്ക്കുന്ന അസ്തിത്വമുള്ളവനാണ്. യഥാർഥത്തിൽ, ദൈവം പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതിനു മുൻപ് ദ്രവ്യമോ പദാർഥമോ സ്ഥലമോ ഉണ്ടായിരുന്നില്ല. എങ്കിലും, ദൈവം നിലനിന്നിരുന്നു. ദൈവം എവിടെയായിരുന്നു? നമുക്ക് "അവിടെ" എന്നു പറയുവാൻ സാധിക്കുന്ന തരത്തിൽ ഒരു ഇടത്തായിരുന്നില്ല ദൈവം. "അവിടെ" അല്ലെങ്കിൽ, സ്ഥലം അഥവാ ആകാശം എന്ന ഒന്ന് ഉണ്ടായിരുന്നില്ല. എങ്കിലും, ദൈവം ഉണ്ടായിരുന്നു. നമ്മിൽ നിന്നും, സൃഷ്ടിക്കപ്പെട്ട ഏതെങ്കിലും ജീവികളിൽ നിന്നും വളരെ വ്യത്യസ്തമായാണ് ദൈവം സ്ഥലവുമായി ബന്ധപ്പെടുന്നത് എന്ന് മനസ്സിലാക്കുവാൻ ഈ വസ്തുത നമ്മെ സഹായിക്കണം. നമുക്ക് സങ്കല്പിക്കുവാൻ സാധിക്കുന്നതിൽ നന്നും വളരെ വ്യത്യസ്തമായതും വളരെ മഹത്തരവുമായ അസ്തിത്വമായി ദൈവം നിലനിൽക്കുന്നു.*

***2. സർവ്വസാന്നിധ്യം എന്നതുകൊണ്ട് ദൈവം സർവ്വവുമാണ്, സർവ്വവും ദൈവമാണ് എന്ന് അർഥമാക്കുന്നില്ല.*** എല്ലായിടത്തും ദൈവം സന്നിഹിതനായിരിക്കുമ്പോൾതന്നെ, സകല ചെറിയ വസ്തുക്കളിലും ദൈവത്തിന്റെ സാന്നിധ്യം ഉണ്ട് എന്ന് അതിന് അർഥമാക്കേണ്ടതില്ല. അത് *ബ്രഹ്മവാദം* അഥവാ *പാന്തീയിസത്തിന്* പിന്നിലുള്ള ആശയമാണ്. സകലവും ദൈവമാണ് അഥവാ നിലവിലുള്ള സകലത്തിലും ദൈവം ഉണ്ട് എന്നാണ് ബ്രഹ്മവാദി വിശ്വസിക്കുന്നത്. എന്നിരുന്നാലും, തന്റെ സൃഷ്ടിയിൽ എല്ലായിടത്തും ദൈവം സന്നിഹിതനാണ് എന്നു മാത്രമല്ല ദൈവം തന്റെ

സൃഷ്ടിയിൽ നിന്നും *വ്യതിരിക്തനാണ്* എന്നും ബൈബിൾ പറയുന്നു.

***3. സർവ്വസാന്നിധ്യം എന്നതുകൊണ്ട് ദൈവം എല്ലായിടത്തും ഒരേ അർഥത്തിൽ സന്നിഹിതനായിരിക്കുന്നു എന്ന് അർഥമാക്കുന്നില്ല.*** ഉദാഹരണത്തിന്, സദൃശ്യവാക്യങ്ങൾ 15:29 നമ്മോട് ഇപ്രകാരം പറയുന്നു, "യഹോവ ദുഷ്ടന്മാരോടു അകന്നിരിക്കുന്നു; നീതിമാന്മാരുടെ പ്രാർത്ഥനയോ അവൻ കേൾക്കുന്നു." "യഹോവ ദുഷ്ടന്മാരോടു അകന്നിരിക്കുന്നു," എന്ന പ്രസ്താവന അർഥമാക്കുന്നത് അവരെ അനുഗ്രഹിക്കുവാൻ ദൈവം സന്നിഹിതനല്ല എന്നാണ്. അവരുടെ പാപങ്ങൾ അവരിൽ നിന്നും ദൈവത്തെ അകറ്റിയിരിക്കുന്നു (യെശയ്യാ 59:2). എന്നാൽ, "നീതിമാന്മാരുടെ പ്രാർഥനയോ അവൻ കേൾക്കുന്നു," എന്ന പ്രസ്താവനയുടെ അർഥം അവരെ അനുഗ്രഹിക്കുവാൻ ദൈവം അവരുടെ അടുക്കലുണ്ട് എന്നാണ്.

മറ്റൊരു ഉദാഹരണം, ദൈവത്തിന്റെ നരകത്തിലെ സാന്നിധ്യമാണ്, അത് സ്വർഗ്ഗത്തിലെ സാന്നിധ്യത്തിൽ നിന്നും വ്യത്യസ്തമാണ്. നരകത്തിൽ, അവിശ്വാസിയെ ശിക്ഷിക്കുവാനാണ് ദൈവം സന്നിഹിനായിരിക്കുന്നത് (2 തെസ്സലോനിക്യർ 1:9). വിശ്വാസികളെ അനുഗ്രഹിക്കുന്നതിനാണ് സ്വർഗ്ഗത്തിൽ ദൈവം സന്നിഹിതനായിരിക്കുന്നത് (വെളിപ്പാട് 21:1-3). ഒരു സ്ഥലത്തേക്കാൾ മറ്റൊരു സ്ഥലത്ത് ദൈവം കൂടുതൽ സന്നിഹിതനാണ് എന്നു പറയുന്നത് തെറ്റാണ് എന്നിരിക്കെ, സ്വർഗ്ഗത്തിൽ *സവിശേഷമായ* വിധത്തിൽ അതായത്, അനുഗ്രഹിക്കുവാനും തന്റെ മഹത്വം കാണിക്കുവാനും നരകത്തിലേതിനേക്കാൾ സന്നിഹിതനാണ് എന്നു പറയുന്നതിൽ തെറ്റില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ദൈവം തന്റെ സാന്നിധ്യം മറ്റേതൊരു സ്ഥലത്തേക്കാളും കൂടുതൽ പൂർണ്ണയോടെ സ്വർഗ്ഗത്തിൽ *പ്രകടമാക്കുന്നു.*

ദൈവത്തിന്റെ സർവ്വസാന്നിധ്യത്തെക്കുറിച്ചുള്ള മൂന്ന് സാധാരണ തെറ്റിദ്ധാരണകൾ സംബന്ധിച്ച് വ്യക്തത വരുത്തിയിരിക്കെ, ഈ അഭേദ്യഗുണത്തിന്റെ പ്രായോഗിക പ്രയോജനങ്ങൾ കുറഞ്ഞ പക്ഷം നാലെണ്ണം നമുക്ക് ഇനി കാണാം.

## 1. അത് ആനന്ദം ഉളവാക്കുന്നു

സങ്കീർത്തനങ്ങൾ 16:11-ൽ ദൈവത്തിന്റെ സാന്നിധ്യത്തോടുള്ള ദാവീദിന്റെ പ്രതികരണം വലിയ ആനന്ദമാണ്: "ജീവന്റെ വഴി നീ എനിക്കു കാണിച്ചുതരും; നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വലത്തുഭാഗത്തു എന്നും പ്രമോദങ്ങളും ഉണ്ടു." ഭാവിയിൽ സ്വർഗ്ഗത്തിൽ എത്തുമ്പോൾ മാത്രമാണ് നാം

സമ്പൂർണ്ണ ആനന്ദം അനുഭവിക്കുന്നത് എന്നിരിക്കിലും, സമ്പൂർണ്ണമായ ആനന്ദത്തിന്റെ വരാൻ പോകുന്ന അനുഭവം സംബന്ധിച്ചുള്ള പ്രത്യാശയിൽ നമ്മുടെ വർത്തമാനകാല ജീവിതം നയിക്കുമ്പോളും നമുക്ക് ആനന്ദം അനുഭവിക്കുക സാധ്യമാണ്. നാം ഒരിക്കലും തനിയെ അല്ല എന്നും നമ്മുടെ ദൈവവും പ്രപഞ്ചത്തിന്റെ രാജാവുമായവൻ ഇപ്പോഴും *എല്ലായ്പോഴും* നിത്യതയിലുടനീളവും നമ്മോടുകൂടെയുണ്ട് എന്നുമുള്ള സത്യം നമ്മുടെ മനസ്സുകളിൽ നിറയുമ്പോൾ വലിയ കഷ്ടതയിൽപോലും നാം വലിയ ആനന്ദം അനുഭവിക്കും. ഈ അടിസ്ഥാന സത്യത്തെ വിസ്മരിക്കുന്നത് ആനന്ദരഹിതവും ഉത്സാഹരഹിതവും ആകുലപൂർണ്ണവുമായ ജീവിതത്തിലേയ്കു നമ്മെ നയിക്കും. അതുകൊണ്ട്, നമ്മുടെ സ്വർഗ്ഗീയ പിതാവ് തന്റെ മക്കളായ നമ്മോടൊപ്പം എന്നേയ്കും ഉണ്ട് എന്നത് നമ്മെത്തന്നെ ഓർമ്മിപ്പിക്കുന്നത് നമുക്ക് ശീലമാക്കാം.

## 2. അത് വലിയ ആശ്വാസം നൽകുന്നു

അസ്വസ്ഥമായ ആത്മാവിന് ഇത്രമാത്രം ആശ്വാസം നൽകുന്ന മറ്റൊരു ഓർമ്മപ്പെടുത്തൽ ഇല്ല: ദൈവം എല്ലായ്പോഴും നമ്മോടൊപ്പമുണ്ട്. കഴിഞ്ഞ കാലങ്ങളിൽ വിശ്വാസികളെ സഹായിച്ചതുപോലെ, വൈഷമ്യഘട്ടങ്ങളിലും ദൈവത്തെ അനുസരിക്കുവാൻ ആ സത്യം നമ്മെ സഹായിക്കുന്നു. ഈ സത്യം വ്യക്തമാക്കുന്ന ചില വാക്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

> ***സങ്കീർത്തനങ്ങൾ 23:4*** *– കൂരിരുൾതാഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു.*
>
> ***മത്തായി 28:20*** *– ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു".*
>
> ***പ്രവൃത്തികൾ 18:9-10*** *– രാത്രിയിൽ കർത്താവു ദർശനത്തിൽ പൗലൊസിനോടു: നീ ഭയപ്പെടാതെ പ്രസംഗിക്ക; മിണ്ടാതിരിക്കരുതു; ഞാൻ നിന്നോടുകൂടെ ഉണ്ടു; ആരും നിന്നെ കയ്യേറ്റം ചെയ്തു ദോഷപ്പെടുത്തുകയില്ല; ഈ പട്ടണത്തിൽ എനിക്കു വളരെ ജനം ഉണ്ടു എന്നു അരുളിച്ചെയ്തു."*
>
> ***എബ്രായർ 13:5*** *– "ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല, ഉപേക്ഷിക്കയുമില്ല".*

"നീ കൂരിരുളിന്റെ താഴ്വരയിൽ കൂടി കടക്കുമ്പോഴും ഞാൻ നിന്നോടൊപ്പമുണ്ട് - അതിനാൽ ഭയപ്പെടേണ്ട" എന്നത് ഉല്പത്തി

മുതൽ വെളിപ്പാട് വരെ ദൈവം തന്റെ മക്കൾക്കു നൽകുന്ന നിരന്തരമായ ഓർമ്മപ്പെടുത്തലാണ്! തീവ്രമായ പരീക്ഷണങ്ങൾ നേരിടുകയും എല്ലാം പ്രതീക്ഷയറ്റതായി കാണപ്പെടുകയും ചെയ്തപ്പോഴും നാം നമ്മുടെ ഹൃദയങ്ങളിൽ വലിയ സമാധാനം അനുഭവിച്ച സമയങ്ങൾ നമുക്ക് ഓർത്തെടുക്കുവാൻ സാധിക്കും. എന്തായിരുന്നു അതിനു കാരണം? "ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല, ഉപേക്ഷിക്കയുമില്ല" എന്ന ദൈവത്തിന്റെ വാഗ്ദത്തത്തിൽ ചാരുവാൻ നമുക്കു സാധിച്ചിരുന്നു! സങ്കടകരമെന്നു പറയട്ടെ, അതിതീവ്രമായ പരീക്ഷണങ്ങൾ അഭിമുഖീകരിച്ചപ്പോൾ നാം പ്രക്ഷുബ്ദാവസ്ഥയിലായിരുന്ന സമയങ്ങളും നമുക്ക് ഓർക്കുവാൻ സാധിക്കും. നിദ്രാവിഹീനമായ നാളുകൾ. നിരന്തരമായ ഭയം. എന്തായിരുന്നു അതിനു കാരണം? നമ്മെ ഒരുനാളും തള്ളിക്കളയുകയോ ഉപേക്ഷിക്കുകയോ ഇല്ല എന്ന വാഗ്ദത്തം വിശ്വസിക്കുന്നതിൽ നാം പരാജയപ്പെട്ടു. അത് ദൈവത്തിന്റെ കുറ്റമായിരുന്നില്ല. കുറ്റം നമ്മുടേതായിരുന്നു!

നമുക്ക് ഇത് മറക്കാതിരിക്കാം: *ദൈവത്തിന്റെ ഹിതം നമ്മെ എവിടേയ്ക്കു നയിച്ചാലും അവിടേയ്ക് നമ്മോടൊപ്പം തന്റെ സാന്നിധ്യവും പോരുന്നതാണ്.* കൊട്ടാരത്തിനു നടുവിൽ ദൈവത്തിന്റെ അസാന്നിധ്യം അനുഭവിക്കുന്നതിനേക്കാൾ, കാടിനു നടുവിൽ ദൈവത്തിന്റെ സാന്നിധ്യം അനുഭവിക്കുന്നതാണ് ഏറെ നല്ലത്! പരീക്ഷണവേളകളിൽ ആശ്വാസം അനുഭവിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, ഒരിക്കലും, ഒരു നിമിഷത്തേയ്കു പോലും നാം തനിയെയല്ല എന്നത് നാം ഓർമ്മിക്കേണ്ടതാണ്!

## 3. അത് നമ്മെ വിശ്വാസത്തോടെ പ്രാർഥിക്കുവാൻ സഹായിക്കുന്നു

ദൈവത്തിന്റെ സാന്നിധ്യം എല്ലായ്പോഴും നമ്മോടുകൂടെയുണ്ട് എന്നത് അറിയുന്നത് പ്രാർഥനയിൽ ദൈവത്തെ സമീപിക്കുവാൻ നമുക്ക് പ്രബലമായ കാരണം പ്രദാനം ചെയ്യുന്നു. ദൈവം എല്ലായ്പോഴും നമ്മുടെ അടുക്കൽ ഉണ്ട് എന്നതിനാൽ നമ്മുടെ പ്രാർഥന കേൾക്കും. സങ്കീർത്തനങ്ങൾ 145:18 ഇപ്രകാരം പറയുന്നു, "യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു." ഈ സത്യം നമ്മെ ഇപ്രകാരം പറയുവാൻ പ്രചോദിപ്പിക്കേണ്ടതാണ്, "എനിക്ക് ദൈവത്തെ കാണുവാൻ സാധിക്കില്ല എങ്കിലും അവൻ എന്റെ അടുക്കലുണ്ട്, എന്റെ കരച്ചിൽ കേൾക്കുന്നുണ്ട് എന്ന് എനിക്കറിയാം. അതുകൊണ്ട്, ഞാൻ പ്രാർഥിച്ചുകൊണ്ടേയിരിക്കും!"

## 4. അത് പാപം ചെയ്യുവാനുള്ള പ്രലോഭനത്തെ ചെറുക്കുവാൻ എന്നെ സഹായിക്കുന്നു

പ്രലോഭനത്തെ ചെറുക്കുന്നതിനുള്ള ശക്തമായ പ്രചോദനമാണ് ദൈവം എല്ലായ്പോഴും സന്നിഹിതനായിരിക്കുന്നു എന്ന് അറിയുന്നത്. നാം ചെയ്യുന്ന സകലതും, ചിന്തിക്കുന്ന സകലതും, സകല ഉദ്ദേശ്യങ്ങളും ഉൾപ്പെടെ എല്ലാം ദൈവത്തിന്റെ സാന്നിധ്യത്തിലാണ് ചെയ്യുന്നത് എന്നത് അത് നമുക്ക് മനസ്സിലാക്കിത്തരുന്നു! സദൃശ്യവാക്യങ്ങൾ 15:3 ഇപ്രകാരം പറയുന്നു, “യഹോവയുടെ കണ്ണു എല്ലാടവും ഉണ്ടു; ആകാത്തവരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു.” സദൃശ്യവാക്യങ്ങൾ 16:2 പറയുന്നു, “മനുഷ്യനു തന്റെ വഴികളൊക്കെയും വെടിപ്പായി തോന്നുന്നു; യഹോവയോ ആത്മാക്കളെ തൂക്കിനോക്കുന്നു.”

സാധാരണഗതിയിൽ ആരും നമ്മെ കാണുന്നില്ല എങ്കിൽ നമുക്കു പാപം ചെയ്യുവാൻ പ്രേരണ തോന്നുന്നതാണ്: മാതാപിതാക്കൾ കാണുന്നില്ല, അധ്യാപകർ കാണുന്നില്ല, ജീവിതപങ്കാളി കാണുന്നില്ല, സുഹൃത്തുക്കൾ കാണുന്നില്ല, മേലുദ്യോഗസ്ഥൻ കാണുന്നില്ല എന്നിങ്ങനെ. നാം തെറ്റു ചെയ്യുന്നത് ആരെങ്കിലും കണ്ടുപിടിച്ചാൽ നമുക്ക് വല്ലായ്മ തോന്നുന്നു. എന്നാൽ, നാം ചെയ്യുന്ന ഓരോ പാപവും നാം ചിന്തിക്കുന്ന ഓരോ ചിന്തയും ചെയ്യപ്പെടുന്നത് വിശുദ്ധനായ ദൈവത്തിന്റെ സാന്നിധ്യത്തിലാണ് എന്നത് നാം മനസ്സിലാക്കുകയും തുടർമാനമായി ഓർമ്മിക്കുകയും ചെയ്താൽ പാപത്തെ ചെറുക്കുവാൻ അത് നമുക്ക് പ്രേരണ നൽകുന്നതാണ്! ഇയ്യോബിന്റെ വിശുദ്ധ ജീവിതത്തിന്റെ രഹസ്യങ്ങളിലൊന്ന് ഇയ്യോബ് 31:4-ൽ കാണുന്നത് ഇപ്രകാരമാണ്, “എന്റെ വഴികളെ അവൻ കാണുന്നില്ലയോ? എന്റെ കാലടികളെയൊക്കെയും എണ്ണുന്നില്ലയോ?” ദൈവത്തിന്റെ സാന്നിധ്യത്തെക്കുറിച്ച് ഇയ്യോബ് എല്ലായ്പോഴും ബോധവാനായിരുന്നു. അദ്ദേഹത്തിന്റെ സത്യസന്ധതയുടെ കാരണം അതായിരുന്നു. നാം ചിന്തിക്കുകയോ ചെയ്യുകയോ ചെയ്യുന്ന സകല കാര്യങ്ങളിലും ദൈവം എല്ലായ്പോഴും സന്നിഹിതനായിരിക്കുന്നു എന്നത് മനസ്സിലാക്കുമ്പോൾ ഇയ്യോബിനെപ്പോലെ പാപത്തെ ചെറുത്തുനിൽക്കുവാൻ നാമും കൂടുതൽ സജ്ജരായിത്തീരും.

അതായത്, ദൈവം എല്ലായ്പോഴും നമ്മോടുകൂടെയുണ്ടെന്നത് അറിയുന്നതുകൊണ്ട് നാല് പ്രയോജനങ്ങളുണ്ട്: അത് ആനന്ദം, ആശ്വാസം എന്നിവ നൽകുകയും വിശ്വാസത്തോടെ പ്രാർഥിക്കുവാനും പാപം ചെയ്യുന്നതിനുള്ള പ്രലോഭനത്തെ ചെറുത്തുനില്ക്കുവാനും നമ്മെ സഹായിക്കുകയും ചെയ്യുന്നു. നമ്മോടു കൂടെയിരിക്കുകയും എല്ലാക്കാലത്തും നമ്മെ സഹാ

യിക്കാം എന്ന് വാഗ്ദത്തം ചെയ്യുകയും ചെയ്ത ഈ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നമുക്ക് സമാധാനം കണ്ടെത്താം. യെശയ്യാ 41:10 പോലെയുള്ള വാക്യങ്ങൾ നമുക്ക് നിരന്തരം ധ്യാനിക്കാം, "നീ ഭയപ്പെടേണ്ടാ; ഞാൻ നിന്നോടുകൂടെ ഉണ്ടു; ഭ്രമിച്ചുനോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈകൊണ്ടു ഞാൻ നിന്നെ താങ്ങും."

നിങ്ങൾ ഒരു ക്രിസ്ത്യാനിയല്ല എങ്കിൽ, ഈ അറിവ് നിങ്ങൾക്ക് എപ്രകാരം പ്രയോജനപ്പെടും എന്ന് നിങ്ങൾ ചിന്തിച്ചേക്കാം. അത് ലളിതമാണ്. അത് ഒരു മുന്നറിയിപ്പാണ്. നിങ്ങളുടെ പാപവഴികളിൽ നിന്ന് പിന്തിരിഞ്ഞ് ദൈവത്തിന് കീഴടങ്ങുവാൻ ദൈവം തന്റെ കരുണയിൽ നിങ്ങൾക്കു മുന്നറിയിപ്പ് നൽകുന്നു. ന്യായാധിപധിയായി വരാൻ പോകുന്ന ഈ ദൈവത്തിൽ നിന്നും നിങ്ങൾക്ക് രക്ഷപെടുക സാധ്യമല്ല. നിങ്ങളുടെ സ്വാർഥവഴികളിൽ നിന്നും പിന്തിരിയുന്നില്ല എങ്കിൽ, അതിന്റെ പരിണിത ഫലം നിത്യത മുഴുവൻ നിങ്ങൾ അനുഭവിക്കും. അതുകൊണ്ട്, ദയവായി, നിങ്ങളുടെ പാപങ്ങളിൽ നിന്ന് പിന്തിരിഞ്ഞ് ക്രിസ്തുവിങ്കലേയ്കു തിരിയുക. ക്രിസ്തു മാത്രമാണ് പാപങ്ങൾക്ക് വില കൊടുക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തത്. നിങ്ങളെ രക്ഷിക്കുവാൻ ക്രിസ്തുവിനെ വിളിക്കുക. നിങ്ങളുടെ കർത്താവും രക്ഷകനുമായി അവന് കീഴ്പ്പെടുക. അപ്പോൾ മാത്രമാണ് നാം മുൻപ് പരാമർശിച്ച, വിശ്വാസികൾക്ക് മാത്രമായി വച്ചിരിക്കുന്ന മറ്റ് എല്ലാ ആനുകൂല്യങ്ങളും നിങ്ങൾക്ക് ലഭ്യമാകുന്നത്.

## ചർച്ചയ്കുള്ള ചോദ്യങ്ങൾ

1. എപ്രകാരമാണ് ദൈവത്തിന്റെ സാന്നിധ്യം സംബന്ധിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടിനെ ഈ അധ്യായം സ്വാധീനിച്ചത്?
2. ദൈവത്തിന്റെ ഈ അഭേദ്യഗുണത്തിന്റെ വെളിച്ചത്തിൽ ജീവിതത്തിൽ എന്ത് മാറ്റങ്ങളാണ് നിങ്ങൾക്ക് വരുത്തുവാൻ സാധിക്കുന്നത്?
3. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ പ്രാർഥനകളെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?
4. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ സുവിശേഷീകരണത്തെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?

## ധ്യാന/മനഃപാഠവാക്യം

*യെശയ്യാ 41:10 - നീ ഭയപ്പെടേണ്ടാ; ഞാൻ നിന്നോടുകൂടെ ഉണ്ടു; ഭ്രമിച്ചുനോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈകൊണ്ടു ഞാൻ നിന്നെ താങ്ങും.*

## പ്രാർഥന

*യഹോവയാം ദൈവമേ, സൃഷ്ടാവേ, സകലത്തിന്റെയും സൃഷ്ടാവും സകലത്തേയും താങ്ങിനിർത്തുന്നവനും ഉടമസ്ഥനുമായുള്ളോവേ, അങ്ങയുടെ സാമീപ്യത്തിൽ നിന്നോ നിയന്ത്രണത്തിൽ നിന്നോ എനിക്ക് രക്ഷപെടുക സാധ്യമല്ല, അത് ഞാൻ ആഗ്രഹിക്കുന്നുമില്ല...*

*ലോകത്തെ മോഹിക്കുന്നതിൽ നിന്നും അത് എന്നെ തടയുകയും സുഖസൗകര്യങ്ങൾ നഷ്ടമാകുമ്പോൾ എന്റെ ഹൃദയത്തിനും മനസ്സിനും സഹിക്കുക സാധ്യമാക്കുകയും മരണത്തിന്റെ താഴ്‌വരയിൽ എനിക്കു ചൈതന്യം വരുത്തുകയും സ്വർഗ്ഗീയനായവന്റെ സ്വരൂപം എന്നിൽ ഉളവാക്കുകയും ദൂതന്മാരും വാങ്ങിപ്പോയ വിശുദ്ധരും അറിയുന്നതുപോലെ ആത്മീയതയുടെ ആദ്യഫലം ആസ്വദിക്കുവാൻ തരികയും ചെയ്യട്ടെ.*

*ആമേൻ!*

## അഭേദ്യഗുണം 4:

# ദൈവത്തിന്റെ അറിവ്

*ഭൂതകാലത്തും വർത്തമാനകാലത്തും ഭാവികാലത്തുമുള്ള യഥാർഥമായവയും സാധ്യമായവയുമായ സകല കാര്യങ്ങളും നിത്യമായ ഒരൊറ്റ സംഭവമായി അറിയുവാൻ സാധിക്കുന്ന ദൈവത്തിന്റെ കഴിവിനെയാണ് ദൈവത്തിന്റെ അറിവ് എന്നതു കൊണ്ട് അർഥമാക്കുന്നത്.*

ദൈവത്തിന്റെ അറിവ് അഥവാ *സർവ്വജ്ഞത്വം അഥവാ ഒമ്നീഷ്യൻസ്* ദൈവത്തിന്റെ സർവ്വവും അറിയുന്ന അഭേദ്യഗുണത്തെ പരാമർശിക്കുന്നു. ലാറ്റിൻ ഭാഷയിൽ “ഒമ്നി” എന്നാൽ സർവ്വം എന്നും “സയൻസ്” എന്നാൽ അതിന്റെ മൂല അർഥം “അറിവ്” അഥവാ “അറിയുന്നു” എന്നുമാണ്. ആർതർ പിൻക് ഇപ്രകാരം എഴുതുന്നു:

> *ദൈവം ... സർവ്വവും അറിയുന്നു: സാധ്യമായവ സകലവും യഥാർഥമായവ സകലവും; ഭൂതകാലത്തെയും വർത്തമാന കാലത്തെയും ഭാവികാലത്തെയും സകല സൃഷ്ടികളെയും അറിയുന്നു.*

മറ്റൊരു തരത്തിൽ പറഞ്ഞാൽ, ദൈവത്തിന് എന്തെങ്കിലും പഠിക്കേണ്ട ആവശ്യമില്ല, സാവധാനം സർവ്വജ്ഞനായതുമല്ല. സകലത്തെയും സംബന്ധിച്ചുള്ള തന്റെ സർവ്വജ്ഞത അന്നും ഇന്നും എന്നും പൂർണ്ണമായിരിക്കും (ഇയ്യോബ് 37:16). യാതൊന്നും ദൈവത്തെ ആശ്ചര്യപ്പെടുത്തുകയില്ല, ഏറ്റവും ദുഷ്ടതയേറിയ പ്രവൃത്തികൾപോലും, യാതൊന്നുംതന്നെ തന്റെ ശ്രദ്ധയിൽപ്പെ ടാതെ പോകുകയില്ല.

### ദൈവത്തിന്റെ അറിവ് യഥാർഥമായതും സാധ്യമായ തുമായ സംഭവങ്ങളിലേയ്ക് വ്യാപിച്ചുകിടക്കുന്നു

സംഭവിച്ചു കഴിഞ്ഞവയും സംഭവിക്കുവാൻ പോകുന്നവയും സംഭവിച്ചേക്കാമായിരുന്നവയും സംഭവിച്ചേക്കാവുന്നതുമയവ ഒക്കെയും ദൈവം അറിയുന്നു. മത്തായി 11:21-ൽ യേശു പറഞ്ഞു, “കോരസീനേ, നിനക്കു ഹാ കഷ്ടം; ബേത്ത്സ യിദേ, നിനക്കു ഹാ കഷ്ടം; നിങ്ങളിൽ നടന്ന വീര്യപ്രവൃത്തികൾ സോരിലും സീദോനിലും നടന്നിരുന്നു എങ്കിൽ അവർ പണ്ടു

തന്നേ രട്ടിലും വെണ്ണീറിലും മാനസാന്തരപ്പെടുമായിരുന്നു." കോരസീനിലും ബേത്ത്സയിദയിലും താൻ ചെയ്തതായി അവർ കണ്ട അത്ഭുതപ്രവൃത്തികൾ സോരിലെയും സീദോനിലെയും ആളുകൾ കണ്ടിരുന്നുവെങ്കിൽ അവർ മാനസാന്തരപ്പെടുമായിരുന്നു എന്ന് യേശു ഉറപ്പിച്ചുപറഞ്ഞു. എന്തു *സംഭവിച്ചു* എന്ന വെറുമൊരു അറിവല്ല, എന്ത് *സംഭവിക്കാമായിരുന്നു* എന്ന അറിവാണത്. അതാണ് ദൈവത്തിന്റെ സർവ്വജ്ഞതയുടെ വ്യാപ്തി.

ഒരുപക്ഷെ, തിരുവെഴുത്തുകളിൽ ദൈവത്തിന്റെ സർവ്വജ്ഞത്വം വിവരിക്കുന്ന ഭാഗങ്ങളിൽ ഏറ്റവും പരിചിതമായത് സങ്കീർത്തനങ്ങൾ 139:1-6, 15-16 വാക്യങ്ങൾ ആയിരിക്കും. അത് ഇപ്രകാരമാണ്, "യഹോവേ, നീ എന്നെ ശോധന ചെയ്തു അറിഞ്ഞിരിക്കുന്നു; ഞാൻ ഇരിക്കുന്നതും എഴുന്നേല്ക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തുനിന്നു ഗ്രഹിക്കുന്നു. എന്റെ നടപ്പും കിടപ്പും നീ ശോധന ചെയ്യുന്നു; എന്റെ വഴികളൊക്കെയും നിനക്കു മനസ്സിലായിരിക്കുന്നു. യഹോവേ, നീ മുഴുവനും അറിയാതെ ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല. നീ മുമ്പും പിമ്പും എന്നെ അടച്ചു നിന്റെ കൈ എന്റെമേൽ വെച്ചിരിക്കുന്നു. ഈ പരിജ്ഞാനം എനിക്കു അത്യത്ഭുതമാകുന്നു; അതു എനിക്കു ഗ്രഹിച്ചുകൂടാതവണ്ണം ഉന്നതമായിരിക്കുന്നു ... ഞാൻ രഹസ്യത്തിൽ ഉണ്ടാക്കപ്പെടുകയും ഭൂമിയുടെ അധോഭാഗങ്ങളിൽ നിർമ്മിക്കപ്പെടുകയും ചെയ്തപ്പോൾ എന്റെ അസ്ഥിക്കൂടം നിനക്കു മറവായിരുന്നില്ല. ഞാൻ പിണ്ഡാകാരമായിരുന്നപ്പോൾ നിന്റെ കണ്ണു എന്നെ കണ്ടു; നിയമിക്കപ്പെട്ട നാളുകളിൽ ഒന്നും ഇല്ലാതിരുന്നപ്പോൾ അവയെല്ലാം നിന്റെ പുസ്തകത്തിൽ എഴുതിയിരുന്നു." നമ്മെ അത്ര സൂക്ഷ്മമായി അറിയുന്ന ദൈവത്തെ മനസ്സിലാക്കുക എന്നത് നമ്മുടെ പരിമിതമായ ഗ്രഹണശക്തിയ്ക് അതീതമാണ്!

അതുമാത്രമല്ല, തന്റെ മറ്റ് സൃഷ്ടികളായ പക്ഷികളെയും നക്ഷത്രങ്ങളെയും പോലെയുള്ള എല്ലാറ്റിനെയും ദൈവം മുഴുവനും അറിയുന്നു. സങ്കീർത്തനങ്ങൾ 147:4-5 പറയുന്നു, "അവൻ നക്ഷത്രങ്ങളുടെ എണ്ണം നോക്കുന്നു; അവെക്കു ഒക്കെയും പേർ വിളിക്കുന്നു. നമ്മുടെ കർത്താവു വലിയവനും ശക്തിയേറിയവനും ആകുന്നു. അവന്റെ വിവേകത്തിന്നു അന്തമില്ല." "മലകളിലെ പക്ഷികളെ ഒക്കെയും ഞാൻ അറിയുന്നു" എന്ന് സങ്കീർത്തനങ്ങൾ 50:11 പറയുന്നു.

നടക്കുവാൻ പോകുന്ന സംഭവങ്ങൾക്കനുസൃതമായും ദൈവം ഭാവി അറിയുന്നുണ്ട്. മുൻകൂട്ടി പ്രവചിക്കപ്പെട്ടപ്രകാരം നിരവധി പ്രവചനങ്ങൾ നിറവേറിയിരിക്കുന്നു എന്ന യാഥാർഥ്യം നമ്മെ ഈ

വസ്തുത പഠിപ്പിക്കേണ്ടതാണ് (ഉദാഹരണം, യെശയ്യാവ് 7:14-ൽ മുൻകൂട്ടി പറഞ്ഞ കന്യകാജനനം മത്തായി 1:18-25-ൽ നിറവേറി, ബേത്ത്ലഹേം ആയിരിക്കും യേശുവിന്റെ ജനനസ്ഥലം എന്ന് മീഖാ 5:2-ൽ മുൻകൂട്ടി പറഞ്ഞത് ലൂക്കോസ് 2:4-7ൽ നിറവേറി.) “വേഗത്തിൽ സംഭവിപ്പാനുള്ള” (വെളിപ്പാട് 1:1) ഭാവി സംഭവങ്ങൾ സംബന്ധിച്ച് പരാമർശിക്കുന്ന വെളിപ്പാട് പുസ്തകം ഉൾപ്പെടെ, ബൈബിളിന്റെ നിരവധി ഭാഗങ്ങളിൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്നത് താൻ നിറവേറ്റും എന്ന ദൃഢവിശ്വാസം, മേൽപ്പറഞ്ഞ ഉദാഹരണങ്ങൾ നമുക്കു നൽകേണ്ടതാണ്.

## യേശുവിന്റെ സർവ്വജ്ഞത്വം

യേശു തന്റെ ഭൗമിക ശുശ്രൂഷയിൽ ഈ അഭേദ്യഗുണം പ്രയോഗിക്കുകയും അങ്ങനെ തന്റെ ദൈവിക സ്വഭാവം പ്രകടമാക്കുകയും ചെയ്തിരുന്നു. പക്ഷവാതക്കാരന്റെ പാപം ക്ഷമിച്ചു എന്ന് പറഞ്ഞ യേശുവിനെ ദൈവദൂഷണം പറഞ്ഞുവെന്ന് ആരോപിച്ച പരീശന്മാരെ ശാസിച്ചത് സംബന്ധിച്ച് നാം ഇപ്രകാരം വായിക്കുന്നു, “മത്തായി 9:4 യേശുവോ അവരുടെ നിരൂപണം ഗ്രഹിച്ചു: “നിങ്ങൾ ഹൃദയത്തിൽ ദോഷം നിരൂപിക്കുന്നതു എന്തു?’” എന്നു പറഞ്ഞു (മത്തായി 9:4). സർവ്വജ്ഞത്വം ദൈവത്തിന് മാത്രമുള്ളതാണ്.; യേശു അവരുടെ ചിന്തകൾ അറിഞ്ഞുവെങ്കിൽ താനും ദൈവമാണ്!

എന്നാൽ, ലൂക്കോസ് 2:52-ൽ, “യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു” എന്നു പറയുന്നതിന്റെ അർഥമെന്താണ്? താൻ സർവ്വജ്ഞൻ ആയിരുന്നുവെങ്കിൽ ജ്ഞാനത്തിൽ വളരേണ്ടതിന്റെ ആവശ്യം എന്തായിരുന്നു? ഇവിടെ ജ്ഞാനത്തിൽ വളർന്നു എന്ന ആശയം യേശുവിന്റെ മനുഷ്യത്വത്തെയാണ് പരാമർശിക്കുന്നത്; ഒരു കുട്ടി എന്ന നിലയിൽ അപ്പോൾ പൂർണ്ണജ്ഞാനം ഉണ്ടായിരുന്നില്ല.

യേശു പൂർണ്ണ ദൈവം ആയിരുന്നു എങ്കിലും, (യോഹന്നാൻ 1:1, 14), മനുഷ്യരൂപം സ്വീകരിച്ചപ്പോൾ, തന്റെ മനുഷ്യത്വത്തിൽ, എല്ലാ മേഖലകളിലും മാനുഷികമായി വളരുന്ന സാധാരണ പ്രക്രിയയ്ക് തന്നത്താൻ കീഴ്പ്പെടുത്തി (ഫിലിപ്യർ 2:6-8). പിന്നീട്, തന്റെ പരസ്യ ശുശ്രൂഷയിലും ദൈവ -മനുഷ്യൻ എന്ന നിലയിൽ യേശു എല്ലായ്പോഴും തന്റെ ദൈവികമായ അഭേദ്യഗുണങ്ങൾ പിതാവിന്റെ ഹിതത്തിന് അനുസൃതമായാണ് ഉപയോഗിച്ചത് (യോഹന്നാൻ 6:38). ഉദാഹരണത്തിന്, ചില സന്ദർഭങ്ങളിൽ തന്റെ സർവജ്ഞത്വം പ്രകടമാക്കുന്നതായും (മത്തായി 9:4; യോഹന്നാൻ 2:23-

25) ചില സന്ദർഭങ്ങളിൽ അവ പിതാവിന്റെ ഹിതമല്ലാത്തതിനാൽ അവ ഉപയോഗിക്കുന്നതിൽ നിയന്ത്രിക്കപ്പെട്ടതായും (മർക്കോസ് 13:32) കാണുന്നു.

## പരിശുദ്ധാത്മാവിന്റെ സർവ്വജ്ഞത്വം

പരിശുദ്ധാത്മാവും സർവ്വജ്ഞനാണ്. 1 കൊരിന്ത്യർ 2:11,"ൽ പൗലോസ് എഴുതുന്നു, "മനുഷ്യനിലുള്ളതു അവനിലെ മാനുഷാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും? അവ്വണ്ണം തന്നേ ദൈവത്തിലുള്ളതു ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല." ദൈവത്തിന്റെ ചിന്തകൾ സകലവും അറിയുന്ന പരിശുദ്ധാത്മാവും ദൈവംതന്നെയാണ് എന്ന് ഈ പ്രസ്താവന വ്യക്തമാക്കുന്നു.

**അതായത്, ത്രിത്വത്തിലെ മൂന്നു വ്യക്തികളും സർവ്വജ്ഞരാണ്.** അവർ സകലവും അറിയുന്നു, അവരിൽ നിന്നും മറഞ്ഞിരിക്കുന്നത് യാതൊന്നുമില്ല. ഇനി, ഈ സത്യങ്ങൾ വിശ്വാസികൾക്ക് എപ്രകാരം പ്രയോജനപ്പെടണം? കുറഞ്ഞത് നാല് വിധത്തിൽ അവ പ്രയോജനമാകണം.

## 1. അത് ദൈവത്തെ കൂടുതൽ സ്തുതിയ്ക്കുവാൻ നമ്മെ പ്രേരിപ്പിക്കണം

ദൈവം സർവ്വജ്ഞനാണ് എന്ന വസ്തുത അവിശ്വാസികൾക്ക് ഇഷ്ടമാകുന്നില്ലെങ്കിലും ഈ അഭേദ്യഗുണം വിശ്വാസികൾക്ക് ഭയഭക്തി നൽകുകയും ദൈവത്തെ സ്തുതിക്കുവാൻ ഇടയാക്കുകയും ചെയ്യണം. അമ്മയുടെ ഉദരം മുതൽ നമ്മെക്കുറിച്ച് സകലവും ദൈവം അറിയുന്നു, നമ്മുടെ തലയിലെ എല്ലാ രോമവും അറിയുന്നു, നമ്മുടെ ചിന്തകൾ അറിയുന്നു, നമ്മുടെ നാവിൽ നിന്ന് വാക്കുകൾ ഉരുവിടുംമുൻപെ അവയെ അറിയുന്നു, നക്ഷത്രങ്ങളുടെ എണ്ണം അറിയുന്നു, മൃഗങ്ങളുടെ എണ്ണം അറിയുന്നു എന്നിങ്ങനെയുള്ള സത്യങ്ങൾ നമ്മെ, ദാവീദിനോടൊപ്പം ചേർന്ന് ഇപ്രകാരം സ്തുതിക്കുവാൻ ഇടയാക്കണം, "ഈ പരിജ്ഞാനം എനിക്കു അത്യത്ഭുതമാകുന്നു; അതു എനിക്കു ഗ്രഹിച്ചുകൂടാതവണ്ണം ഉന്നതമായിരിക്കുന്നു" (സങ്കീർത്തനം 139:6). ഈ അത്ഭുതവാനായ ദൈവത്തെ അറിയുവാൻ കണ്ണുകൾ തുറക്കപ്പെട്ട നാം ദൈവത്തെ തന്റെ അറിവിനെപ്രതി നിരന്തരം സ്തുതിക്കേണ്ടതാണ്.

## 2. അത് അസ്വസ്ഥമായ ആത്മാവിന് വലിയ ആശ്വാസം നൽകുന്നു

*പ്രയാസങ്ങളിൽ.* ലൂക്കോസ് 12:7 -ൽ യേശു ഇപ്രകാരം പറഞ്ഞു, "നിങ്ങളുടെ തലയിലെ മുടിപോലും എല്ലാം എണ്ണിയിരിക്കുന്നു; ആകയാൽ ഭയപ്പെടേണ്ടാ; ഏറിയ കുരികിലിനെക്കാളും നിങ്ങൾ വിശേഷതയുള്ളവർ." എത്ര ആശ്വാസകരമായ ചിന്ത! നമ്മുടെ കണ്ണുനീരിന്റെ അളവ് പോലും ദൈവം രേഖപ്പെടുത്തിവയ്ക്കുന്നു എന്ന് സങ്കീർത്തനം 56:8 നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട്, കഠിനമായ പ്രയാസങ്ങളുടെ മധ്യത്തിൽപോലും നാം ആകുലപ്പെടരുത്. കാരണം, നാം നേരിടുന്നത് എന്താണ് എന്ന് ദൈവം അറിയുന്നു.

*പരാജയങ്ങളിൽ.* ദൈവത്തിന്റെ സർവ്വജ്ഞതയെക്കുറിച്ചുള്ള അറിവ് പ്രയാസവേളകളിൽ മാത്രമല്ല ആശ്വാസം നൽകുന്നത്. പിന്നെയോ, നാം പാപം ചെയ്ത് താറുമാറായ അവസ്ഥയിലും അത് ആശ്വാസമേകുന്നു. എപ്രകാരമാണത്? ഓർമ്മിക്കുക, നാം സൃഷ്ടിക്കപ്പെടത്തിനു മുൻപുതന്നെ, സകലത്തിന്റെയും ആരംഭം മുതൽ അവസാനം വരെ ദൈവം അറിയുന്നു. നമ്മുടെ പാപങ്ങൾ അപ്രതീക്ഷിതമായി നമുക്കു തോന്നുമെങ്കിലും അവയൊന്നും ദൈവത്തിന് അപ്രതീക്ഷിതമായി തോന്നുകയില്ല.

"നാം പൊടി"എന്ന് ദൈവം അറിയുന്നു എന്നാണ് സങ്കീർത്തനം 103:14 പറയുന്നത്. ഇടയ്ക്കിടെ നാം *പരാജയപ്പെടും* എന്ന് ദൈവം അറിയുന്നു. വീണ്ടും വീണ്ടും നാം പരാജയപ്പെടുമെന്ന വസ്തുത അറിഞ്ഞുകൊണ്ടുതന്നെ നമ്മെ രക്ഷിക്കുകയും അവസാനം വരെ നിലനിർത്തുകയും ചെയ്യുവാൻ ദൈവം തന്റെ അചഞ്ചലമായ സ്നേഹം നമുക്കു നൽകുന്നു. അത് വളരെ ആശ്വാസകരമാണ്! അതുകൊണ്ടാണ് നമുക്ക് ലജ്ജ കൂടാതെ, സ്വാതന്ത്ര്യത്തോടെ നമ്മുടെ *സകല* പാപങ്ങളെയും പരാജയങ്ങളെയും ദൈവത്തിനു മുൻപാകെ ഏറ്റുപപറയുക സാധ്യമാകുന്നത്. ഏതായാലും നമ്മുടെ പരാജയങ്ങളെ ദൈവം അറിയുന്നു. നമുക്ക് ദൈവത്തിന്റെ ആശ്വാസം അനുഭവിക്കുവാൻ സാധിക്കേണ്ടതിന് ഏറ്റുപറഞ്ഞ് വിശുദ്ധി പ്രാപിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു (1 യോഹന്നാൻ 1:9). കൂടാതെ, നമ്മുടെ പാപങ്ങളുടെ രേഖകൾ ദൈവം സൂക്ഷിച്ചുവയ്ക്കുന്നില്ല. സങ്കീർത്തനം 130:3-4 പറയുന്നു, "യഹോവേ, നീ അകൃത്യങ്ങളെ ഓർമ്മവെച്ചാൽ കർത്താവേ, ആർ നിലനില്ക്കും? എങ്കിലും നിന്നെ ഭയപ്പെടുവാൻ തക്കവണ്ണം നിന്റെ പക്കൽ വിമോചനം ഉണ്ടു." നമ്മുടെ പാപങ്ങളുടെ രേഖ ദൈവം സൂക്ഷിച്ചുവയ്ക്കുന്നില്ല എന്നു മാത്രമല്ല, നാം തന്റെ മക്കളായിത്തീരുമ്പോൾ, നമ്മുടെ "പാപങ്ങളെ ഇനി

ഓർക്കയുമില്ല" എന്നും വാഗ്ദാനം നൽകുന്നു (എബ്രായർ 8:12; യെശെയ്യാവ് 43:25). തെറ്റിദ്ധരിക്കരുത്. നമ്മുടെ പാപങ്ങളെ ഓർക്കയില്ല എന്നു പറയുമ്പോൾ ദൈവത്തിന്റെ ഓർമ്മയ്ക്ക് പ്രശ്നം ഉണ്ടെന്നല്ല; അതിനർഥം, ന്യായവിധി ദിവസത്തിൽ അവയെ നമുക്കെതിരെ ആരോപിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുകയില്ല എന്നാണ്.

കർത്താവിനെ മൂന്ന് തവണ തള്ളിപ്പറഞ്ഞപ്പോൾ പത്രോസ് പാപം ചെയ്തു. എന്നാൽ, ഉയിർത്തെഴുന്നേറ്റ കർത്താവ് "നീ എന്നെ സ്നേഹിക്കുന്നുവോ?" എന്ന ചോദ്യവുമായി മൂന്നാമത്തെ തവണ അവനെ നേരിട്ടപ്പോൾ പത്രോസിന്റെ പ്രതികരണം എന്തായിരുന്നു? "കർത്താവേ, നീ സകലവും *അറിയുന്നു;* എനിക്കു നിന്നോടു പ്രിയമുണ്ടു എന്നും നീ അറിയുന്നു എന്ന് അവനോടു പറഞ്ഞു" (യോഹന്നാൻ 21:17, അറിയുന്നു എന്ന വാക്കിന് ഞാൻ ഊന്നൽ നൽകിയിരിക്കുന്നു). താഴ്മയോടെയുള്ള പത്രോസിന്റെ വാക്കുകളുടെ അടിസ്ഥാനം എന്തായിരുന്നു? യേശുവിന്റെ സർവ്വജ്ഞത്വം! മറ്റൊരു തരത്തിൽ പറഞ്ഞാൽ, പത്രോസ് പറഞ്ഞു, "കർത്താവേ, നീ എന്റെ ഹൃദയം അറിയുന്നു. ഞാൻ നിന്നെ തള്ളിപ്പറഞ്ഞു എങ്കിലും, ഭയംകൊണ്ടാണ് ഞാൻ അത് ചെയ്തെന്ന് നിനക്കറിയാം. എന്റെ ഉള്ളിന്റെ ഉള്ളിൽ ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നു." അതാണ് പത്രോസ് പറഞ്ഞത്. സ്നേഹവാനായ യേശു അവനോട് ക്ഷമിക്കുകയും അവനെ ശുശ്രൂഷയിൽ പുനഃസ്ഥാപിക്കുകയും ചെയ്തു. *അത്* എത്ര ആശ്വാസകരമാണ്!

ചിലപ്പോൾ, നമ്മുടെ പാപങ്ങൾക്ക് ക്ഷമ അപേക്ഷിച്ചതിനുശേഷവും നമ്മുടെ ഹൃദയം നമ്മെ കുറ്റംവിധിക്കുന്നു. നാം നമ്മെത്തന്നെ തുടർച്ചയായി ശിക്ഷിച്ചുകൊണ്ടിരിക്കുന്നു. നാം അതു ചെയ്യരുത്! യോഹന്നാൻ നൽകുന്ന ഉറപ്പ് ഓർമ്മിക്കുക, "ഹൃദയം നമ്മെ കുറ്റം വിധിക്കുന്നു എങ്കിൽ ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും എല്ലാം അറിയുന്നവനും എന്നു നമ്മുടെ ഹൃദയത്തെ അവന്റെ സന്നിധിയിൽ ഉറപ്പിക്കാം" (1 യോഹന്നാൻ 3:20). സകല കാര്യങ്ങളെക്കുറിച്ചും ദൈവത്തിനുള്ള അറിവിൽ ആശ്വസിക്കുക.

## 3. അത് ദൃഢവിശ്വാസത്തോടെ പ്രാർഥിക്കുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു

മത്തായി 6:8- ൽ നമ്മുടെ കർത്താവ് പ്രാർഥനയെക്കുറിച്ചു പറഞ്ഞ സന്ദർഭത്തിൽ, ദൈവത്തിന്റെ സർവ്വജ്ഞത്വത്തെ ഓർമ്മിപ്പിച്ചുകൊണ്ട് നമ്മെ പ്രാർഥിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു:

"നിങ്ങൾക്കു ആവശ്യമുള്ളതു ഇന്നതെന്നു നിങ്ങൾ യാചിക്കും മുമ്പെ നിങ്ങളുടെ പിതാവു അറിയുന്നുവല്ലോ." ഈ വാക്കുകൾ മൂലം ചിലർക്ക് പ്രാർഥന സംബന്ധിച്ച് ആശയക്കുഴപ്പമുണ്ട്. നമ്മുടെ ആവശ്യങ്ങൾ ഏവയെന്ന് നാം പറയുംമുൻപുതന്നെ ദൈവം അറിയുന്നുവെങ്കിൽ പിന്നെ എന്തിനാണ് നാം പ്രാർഥിക്കുന്നത്? സകലവും അറിയുന്ന ദൈവം സകലത്തിന്റെയും അവസാനം നിശ്ചയിക്കുമ്പോൾ അതിനുള്ള മാർഗ്ഗവും നിശ്ചയിക്കുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ, നിശ്ചയിച്ചുകഴിഞ്ഞ കാര്യങ്ങൾ പൂർത്തീകരിക്കുന്നതിന് ദൈവം ഉപയോഗിക്കുന്ന മാർഗ്ഗങ്ങളിലൊന്ന് പ്രാർഥനയാണ്. കൂടാതെ, ദൈവത്തിലുള്ള നമ്മുടെ ആശ്രയം പ്രകടമാക്കുന്ന ഒരു മാർഗ്ഗവുമാണ് പ്രാർഥന. അതുകൊണ്ടാണ്, നമ്മുടെ സകല ആവശ്യങ്ങൾ സംബന്ധിച്ചും ദൈവം ബോധവാനാണ് എന്ന അറിവോടെ ദൈവത്തിന്റെ കൃപാസനത്തെ സമീപിക്കുമ്പോൾ നമുക്ക് ദൃഢവിശ്വാസം ഉണ്ടായിരിക്കുക സാധ്യമാകുന്നത്!

## 4. അത് വലിയ ഉത്തരവാദിത്ത ബോധം ഉളവാക്കുന്നു

സദൃശ്യവാക്യങ്ങൾ 5:21 പറയുന്നു, "മനുഷ്യന്റെ വഴികൾ യഹോവയുടെ ദൃഷ്ടിയിൽ ഇരിക്കുന്നു; അവന്റെ നടപ്പു ഒക്കെയും അവൻ തൂക്കിനോക്കുന്നു." സദൃശ്യവാക്യങ്ങൾ 15:3 ഇപ്രകാരം പറയുന്നു, "യഹോവയുടെ കണ്ണു എല്ലാടവും ഉണ്ടു; ആകാത്തവരെയും നല്ലവരെയും നോക്കിക്കൊണ്ടിരിക്കുന്നു." ഈ വാക്യങ്ങൾ വലിയ ഉത്തരവാദിത്തമാണ് നൽകുന്നത്. *നാം ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്ന യാതൊന്നും ദൈവത്തിന്റെ അറിവിൽ നിന്നും മറഞ്ഞിരിക്കുന്നില്ല.* ബൈബിൾ ഇതു പറഞ്ഞ് അവസാനിപ്പിക്കുന്നില്ല, പിന്നെയും മുൻപോട്ടു പോകുന്നു. ദൈവത്തിന് നമ്മുടെ സകല വഴികളും അറിയാം എന്നതു മാത്രമല്ല പിന്നെയോ, നമ്മുടെ സകല ഉദ്ദേശ്യങ്ങളും – നാം *എന്തുകൊണ്ടാണ്* ഒരു കാര്യം ചെയ്യുന്നത് എന്നതും - ദൈവം അറിയുന്നു. 1 കൊരിന്ത്യർ 4:5-ൽ പൗലോസ് അത് വ്യക്തമാക്കുന്നു: "ആകയാൽ കർത്താവു വരുവോളം സമയത്തിന്നു മുമ്പെ ഒന്നും വിധിക്കരുതു; അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും; അന്നു ഓരോരുത്തന്നു ദൈവത്തിങ്കൽനിന്നു പുകഴ്ച ഉണ്ടാകും." എല്ലാത്തരം വിധികളെയും വിലക്കുന്നില്ല. എന്നാൽ, മറ്റുള്ളവരുടെ ഹൃദയത്തിലെ ഉദ്ദേശ്യങ്ങളെ വിധിക്കുന്നതിനെ വിലക്കുന്നു. ദൈവം മാത്രമാണ് അവരുടെ ഉദ്ദേശ്യങ്ങളെ അറിയുന്നത്. ഭാവിയിൽ അവരുടെ ഉദ്ദേശ്യങ്ങളെ ദൈവം ന്യായം വിധിക്കും.

ഉദാഹരണത്തിന്, താഴെ പറയുന്നപ്രകാരം നമുക്ക് ആയിരിക്കുക സാധ്യമാണ:

- ബാഹ്യമായി വിനയാന്വിതൻ എന്നാൽ, ഉള്ളിൽ അഹംഭാവി.
- ബാഹ്യമായി ഉദാരമനസ്കൻ എന്നാൽ, ഉള്ളിൽ അത്യാഗ്രഹി.
- ബാഹ്യമായി ശുശ്രൂഷയിൽ നിസ്വാർഥൻ എന്നാൽ, സ്വാർഥോദ്ദേശ്യം നടപ്പിലാക്കുവാൻ ഉള്ളിൽ ശ്രമിക്കുന്നു.
- ബാഹ്യമായി സ്നേഹവാൻ എന്നാൽ, ഉള്ളിൽ അസൂയയും വെറുപ്പും നിറഞ്ഞവൻ.

ഈ പട്ടിക ഇനിയും നീളും. പ്രധാന ആശയം ഇതാണ്: *ബാഹ്യമായ പ്രവൃത്തികൾ ദൈവത്തെ കബളിപ്പിക്കുന്നില്ല. ദൈവം ഹൃദയങ്ങളെ കാണുകയും ഉദ്ദേശ്യങ്ങളെ ആരായുകയും ചെയ്യുന്നു.* ബാഹ്യമായി "ക്രിസ്തീയ" കാര്യങ്ങൾ ചെയ്യുവാൻ നമുക്കു സാധിക്കും, മറ്റുള്ളവർ നമ്മെ അഭിനന്ദിക്കുകയും ചെയ്തേക്കാം. എന്നാൽ, യഥാർഥ ഉദ്ദേശ്യങ്ങളെ ദൈവം അറിയുന്നു! അതിനാലാണ് മുഖംമൂടി ധരിക്കുന്നത് നിഷ്പ്രയോജനമാകുന്നത് അഥവാ, മനഃപൂർവ്വം കാപട്യം പ്രയോഗിക്കുന്നത് പ്രയോജനരഹിതമായിരിക്കുന്നത്. "യഥാർഥ" എന്നെയും നിങ്ങളെയും ദൈവം അറിയുന്നു! തിരിച്ചും അത് അപ്രകാരംതന്നെയാണ്. നമ്മുടെ ഉദ്ദേശ്യങ്ങൾ ദൈവികമാണെങ്കിൽ, ഏതെങ്കിലും ഒരു പ്രവൃത്തിയുടെ പേരിൽ മറ്റുള്ളവർ നമ്മെ വിമർശിച്ചാൽ, ആളുകൾക്ക് ശരിയായ അവബോധമില്ലെങ്കിലും നമ്മുടെ യഥാർഥ ഉദ്ദേശ്യങ്ങൾ ദൈവം അറിയുന്നു എന്നതിൽ നമുക്ക് ആശ്വസിക്കുക സാധ്യമാണ്. ദൈവത്തിന്റെ സമ്പൂർണ്ണമായ അറിവ് അത്തരത്തിൽ വലിയ ഉത്തരവാദിത്തബോധം പ്രദാനം ചെയ്യുന്നു.

അതുകൊണ്ട്, ദൈവത്തിന്റെ സർവ്വജ്ഞത്വം അറിയുന്നതിൽ/ധ്യാനിക്കുന്നതിൽ നിന്നും ഒരു വിശ്വാസിയ്ക് അനുഭവവേദ്യമാകുന്ന നാല് പ്രയോജനങ്ങളുണ്ട്:

1. അത് ദൈവത്തെ കൂടുതൽ സ്തുതിയ്ക്കുവാൻ നമ്മെ പ്രേരിപ്പിക്കണം.
2. അത് അസ്വസ്ഥമായ ആത്മാവിന് വലിയ ആശ്വാസം നൽകുന്നു.
3. അത് ദൃഢവിശ്വാസത്തോടെ പ്രാർഥിക്കുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു.
4. അത് വലിയ ഉത്തരവാദിത്ത ബോധം ഉളവാക്കുന്നു.

എന്നിരുന്നാലും, ഒരു അക്രൈസ്തവനെ, ദൈവത്തിന്റെ അഭേദ്യഗുണമായ സർവ്വശക്തിയോടൊപ്പം (അതായത്, താൻ ആഗ്ര

ഹിക്കുന്നത് എന്തും ദൈവം ചെയ്യുന്നു) ഏറ്റവുമധികം അലോസരപ്പെടുത്തുന്ന മറ്റൊരു അഭേദ്യഗുണമാണിത്. എന്തുകൊണ്ട്? സ്വാഭാവികമായും നമ്മെ സംബന്ധിച്ച കാര്യങ്ങളിൽ മറ്റുള്ളവർ അറിയണമെന്ന് നാം ആഗ്രഹിക്കുന്നതിൽ കൂടുതലൊന്നും, അത് പാപകരമല്ലാത്ത കാര്യങ്ങളാണെങ്കിൽ കൂടി, അവർ അറിയുന്നത് നമുക്ക് ഇഷ്ടമില്ല. കൂടാതെ, ലജ്ജാരഹിതമായ തിന്മപ്രവൃത്തികളുടെ കാര്യത്തിൽ ഈ അഭേദ്യഗുണത്തോടുള്ള പ്രതിരോധം കൂടുതൽ പ്രബലമാണ്. ഉദാഹരണത്തിന്, വ്യഭിചാരം ഇപ്പോൾ അപ്രകാരം അങ്ങനെ അറിയപ്പെടുന്നില്ല. ഇപ്പോൾ, അത് "ഒരു സ്വകാര്യകാര്യം" ആയിത്തീർന്നിരിക്കുന്നു. അതിനർഥം, അത് എന്റെ കാര്യമാണ്, നിങ്ങൾ അതിൽ ഇടപെടേണ്ടതില്ല എന്നാണ്. അത്തരത്തിലുള്ള ചിന്താഗതി ദൈവത്തിനു നേരെയും ഇപ്പോൾ കാണുന്നു: ഞാൻ ചെയ്യുന്നത് എന്റെ സ്വന്തം കാര്യമാണ്. ദൈവമേ, എന്റെ ജീവിതത്തിൽ കടന്നുകയറരുത്.

ഈ മനോഭാവത്തെ യോഹന്നാൻ 3:19-ൽ യേശു വ്യക്തമായി സംഗ്രഹിച്ചിരിക്കുന്നു: "ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതു ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നേ." പാപം നിറഞ്ഞ മനുഷ്യരാശിയ്ക് അവരുടെ പ്രവൃത്തികൾ വെളിപ്പെടുവാൻ ആഗ്രഹമില്ല: ഇത് എന്റെ സ്വകാര്യജീവിതമാണ്. എന്നെ ലജ്ജിപ്പിക്കുകയോ എന്റെ പ്രവൃത്തികൾ സംബന്ധിച്ച് എനിക്ക് ലജ്ജയോ വിഷമമോ തോന്നുവാൻ ഇടയാക്കുകയോ ചെയ്യരുത്. എന്നെ വെറുതെ വിട്ടേയ്കുക. സകല കാര്യങ്ങളെക്കുറിച്ചുമുള്ള ദൈവത്തിന്റെ അറിവിനെക്കുറിച്ചും ആ ദൈവത്തോട് നാം ഒരുനാൾ കണക്ക് ബോധിപ്പിക്കേണ്ടിവരും എന്നും ആരെങ്കിലും പറഞ്ഞാൽ, അതിശക്തമായ എതിർപ്പ് നേരിടും.

ഇത്തരത്തിലുള്ള മനോഭാവം ഒരു പുതിയ സംഗതിയല്ല. നീതിമാൻ ദുഷ്ടരെ അവരുടെ പാപങ്ങൾ സംബന്ധിച്ച് എതിരിട്ടപ്പോൾ യെശയ്യാവിന്റെ കാലത്തും ഇത് നിലവിലിരുന്നു: "അവർ മത്സരമുള്ളോരു ജനവും ഭോഷ്കുപറയുന്ന മക്കളും യഹോവയുടെ ന്യായപ്രമാണം അനുസരിക്കാത്ത സന്തതിയുമല്ലോ. അവർ ദർശകന്മാരോടു: ദർശിക്കരുതു; പ്രവാചകന്മാരോടു: നേരുള്ളതു ഞങ്ങളോടു പ്രവചിക്കരുതു; മധുരവാക്കു ഞങ്ങളോടു സംസാരിപ്പിൻ; വ്യാജങ്ങളെ പ്രവചിപ്പിൻ; വഴി വിട്ടു നടപ്പിൻ; പാത തെറ്റി നടപ്പിൻ; യിസ്രായേലിന്റെ പരിശുദ്ധനെ ഞങ്ങളുടെ മുമ്പിൽനിന്നു നീങ്ങുമാറാക്കുവിൻ എന്നു പറയുന്നു" (യെശയ്യാവ് 30:9-11). ദൈവത്തെക്കുറിച്ച് ഞങ്ങളെ ഓർമ്മിപ്പിക്കരുത്. ഞങ്ങളെ

തനിയെ വിടുക. ഞങ്ങൾ ചെയ്യുന്നത് ഞങ്ങളുടെ സ്വന്ത കാര്യമാണ്. അതായിരുന്നു അവരുടെ മനോഭാവം.

"നീ എടുക്കുന്ന ഓരോ ശ്വാസവും തീർക്കുന്ന ഓരോ ചലനവും തകർക്കുന്ന കെട്ടുകളും വയ്കുന്ന ചുവടുകളും എല്ലാറ്റിലും, ഞാൻ നിന്നെ നിരീക്ഷിക്കും" എന്ന വരികളുള്ള പൊലീസ് സംഘത്തിന്റെ ആ പഴയ ജനപ്രിയ ഗാനം ഇഷ്ടപ്പെടുക ഒരു കാര്യമാണ്. എന്നാൽ, നമ്മുടെ ഓരോ ചിന്തയും ഓരോ ചലനവും ദൈവം വീക്ഷിക്കുന്നു എന്നത് മറ്റൊരു വസ്തുതയാണ്! അത് അസഹ്യതപ്പെടുത്തുന്ന ഒരു ചിന്തയാണ്. ദൈവം ദൈവമായിരിക്കുന്നതിനാൽ പാപികൾ ദൈവത്തെ വെറുക്കുന്നു! എന്നാൽ, സർവ്വജ്ഞനായ ദൈവം ആയിരിക്കുന്നതിനെ അത് തടയികയില്ല. ദൈവം നമ്മുടെ ഇഷ്ടത്തിനു വഴങ്ങുകയോ നമ്മെ ഉൾക്കൊള്ളുന്നതിനു വേണ്ടി തന്റെ വഴികളെ മാറ്റുകയോ ചെയ്യുകയില്ല. നമ്മെക്കുറിച്ച് സകലവും താൻ അറിയുകയും കണക്ക് ബോധിപ്പിക്കുവാൻ നമ്മോട് ആവശ്യപ്പെടുകയും ചെയ്യും. അവനിൽ നിന്ന് രക്ഷപെടുവാൻ നമുക്കു സാധിക്കുകയില്ല. എബ്രായർ 4:13 പറയുന്നു, "അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന്നു നഗ്നവും മലർന്നതുമായി കിടക്കുന്നു; അവനുമായിട്ടാകുന്നു നമുക്കു കാര്യമുള്ളതു." ശ്രദ്ധിക്കുക, സകലവും അറിയുകയും സകലവും കാണുകയും ചെയ്യുന്ന ദൈവത്തിനു മുൻപിൽ "സകലവും നഗ്നവും മലർന്നതുമായി കിടക്കുന്നു"!

നാം ഇരുട്ടിൽ ചെയ്യുന്നത് ദൈവം അറിയുന്നു. സങ്കീർത്തനം 139:11-12 പറയുന്നു, "ഇരുട്ടു എന്നെ മൂടിക്കളയട്ടെ; വെളിച്ചം എന്റെ ചുറ്റും രാത്രിയായ്തീരട്ടെ എന്നു ഞാൻ പറഞ്ഞാൽ ഇരുട്ടുപോലും നിനക്കു മറവായിരിക്കയില്ല; രാത്രി പകൽപോലെ പ്രകാശിക്കും; ഇരുട്ടും വെളിച്ചവും നിനക്കു ഒരുപോലെ തന്നേ.'" ദാനിയേൽ 2:22 ഇങ്ങനെ വായിക്കുന്നു, "അവൻ അഗാധവും ഗൂഢവുമായതു വെളിപ്പെടുത്തുന്നു; അവൻ ഇരുട്ടിൽ ഉള്ളതു അറിയുന്നു; വെളിച്ചം അവനോടുകൂടെ വസിക്കുന്നു." "നീതികേടു നിരൂപിച്ച് ദുരാലോചന കഴിക്കുന്ന" (യേഹേസ്കേൽ 11:2) നേതാക്കന്മാരെ ശാസിക്കുമ്പോൾ ദൈവം ഇപ്രകാരമാണ് പറഞ്ഞത്, "നിങ്ങളുടെ മനസ്സിൽ തോന്നുന്ന കാര്യങ്ങളും ഞാൻ അറിയുന്നു" (11:5), അതിലൂടെ തന്റെ സർവ്വജ്ഞത്വത്തെ അവരെ ഓർമ്മിപ്പിക്കുകയായിരുന്നു.

തികച്ചും വ്യത്യസ്തമായി, സങ്കീർത്തനം 110:11, 13 പ്രകാരം ദുഷ്ടൻ ഇപ്രകാരം ചിന്തിക്കുന്നു: "ദൈവം മറന്നിരിക്കുന്നു, അവൻ തന്റെ മുഖം മറെച്ചിരിക്കുന്നു; അവൻ ഒരുനാളും കാണുകയില്ല എന്നു അവൻ ഹൃദയത്തിൽ പറയുന്നു... ചോദിക്കയില്ല

എന്നു തന്റെ ഉള്ളിൽ പറയുന്നതും..." എന്നാൽ, ദൈവം കാണുന്നു എന്നത് അവർ മറക്കുന്നു. ഇയ്യോബ് 34:21 പറയുന്നു, "അവന്റെ ദൃഷ്ടി മനുഷ്യന്റെ വഴികളിന്മേൽ ഇരിക്കുന്നു; അവന്റെ നടപ്പു ഒക്കെയും അവൻ കാണുന്നു." ദൈവം തങ്ങളുടെ പാപങ്ങൾ കാണുന്നില്ല എന്ന മട്ടിൽ ജീവിക്കുന്നവരെക്കുറിച്ച് ദൈവംതന്നെ പറയുന്നത് എന്തെന്ന് ശ്രദ്ധിക്കുക:

> *സംഖ്യാപുസ്തകം 32:23 - "...നിങ്ങളുടെ പാപഫലം നിങ്ങൾ അനുഭവിക്കും."*
>
> *യിരേമ്യാവു 16:17 - "എന്റെ ദൃഷ്ടി അവരുടെ എല്ലാവഴികളുടെയും മേൽ വെച്ചിരിക്കുന്നു; അവ എനിക്കു മറഞ്ഞു കിടക്കുന്നില്ല; അവരുടെ അകൃത്യം എന്റെ കണ്ണിന്നു ഗുപ്തമായിരിക്കുന്നതുമില്ല."*
>
> *ഹോശേയ 7:2 - അവരുടെ ദുഷ്ടതയൊക്കെയും ഞാൻ ഓർക്കുന്നു എന്നു അവർ മനസ്സിൽ വിചാരിക്കുന്നില്ല, ഇപ്പോൾ അവരുടെ സ്വന്തപ്രവർത്തികൾ അവരെ ചുറ്റിയിരിക്കുന്നു; അവ എന്റെ മുമ്പാകെ ഇരിക്കുന്നു.*

തങ്ങളുടെ പാപങ്ങളിൽ നിന്ന് പിന്തിരിഞ്ഞ് തങ്കലേയ്കു തിരിയാത്ത ആളുകളെ സകലവും കാണുന്ന ഈ ദൈവം ഒരു ദിവസം ന്യായംവിധിക്കും. ഇവ തന്റെ മുന്നറിയിപ്പുകളാണ്: "യഹോവയായ ഞാൻ ഹൃദയത്തെ ശോധനചെയ്തു അന്തരംഗങ്ങളെ പരീക്ഷിച്ചു ഓരോരുത്തന്നു അവനവന്റെ നടപ്പിന്നും പ്രവൃത്തിയുടെ ഫലത്തിന്നും തക്കവണ്ണം കൊടുക്കുന്നു." (യിരെമ്യാവ് 17:10; വെളിപ്പാട് 2:23 കാണുക).

തങ്ങളുടെ പാപങ്ങളുടെ ശിക്ഷ ഏറ്റെടുത്ത ദൈവത്തിന്റെ പുത്രനായ യേശുവിൽ വിശ്വാസം അർപ്പിക്കുന്നവരുടെ പാപങ്ങൾ മറക്കും എന്ന് വാഗ്ദത്തം ചെയ്തിരിക്കുന്ന അതേ ദൈവം മറ്റൊന്നുകൂടി വാഗ്ദത്തം ചെയ്യുന്നുണ്ട്: തന്റെ പുത്രനായ യേശുവിന്റെ രക്തത്തിൽ മറയ്കപ്പെടാത്ത പാപങ്ങളോടെ മരിക്കുന്നവരുടെ പാപങ്ങൾ താൻ ഓർമ്മിക്കും. അവരെ നിത്യത മുഴുവനും ചിലവഴിക്കുവാൻ തീപ്പൊയ്കയിലേയ്ക് എറിഞ്ഞുകൊണ്ട് അന്തിമ വിധി പ്രസതാവിക്കുമ്പോൾ അവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ദൈവം അവരുടെ പാപങ്ങളെ ഓർത്തുവയ്കും.

അതുകൊണ്ട്, യേശുവിൽ ഒരിക്കലും ആശ്രയിച്ചിട്ടില്ലാത്തവർ നേരിടുന്ന യാഥാർഥ്യം അതാണ്. ദൈവത്തിന്റെ സർവ്വജ്ഞത്വം നിങ്ങളുടെ സകല പാപങ്ങളെയും വെളിച്ചത്ത് കൊണ്ടുവരും. അത്തരം ഒരു അവസാനത്തിൽ നിന്നും രക്ഷപെടുന്നതിനുള്ള ഒരേയൊരു മാർഗ്ഗം നിങ്ങളുടെ പാപങ്ങളിൽ നിന്ന് പിന്തിരിയു

കയും യേശുവിൽ മാത്രം ആശ്രയിക്കുകയുമാണ്. താങ്കൾ ഇന്ന് അത് ചെയ്യുമോ?

## ചർച്ചയ്കുള്ള ചോദ്യങ്ങൾ

1. എപ്രകാരമാണ് ദൈവത്തിന്റെ അറിവ് സംബന്ധിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടിനെ ഈ അധ്യായം സ്വാധീനിച്ചത്?
2. ദൈവത്തിന്റെ ഈ അഭേദ്യഗുണത്തിന്റെ വെളിച്ചത്തിൽ ജീവിതത്തിൽ എന്ത് മാറ്റങ്ങളാണ് നിങ്ങൾക്ക് വരുത്തുവാൻ സാധിക്കുന്നത്?
3. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ പ്രാർഥനകളെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?
4. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ സുവിശേഷീകരണത്തെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?

## ധ്യാന/ മനഃപാഠ വാക്യം

*സദൃശ്യവാക്യങ്ങൾ 5:21 - മനുഷ്യന്റെ വഴികൾ യഹോവയുടെ ദൃഷ്ടിയിൽ ഇരിക്കുന്നു; അവന്റെ നടപ്പു ഒക്കെയും അവൻ തൂക്കിനോക്കുന്നു.*

## പ്രാർഥന

*കർത്താവേ, അവിടുന്ന് സകലവും അറിയുന്നു. യാതൊന്നും നിനക്ക് മറഞ്ഞിരിക്കുന്നില്ല. അതിൽ ആശ്വസിക്കുവാനും അതേസമയംതന്നെ, ഞാൻ പരീക്ഷിക്കപ്പെടുമ്പോൾ ആ സത്യം ഓർമ്മിക്കുവാനും എന്നെ സഹായിക്കേണമേ. ഞാൻ ചെയ്യുന്ന കാര്യങ്ങൾ എന്തുകൊണ്ട് ചെയ്യുന്നു എന്ന് എന്റെ ഉദ്ദേശ്യങ്ങൾ അങ്ങ് അറിയുന്നു. മറ്റുള്ളവരെ കബളിപ്പിക്കുവാൻ ഞാൻ മുഖം മൂടി അണിയുകയും തത്ഫലമായി എന്നെത്തെ വഞ്ചിക്കുകയും ചെയ്യാതിരിക്കുവാൻ എന്നെ സംരക്ഷിക്കേണമേ. അകവും പുറവും ശുദ്ധിയുള്ള ഒരു ജീവിതം നയിക്കുവാൻ, ദയവായി, എന്നെ സഹായിക്കേണമേ.*

*ആമേൻ!*

## അഭേദ്യഗുണം 5:

# ദൈവത്തിന്റെ പിതൃത്വം

*ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ ദൈവത്തിങ്കലേയ്കു വരുന്ന ഏവർക്കും ദൈവം പിതാവായിരിക്കുന്നു എന്നാണ് ദൈവത്തിന്റെ പിതൃത്വം എന്നതുകൊണ്ട് അർഥമാക്കുന്നത്.*

Knowing God, എന്ന പുസ്തകത്തിൽ ദൈവത്തിന്റെ പിതൃത്വത്തെക്കുറിച്ച് J.I. Packer ഇപ്രകാരം എഴുതി:

> *ഒരുവൻ ക്രിസ്തീയതയെ എത്ര നന്നായി മനസ്സിലാക്കുന്നുവെന്ന് അറിയുന്നതിന്, താൻ ദൈവത്തിന്റെ പൈതലാണെന്നും ദൈവം തനിക്കു പിതാവായി ഉണ്ട് എന്നും എത്ര മാത്രം അയാൾ ചിന്തിക്കുന്നു എന്നത് കണ്ടെത്തിയാൽ മതി. അയാളുടെ ആരാധനയെയും പ്രാർഥനകളെയും ജീവിതത്തിന്റെ മുഴുവൻ കാഴ്ചപ്പാടുകളെയും പ്രേരിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ചിന്ത ഇതല്ല എങ്കിൽ, അയാൾ ക്രിസ്തീയതയെ നന്നായി മനസ്സിലേക്കിയിട്ടേയില്ല. ക്രിസ്തു പഠിപ്പിച്ച സകലവും, പുതിയ നിയമത്തെ പുതിയതും പഴയതിനെക്കാൽ മെച്ചമാക്കുന്ന സകലവും, കേവലം യഹൂദപരമായിരിക്കുന്നതിനു വിരുദ്ധമായി തികച്ചും ക്രിസ്തീയമാക്കുന്ന സകലവും ദൈവത്തിന്റെ പിതൃത്വത്തിന്റെ അറിവിൽ സംഗ്രഹിച്ചിരിക്കുന്നു. പിതാവ് എന്നത് ദൈവത്തിന്റെ ക്രൈസ്തവ നാമമാണ്.*

ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ പഠിക്കുന്നതിന്റെ ആകമാനമായ ഉദ്ദേശ്യം, ദൈവത്തിന്റെ പരിജ്ഞാനത്തിൽ വളരുക എന്നതാണ്. ദൈവത്തിന്റെ അഭേദ്യഗുണങ്ങളിലൂടെ മാത്രമാണ് ദൈവം അറിയപ്പെടുന്നത്. ദൈവത്തെ നന്നായി മനസ്സിലാക്കുന്നതിന് ദൈവം വിശ്വാസിയുടെ പിതാവായിരിക്കുന്നു എന്ന അറിവ് അനിവാര്യമാണ്. അതുകൊണ്ട്, ഈ അധ്യായത്തിൽ ദൈവത്തെ നമ്മുടെ പിതാവായി നാം കാണുന്നതാണ്.

യേശു ആരാണെന്നും (യോഹന്നാൻ 1:1-5) യോഹന്നാൻ സ്നാപകൻ യേശുവിനെ പരിചയപ്പെടുത്തിയപ്പോൾ യഹൂദജനതയിൽ നിന്നും ലഭിച്ച എതിരേൽപ്പ് എപ്രകാരമായിരുന്നുവെന്നും വിവരിച്ചുകൊണ്ടാണ് (യോഹന്നാൻ 1:6-13) യോഹന്നാൻ

തന്റെ സുവിശേഷം ആരംഭിക്കുന്നത്. ബഹുഭൂരിപക്ഷം ജനങ്ങളും യേശുവിനെ തിരസ്കരിച്ചപ്പോൾ കുറച്ചുപേർ മാത്രം യേശുവിൽ വിശ്വസിച്ചു. യേശുവിനെ കൈക്കൊണ്ട ആ ന്യൂനപക്ഷത്തെ ദൃഢമായ ഈ വാക്കുകളാൽ യോഹന്നാൻ ആശ്വസിപ്പിച്ചു: "അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു" (യോഹന്നാൻ 1:12). യേശുവിലുള്ള വിശ്വാസം മൂലമാണ് നാം ദൈവത്തിന്റെ മക്കളായിരിക്കുന്നത്. അതാണ് വാഗ്ദത്തം, അതാണ് ദൈവത്തെ നമ്മുടെ പിതാവ് എന്ന് വിളിക്കുവാൻ സാധിക്കുന്നതിന്റെ യഥാർഥ ഉറപ്പ്. ദൈവം നമ്മെ തന്റെ മക്കൾ ആക്കിത്തീർക്കുകയും അതിലൂടെ "പിതാവ്" എന്ന് തന്നെ വിളിക്കുക നമുക്ക് സാധ്യമാക്കിത്തരികയും ചെയ്ത പ്രക്രിയയെയാണ് "ദത്തെടുക്കൽ" എന്ന് ബൈബിൾ വിളിക്കുന്നത്. നമുക്ക് അനുഭവിക്കുവാൻ സാധ്യമായ ഏറ്റവും വലിയ ഭാഗ്യപദവി ദത്തെടുക്കൽ ആണ്. അത് നീതീകരണത്തേക്കാൾ ഉന്നതമാണ്. ഞാൻ വിശദീകരിക്കട്ടെ.

നാം പാപക്ഷമ നേടുന്ന ആ നിമിഷംതന്നെ നീതീകരണം നടക്കുന്നു. അപ്പോഴാണ്, വിശുദ്ധനായ ദൈവത്തിന്റെ മുമ്പാകെ മരണശിക്ഷയ്കു വിധിക്കപ്പെട്ടവനായി നിൽക്കുന്ന കുറ്റക്കാരനായ ഒരു പാപി, പാപങ്ങളിൽ നിന്ന് മാനസാന്തരപ്പെടുകയും യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിക്കുകയും ചെയ്യുന്നു എന്ന കാരണത്താൽ, പാപത്തിൽ നിന്നും കുറ്റത്തിൽ നിന്നും സ്വതന്ത്രനാകുന്നത്. *നീതീകരണം എന്നത് മറ്റെല്ലാ അനുഗ്രഹങ്ങളുടേയും അടിസ്ഥാനമാണ് കാരണം, അത് നമ്മുടെ പ്രാഥമിക ആത്മീയ ആവശ്യത്തെ നിറവേറ്റുന്നു.* എന്നിരുന്നാലും, അത് നമ്മുടെ ഏറ്റവും ഉത്തമമായ അനുഗ്രഹമല്ല. എന്തുകൊണ്ട്? ദൈവത്തെ ന്യായാധിപതിയായി വീക്ഷിക്കുന്ന നിയമപരമായ പദമാണ് നീതീകരണം എന്നത്. അത് ദൈവത്തിന്റെ വിശുദ്ധ നിയമത്തിനു മുമ്പാകെ നമ്മുടെ നിൽപ്പ് സംബന്ധിച്ചുള്ളതാണ്. മറിച്ച്, ദത്തെടുക്കൽ എന്നത് കുടുംബത്തെ സംബന്ധിച്ചുള്ള ആശയമാണ്. ദത്തെടുക്കലിൽ "ദൈവം നമ്മെ തന്റെ കുടുംബത്തിലെ അംഗങ്ങളാക്കിത്തീർക്കുന്നു." ദത്തെടുക്കൽ ദൈവത്തെ പിതാവായി വീക്ഷിക്കുന്നു. അടുപ്പം വാത്സല്യം, ഔദാര്യം എന്നിവയാണ് അത് സൂചിപ്പിക്കുന്നത്. "ദൈവം എന്ന ന്യായായധിപതിയുമായി നല്ല ബന്ധം ഉണ്ടാകുക എന്നത് ഒരു വലിയ കാര്യമാണ്. എന്നാൽ, ദൈവം എന്ന പിതാവിനാൽ സ്നേഹിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുക എന്നത് അതിനേക്കാൾ വലിയ കാര്യമാണ്." ഒരുപക്ഷെ, ഈ ആശയം കൂടുതൽ മെച്ചമായി മനസ്സി

ലാക്കുവാൻ താഴെക്കൊടുത്തിരിക്കുന്ന ചിത്രീകരണം നമ്മെ സഹായിക്കും:

നിങ്ങളുടെ മകനെ മറ്റൊരാൾ കൊല്ലുകയും തത്ഫലമായി മരണശിക്ഷയ്കു വിധിക്കപ്പെട്ട് അയാൾ ജയിലിൽ അടയ്കപ്പെടുകയും ചെയ്തുവെന്നു കരുതുക. നിങ്ങൾ അയാളോട് ക്ഷമിക്കുകയും അയാളെ സ്വതന്ത്രനാക്കുകയും ചെയ്യുന്നു. അതുതന്നെ ഒരു വലിയ കാര്യമാണ്. എന്നാൽ, നിങ്ങൾ അവിടംകൊണ്ട് നിർത്തുന്നില്ല. അയാൾ ജയിലിൽ നിന്നും മോചിതനായശേഷം നിങ്ങൾ അയാളെ ദത്തെടുക്കുകയും നിങ്ങളുടെ മകന് ഉണ്ടായിരുന്ന എല്ലാ അവകാശങ്ങളും അയാൾക്കു നൽകുകയും ചെയ്യുന്നു! അത് എങ്ങനെയുണ്ട്? നിങ്ങൾക്ക് ഭ്രാന്താണെന്ന് ആളുകൾ പറയും! എന്നാൽ, അത് നിങ്ങളുടെ സ്നേഹത്തിന്റെയും നിങ്ങളുടെ പ്രിയമകനെ കൊലപ്പെടുത്തിയവൻ അനുഭവിക്കുന്ന അനുഗ്രഹങ്ങളുടെയും ഔന്നത്യമാണ് കാണിക്കുന്നത്.

നീതീകരണത്തിന്റെയും ദത്തെടുക്കലിന്റെയും ബൈബിൾപരമായ ചിത്രീകരണമല്ലേ അത്? ദൈവത്തിന് നീതീകരണംകൊണ്ട് അവസാനിപ്പിക്കാമായിരുന്നു. എന്നാൽ, അങ്ങനെ ചെയ്തില്ല. നീതീകരണം എന്ന അനുഗ്രഹത്തിനു മീതെ അതിനേക്കാൾ മെച്ചപ്പെട്ട ഒന്ന് – നമ്മെ തന്റെ പുത്രന്മാരും പുത്രിമാരും ആക്കിത്തീർക്കുന്ന ദത്തെടുക്കൽ എന്ന അനുഗ്രഹം ദൈവം നമുക്കു നൽകി! അതുകൊണ്ടാണ് ദത്തെടുക്കൽ നീതീകരണത്തേക്കാൾ കൂടുതൽ അവിശ്വസനീയമായിരിക്കുന്നത്. ദത്തെടുക്കലിലൂടെയാണ് ദൈവത്തിന്റെ പിതൃത്വം വളരെ വ്യക്തമായി പ്രകടമായിരിക്കുന്നത്.

ദൈവം പിതാവാണ് എന്ന ആശയം പഴയ നിയമത്തിലും ഉണ്ടായിരുന്നു (പുറപ്പാട് 4:22; സങ്കീർത്തനം 103:13; യെശയ്യാവ് 64:8). എന്നിരുന്നാലും, പുതിയ നിയമത്തിൽ, ദത്തെടുക്കൽ എന്ന ആശയം കൂടുതൽ വ്യക്തമായി നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നതിനാൽ ദൈവത്തിന്റെ പിതൃത്വം അതിന്റെ പൂർണ്ണ അർഥത്തിൽ നാം കാണുന്നു. ദത്തെടുക്കൽ എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന പദം 5 തവണ കാണപ്പെടുന്നു. അഞ്ചുതവണയും പൗലോസിന്റെ ലേഖനങ്ങളിലാണ് അത് കാണപ്പെടുന്നത് (റോമർ 8:15, 23, 9:4; ഗലാത്യർ 4:5; എഫേസ്യർ 1:5). പഴയ നിയമ കാലത്തെ അപേക്ഷിച്ച് (ഫറവോന്റെ പുത്രി മോശെയെ ദത്തെടുത്തു എന്നിരുന്നാലും) പുതിയ നിയമകാലത്ത് ദത്തെടുക്കൽ സർവ്വസാധാരണമായിരുന്നതിനാൽ പൗലോസിന്റെ വായനക്കാർ ഇത് വ്യക്തമായി മനസ്സിലാക്കിയിരിക്കണം. റോമൻ കാലഘട്ടത്തിൽ സമ്പന്നർ പലരും അനുയോജ്യരും തങ്ങളുടെ കുടുംബപ്പേര് തുടർ

ന്നുകൊണ്ടുപോകുവാൻ സാധിക്കുന്നവരുമായ ചെറുപ്പക്കാരെ ദത്തെടുക്കുന്ന പതിവ് സർവ്വസാധാരണമായിരുന്നു. കൈസർമാരിൽ പലരും ഈ സമ്പ്രദായം പിന്തുടർന്നിരുന്നു.

എന്നാൽ, ദൈവത്തിന്റെ ദത്തെടുക്കൽ മനുഷ്യന്റെ ദത്തെടുക്കലിനെക്കാൾ ഉന്നതവും വ്യത്യസ്തവുമാണ്. ദൈവം നമ്മെ ദത്തെടുത്തത് ദൈവത്തിന് ആവശ്യമുണ്ടായിരുന്നതുകൊണ്ടോ തനിക്കു പ്രയോജനപ്പെടുന്ന എന്തെങ്കിലും നമ്മിൽ കണ്ടതുകൊണ്ടോ *അല്ല*. ദൈവം നമ്മിൽ കണ്ടത് തന്നോടു പുറംതിരിഞ്ഞു നിൽക്കുന്ന മത്സരികളെ മാത്രമാണ്. എന്നിട്ടും, ദൈവം നമ്മെ ദത്തെടുത്തു. കാരണം, തികഞ്ഞ സ്നേഹത്തിൽ നിന്നും, അപ്രകാരം ചെയ്യുവാൻ ദൈവം തീരുമാനിച്ചു (എഫേസ്യർ 1:4-5). അത്തരത്തിലുള്ള സ്നേഹം ഭാവനാതീതമാണ്! യോഹന്നാൻ 17:26, -ൽ യേശുവിന്റെ ആഗ്രഹം, പിതാവ് തന്റെ പുത്രനെ സ്നേഹിക്കുന്ന അതേ സ്നേഹത്താൽ, തന്നെ അനുഗമിക്കുന്നവരെ പിതാവ് സ്നേഹിക്കണമെന്നായിരുന്നു. "നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവരിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു; ഇനിയും വെളിപ്പെടുത്തും." ദൈവിക കുടുംബത്തിൽ വേർതിരിവുകളില്ല. യേശു സ്നേഹിക്കപ്പെട്ടതുപോലെ നാമും സ്നേഹിക്കപ്പെടുന്നു! അപ്പോസ്തലനായ യോഹന്നാൻ സ്തുതിച്ചുകൊണ്ട് പറയുന്നതിൽ അത്ഭുതമില്ല, "കാണ്മിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു!" (1 യോഹന്നാൻ 3:1)

നമ്മുടെ ദത്തെടുക്കൽ സാധ്യമാക്കിയ, അപ്രകാരമുള്ള സ്നേഹം കുറഞ്ഞപക്ഷം നാല് പ്രായോഗിക പ്രയോജനങ്ങൾ ഉളവാക്കുന്നു.

## 1. ദൈവത്തെ നമ്മുടെ പിതാവ് എന്നു വിളിക്കുവാൻ ദത്തെടുക്കൽ നമ്മെ പ്രാപ്തരാക്കുന്നു

യേശു ദൈവത്തെ തന്റെ പിതാവ് എന്ന് അഭിസംബോധന ചെയ്യുമ്പോൾ "അബ്ബാ, പിതാവ്" എന്ന പദപ്രയോഗം ഉപയോഗിച്ചു (മർക്കോസ് 14:36). ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്താൽ വിശ്വാസികൾക്കും ദൈവത്തെ "അബ്ബാ, പിതാവേ" എന്നു വിളിക്കുക സാധ്യമാണ് (ഗലാത്യർ 4:6). നിത്യതയിലുടനീളം നിലനിൽക്കുന്ന മഹത്വകരമായ ഒരു പുതിയ ബന്ധം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. നാം സ്നേഹിക്കപ്പെടുകയും പരിപാലിക്കപ്പെടു

കയും ചെയ്യുന്നു. നമ്മുടെ അതിശയവാനായ സ്വർഗ്ഗീയ പിതാവിൽ നിന്നും നാം ഒരിക്കലും വേർപെടുകയുമില്ല!

## 2. നമ്മുടെ പ്രാർഥനാജീവിതത്തെ ദത്തെടുക്കൽ സമ്പന്നമാക്കുന്നു

നാം പ്രാർഥിക്കുമ്പോൾ ദൈവത്തെ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നു വിളിക്കുവാൻ യേശു നമ്മെ പഠിപ്പിച്ചു (മത്തായി 6:9). ദൈവം നമുക്കായി കരുതുന്നതിനാൽ നമ്മുടെ പിതാവായ ദൈവത്തെ നമ്മുടെ എല്ലാ ആവശ്യങ്ങളോടെയും സമീപിക്കുവാൻ ഈ അടുപ്പം നമ്മെ പ്രാപ്തരാക്കുന്നു. നമുക്ക് ആകുലതയിൽ നിന്നും വിമുക്തരാകാം. നമുക്ക് കുറ്റബോധത്തിൽ നിന്നും സ്വതന്ത്രരാകാം. നമ്മുടെ പാപങ്ങളെ ഏറ്റുപറയുമ്പോൾ ദൈവം നമ്മുടെ സകല പാപങ്ങളെയും ക്ഷമിക്കുന്നു. നമ്മുടെ സ്നേഹവാനായ പിതാവ് തന്റെ മക്കളുടെ പ്രാർഥനകൾ എല്ലായ്പോഴും കേൾക്കുകയും തന്റെ ഹിതത്തിനും പ്രസാദത്തിനും അനുസൃതമായി ഉത്തരം നൽകുകയും ചെയ്യുന്നു.

## 3. ഭാവി സംബന്ധിച്ചുള്ള നമ്മുടെ പ്രത്യാശയെ ദത്തെടുക്കൽ പ്രബലപ്പെടുത്തുന്നു

റോമർ 8:23 -ൽ പൗലോസ് നമ്മോടു പറയുന്നു, "ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിന്നു കാത്തുകൊണ്ടു ഉള്ളിൽ ഞരങ്ങുന്നു." അദ്ദേഹം തുടർന്നും ഇപ്രകാരം പറയുന്നു, "പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നതു. കാണുന്ന പ്രത്യാശയോ പ്രത്യാശയല്ല; ഒരുത്തൻ കാണുന്നതിന്നായി ഇനി പ്രത്യാശിക്കുന്നതു എന്തിന്നു? നാം കാണാത്തതിന്നായി പ്രത്യാശിക്കുന്നു എങ്കിലോ അതിന്നായി ക്ഷമയോടെ കാത്തിരിക്കുന്നു" (റോമർ 8:24-25). ചുരുക്കത്തിൽ, നമുക്ക് മഹത്വീകരിക്കപ്പെട്ട ശരീരങ്ങൾ ലഭിക്കുമ്പോളാണ് ദത്തെടുക്കലിന്റെ സമ്പൂർണ്ണമായ അനുഭവം ലഭിക്കുന്നത് എന്നാണ് പൗലോസ് പറഞ്ഞത്. വർത്തമാനകാലജീവിതത്തിൽ പ്രയാസങ്ങളെ നേരിടുവാൻ ഈ സത്യം നമ്മെ ഉറച്ച പ്രത്യാശയാൽ നിറയ്കണം. 2 കൊരിന്ത്യർ 1:22 അനുസരിച്ച്, ദൈവം "നമ്മെ മുദ്രയിട്ടും ആത്മാവു എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു." ഭാവിയിൽ നമ്മുടെ മഹതവീകരിക്കപ്പെട്ട ശരീരങ്ങളോടെ നിത്യതയിലുടനീളം നാം കർത്താവിനോടൊപ്പമായിരിക്കും എന്ന വസ്തുതയാണ് "അച്ചാരം" എന്ന പദപ്രയോഗം സൂചിപ്പിക്കുന്നത്. ഈ സത്യവും നമ്മുടെ പ്രത്യാശയെ പ്രബലപ്പെടുത്തുന്നു.

## 4. ദൈവത്താൽ പരിശീലിപ്പിക്കപ്പെടുവാൻ ദത്തെടുക്കൽ നമ്മെ പ്രാപ്തരാക്കുന്നു

എബ്രായർ 12:5-6 ഇപ്രകാരം പറയുന്നു, ""മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുതു; അവൻ ശാസിക്കുമ്പോൾ മുഷികയുമരുതു. കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു." എഴുത്തുകാരൻ വീണ്ടും പറയുന്നു, "നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോടു എന്നപോലെ നിങ്ങളോടു പെരുമാറുന്നു" (എബ്രായർ 12:7). എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ പറയുന്നതിന്റെ ചുരുക്കം, നാം ദൈവത്തിന്റെ മക്കളായതുകൊണ്ടാണ് ദൈവം നമ്മെ ശിക്ഷിക്കുന്നത് എന്നാണ്. അത് നല്ല കാര്യമാണ്! ശിക്ഷ കാണിക്കുന്നത് നാം തന്റെ മക്കളാണ് എന്നാണ്! ശിക്ഷണത്തിന്റെ ഉദ്ദേശ്യം എബ്രായർ 12:10-ൽ പ്രസ്താവിച്ചിരിക്കുന്നു: "നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന്നു നമ്മുടെ ഗുണത്തിന്നായി തന്നേ ശിക്ഷിക്കുന്നതു."

ദത്തെടുക്കലിന്റെ ഈ നാല് പ്രയോജനങ്ങളുടെ (കൂടുതൽ കൂട്ടിച്ചേർക്കാവുന്നതാണ്) വെളിച്ചത്തിൽ നമ്മുടെ പ്രതികരണം എന്തായിരിക്കണം? ഉത്തരം ലളിതമാണ്. "നാം നമ്മുടെ പിതാവിനെ അനുകരിക്കണം." നാം ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരുമാണെങ്കിൽ, നാം കുടുംബസാദൃശ്യം പ്രകടമാക്കണം! അതിനർഥം, നാം വിശുദ്ധിയെ പിന്തുടരണം കാരണം, ദൈവം വിശുദ്ധനാണ് എന്നതാണ് (1 പത്രോസ് 1:15-16). ദൈവം സ്നേഹിക്കുന്നതുപോലെ (എഫേസ്യർ 5:1-2) നാം സ്നേഹിക്കണം, നമ്മുടെ ശത്രുക്കളെയും സ്നേഹിക്കുന്ന സ്നേഹം നമുക്കുണ്ടായിരിക്കണം (മത്തായി 5:44-45). നാം ഒരു കുടുംബമാണ് എന്നത് ദൈവത്തിന്റെ മക്കൾ ഒരിക്കലും മറക്കരുത്. അതുകൊണ്ടാണ്, അവിടെ കയ്പ്, അസൂയ, വഴക്ക് എന്നിവയ്ക് സ്ഥാനമില്ലാത്തത്. നാം അന്യോന്യം സന്തോഷങ്ങളും ദുഃഖങ്ങളും പങ്കുവയ്ക്കുന്നു. എത്രയോ സ്നേഹവാനായ പിതാവാണ് ദൈവത്തിൽ നമുക്കുള്ളത്. എത്രയോ മഹത്വകരമായ ഭാവിയാണ് നമുക്കുള്ളത്! നമ്മുടെ പിതാവിനെ അനുകരിക്കുന്നതിനുള്ള നമ്മുടെ വിശുദ്ധ തീരുമാനത്തെ ഈ സത്യങ്ങൾ ശക്തിപ്പെടുത്തും എന്ന് ഞാൻ വിശ്വസിക്കുന്നു!

നിങ്ങൾ ഇനിയും ദൈവത്തിന്റെ പൈതൽ ആയിട്ടില്ല, ഇനിയും ദൈവത്തെ നിങ്ങളുടെ പിതാവ് എന്നു വിളിക്കുവാൻ സാധിക്കുന്നില്ല എങ്കിൽ, ഇന്ന് ആ പ്രശ്നത്തിന് പരിഹാരം വരുത്തുന്നതിനുള്ള നല്ല ദിനമായിരിക്കും. നിങ്ങളുടെ പാപങ്ങളിൽ നിന്ന് പിന്തിരിയുകയും ക്രിസ്തുവിനെ നിങ്ങളുടെ കർത്താവും രക്ഷി

താവുമായി സ്വീകരിക്കുകയും ചെയ്തുകൊണ്ട് നിങ്ങൾക്ക് ദൈവത്തിന്റെ കുടുംബത്തിലേയ്ക് ദത്തെടുക്കപ്പെടാവുന്നതാണ്. ഒരിക്കൽക്കൂടി ഞാൻ നിങ്ങളെ യോഹന്നാൻ 1:12 ഓർമ്മിപ്പിക്കട്ടെ, "അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു." നിങ്ങൾ യേശുവിൽ വിശ്വാസം അർപ്പിക്കുമ്പോൾ, മകൻ അല്ലെങ്കിൽ മകൾ ആയി ദൈവത്തിന്റെ കുടുംബത്തിലേയ്ക് സ്വാഗതം ചെയ്യപ്പെടും. അതിനുശേഷം, ദത്തെടുക്കലിന്റെ സകല അനുഗ്രഹങ്ങളും നിങ്ങൾക്ക് അനുഭവിക്കുവാൻ സാധിക്കും! മടിക്കരുത്. ദയവായി വരിക. ദൈവത്തിന് തന്റെ കുടുംബത്തിൽ കൂടുതൽ മക്കളെ ചേർക്കുവാൻ എല്ലായ്പോഴും ഇടമുണ്ട്! മാനുഷിക പിതാക്കന്മാർക്ക് ബലഹീനതകളുണ്ട്, അവർ പലപ്പോഴും പരാജയപ്പെടുന്നു. എന്നാൽ, കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ഏക സ്വർഗ്ഗസ്ഥ പിതാവിന് ബലഹീനകളില്ല. താൻ നിങ്ങളെ ഒരിക്കലും മറക്കുകയില്ല, നിരാശപ്പെടുത്തുകയില്ല. തന്റെ പൂർണ്ണ സ്നേഹത്താൽ നിത്യത മുഴുൻ താൻ നിങ്ങളെ സ്നേഹിക്കും!

## ചർച്ചയ്കുള്ള ചോദ്യങ്ങൾ

1. എപ്രകാരമാണ് ദൈവത്തിന്റെ പിതൃത്വം സംബന്ധിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടിനെ ഈ അധ്യായം സ്വാധീനിച്ചത്?
2. ദൈവത്തിന്റെ ഈ അഭേദ്യഗുണത്തിന്റെ വെളിച്ചത്തിൽ ജീവിതത്തിൽ എന്ത് മാറ്റങ്ങളാണ് നിങ്ങൾക്ക് വരുത്തുവാൻ സാധിക്കുന്നത്?
3. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ പ്രാർഥനകളെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?
4. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ സുവിശേഷീകരണത്തെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?

## ധ്യാന/മനഃപാഠവാക്യം

*റോമർ 8:15 – നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന്നു ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ" എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചതു.*

## പ്രാർഥന

*പിതാവേ, അങ്ങയെ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് വിളിക്കുവാൻ എത്ര വലിയ ഭാഗ്യപദവിയാണ് അങ്ങ് നൽകിയത്. ഈ ഉറ്റബന്ധത്തിനായി നന്ദി. ഞങ്ങളുടെ കർത്താവും രക്ഷകനുമായ യേശു ജീവിച്ചതുപോലെ അവിടുത്തെ മക്കളായി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. അവിടുന്ന് ഞങ്ങളെ ശിക്ഷിക്കുന്ന സമയങ്ങളിൽ അവ സ്വീകരിക്കുവാൻ ഞങ്ങൾക്ക് താഴ്മയുള്ള ആത്മാവിനെ നൽകേണമേ. അങ്ങ് സ്നേഹിക്കുന്ന എല്ലാവരേയും അങ്ങ് ശിക്ഷിക്കുന്നുവെന്നും അത് ഞങ്ങളുടെ നന്മയ്കും അവിടുത്തെ മഹത്വത്തിനുമാണ് എന്നും ഓർമ്മിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ.*

*ആമേൻ!*

## അഭേദ്യഗുണം 6:

# ദൈവത്തിന്റെ സ്നേഹം

*"വ്യക്തികളുടെ അർഹതയോ പ്രതികരണമോ കണക്കാക്കാതെ അവർക്കുവേണ്ടി, ദൈവം തന്നെത്തന്നെയും തന്റെ ദാനങ്ങളേയും സ്വയമേവ, സ്വമനസ്സാലെ, നീതിപൂർവ്വകമായി, നിത്യമായി നൽകുന്നതിനെയാണ്" ദൈവത്തിന്റെ സ്നേഹം എന്നതുകൊണ്ട് അർഥമാക്കുന്നത്.*

ദൈവത്തിന്റെ അഭേദ്യഗുണങ്ങളിൽ ഏറ്റവുമധികം അറിയപ്പെടുന്നതും കൂടെക്കൂടെ ചർച്ച ചെയ്യപ്പെടുന്നതുമായ ഗുണം ദൈവത്തിന്റെ സ്നേഹം ആണ്. 1 യോഹന്നാൻ 4:8ൽ "ദൈവം സ്നേഹം ആകുന്നു" എന്ന് നാം വായിക്കുന്നു. 1 യോഹന്നാൻ 4:16 –ലും അതു തന്നെ ആവർത്തിച്ചിരിക്കുന്നു. ദൈവത്തിന് സ്നേഹം ഉണ്ട് എന്നല്ല, ദൈവം *സ്നേഹമാണ്* എന്നാണ് പറഞ്ഞിരിക്കുന്നത് എന്നത് ശ്രദ്ധാപൂർവ്വം കാണുക. സ്നേഹം എന്നത് ദൈവത്തിന്റെ അഭേദ്യഗുണങ്ങളിൽ ഒന്ന് മാത്ര മല്ല. പിന്നെയോ, സ്നേഹം ദൈവത്തിന്റെ സ്വഭാവംതന്നെയാണ്. കരുണ, നന്മ, ക്ഷമ, കൃപ എന്നിങ്ങനെയുള്ള ദൈവത്തിന്റെ മറ്റ് അഭേദ്യഗുണങ്ങൾ സ്നേഹത്തോട് വളരെ അടുത്ത ബന്ധമുള്ള വയാണ് കാരണം, അവ ദൈവത്തിന്റെ സ്നേഹത്തിൽ നിന്നും ഉളവാകുന്നവയാണ്. ദൈവത്തിന്റെ സ്നേഹത്തെ നാം കൂടുതൽ മനസ്സിലാക്കുന്തോറും നമ്മുടെ അസ്വസ്ഥമായ ഹൃദയങ്ങൾ സമാധാനം അനുഭവിക്കുകയും ദൈവത്തോടും മറ്റുള്ളവരോ ടുമുള്ള നമ്മുടെ സ്നേഹം വർധിക്കുകയും ചെയ്യും. ആ ലക്ഷ്യം നേടുന്നതിന്, ദൈവത്തിന്റെ സ്നേഹത്തിന്റെ നാല് സുപ്രധാന സ്വഭാവസവിശേഷതകൾ ഈ അധ്യായത്തിൽ നാം കാണുകയും നമ്മുടെ ജീവിതങ്ങൾക്കു വേണ്ടി അവയിൽ നിന്ന് പ്രായോഗിക പാഠങ്ങൾ കണ്ടെത്തുകയും ചെയ്യും.

### സവിശേഷത#1: ദൈവത്തിന്റെ സ്നേഹം സ്വമേധയായുള്ള സ്നേഹമാണ്

നമ്മെ സ്നേഹിക്കുവാൻ അന്നും ഇന്നും യാതൊരു തരത്തിലും ദൈവം നിർബന്ധിതനായിട്ടില്ല. ദൈവം തന്റെ സ്നേഹം നമുക്കു നൽകിയത് സ്നേഹിക്കപ്പെടുവാൻ നാം അർഹരായതുകൊണ്ടല്ല. സത്യത്തിൽ, വാസ്തവം അതിന്റെ നേർ വിപരീതമാണ്.

ദൈവത്തിനെതിരെ വലിയ പാപം ചെയ്ത അയോഗ്യരായ ആളുകളാണ് നാം. എങ്കിലും, ദൈവം തന്റെ സ്നേഹം സ്വമേധയാ, യാതൊരു പരപ്രേരണയും കൂടാതെതന്നെ, നമുക്കായി നൽകി. 1 യോഹന്നാൻ 4:10-ൽ നാം ഇപ്രകാരം വായിക്കുന്നു, "നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു..." പിന്നീട്, 1 യോഹന്നാൻ 4:19-ൽ ഇങ്ങനെ വായിക്കുന്നു, "അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു."

ദൈവത്തിന്റെ സ്വമനസ്സാലെയുള്ള സ്നേഹം പുതിയ നിയമത്തിലെ മാത്രം ആശയമല്ല. പഴയ നിയമത്തിലും ഈ സത്യം പ്രസ്താവിക്കപ്പെട്ടിരിക്കുന്നതായി നാം കാണുന്നു. ആവർത്തനം 7:7-8 -ൽ യിസ്രായേലിനോടുള്ള തന്റെ ഉടമ്പടി സ്നേഹം അവരുടെ യോഗ്യതയിൽ അടിസ്ഥാനപ്പെട്ടതല്ല മറിച്ച്, തന്റെ സ്വമേധയായുള്ള തിരഞ്ഞെടുപ്പിൽ അടിസ്ഥാനപ്പെട്ടതാണ് എന്ന് ദൈവം വിവരിക്കുന്നു: "നിങ്ങൾ സംഖ്യയിൽ സകലജാതികളെക്കാളും പെരുപ്പമുള്ളവരാകകൊണ്ടല്ല യഹോവ നിങ്ങളെ പ്രിയപ്പെട്ടു തിരഞ്ഞെടുത്തതു; നിങ്ങൾ സകലജാതികളെക്കാളും കുറഞ്ഞവരല്ലോ ആയിരുന്നതു. യഹോവ നിങ്ങളെ സ്നേഹിക്കുന്നതുകൊണ്ടും നിങ്ങളുടെ പിതാക്കന്മാരോടു താൻ ചെയ്ത സത്യം പാലിക്കുന്നതുകൊണ്ടും അത്രേ യഹോവ നിങ്ങളെ ബലമുള്ള കയ്യാൽ പുറപ്പെടുവിച്ചു അടിമവീടായ മിസ്രയീമിലെ രാജാവായ ഫറവോന്റെ കയ്യിൽനിന്നു വീണ്ടെടുത്തതു." ലളിതമായി പറഞ്ഞാൽ, ദൈവം യിസ്രായേലിനെ സ്നേഹിച്ചത് താൻ അവരെ സ്നേഹിക്കുവാൻ *തിരഞ്ഞെടുത്തതിനാലാണ്.*

## സവിശേഷത#2: ദൈവത്തിന്റെ സ്നേഹം വിശുദ്ധ സ്നേഹമാണ്

ദൈവത്തിന്റെ സ്നേഹം തന്റെ വിശുദ്ധിയെ ദുർബലമാക്കുന്നില്ല. "ദൈവം സ്നേഹം തന്നേ" (1 യോഹന്നാൻ 4:8) എന്നു പറയുമ്പോൾ അത് "ദൈവം വെളിച്ചം ആകുന്നു" (1 യോഹന്നാൻ 1:5), "ദൈവം നീതിയുള്ള ന്യായാധിപതിയാകുന്നു" (സങ്കീർത്തനം 7:11) എന്നിത്യാദി ദൈവത്തിന്റെ മറ്റ് അഭേദ്യഗുണങ്ങളെ ദുർബലമാക്കുന്നില്ല. യോഹന്നാൻ 3:16 എന്ന പ്രസിദ്ധമായ വാക്യത്തിൽപോലും, "തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം" എന്ന പ്രയോഗം സൂചിപ്പിക്കുന്നപ്രകാരം, പാപത്തിന് പ്രായശ്ചിത്തം വരുത്തുന്നതിന് വ്യവസ്ഥ ഉൾപ്പെടുന്ന വിധത്തിലാണ് ദൈവം ലോകത്തെ സ്നേഹിച്ചത്. ദൈവത്തിന്റെ സ്നേഹം വിശുദ്ധമാണ് എന്നതിനർഥം, തന്റെ മക്കളുടെ ജീവിത്തിലെ പാപത്തെപ്പോലും തനിക്ക് ലഘുവായി കാണുക സാധ്യമല്ല എന്നാണ്. അതുകൊണ്ടാണ്, എബ്രായർ 12:6 12:6 ഇപ്രകാ

രം പ്രസ്താവിക്കുന്നത്, “കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു.” അത്തരത്തിലുള്ള ശിക്ഷണത്തിൽ രോഗവും ചില പ്പോൾ മരണവുംപോലും ഉൾപ്പെട്ടേക്കാം (1 കൊരിന്ത്യർ 11:30)! വിശുദ്ധമായ സ്നേഹത്തിന് പാപത്തിനു നേരേ കണ്ണടയ്കുക സാധ്യമല്ല, വിശുദ്ധസ്നേഹം പാപത്തിനു നേരേ കണ്ണടയ്കുക യില്ല.

ഒരു കൊച്ചുപെൺകുട്ടി അലമാരയിൽ നിന്നും എന്തോ എടുത്തു കഴിച്ചു എന്ന കാരണത്താൽ അവളുടെ മാതാപിതാക്കൾ അവളെ പിടിച്ചു കുലുക്കുകയും അടിയ്കുകയും ചെയ്ത കഥ ഒരിക്കൽ ഒരു വർത്തമാനപത്രം എഴുതി. കുട്ടി മയങ്ങിത്തുട ങ്ങിയപ്പോഴും അവർ നിർത്തിയില്ല, മണിക്കൂറുകളോളം അവളെ അടിക്കുകയും കുലുക്കുകയും ചെയ്യുന്നതു തുടർന്നു. അത്ര ചെറിയ ഒരു കുറ്റത്തിന് നൽകപ്പെട്ട ക്രൂരമായ ശിക്ഷ എന്ന് തോ ന്നിച്ച അത് യഥാർഥത്തിൽ, സ്നേഹത്താൽ നിർബന്ധിക്കപ്പെട്ട ഒന്നായിരുന്നു. ആ കുട്ടി കഴിച്ചത് ഒൻപത് ഉറക്കഗുളികകളായി രുന്നു. അവളുടെ ജീവൻ രക്ഷിക്കുന്നതിനുള്ള ഏക പ്രതീക്ഷ അവളെ ഉറങ്ങാതെ ഉണർത്തിയിരുത്തുകയാണ് എന്ന് ഡോക്ടർ പറഞ്ഞിരുന്നു.

അതുപോലെ, ദൈവം നമ്മെ നയിക്കുന്ന വഴികൾ എല്ലായ്പ പോഴും നമുക്കു മനസ്സിലാകുകയില്ല, എന്നാൽ ദൈവത്തിന്റെ ശിക്ഷണം എല്ലായ്പോഴും സ്നേഹത്തിൽ നിന്ന് ഉത്ഭവിക്കുന്ന താണ് എന്ന ഉറപ്പ് നമുക്ക് ഉണ്ടായിരിക്കുക സാധ്യമാണ്. കാറ്റിന്റെ കഠിന്യം നിർത്തലാക്കുവാൻ ദൈവം തീരുമാനിക്കുന്നില്ല പകരം, അവയിലൂടെ നമ്മെ നയിക്കുകയും വഹിക്കുകയും ചെയ്യുന്നു.

## സവിശേഷത#3: ദൈവത്തിന്റെ സ്നേഹം ത്യാഗപര മായ സ്നേഹമാണ്

അസാമാന്യമായ വില നേരിടുമ്പോൾപോലും ദൈവം തന്റെ സ്നേഹം നൽകുന്നു. വിവാഹദിനത്തിൽ വലിയ വാഗ്ദാനങ്ങൾ നൽകുകയും പിന്നീട്, ദുഃഖകരമാം വിധം മാസങ്ങൾക്കും വർ ഷങ്ങൾക്കു ശേഷം വിവാഹമോചനത്തിൽ എത്തുകയും ചെ യ്യുന്നതുപോലെ, മനുഷ്യരുടെ സ്നേഹം പലപ്പോഴും, വലിയ വാ ക്കുകളും പൊള്ളയായ പ്രവൃത്തികളും നിറഞ്ഞതാണ്. ത്യാഗം സഹിക്കേണ്ടിവരുമ്പോൾ, മാനുഷിക സ്നേഹം, മിക്കപ്പോഴും, തകർന്നടിയുന്നു.

ദൈവത്തിന്റെ സ്നേഹം അങ്ങനെയല്ല. അത് ത്യാഗപരമാണ്. ദൈവത്തിന്റെ ത്യാഗപരമായ സ്നേഹത്തിന്റെ മകുടോദാഹ

രണം കൂടുതൽ വ്യക്തമായി കാണുന്നത് ക്രൂശിലാണ്. അവിടെയാണ് എന്നെയും നിങ്ങളെയും പോലെയുള്ള പാപികൾക്ക് ദൈവം തന്റെ ഏറ്റവും ഉത്കൃഷ്ഠമായമായത്, തന്റെ ഏകജാതനായ പുത്രനെ, കർത്താവായ യേശുക്രിസ്തുവിനെ നൽകിയത്. റോമർ 5:6-8 ൽ നാം ഇപ്രകാരം വായിക്കുന്നു: "നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നേ ക്രിസ്തു തക്കസമയത്തു അഭക്തർക്കുവേണ്ടി മരിച്ചു. നീതിമാന്നുവേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം; ഗുണവാന്നുവേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു." യോഹന്നാൻ 3:16 എന്ന ചിരപരിചിതമായ വാക്യം നമുക്ക് എങ്ങനെ മറക്കുവാൻ സാധിക്കും? "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."

ഫ്രാൻസിൽ, ഒരമ്മ വളരെയധികം സ്നേഹിച്ചിരുന്ന ഒരു യുവാവിന്റെ കഥ ഇപ്രകാരം പറയപ്പെടുന്നു. അയാൾ വളരെ പാപപങ്കിലമായ ജീവിതം നയിച്ചിരുന്നു. വളരെ ദുഷ്ടയായ ഒരു സ്ത്രീയിൽ അയാൾ ആകൃഷ്ടനാകുകയും അവൾ അയാളെ കൂടുതൽ കൂടുതൽ പാപത്തിലേയ്ക് വലിച്ചിഴയ്കുകയും ചെയ്തു. സ്നേഹനിധിയായ അമ്മ അയാളെ പാപത്തിൽ നിന്നും തിരികെ കൊണ്ടുവരുവാൻ ശ്രമിക്കുകയും അത് ആ ദുഷ്ടസ്ത്രീയെ പ്രകോപിപ്പിക്കുകയും ചെയ്തു. ഒരു രാത്രിയിൽ ആ സ്ത്രീ അയാളെ മദ്യം കുടിപ്പിക്കുകയും തന്നെ യഥാർഥമായി സ്നേഹിക്കുന്നില്ല എന്ന് കുറ്റപ്പെടുത്തുകയും ചെയ്തു. അങ്ങനെയല്ല, താൻ ആത്മാർഥമായി സ്നേഹിക്കുന്നു എന്ന് അയാൾ പറഞ്ഞു. പറഞ്ഞത് സത്യമാണെങ്കിൽ, തങ്ങളെ വേർപിരിയ്കുവാൻ ശ്രമിക്കുന്ന അമ്മയെ ഒഴിവാക്കണം എന്ന് അവൾ പറഞ്ഞു.

ആ സ്ത്രിയുടെ വീട്ടിൽ നിന്നും തന്റെ അമ്മ ഉറങ്ങിക്കിടക്കുന്ന വീട്ടിലേയ്ക് അയാൾ ആ രാത്രിയിൽത്തന്നെ ഓടിയെത്തി. അതിക്രൂരമായി അമ്മയെ അടിച്ച് കൊലപ്പെടുത്തുകയും തന്റെ കാമുകിയ്കു നൽകുവാൻ ആ ശരീരത്തിൽ നന്ന് ഹൃദയം പറിച്ചെടുക്കുകയും ചെയ്തു. രക്തം വാർന്നൊലിക്കുന്ന ഹൃദയവുമായി അവളുടെ വീട്ടിലേയ്ക് ഓടുന്നതിനിടയിൽ അയാൾ ഒരു കല്ലിൽ തട്ടി വീണു. ഉടനടി, രക്തമൊലിക്കുന്ന ആ ഹൃദയം നിലവിളിച്ചുകൊണ്ട് ഇപ്രകാരം ചോദിച്ചു, "മോനേ നിനക്ക് എന്തെങ്കിലും പറ്റിയോ?"

എന്നെയും നിങ്ങളെയും പോലെയുള്ള ഘോരപാപികളോട് അത്തരത്തിലുള്ള ത്യാഗപരമായ സ്നേഹമാണ് ദൈവം പ്രകടിപ്പിക്കുന്നത്. ദൈവത്തിന്റെ സ്നേഹത്തെ സംശയിക്കുവാൻ പ്രലോഭിപ്പിക്കപ്പെടുന്ന ഏതു സമയത്തും നാം ക്രൂശിലേയ്ക്കു നോക്കുകയും ദൈവം എത്രമാത്രം നമ്മെ സ്നേഹിക്കുന്നു എന്ന് ഓർമ്മിക്കുകയും ചെയ്യേണ്ടതാണ്. സ്വന്തപുത്രനെ ആദരിക്കാതെ നമുക്കു വേണ്ടി ഏൽപ്പിച്ചുകൊടുത്തവൻ നമ്മെ മറന്നുകളയുമോ (റോമർ 8:32)? നമ്മെ ഉപേക്ഷിച്ചുകളയുമോ? ഒരിക്കലുമില്ല!

## സവിശേഷത#4: ദൈവത്തിന്റെ സ്നേഹം നിത്യസ്നേഹമാണ്

മാനുഷിക സ്നേഹം പലപ്പോഴും ഉയർച്ച താഴ്ചകളുള്ള വൈകാരിക തോന്നലുകളിൽ അടിസ്ഥാനപ്പെട്ടവയാണ്. എന്റെ വികാരങ്ങൾ നന്നായിരിക്കുമ്പോൾ, ഞാൻ നിന്നെ സ്നേഹിക്കും. എന്റെ വികാരങ്ങൾ വീഴ്ചതാഴ്ചകൾ നേരിടുമ്പോൾ, ഞാൻ നിന്നിൽ നിന്നും അകലം പാലിക്കും. നീ എന്നെ സ്നേഹിക്കുകയും ഒരിക്കലും എന്ന നിരാശപ്പെടുത്താതിരിക്കുകയും ചെയ്താൽ, ഞാൻ നിന്നെ സ്നേഹിക്കും. അല്ലാത്തപക്ഷം, എനിക്ക് നിന്നെ സ്നേഹിക്കുക സാധ്യമല്ല.

എന്നാൽ, ദൈവത്തിന്റെ സ്നേഹം അപ്രകാരമല്ല. ദൈവം തന്റെ മനസ്സ് മാറ്റുന്നില്ല. തന്റെ സ്നേഹം എന്നേയ്ക്കും നിലനിൽക്കുന്നതാണ്. ആകാശം സൃഷ്ടിക്കപ്പെടുന്നതിനു മുൻപുതന്നെ ദൈവം നമ്മെ സ്നേഹിച്ചു (എഫേസ്യർ 1:4-5). പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെട്ടതിനു ശേഷവും ദൈവത്തിന്റെ സ്നേഹം നിത്യമായി നിലനിൽക്കും. യിരെമ്യാവിലൂടെ ദൈവം തന്നെ പ്രഖ്യാപിക്കുന്നപ്രകാരം ദൈവത്തിന്റെ സ്നേഹം നിത്യസ്നേഹമാണ്, “നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു” (യിരെമ്യാവ് 31:3). ഈ വാക്യം പ്രാഥമികമായി, യിസ്രായേലിനോടുള്ള ദൈവത്തിന്റെ നിത്യവും തിരഞ്ഞെടുക്കുന്നതുമായ ഉടമ്പടി സ്നേഹത്തെ പരാമർശിക്കുന്നു എങ്കിലും, എക്കാലത്തുമുള്ള എല്ലാ വിശ്വാസികൾക്കും നിയമപ്രകാരം ഇത് പ്രായോഗികമാകുന്നതാണ്. റോമർ 8:38-39, പൗലോസ് പറഞ്ഞു, “മരണത്തിന്നോ ജീവന്നോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാനുള്ളതിന്നോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരി

ക്കുന്നു.” ദൈവത്തിന്റെ സ്നേഹത്തിൽ നിന്നും നമ്മെ വേർപിരിക്കുവാൻ ഭൂമിയിൽ എന്തിനെങ്കിലും സാധിക്കുമോ എന്ന ചോദ്യം പൗലോസ് ചോദിച്ചു (റോമർ 8:35a). അത്തരം ഒരു വേർപാട് സൃഷ്ടിക്കുവാൻ സാധ്യതയുള്ള എല്ലാ ശക്തികളുടെയും പട്ടിക, സകലതും ഉൾപ്പെടുന്ന ഒരു പട്ടിക നിരത്തിക്കൊണ്ട് ആ ചോദ്യത്തിന് *ഇല്ല* എന്ന മാറ്റൊലികൊള്ളുന്ന ഉത്തരം അദ്ദേഹം നൽകുന്നു (റോമർ 8:35-39).

നിശ്ചയമായും, ദൈവത്തിന്റെ സ്നേഹം നിത്യസ്നേഹമാണ്. എത്ര ആശ്വാസപ്രദമായ ചിന്ത! ലോകം മുഴുവനും – നമ്മുടെ ഏറ്റവും പ്രയപ്പെട്ടവരും അടുപ്പമുള്ളവരുമായവർ നമ്മെ വെറുക്കുകയും തള്ളിക്കളയുകയും ചെയ്താൽപോലും, നമുക്ക് ആശ്വാസം നേടുക സാധ്യമാണ്. നമ്മെ സൃഷ്ടിക്കുകയും നമുക്കുവേണ്ടി മരിക്കുവാൻ തന്റെ പുത്രനെ അയയ്കുകയും ചെയ്ത പ്രപഞ്ചത്തിന്റെ രാജാവ് നമ്മെ സ്നേഹിക്കുന്നത് അവസാനപ്പിക്കുകയില്ല. നാം ദയനീയമാംവിധം പരാജയപ്പെടുമ്പോഴും ദൈവം നമ്മെ വെറുക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുകയില്ല. മൂന്നുതവണ യേശുവിനെ തള്ളിപ്പറഞ്ഞുകൊണ്ട് പത്രോസ് ദയനീയമായി പരാജയപ്പെട്ടു. എന്നിട്ടും, യേശു വ്യക്തിപരമായി അവന്റെ അടുക്കൽ എത്തുകയും തന്റെ സ്നേഹത്തിന്റെ ഉറപ്പ് നൽകുകയും ചെയ്തു (യോഹന്നാൻ 21:15-17). നാം അതിതീവ്രമായ പരീക്ഷകൾ നേരിടുമ്പോഴും ദൈവം വിദൂരത്താണ് എന്നോ നമ്മെ മറന്നു എന്നോ തോന്നുമ്പോഴും നമുക്ക് അധൈര്യപ്പെടേണ്ട ആവശ്യമില്ല. ദൈവം നമ്മെ നിത്യസ്നേഹംകൊണ്ട് സ്നേഹിച്ചിരിക്കുന്നു.

ദൈവത്തിന്റെ സ്നേഹത്തിന്റെ മനോഹരമായ നാല് സ്വഭാവസവിശേഷതകൾ നാം കണ്ടുകഴിഞ്ഞു: അത് സ്വമേധയായുള്ളതാണ്, വിശുദ്ധമാണ്, ത്യാഗപരമാണ്, നിത്യമാണ്. ഈ അറിവ് നേടുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന പ്രായോഗിക വശങ്ങൾ എന്തൊക്കെയാണ്? പ്രത്യേകിച്ചും രണ്ട് കാര്യങ്ങളുണ്ട്: **ദൈവത്തോടുള്ള നമ്മുടെ സ്നേഹവും നമ്മുടെ അയൽക്കാരോടുള്ള നമ്മുടെ സ്നേഹവും വർധിക്കണം.**

മത്തായി 22:37-39-ൽ ഏറ്റവും പ്രധാനപ്പെട്ട രണ്ട് കല്പനകൾ യേശു നമ്മെ പഠിപ്പിക്കുന്നു: “‘യേശു അവനോടു: “നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കേണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന രണ്ടാമത്തേതു അതിനോടു സമം: കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം.’” ഇത്

പ്രായോഗികമായി എങ്ങനെ സാധ്യമാകും എന്നത് നമുക്ക് ചുരുക്കമായി കാണാം.

## 1. ദൈവത്തോടുള്ള നമ്മുടെ സ്നേഹം വർധിക്കണം

താഴെപ്പറയുന്ന പ്രായോഗിക മേഖലകളിൽ ദൈവത്തോടുള്ള നമ്മുടെ സ്നേഹം വർധിക്കണം:

*സ്തുതി.* ദൈവത്തിന്റെ സ്നേഹത്തെ ധ്യാനിച്ചപ്പോൾ യോഹന്നാൻ സ്തോത്രസ്തുതികളാൽ പറയുന്നത് ശ്രദ്ധിക്കുക: "കാണ്മിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു" (1 യോഹന്നാൻ 3:1)! ദൈവം തന്റെ വിശുദ്ധിയിൽ വിട്ടുവീഴ്ച വരുത്താതെ നമ്മെ സ്നേഹിച്ചതിന് നാം തുടർമാനമായി ദൈവത്തെ സ്തുതിക്കണം. ദൈവം നമുക്ക് ശിക്ഷണം നൽകുമ്പോൾ നാം പിറുപിറുക്കുകയോ ദൈവത്തോടു കോപിക്കുകയോ ചെയ്യരുത്. അത് നമ്മുടെ നന്മയ്കു വേണ്ടിയാണ്. നാം നമ്മുടെ സകല ചിന്തയിലും പ്രവൃത്തിയിലും വിശുദ്ധിയെ പിന്തുടരണം എന്നാണ് ദൈവത്തിന്റെ വിശുദ്ധ സ്നേഹം നമ്മെ പഠിപ്പിക്കുന്നത്.

*വിശുദ്ധി.* വിശുദ്ധിയെ പിന്തുടരുവാൻ യോഹന്നാൻ നമ്മെ ആഹ്വാനം ചെയ്യുന്നത് എപ്രകാരമാണ് എന്ന് കാണുക: "അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നേ നിർമ്മലീകരിക്കുന്നു" (1 യോഹന്നാൻ 3:3). നാം നികൃഷ്ടരായിരിക്കവെ നമ്മെ സ്നേഹിച്ചവനെ നമുക്ക് എങ്ങനെ വേദനിപ്പിക്കുവാൻ സാധിക്കും?

*തിരുവെഴുത്തുകളും പ്രാർഥനയും.* ബൈബിൾ വായിക്കുകയും (ദൈവത്തിൽ നിന്നും കേൾക്കുക) പ്രാർഥിക്കുകയും (ദൈവത്തോട് സംസാരിക്കുക) ചെയ്യുവാൻ സമയം ചിലവഴിച്ചുകൊണ്ടും നാം ദൈവത്തോടുള്ള നമ്മുടെ സ്നേഹം പ്രകടമാക്കുന്നു.

*ത്യാഗപരമായ കൊടുക്കൽ.* ഏറ്റവും ഉത്കൃഷ്ഠമായതിനെ നമുക്കായി നൽകിയ ത്യാഗപരമായ ദൈവസ്നേഹം ആവശ്യപ്പെടുന്നത്, നാമും ദൈവത്തിന്റെ ഉദ്ദേശ്യത്തിനായി ഉപയോഗിക്കാത വണ്ണം യാതൊന്നിനെയും പിടിച്ചുവയ്കരുത് എന്നതാണ്. നമ്മുടെ പണം, നമ്മുടെ സമയം, നമ്മുടെ വസ്തുവകകൾ എന്നിങ്ങനെ സകലവും ദൈവത്തിന്റേതാണ്. നാം നമ്മോടുതന്നെ ചോദിക്കുക: എന്റെ സമയവും പണവും ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്കായി നൽകുന്നതിൽ **ത്യാഗപരമായ** എന്തെങ്കിലും ഘടകം

ഉൾപ്പെടുന്നുണ്ടോ? ഇല്ല എങ്കിൽ, നാം പശ്ചാത്തപിക്കുകയും ശരിയാംവിധം പ്രതികരിക്കുകയും ചെയ്യണം. 2 ശമുവേൽ 24:24 -ൽ ദാവീദ് ഇപ്രകാരം പറഞ്ഞു, "എനിക്കു ഒന്നും ചെലവില്ലാതെ ഞാൻ എന്റെ ദൈവമായ യഹോവെക്കു ഹോമയാഗം കഴിക്കയില്ല." നാം മറ്റൊരാളെ സ്നേഹിക്കുമ്പോൾ, അതിന്റെ വില നാം കണക്കാക്കാറില്ല. വിലയേറിയ തൈലം യേശുവിന്റെ കാലിൽ ഒഴിച്ചപ്പോൾ മറിയ അതിന്റെ വില കണക്കാക്കിയില്ല (യോഹന്നാൻ 12:3). എന്തുകൊണ്ട്? അവളോടുള്ള യേശുവിന്റെ സ്നേഹത്താൽ പ്രേരിതയായി അതിന്റെ പ്രതികരണമെന്നവണ്ണം അവൾ തന്റെ സ്നേഹത്തെ ത്യാഗപരമായി പ്രകടിപ്പിച്ചു.

**തുടർമാനമായ ആശ്രയം.** കാര്യങ്ങൾ ഇരുണ്ടതായി കാണപ്പെടുമ്പോഴും, എല്ലായ്പോഴും നാം അവനിൽ ആശ്രയിക്കുന്നത് തുടരണം. തന്റെ സ്നേഹത്തിൽ അനവരതം നമ്മെ സ്നേഹിച്ചവൻ നമ്മിൽ നിന്നും അതുതന്നെ അർഹിക്കുന്നു.

## 2. നമ്മുടെ അയൽക്കാരോടുള്ള നമ്മുടെ സ്നേഹം വർധിക്കണം

എഫേസ്യർ 5:1-2 ഇപ്രകാരം പറയുന്നു, "ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ. ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കു വേണ്ടി തന്നെത്താൻ ദൈവത്തിന്നു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ." പിന്നീട്, 1 യോഹന്നാൻ 4:11-12 -ൽ നാം ഇപ്രകാരം വായിക്കുന്നു, "പ്രിയമുള്ളവരേ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു; അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു."

നമ്മുടെ അയൽക്കാരോടുള്ള സ്നേഹത്തിലൂടെ ദൈവത്തിന്റെ സ്നേഹത്തെ അനുകരിക്കുന്നതിനുള്ള ചില മാർഗ്ഗങ്ങൾ ഇവിടെ നൽകുന്നു.

***സ്വമേധയായുള്ള സ്നേഹം.*** നമ്മോടുള്ള ദൈവത്തിന്റെ സ്നേഹം നമ്മുടെ യോഗ്യതയിൽ അടിസ്ഥാനപ്പെട്ടതല്ല എന്നതുപോലെതന്നെയായിരിക്കണം മറ്റുള്ളവരോടുള്ള നമ്മുടെ സ്നേഹവും. നിറം, ഭാഷ, വിദ്യാഭ്യാസം, സമ്പത്ത്, നന്മ എന്നിവ എന്തായിരുന്നാലും നാം അവരെ സ്നേഹിക്കുവാൻ മനസ്സുള്ളവരായിരിക്കണം.

*വിശുദ്ധ സ്നേഹം.* സ്നേഹം "അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു" എന്ന് 1 കൊരിന്ത്യർ 13:6-ൽ നാം വായിക്കുന്നു. ദൈവത്തിന്റെ സ്നേഹത്തെ ഈ പ്രത്യേക രീതിയിൽ നാം അനുകരിക്കണമെങ്കിൽ, മറ്റുള്ളവരോടുള്ള നമ്മുടെ സ്നേഹം അവരുടെ പാപങ്ങളോട് നിസ്സംഗതയോ മൗനമോ പാലിക്കുന്നതാകരുത്. സ്നേഹത്തിൽ നാം അവർക്കു മുന്നറിയിപ്പ് നൽകണം. കൂടാതെ, അവർക്കു ദോഷകരമാകുന്ന യാതൊന്നും നാം അവരോടു ചെയ്യുകയുമരുത്. മറ്റുള്ളവരോടുള്ള നമ്മുടെ വാക്കുകൾ സ്നേഹവും ദയയും ഉള്ളതായിരിക്കണം. മറ്റുള്ളവരെ തകർത്തുകളയുന്നവയല്ല മറിച്ച്, അവരെ പണിതുയർത്തുന്ന വാക്കുകൾ ആയിരിക്കണം നാം എല്ലായ്പോഴും സംസാരിക്കേണ്ടത്. അതിനർഥം, ഭോഷ്ക്, അപവാദം, പരദൂഷണം അല്ലെങ്കിൽ പാപകരമായ സംസാരം എന്നിവ ഉണ്ടായിരിക്കരുത് എന്നാണ് (എഫേസ്യർ 4:29). നമ്മുടെ പ്രവൃത്തികളിലൂടെ അവർക്ക് ഇടർച്ച വരുത്തരുത് എന്നും അതിനർഥമുണ്ട് (1 കൊരിന്ത്യർ 10:31-33).

*ത്യാഗപരമായ സ്നേഹം.* ഇത്തരത്തിലുള്ള ത്യാഗപരമായ സ്നേഹത്തിന്റെ വെളിച്ചത്തിൽ നാം എപ്രകാരം പ്രതികരിക്കണം എന്ന് 1 യോഹന്നാൻ 3:16 -ൽ യോഹന്നാൻ വ്യക്തമാക്കുന്നു: "അവൻ നമുക്കു വേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തു എന്നു അറിഞ്ഞിരിക്കുന്നു; നാമും സഹോദരന്മാർക്കു വേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു." അതിനു ശേഷം, ഈ ത്യാഗപരമായ സ്നേഹത്തെ പ്രായോഗികമായി എപ്രകാരം പ്രകടിപ്പിക്കുവാൻ സാധിക്കും എന്ന് യോഹന്നാൻ 17,18 വാക്യങ്ങളിൽ തുടർന്ന് വിശദമാക്കുന്നു: "എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരന്നു മുട്ടുള്ളതു കണ്ടിട്ടു അവനോടു മനസ്സലിവു കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും? കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കുക."

*നിത്യസ്നേഹം.* നാം പരാജയപ്പെടുമ്പോൾ ദൈവം നമ്മെ സ്നേഹിക്കുന്നത് അവസാനിപ്പിക്കുന്നില്ല എന്നതിനാൽ മറ്റുള്ളവർ പരാജയപ്പെടുമ്പോൾ അവരെ സ്നേഹിക്കുന്നത് അവസാനിപ്പിക്കുക നമുക്കും സാധ്യമല്ല. 1 കൊരിന്ത്യർ 13:4, 7 വാക്യങ്ങളിൽ നമ്മെ ഓർമ്മിപ്പിക്കുന്നു, "സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കയും ചെയ്യുന്നു ... [സ്നേഹം] എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു." നമ്മുടെ സ്നേഹം അപ്രകാരമുള്ള സ്നേഹമാണോ? നമുക്ക് ആരോടെങ്കിലും തണുത്തുറഞ്ഞ

സ്നേഹമുണ്ടോ? ഉണ്ടെങ്കിൽ, അത് പരിഹരിക്കേണ്ട ആവശ്യമുണ്ട്. നിത്യസ്നേഹത്താൽ സ്നേഹിക്കപ്പെട്ടവരാണ് നാം എന്നത് തിരിച്ചറിയുന്നത് മറ്റുള്ളവരെയും അപ്രകാരം സ്നേഹിക്കുവാൻ നമ്മെ പ്രചോദിപ്പിക്കേണ്ടതാണ്.

ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചുള്ള കൂടുതൽ ബോധ്യം നമ്മെ എല്ലായ്പോഴും നമ്മുടെ അയല്ക്കാരെ കൂടുതൽ സ്നേഹിക്കുന്നതിലേയ്ക് നയിക്കണം. നഷ്ടപ്പെട്ടുപോയവരോട് ക്രിസ്തുവിലൂടെ പ്രകടമാക്കിയ ദൈവസ്നേഹത്തെക്കുറിച്ചു പറയുന്നതും അതിൽ ഉൾപ്പെടുന്നു. യഥാർഥത്തിൽ മാറ്റം ഭവിച്ച ഒരു ഹൃദയത്തിന്റെ അഭേദ്യമായ തെളിവാണ് ദൈവത്തെ സ്നേഹിക്കുന്നതും മറ്റുള്ളവരെ സ്നേഹിക്കുന്നതും. ഇതിൽ ഏതെങ്കിലും ഒരു സ്നേഹത്തിന്റെ അഭാവം ഉണ്ടെങ്കിൽ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഇല്ലെന്നും അത് സൂചിപ്പിക്കുന്നത് ഒരുവൻ രക്ഷിക്കപ്പെട്ടിട്ടില്ല എന്നുമാണ്. അതാണ് 1 യോഹന്നാൻ 4:20-ൽ ദൈവം പ്രസ്താവിച്ചിരിക്കുന്നത്, "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറകയും തന്റെ സഹോദരനെ പകെക്കയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്നു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല."

പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു എന്നതിന്റെ വിശ്വസനീയമായ തെളിവാണ് നമ്മുടെ ശത്രുക്കളെയുൾപ്പെടെ, മറ്റുള്ളവരെ സ്നേഹിക്കുന്നതിന് നമുക്കുള്ള അമാനുഷിക ശക്തി. അത് സൂചിപ്പിക്കുന്നത് നാം ദൈവത്തിന്റെ മക്കളാണ് എന്നാണ് (യോഹന്നാൻ 13:34-35). സ്നേഹം ആകുന്ന ദൈവത്തോട് സാദൃശ്യം പുലർത്തുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട്, നമ്മോടുള്ള ദൈവത്തിന്റെ സ്നേഹത്തോട് സദൃശ്യമായ സ്നേഹത്താൽ ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിക്കുന്നതിന് നമ്മെ പഠിപ്പിക്കുവാനും പരിശുദ്ധാത്മാവിലൂടെ ശക്തീകരിക്കുവാനും നാം അവനോട് അപേക്ഷിക്കേണ്ടത് അനിവാര്യമാണ്.

നിങ്ങൾ ഇനിയും ഒരു ക്രിസ്ത്യാനിയായിത്തീർന്നിട്ടില്ല എങ്കിൽ, നിങ്ങളുടെ പാപങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെടുകയും നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനു വേണ്ടി ഉയിർക്കപ്പെടുകയും ചെയ്ത ദൈവപുത്രനായ യേശുക്രിസ്തുവിനെ സ്വീകരിക്കുവാൻ ദൈവം നിങ്ങൾക്കു നൽകുന്ന സ്നേഹനിർഭരമായ വാഗ്ദാനം സ്വീകരിക്കുവാൻ ഞാൻ നിങ്ങളെ ഉത്സാഹിപ്പിക്കുന്നു. യേശുക്രിസ്തുവിലൂടെ ദൈവം വാഗ്ദാനം ചെയ്യുന്ന ദൈവസ്നേഹം രുചിക്കുന്നതുവരെ യഥാർഥ സ്നേഹം എന്താണെന്ന് നിങ്ങൾ

അറിയുന്നില്ല. താഴെക്കൊടുത്തിരിക്കുന്ന വാക്കുകളിലൂടെ യേശുതന്നെ നിങ്ങളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു:

> ***മത്തായി 11:28-30*** *- "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു."*

നിങ്ങൾ വളരെയധികം പാപങ്ങൾ ചെയ്തുവെന്ന് തോന്നുകയും യേശു നിങ്ങളെ സ്വീകരിക്കുമോ എന്ന് സംശയിക്കുകയും ചെയ്യുന്നതിനാൽ തന്റെ അടുക്കലേയ്കു വരുവാനുള്ള യേശുവിന്റെ ക്ഷണത്തെ സ്വീകരിക്കുവാൻ വിസമ്മതിക്കുന്നുവെങ്കിൽ, യേശുവിന്റെ സ്നേഹനിർഭരമായ ഉറപ്പു നൽകുന്ന വാക്കുകൾ ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കട്ടെ: "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല" (യോഹന്നാൻ 6:37). അതുകൊണ്ട്, ഒട്ടും താമസിയാതെതന്നെ യേശുവിന്റെ അടുക്കലേയ്കു വരികയും തന്റെ നിത്യസ്നേഹം രുചിക്കുകയും ചെയ്യുക. സങ്കീർത്തനം 34:8-ൽ ദാവീദ് പറയുന്നു, "യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ." ദൈവത്തിൽ നിന്നുള്ള ഈ സ്നേഹക്ഷണം നിങ്ങൾ തിരസ്കരിക്കുകയാണെങ്കിൽ, സ്നേഹം എന്താണെന്ന് നിത്യതയിൽ ഒരിക്കലും മനസ്സിലാക്കുവാൻ നിങ്ങൾക്കു സാധിക്കാത്ത സമയം വന്നെത്തും! സുബോധത്തോടെ നിത്യതയിൽ മുഴുവൻ നിങ്ങൾ അനുഭവിക്കുവാൻ പോകുന്നത് ദൈവത്തിന്റെ ഭയാനകമായ ക്രോധം മാത്രമായിരിക്കും.

## ചർച്ചയ്കുള്ള ചോദ്യങ്ങൾ

1. ദൈവത്തിന്റെ സ്നേഹം സംബന്ധിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടിനെ ഈ അധ്യായം എപ്രകാരമാണ് സ്വാധീനിച്ചത്?
2. ദൈവത്തിന്റെ ഈ അഭേദ്യഗുണത്തിന്റെ വെളിച്ചത്തിൽ നിങ്ങളുടെ ജീവിതത്തിൽ എന്തു മാറ്റമാണ് നിങ്ങൾക്കു വരുത്തുവാൻ സാധിച്ചത്?
3. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ പ്രാർഥനകളെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?

4. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ സുവിശേഷീകരണത്തെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?

## ധ്യാന/മനഃപ്പാഠ വാക്യം

***യിരെമ്യാവ് 31:3*** *– യഹോവ ദൂരത്തുനിന്നു എനിക്കു പ്രത്യക്ഷമായി അരുളിച്ചെയ്തതു: നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു.*

## പ്രാർഥന

*കൃപാലുവായ കർത്താവേ,*

*സ്നേഹമാണവിടുത്തെ നാമം,*

*സ്നേഹത്തിൽ എന്റെ പ്രാർഥന കൈക്കൊള്ളേണമേ.*

*വിശാലസാഗരത്തിലെ മണലിനെക്കാളധിമാകുന്നു എൻ പാപങ്ങൾ,*

*എന്നാൽ പാപം പെരുകുന്നിടത്ത്*

*നിൻ കൃപ അത്യധികമല്ലോ.*

*അവിടുത്തെ പ്രിയസുതന്റെ കുരിശിലേയ്കു നോക്കി*

*പ്രായശ്ചിത്ത നിണത്തിന്റെ അമൂല്യത ഞാൻ കാണുന്നു;*

*ഒരിക്കലും നിലയ്കാത്ത മധ്യസ്ഥതയും*

*നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു, സന്തോഷത്തോടെ സമാധാനത്തോടെ വസിക്കുക 'എന്ന്*

*എന്റെ ഹൃദയത്തോട് മന്ത്രിക്കുന്ന സ്വരവും ഞാൻ ശ്രവിപ്പൂ ...*

*ഞാൻ ചോദിക്കാതെ, നീ നൽകിയെനിക്ക്*

*അമൂല്യമാം സമ്മാനം, നിൻ സുതനാമവനെ,*

*അവനിൽ എനിക്കായ് സകലവും നൽകും നീ, എൻ ആവശ്യങ്ങൾ ആകെയും.*

## അഭേദ്യഗുണം 7:

# ദൈവത്തിന്റെ ജ്ഞാനം

*ദൈവത്തിന്റെ സർവ്വജ്ഞാനം എന്നാൽ, സകലതും അറിയുന്നതിനുള്ള തന്റെ കഴിവിനേയും തന്നെത്തന്നെ ഏറ്റവുമധികം മഹത്വപ്പെടുത്തുവാൻ ഏറ്റവും ഉത്തമവും ഉന്നതവുമായ ലക്ഷ്യങ്ങളും അവ നടപ്പിലാക്കുവാൻ ആവശ്യമായ ഏറ്റവും ഉത്തമമായ ഉപാധികളും തിരഞ്ഞെടുക്കുന്നതിനുള്ള കഴിവിനേയുമാണ് അർഥമാക്കുന്നത്.*

ദൈവത്തിന്റെ ജ്ഞാനം എന്നത് ഒമ്നിസാപിയൻസ് അഥവാ ദൈവത്തിന്റെ സർവ്വജ്ഞാനം എന്നും അറിയപ്പെടുന്നു (ലാറ്റിൻ ഭാഷയിൽ ഒമ്നി എന്നാൽ "സർവ്വം", സാപിയന്റ് എന്നാൽ "ജ്ഞാനമുള്ള" എന്നുമാണ്). അപ്പോസ്തല നായ പൗലോസ്, റോമർക്ക് എഴുതിയ ലേഖനത്തിന്റെ അവസാനം, ഇപ്രകാരം എഴുതുന്നു, "ഏകജ്ഞാനിയായ ദൈവത്തിന്നു യേശു ക്രിസ്തു മുഖാന്തരം എന്നെന്നേയ്കും മഹത്വം ഉണ്ടാകുമാറാ കട്ടെ. ആമേൻ" (റോമർ 16:26). ദൈവത്തെ "ഏകജ്ഞാനിയായ ദൈവം എന്ന് പൗലോസ് വിശേഷിപ്പിച്ചത് നിങ്ങൾ ശ്രദ്ധിച്ചുവോ"? അതിനു മുൻപ് റോമർ 11:33-ൽ ദൈവത്തെ തന്റെ ജ്ഞാനവും അറിവും നിമിത്തം പൗലോസ് വിശേഷിപ്പിക്കുന്നത് ഈ വിധത്തി ലാണ്: "ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം (ഒമ്നിസാപിയൻസ്), അറിവു (ഒമ്നിഷ്യൻസ്) എന്നിവയുടെ ആഴമേ! അവന്റെ ന്യായവി ധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോച രവും ആകുന്നു!"

ദൈവത്തിന്റെ മറ്റേതൊരു അഭേദ്യഗുണവും പോലെതന്നെ, ഈ അഭേദ്യഗുണവും നമുക്ക് പൂർണ്ണമായി മനസ്സിലാക്കുക സാധ്യമല്ല എങ്കിലും, നാല് ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക് ഉത്തരം കണ്ടെത്തുകയും ചെയ്തുകൊണ്ട് അവയെ കൂടുതൽ നന്നായി മനസ്സിലാക്കുവാൻ നാം ശ്രമിക്കുന്നതാണ്:

1. എന്താണ് ദൈവത്തിന്റെ ജ്ഞാനം?
2. എപ്രകാരമാണ് ദൈവം തന്റെ ജ്ഞാനം പ്രദർശിപ്പിക്കു ന്നത്?

3. എപ്രകാരമാണ് ദൈവം തന്റെ ജ്ഞാനം നമ്മെ അറിയിക്കുന്നത്?
4. എപ്രകാരമാണ് നാം ദൈവത്തിന്റെ ജ്ഞാനത്തിൽ വളരുന്നു എന്ന് നമുക്ക് അറിയുവാൻ സാധിക്കുന്നത്?

## 1. എന്താണ് ദൈവത്തിന്റെ ജ്ഞാനം?

ഒരുവന് എന്ത് അറിയാം എന്നതാണ് അറിവ് എന്നതുകൊണ്ട് അർഥമാക്കുന്നത്. ആ അറിവിന്റെ പ്രയോഗത്തെയാണ് ജ്ഞാനം എന്നതിനാൽ അർഥമാക്കുന്നത്. ബൈബിളിൽ ജ്ഞാനത്തിന് ബൗദ്ധികവും ധാർമ്മികവുമായ സ്വഭാവമുണ്ട്. അതുകൊണ്ട്, ദൈവത്തെ ജ്ഞാനിയായി ബൈബിൾ വിശേഷിപ്പിക്കുമ്പോൾ, അർഥമാക്കുന്നത് ഇതാണ്: സകലതും അറിയുന്ന (ബൗദ്ധികമായ വശം) ദൈവത്തിന്, തന്നെത്തന്നെ ഏറ്റവുമധികം മഹത്വപ്പെടുത്തുവാൻ, ഏറ്റവും ഉത്തമവും ഉന്നതവുമായ ലക്ഷ്യങ്ങളും (ധാർമ്മിക വശം) അവ നടപ്പിലാക്കുവാൻ ആവശ്യമായ ഏറ്റവും ഉത്തമമായ ഉപാധികളും (ധാർമ്മിക വശം) തിരഞ്ഞെടുക്കുന്നതിനുള്ള കഴിവുണ്ട്.

മറ്റൊരു തരത്തിൽ പറഞ്ഞാൽ, ദൈവത്തിന്റെ ജ്ഞാനം എന്നത് ദൈവത്തിന്റെ അറിവിന്റെ പ്രായോഗികവശമാണ്. അറിവ് പ്രയോഗത്തിൽ വരുമ്പോൾ, തന്നത്താൻ ഏറ്റവുമധികം മഹത്വപ്പെടുത്തുന്ന വിധത്തിൽ തന്റെ ആഗ്രഹങ്ങൾ നടപ്പിലാകുന്നു. ദൈവം തന്റെ ജ്ഞാനത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചവ എന്തൊക്കെയായാലും അത് അപ്രകാരംതന്നെ ചെയ്യും. കാരണം, അത് ചെയ്യുന്നതിനുള്ള ശക്തി ദൈവത്തിനുണ്ട്. ഓർമ്മിക്കുക, ദൈവം സർവ്വശക്തനാണ്. “ദൈവത്തിന്റെ ശക്തി” എന്ന അധ്യായത്തിൽ നാം കണ്ടതുപോലെ, സകല ശക്തിയും ദൈവത്തിനുണ്ട്. അതുകൊണ്ടാണ്, തിരുവെഴുത്തുകൾ പലപ്പോഴും ദൈവത്തിന്റെ ജ്ഞാനത്തെ ദൈവത്തിന്റെ ശക്തിയുമായി ബന്ധപ്പെടുത്തുന്നത്. ഏതാനം ചില വ്യക്തമായ ഉദാഹരണങ്ങൾ ഇതാ:

> ***ഇയ്യോബ് 9:4*** *– അവൻ ജ്ഞാനിയും മഹാശക്തനുമാകുന്നു; അവനോടു, ശഠിച്ചിട്ടു ഹാനിവരാത്തവൻ ആർ?*

> ***ദാനിയേൽ 2:20*** *– ദൈവത്തിന്റെ നാമം എന്നും എന്നേക്കും സ്തുതിക്കപ്പെടുമാറാകട്ടെ; ജ്ഞാനവും ബലവും അവന്നുള്ളതല്ലോ.*

> ***റോമർ 16:24-26*** *– പൂർവ്വകാലങ്ങളിൽ മറഞ്ഞിരുന്നിട്ടു ഇപ്പോൾ വെളിപ്പെട്ടുവന്നതും നിത്യദൈവത്തിന്റെ നിയോ*

> *ഗപ്രകാരം സകലജാതികൾക്കും വിശ്വാസത്തിന്റെ അനുസരണത്തിന്നായി പ്രവാചകന്മാരുടെ എഴുത്തുകളാൽ അറിയിച്ചിരിക്കുന്നതുമായ മർമ്മത്തിന്റെ വെളിപ്പാടിന്നു അനുസരണമായുള്ള എന്റെ സുവിശേഷത്തിന്നും യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗത്തിന്നും ഒത്തവണ്ണം നിങ്ങളെ സ്ഥിരപ്പെടുത്തുവാൻ കഴിയുന്ന ഏകജ്ഞാനിയായ ദൈവത്തിന്നു യേശുക്രിസ്തുമുഖാന്തരം എന്നെന്നേക്കും മഹത്വം ഉണ്ടാകുമാറാകട്ടെ. ആമേൻ.*

തന്നത്താൻ മഹത്വപ്പെടുത്തുവാൻ ഏറ്റവും ഉത്തമവും ഉന്നതവുമായ ലക്ഷ്യങ്ങളും അവ നടപ്പിലാക്കുവാൻ ഏറ്റവും ഉത്തമമായ ഉപാധികളും തിരഞ്ഞെടുക്കുവാൻ കഴിവുള്ള സകലതും അറിയുന്ന ദൈവം എന്നാണ് ദൈവത്തിന്റെ ജ്ഞാനം (അഥവാ, ശക്തി) എന്നതുകൊണ്ട് അർഥമാക്കുന്നത്!

## 2. എപ്രകാരമാണ് ദൈവം തന്റെ ജ്ഞാനം പ്രദർശിപ്പിക്കുന്നത്?

കുറഞ്ഞത് നാല് മേഖലകളിലെങ്കിലും ദൈവത്തിന്റെ ജ്ഞാനം പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നത് നമുക്കു കാണാവുന്നതാണ്.

***സൃഷ്ടിയിൽ.*** സങ്കീർത്തനം 104:24 -ൽ നാം ഇപ്രകാരം വായിക്കുന്നു, "യഹോവേ, നിന്റെ പ്രവൃത്തികൾ എത്ര പെരുകിയിരിക്കുന്നു! ജ്ഞാനത്തോടെ നീ അവയെ ഒക്കെയും ഉണ്ടാക്കിയിരിക്കുന്നു; ഭൂമി നിന്റെ സൃഷ്ടികളാൽ നിറെഞ്ഞിരിക്കുന്നു." സർവ്വപ്രപഞ്ചത്തിന്റെയും ക്രമീകരണവും നമ്മുടെ ശരീരങ്ങൾ സൃഷ്ടിക്കപ്പെട്ട അതുല്യമായ വിധവും ദൈവത്തിന്റെ ജ്ഞാനത്തെ വ്യക്തമായി പ്രദർശിപ്പിക്കുന്നു.

***വീണ്ടെടുപ്പിൽ.*** 1 കൊരിന്ത്യർ 1:18, 25 വാക്യങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു, "ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു... ദൈവത്തിന്റെ ഭോഷത്വം മനുഷ്യരെക്കാൾ ജ്ഞാനമേറിയതും ദൈവത്തിന്റെ ബലഹീനത മനുഷ്യരെക്കാൾ ബലമേറിയതും ആകുന്നു." ഈ വാക്യങ്ങളിൽ പൗലോസ് പ്രധാനമായും പറയുന്നത് കുരിശിന്റെ സന്ദേശം, വിശ്വസിക്കാത്തവർക്ക് (അതായത്, ഈ ലോകത്തിലെ "ജ്ഞാനി" കൾക്ക്) ഭോഷത്വമാകുന്നു എന്നാണ്. മനുഷ്യരെ രക്ഷിക്കുവാൻ അത്തരത്തിൽ ഒരു മാർഗ്ഗം ആരാണ് ചിന്തിക്കുക? എങ്കിലും, വിശ്വസിക്കുന്നവർക്ക് ഈ സന്ദേശത്തിലൂടെ ദൈവത്തിന്റെ ജ്ഞാനം മനസ്സിലാകുന്നു. "ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിന്" (1 കൊരിന്ത്യർ 1:29) ദൈവം തന്റെ രക്ഷാകരപ്രവൃത്തി

ഈ വിധത്തിൽ (അതായത്, ക്രൂശിനെക്കുറിച്ച് പ്രസംഗിക്കുന്നതിലൂടെ) നടപ്പിലാക്കുന്നു!

***സഭയിൽ.*** നൂറ്റാണ്ടുകളായി വംശീയമായി വിഘടിച്ചിരുന്ന യഹൂദരോടും ജാതികളോടും പൗലോസ് സുവിശേഷം പ്രസംഗിച്ചപ്പോൾ, വിശ്വസിച്ചു എന്ന കാരണത്താൽ, ഈ രണ്ടു വിഭാഗങ്ങളും ക്രിസ്തുവിൽ ഏകശരീരമായിത്തീർന്നു. എഫേസ്യർ 3:6 പറയുന്നു, "അതോ ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നുള്ളതു തന്നേ." ഈ രണ്ട് വിഭാഗങ്ങളെയും ഒരുമിച്ചു കൊണ്ടുവന്നതിലൂടെ ദൈവം തന്റെ ഉദ്ദേശ്യം പൂർത്തീകരിച്ചു: "അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം, അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദിനിർണ്ണയപ്രകാരം സഭമുഖാന്തരം അറിയായ്‌വരുന്നു" (എഫേസ്യർ 3:10-11). വ്യത്യസ്ത വംശീയ, സാംസ്കാരിക, സാമ്പത്തിക പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകൾ ക്രിസ്തുവിൽ ഏകശരീരമായി ഒരുമിച്ചു വരുമ്പോൾ, അവരുടെ ശക്തി ദൂതന്മാരും പിശാചുക്കളുംപോലും കാണുന്നു. അത് ദൈവത്തിന്റെ ജ്ഞാനത്തെ ഗഹനമാംവിധം വെളിപ്പെടുത്തുകയും ആത്യന്തികമായി അത് ദൈവത്തിന് മഹത്വം നൽകുകയും ചെയ്യുന്നു.

***വിശ്വാസികളുടെ ജീവിതത്തിൽ.*** മനുഷ്യർ ഉൾപ്പെടെയുള്ള മുഴുവൻ പ്രപഞ്ചത്തെയും ദൈവം സൃഷ്ടിച്ചപ്പോൾ, അവരിലൂടെ മഹത്വപ്പെടുവാനും ബഹുമാനിക്കപ്പെടുവാനും താൻ ആഗ്രഹിച്ചു. വെളിപ്പാട് 4:11 നമ്മോടു പറയുന്നു, "കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ." മറ്റൊരു തരത്തിൽ പറഞ്ഞാൽ, നമ്മുടെ ഒരേയൊരു നിധിയും സ്നേഹവിഷയവും ദൈവം ആയിരിക്കുവാനാണ് നാം സൃഷ്ടിക്കപ്പെട്ടത്. ദൈവത്തെ നമ്മുടെ പൂർണ്ണഹൃദയത്തോടെയും പൂർണ്ണമനസ്സോടെയും പൂർണ്ണശക്തിയോടെയും സ്നേഹിക്കുകയാണ് നമ്മുടെ അസ്ഥിത്വത്തിന്റെ ഉദ്ദേശ്യം.

എന്നിരുന്നാലും, പാപത്തിന്റെ പ്രവേശനവും അതിന്റെ നാശകരമായ പ്രത്യാഘാതങ്ങളും മൂലം ഈ ഉദ്ദേശ്യം ഒരു കാലയളവിലേയ്ക് തടസ്സപ്പെട്ടു! എങ്കിലും, ദൈവത്തെ താൻ അർഹിക്കുന്ന വിധത്തിൽ സകല സൃഷ്ടിയും മഹത്വപ്പെടുത്തുകയും ബഹുമാനിക്കുകയും ചെയ്യുകയെന്ന ആ ആദിമ ലക്ഷ്യം നടപ്പിലാക്കുവാൻ, സുവിശേഷത്തിലൂടെ സകലത്തിന്റെയുംമേൽ ദൈവം

പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മറ്റെന്തിനെക്കാളും ഉപരിയായി തന്നെ സ്നേഹിക്കുകയും വിലമതിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു ജനതയെ - ദൈവത്തിന്റെ മക്കൾ എന്ന് അറിയപ്പെടുന്ന ജനതയെ - തനിക്കായി രൂപീകരിക്കുക എന്നത് ആ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരുന്നു: അതിൽ ഞാനും നിങ്ങളും ഉൾപ്പെടുന്നു! നാമെല്ലാവരും യേശുക്രിസ്തുവിനെപ്പോലെ ആയിക്കഴിയുമ്പോൾ ആ ലക്ഷ്യം പൂർണ്ണമായി ബോധ്യമാകും. ഒരു വിശ്വാസിയെ സംബന്ധിച്ച് ദൈവത്തിന്റെ ലക്ഷ്യം അതാണ്. അത്യത്ഭുതകരമായ ഈ സത്യത്തെ എടുത്തുകാണിക്കുന്ന ചില വാക്യങ്ങൾ ഇവിടെ നൽകുന്നു.

> ***റോമർ 8:28-29*** *– എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു. അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്നു അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു*

> ***1 കൊരിന്ത്യർ 15:49*** *– നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ സ്വർഗ്ഗീയന്റെ പ്രതിമയും ധരിക്കും.*

> ***ഫിലിപ്പിയർ 3:20-21*** *– നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെനിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ടു നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും.*

അതുകൊണ്ട്, തന്റെ പുത്രനെപ്പോലെ ആയിത്തീരുക എന്ന ആ ആത്യന്തിക യാഥാർഥ്യത്തിന്റെ പൂർത്തീകരണത്തിലേയ്ക് - നമ്മെ എത്തിക്കുവാൻ നമ്മുടെ ജീവിതത്തിലെ സന്തോഷങ്ങളും കഷ്ടതകളും എല്ലാം ദൈവം ഉപയോഗിക്കുന്നു! എന്നാൽ, ഈ സത്യത്തെ മനസ്സിലാക്കുവാൻ പരാജയപ്പെടുമ്പോൾ, നാം ദൈവത്തിന്റെ ഹിതത്തെ സന്തോഷത്തോടെ, പ്രത്യേകിച്ചും കഷ്ടതകൾ നേരിടുമ്പോൾ, സ്വീകരിക്കുകയില്ല! കഷ്ടതയിൽ നിന്നും യേശുവിനു പോലും ഒഴിവ് കിട്ടിയിരുന്നില്ല എന്നത് നാം ഓർമ്മിക്കണം (എബ്രായർ 2:10). അവന്റെ കാൽചുവടുകൾ പിൻപറ്റുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത് (1 യോഹന്നാൻ 2:6)! അതിനാലാണ്, കഷ്ടതകൾ നേരിടുമ്പോൾ നാം നമ്മുടെ ശ്രദ്ധ നഷ്ടപ്പെടുത്താതിരിക്കേണ്ടത്. കഠിനമായ പരീക്ഷകൾ നേരിട്ട

പ്പോഴും ദൈവകൃപയിൽ വിശ്രമിച്ചുകൊണ്ട് അവയോടു പ്രതികരിച്ച പൗലോസിനെപ്പോലെ നാമും പ്രതികരിക്കണം (2 കൊരിന്ത്യർ 12:7-10). നമ്മെ ക്രിസ്തുവിന്റെ രൂപത്തോട് അനുരൂപപ്പെടുത്തിക്കൊണ്ട്, നമ്മുടെ ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും സർവ്വജ്ഞാനിയായ ദൈവം തന്നത്താൻ മഹത്വപ്പെടുത്തുന്നതിനാൽ അവന്റെ വഴികളിൽ നാം വിശ്വസിക്കുകയും നമ്മെ വിധേയപ്പെടുത്തിക്കൊടുക്കുകയും വേണം.

## 3. എപ്രകാരമാണ് ദൈവം തന്റെ ജ്ഞാനം നമ്മെ അറിയിക്കുന്നത്?

ദൈവത്തിന്റെ അഭേദ്യഗുണങ്ങളിൽ ചിലത് പകരാനാവാത്ത ഗുണങ്ങളാണ് (ഉദാഹരണം, സർവ്വശക്തി, സർവ്വജ്ഞാനം, അനശ്വരത്വം എന്നിവ). എന്നാൽ, പകരാൻ സാധിക്കുന്ന അഭേദ്യഗുണമാണ് ജ്ഞാനം. ഇത് നമുക്ക് എപ്രകാരമാണ് അറിയുവാൻ സാധിക്കുന്നത്? ബൈബിൾ അപ്രകാരം പറയുന്നതിനാൽ നമുക്ക് അത് അറിയുക സാധ്യമാണ്! ബൈബിളിലെ അനവധി കല്പനകൾ നമ്മെ ജ്ഞാനത്തിൽ വളരുവാൻ ആഹ്വാനം ചെയ്യുന്നു. സദൃശ്യവാക്യങ്ങൾ എന്ന പുസ്തകത്തിലെ കൂടുതൽ ഭാഗങ്ങളും ഈ സത്യത്തെ പിന്തുണയ്കുന്നു.

> *സദൃശ്യവാക്യങ്ങൾ 1:1-2 – യിസ്രായേൽരാജാവായി ദാവീദിന്റെ മകനായ ശലോമോന്റെ സദൃശവാക്യങ്ങൾ. ജ്ഞാനവും പ്രബോധനവും പ്രാപിപ്പാനും വിവേകവചനങ്ങളെ ഗ്രഹിപ്പാനും...*

> *സദൃശ്യവാക്യങ്ങൾ 4:5 – ജ്ഞാനം സമ്പാദിക്ക: വിവേകം നേടുക; മറക്കരുതു; എന്റെ വചനങ്ങളെ വിട്ടുമാറുകയുമരുതു.*

> *സദൃശ്യവാക്യങ്ങൾ 5:1-2 – മകനേ, വകതിരിവിനെ കാത്തുകൊള്ളേണ്ടതിന്നും നിന്റെ അധരങ്ങൾ പരിജ്ഞാനത്തെ പാലിക്കേണ്ടതിന്നും ജ്ഞാനത്തെ ശ്രദ്ധിച്ചു എന്റെ ബോധത്തിന്നു ചെവി ചായിക്ക.*

സദൃശ്യവാക്യങ്ങൾ മാത്രമല്ല, ബൈബിളിലെ മറ്റ് പുസ്തകങ്ങളും ഇതേ ആശയം പരാമർശിക്കുന്നുണ്ട്.

> *മത്തായി 10:16 – ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ.*

> *എഫേസ്യർ 5:15 – ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ.*

നമുക്ക് ജ്ഞാനം നൽകുവാൻ ദൈവം ആഗ്രഹിക്കുന്നു എന്നത് ഈ തിരുവെഴുത്തുകളിൽ നിന്നും വ്യക്തമാണ്. അങ്ങനെയെങ്കിൽ, നാം എപ്രകാരമാണ് അത് പ്രാപിക്കുന്നത്?

*ഒന്നാമതായി, നമുക്ക് ജ്ഞാനം ആവശ്യമാണെന്ന് നാം തിരിച്ചറിയണം.* നമുക്കുണ്ട് എന്ന് നാം അഭിമാനിക്കുന്ന ജ്ഞാനം (അതായത്, മാനുഷിക ജ്ഞാനം) ദൈവമുമ്പാകെ ഭോഷത്വമാണ്. യഥാർഥ ജ്ഞാനം എന്ന് ബൈബിൾ വിശേഷിപ്പിക്കുന്ന ജ്ഞാനം നമുക്കില്ല എന്നത് താഴ്മയോടെ നാം തിരിച്ചറിയണം. "ഞാൻ സകലമനുഷ്യരിലും മൃഗപ്രായനത്രേ; മാനുഷബുദ്ധി എനിക്കില്ല; ഞാൻ ജ്ഞാനം അഭ്യസിച്ചിട്ടില്ല; പരിശുദ്ധനായവന്റെ പരിജ്ഞാനം എനിക്കില്ല" (സദൃശ്യവാക്യങ്ങൾ 30:2-3) എന്ന് ആഗൂരിനെപ്പോലെ നാമും ദൈവത്തോട് ഏറ്റുപറയുണം.

*രണ്ടാമതായി, തന്നോടു ചോദിക്കുന്നവർക്ക് ദൈവം ജ്ഞാനം നൽകും എന്നത് നാം തിരിച്ചറിയണം.* സദൃശ്യവാക്യങ്ങൾ 2:6 നമുക്ക് ഉറപ്പു നൽകുന്നു, "യഹോവയല്ലോ ജ്ഞാനം നല്കുന്നതു; അവന്റെ വായിൽനിന്നു പരിജ്ഞാനവും വിവേകവും വരുന്നു." പൗലോസ് തന്റെ ലേഖനങ്ങളിൽ മിക്കപ്പോഴും, മറ്റു വിശ്വാസികളുടെ ജീവിതത്തിൽ പരിജ്ഞാനത്തിനു വേണ്ടി പ്രാർഥിച്ചതിൽ അതിശയമില്ല (ഫിലിപ്പിയർ 1:9-11; കൊലോസ്യർ 1:9). എന്നിരുന്നാലും, നാം ചോദിക്കുമ്പോൾ, നമ്മുടെ പ്രാർഥനയിൽ താഴെപ്പറയുന്ന നാല് മനോഭാവങ്ങൾ ഉണ്ടായിരിക്കണം:

1. ദൈവഭയം (സങ്കീർത്തനം 111:10; സദൃശ്യവാക്യങ്ങൾ 1:7, 9:10).
2. സ്ഥിരത (സദൃശ്യവാക്യങ്ങൾ 2:1-6).
3. താഴ്മ (സദൃശ്യവാക്യങ്ങൾ 11:2).
4. വിശ്വാസം (യാക്കോബ് 1:5, പ്രത്യേകിച്ചും പരീക്ഷകളുടെ സന്ദർഭത്തിൽ).

*മൂന്നാമതായി, ദൈവം തന്റെ വചനത്തിലൂടെ അത് നൽകുന്നു എന്നത് നാം മനസ്സിലാക്കണം.* നമുക്ക് എപ്രകാരമാണ് രക്ഷിക്കപ്പെടകയും (2 തിമോഥേയോസ് 3:15) വിശുദ്ധീകരിക്കപ്പെടുകയും (അതായത്, വിശുദ്ധിയിൽ വളരുക) (2 തിമോഥെയോസ് 3:16; യോഹന്നാൻ 17:17; അപ്പോസ്തല പ്രവർത്തികൾ 20:32; ആവർത്തനം 4:5-8; സങ്കീർത്തനം 19:7, 119:11) ചെയ്യുവാൻ സാധിക്കുന്നത് എന്നത് വെളിപ്പെടുത്തുന്നത് തിരുവെഴുത്തുകൾ മാത്രമാണ്. അതുകൊണ്ടാണ്, നാം "അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽകൂടി വരുന്ന സകലവചനംകൊണ്ടും ജീവിക്കുന്നു" എന്ന് യേശു പറഞ്ഞത് (മത്തായി 4:4). സങ്കടകരമെന്നു

പറയട്ടെ, ഇന്ന്, ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്ന പലരും തിരുവെഴുത്തുകളിൽ നിന്നും നേരിട്ട് സ്വീകരിക്കുന്നതിനു പകരം, സമൂഹമാധ്യമങ്ങൾ, ടെലിവിഷൻ അല്ലെങ്കിൽ, മറ്റെന്തെങ്കിലും ഉപാധികൾ ഉപയോഗിച്ചാണ് ജീവിക്കുന്നത്! ജ്ഞാനത്തിലും അവബോധത്തിലും വളർന്നു വരുവാൻ നമ്മെ സഹായിക്കുവാൻ ദൈവം ഉപയോഗിക്കുന്നത് പരിശുദ്ധാത്മാവിനാൽ പ്രയോഗിക്കപ്പെട്ട ദൈവവചനമാണ്. തീർച്ചയായും, കേവലം അറിവ് പ്രയോജനപ്രദമാകുകയില്ല. ദൈവം നമ്മെ പഠിപ്പിക്കുന്നത് നാം അനുസരിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം, നാം നമ്മെത്തന്നെ വഞ്ചിക്കുകയാണ് (യാക്കോബ് 1:22)!

മുകളിൽ പറഞ്ഞിരിക്കുന്ന ഈ മൂന്ന് മനോഭാവങ്ങൾ നമ്മുടെ പ്രാർഥനകളിൽ പ്രകടമാകുമ്പോൾ, ദൈവം നമുക്ക് ജ്ഞാനം നൽകും എന്നത് നമുക്ക് ഉറപ്പാക്കാം. എന്തുകൊണ്ട്? കാരണം, നമ്മെയല്ല മറിച്ച്, ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന് ആ ജ്ഞാനം പ്രയോഗിക്കുവാൻ നാം ആഗ്രഹിക്കുന്നു എന്നാണ് അത്തരത്തിലുള്ള ആഗ്രഹം കാണിക്കുന്നത്! അപ്രകാരമുള്ള മനോഭാവം ദൈവത്തെ പ്രസാധിപ്പിക്കുന്നു എന്നും അത്തരത്തിലുള്ള ഹൃദയങ്ങളിലേയ്ക് ദൈവം തന്റെ ജ്ഞാനം പകരും എന്നും നമുക്ക് ദൃഡമായി വിശ്വസിക്കാം.

## 4. എപ്രകാരമാണ് നാം ദൈവത്തിന്റെ ജ്ഞാനത്തിൽ വളരുന്നു എന്ന് നമുക്ക് അറിയുവാൻ സാധിക്കുന്നത്?

യാക്കോബ് 3:13-18 നല്ലൊരു പരീക്ഷണോപാധിയാണ്:

> *നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആർ? അവൻ ജ്ഞാനലക്ഷണമായ സൗമ്യതയോടെ നല്ലനടപ്പിൽ തന്റെ പ്രവൃത്തികളെ കാണിക്കട്ടെ. എന്നാൽ നിങ്ങൾക്കു ഹൃദയത്തിൽ കൈപ്പുള്ള ഈർഷ്യയും ശാഠ്യവും ഉണ്ടെങ്കിൽ സത്യത്തിന്നു വിരോധമായി പ്രശംസിക്കയും ഭോഷ്കു പറകയുമരുതു. ഇതു ഉയരത്തിൽനിന്നു വരുന്ന ജ്ഞാനമല്ല, ഭൗമികവും പ്രാകൃതവും പൈശാചികവും ആയതത്രേ. ഈർഷ്യയും ശാഠ്യവും ഉള്ളേടത്തു കലക്കവും സകല ദുഷ്പ്രവൃത്തിയും ഉണ്ടു. ഉയരത്തിൽനിന്നുള്ള ജ്ഞാനമോ ഒന്നാമതു നിർമ്മലവും പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതുമാകുന്നു. എന്നാൽ സമാധാനം ഉണ്ടാക്കുന്നവർ സമാധാനത്തിൽ വിതെച്ചു നീതി എന്ന ഫലം കൊയ്യും.*

യാക്കോബ് പറയുന്നതുമായി നമ്മുടെ ജീവിതം എപ്രകാരം പൊരുത്തപ്പെട്ടിരിക്കുന്നു? അതിന്റെ ഉത്തരം നമ്മോട്, നാം വളരുകയാണോ അല്ലയോ എന്ന് പറയും.

അങ്ങനെ, ജ്ഞാനം സംബന്ധിച്ച് നാല് ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക് ഉത്തരം കണ്ടെത്തുകയും ചെയ്തു:

1. എന്താണ് ദൈവത്തിന്റെ ജ്ഞാനം?
2. എപ്രകാരമാണ് ദൈവം തന്റെ ജ്ഞാനം പ്രദർശിപ്പിക്കുന്നത്?
3. എപ്രകാരമാണ് ദൈവം തന്റെ ജ്ഞാനം നമ്മെ അറിയിക്കുന്നത്?
4. എങ്ങനെയാണ് നാം ദൈവത്തിന്റെ ജ്ഞാനത്തിൽ വളരുന്നു എന്ന് നമുക്ക് അറിയുവാൻ സാധിക്കുന്നത്?

ഞാൻ മുമ്പു പറഞ്ഞതുപോലെ, പൗലോസ് നമ്മോടു പറഞ്ഞത് ദൈവത്തിന്റെ വഴികളെ പൂർണ്ണമായി മനസ്സിലാക്കുവാൻ നമുക്ക് ഒരിക്കലും സാധിക്കുകയില്ല എന്നാണ്. അവ നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുന്നതിനും അതീതമാണ് (റോമർ 11:33). യെശയ്യാവിലൂടെ പഴയ നിയമത്തിൽ പോലും ദൈവം ഇത് വ്യക്തമാക്കിയിട്ടുണ്ട്: "'എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു" (യെശെയ്യാവ് 55:8-9). ഉവ്വ്, ചില സംഭവങ്ങൾ എന്തുകൊണ്ട് സംഭവിച്ചു അല്ലെങ്കിൽ, സംഭവിച്ചില്ല എന്നത് നമുക്കു മനസ്സിലാക്കുവാൻ സാധിക്കാത്ത സമയങ്ങൾ എല്ലായ്പോഴും ഉണ്ടാകും. അത്തരം അവസരങ്ങളിൽ ഗ്രഹിക്കുകയും ദൈവത്തിന്റെ കല്പനകൾ പാലിക്കുകയും ചെയ്യുക ദുഷ്കരമായേക്കാം. അപ്രകാരമുള്ള സമയങ്ങളിൽ നമ്മുടെ പ്രതികരണം എപ്രകാരമായിരിക്കണം? തിരുവെഴുത്തുകളിൽ നിന്നും ചില ഉത്തരങ്ങൾ ഇതാ:

> *സദൃശ്യവാക്യങ്ങൾ 3:5-6 – പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുതു. നിന്റെ എല്ലാവഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും.*
>
> *1 പത്രോസ് 4:19 – അതുകൊണ്ടു ദൈവേഷ്ടപ്രകാരം കഷ്ടം സഹിക്കുന്നവർ നന്മ ചെയ്തുകൊണ്ടു തങ്ങളുടെ പ്രാണനെ വിശ്വസ്തനായ സ്രഷ്ടാവിങ്കൽ ഭരമേല്പിക്കട്ടെ.*

ക്രിസ്തുവിൽ പ്രിയ സഹോദരാ, സഹോദരീ, ഓർമ്മിക്കുക, എന്നെയും നിങ്ങളെയും കുറിച്ചുള്ള ദൈവത്തിന്റെ ആത്യന്തിക ലക്ഷ്യം, തന്റെ പുത്രനെപ്പോലെ നാം ആയിത്തീരുകയും അതിലൂടെ പൂർണ്ണമായും അവനെ പ്രസാധിപ്പിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിയിലേയ്ക് നമ്മെ കൊണ്ടുവരികയാണ്. ഈ സത്യം മറക്കുമ്പോൾ ഒക്കെയും ദൈവത്തിന്റെ ഹിതത്തിന് കീഴ്പ്പെടുന്നതിന് നാം പ്രയാസം നേരിടുകതന്നെ ചെയ്യും. എന്നാൽ, പൂർണ്ണഹൃദയത്തോടെ അത് സ്വീകരിക്കുന്നത് ആനന്ദകരമായത് മാത്രമല്ല, തുടർമാനമായും വിപുലമായ അളവിലും ദൈവത്തിന് മഹത്വം നൽകുന്ന ഒരു ജീവിതത്തിലേയ്ക് നമ്മെ നയിക്കും.

അക്രൈസ്തവനായ പ്രിയ സ്നേഹിതാ, നിങ്ങൾ ഇനിയും ഒരു വിശ്വാസിയല്ല എങ്കിൽ, ഒരു ക്രിസ്ത്യാനിയായി ഭാവിക്കുക മാത്രമാണ് ചെയ്യുന്നതെങ്കിൽ, ദയവായി ഒർമ്മിക്കുക, നിങ്ങളുടെ ജ്ഞാനം ദൈവത്തിന്റെ മുൻപിൽ ഭോഷത്വമാണ് (റോമർ 1:21). ക്രൂശിൽ പ്രദർശിക്കപ്പെട്ട ദൈവത്തിന്റെ ജ്ഞാനത്തിലേയ്ക് നിങ്ങൾ തിരിയേണ്ട ആവശ്യമുണ്ട്. ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുള്ള നിങ്ങളുടെ മാർഗ്ഗങ്ങളിൽ നിന്നും നിങ്ങൾ പിന്തിരിയുകയും ദൈവത്തിന്റെ മാർഗ്ഗത്തിലേയ്ക് തിരിയുകയും ചെയ്യണം. (ഒരു നിമിഷത്തേയ്കു പോലും നിങ്ങൾക്കു ജീവിക്കുവാൻ സാധിക്കാതിരുന്ന) സമ്പൂർണ്ണമായ ജീവിതം ജീവിക്കുകയും ക്രൂശിൽ മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത ദൈവപുത്രനായ യേശുവിനെ നോക്കുന്നതിലൂടെയാണ് അത് സാധിക്കുന്നത്. “ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ടു ഇരിക്കുന്ന” യേശുവിന്റെ അടുക്കലേയ്കു (കൊലോസ്യർ 2:3) നിങ്ങൾ ചെല്ലുക. നിങ്ങൾ അവനിൽ വിശ്വസിക്കുകയും അവനെ അനുഗമിക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ചെയ്യുവാൻ സാധിക്കുന്ന എക്കാലത്തേയും ഏറ്റവും വിവേകപൂർണ്ണമായ കാര്യം!

## ചർച്ചയ്കുള്ള ചോദ്യങ്ങൾ

1. എപ്രകാരമാണ് ദൈവത്തിന്റെ ജ്ഞാനം സംബന്ധിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടിനെ ഈ അധ്യായം സ്വാധീനിച്ചത്?
2. ദൈവത്തിന്റെ ഈ അഭേദ്യഗുണത്തിന്റെ വെളിച്ചത്തിൽ ജീവിതത്തിൽ എന്ത് മാറ്റങ്ങളാണ് നിങ്ങൾക്ക് വരുത്തുവാൻ സാധിക്കുന്നത്?

3. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ പ്രാർഥനകളെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?
4. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ സുവിശേഷീകരണത്തെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?

## മനഃപാഠ/ധ്യാനവാക്യം

*റോമർ 11:33 – ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു!*

## പ്രാർഥന

*പിതാവേ, അവിടുന്ന് സർവ്വജ്ഞാനിയായ ദൈവമാണ്. ജ്ഞാനത്തിൽ, അവിടുന്ന് സകലത്തെയും സൃഷ്ടിച്ചു. എന്റെ ജീവിതാരംഭം മുതൽ അവസാനം വരെയുള്ള ഓരോ ചുവടും അവിടുന്ന് ആസൂത്രണം ചെയ്തിരിക്കുന്നു. എന്റെ വഴികൾ അങ്ങയുടെ വഴികളേക്കാൾ മികച്ചതാണ് എന്ന വണ്ണം ഞാൻ പലപ്പോഴും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് എത്രയോ വിഡ്ഢിത്തമാണ്. എന്റെതന്നെ വഴികളെ പിന്തുടരുന്നതിൽ നിന്നും എന്നെ സംരക്ഷിക്കേണമേ, പിതാവേ. തിരുവെഴുത്തുകളിലൂടെ അങ്ങ് വെളിപ്പെടുത്തുന്ന അവിടുത്തെ ജ്ഞാനത്തിലും വഴികളിലും, അവ എന്നെ വെല്ലുവിളികൾ നിറഞ്ഞ പാതകളിലേയ്ക്കു നയിച്ചാൽപോലും, അവയിൽ ആശ്രയിക്കുവാൻ എന്നെ സഹായിക്കേണമേ. എന്റെ എല്ലാ വഴികളിലും അങ്ങയെ പ്രസാധിപ്പിക്കുവാൻ ദയവായി എന്നെ നയിക്കുകയും സഹായിക്കുകയും ചെയ്യേണമേ.*

*ആമേൻ!*

## അഭേദ്യഗുണം 8:

# ദൈവത്തിന്റെ ക്രോധം

*സകല പാപത്തോടുമുള്ള ദൈവത്തിന്റെ നിത്യവും വിശുദ്ധവുമായ വെറുപ്പും അതിന്റെ ഫലമായി പാപത്തെ ശിക്ഷിക്കുന്നതിനെയുമാണ് ദൈവത്തിന്റെ ക്രോധം എന്നത് അർഥമാക്കുന്നത്.*

സഭയുടെയും ക്രിസ്ത്യാനികൾ എന്ന് ഭാവിക്കുന്നവരുടെയും ഉപദേശങ്ങളിൽ ഏറ്റവുമധികം അവഗണിക്കപ്പെട്ടിരിക്കുന്നത് ദൈവത്തിന്റെ ക്രോധം സംബന്ധിച്ചുള്ള സത്യമാണ്. ഈ അഭേദ്യഗുണത്തെ പരാമർശിക്കുന്നതുതന്നെ പലർക്കും അസഹ്യത ഉളവാക്കുന്നു. ദൈവത്തിന്റെ ക്രോധത്തെക്കുറിച്ച് സംസാരിക്കേണ്ടിവരുമ്പോൾ ക്ഷമാപണത്തോടെ, ഏകദേശം ഇപ്രകാരം പറയുന്നതിനുള്ള പ്രവണത പലർക്കുമുണ്ട്, "ക്ഷമിക്കണം, ദൈവത്തെ ക്രോധത്തിന്റെ ദൈവമായാണ് ബൈബിൾ വിശേഷിപ്പിക്കുന്നത്."

സ്നേഹത്തിന്റെ ദൈവം ക്രോധത്തിന്റെയും ദൈവം ആയിരിക്കുന്നു എന്ന വസ്തുതയുമായി പൊരുത്തപ്പെടുവാൻ ആളുകൾക്കു സാധിക്കുന്നില്ല എന്നതാണ് ആ നിഷേധാത്മക മനോഭാവത്തിന് കാരണം. "സ്നേഹവാനും കരുണാമയനുമായ ദൈവത്തിന് ക്രോധത്തിന്റെ ദൈവം ആകുവാൻ എങ്ങനെയാണ് സാധിക്കുക?" എന്ന ചിന്തയോട് അവർ മല്ലടിക്കുകയാണ്. ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ സംബന്ധിച്ച് ആകമാനമായി ബൈബിൾ പറയുന്നത് എന്താണെന്നത് വേണ്ടവിധത്തിൽ മനസ്സിലാക്കുവാൻ പരാജയപ്പെടുന്നതിനാലാണ് ദൈവത്തെപ്പറ്റി അത്തരത്തിലുള്ള തെറ്റായ കാഴ്ചപ്പാട് ഉണ്ടാകുന്നത്. സാധാരണഗതിയിൽ "ക്രോധം" എന്ന പദം ഉപയോഗിക്കുമ്പോൾ നമ്മുടെ മനസ്സിലേയ്ക് ആദ്യം എത്തുന്ന കാര്യം, തോക്കുമായി ഓടിനടന്ന് വിവേചനരഹിതമായി ആളുകളെ കൊന്നൊടുക്കുന്ന ഒരു ഭ്രാന്തന്റെ രൂപമാണ്. സംയമം നഷ്ടമായതിനാൽ ഏകപക്ഷിയമായി ആളുകളെ കൊല്ലുകയോ വേദനിപ്പിക്കുകയോ ചെയ്യുന്ന ഒരാളായി ദൈവത്തെ കാണുവാൻ അവർ പ്രേരിതരാകുന്നു. യഥാർഥ സത്യം അതല്ല. മനുഷ്യരുടെ കോപത്തിൽ നിന്നും വ്യത്യ

സ്തമായി ദൈവത്തിന്റെ ക്രോധം തന്റെ വിശുദ്ധ സ്വഭാവത്തിന് അനുസൃതമായ ഒന്നാണ്.

ദൈവം വിശുദ്ധനാണ്. എല്ലാത്തരത്തിലുള്ള പാപവും ദൈവത്തിന്റെ വിശുദ്ധ സ്വഭാവത്തിന് എതിരാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ: ദൈവം ആരായിരിക്കുന്നുവോ അതിൽ നിന്നും തികച്ചും വിപരീതമാണ് പാപം. സർവ്വശക്തനായ ദൈവത്തിന് തന്നെ എതിർക്കുന്ന ഒന്നിനെ സഹിക്കുകയും അതേസമയം തന്നെ സർവ്വശക്തനായി തുടരുകയും ചെയ്യുക സാധ്യമാണോ? അല്ല. തന്റെ വിശുദ്ധവും നീതിപൂർവ്വകവുമായ സ്വഭാവത്തിന് അനുസൃതമായ വിധത്തിൽ ദൈവം പാപത്തെ ശിക്ഷിക്കേണ്ടതാണ്. പാപത്തെ വെറുക്കുകയോ പാപം നിമിത്തം ബുദ്ധിമുട്ട് അനുഭവപ്പെടുകയോ ചെയ്യാത്ത ഒരു ദൈവത്തെ സങ്കല്പിക്കുക. ആ ദൈവം വ്യവസ്ഥകളില്ലാതെ നീതിമാനായിരിക്കുന്നു എന്നതിനാൽ നമുക്കു സമ്പൂർണ്ണമായി സ്തുതിക്കുക സാധ്യമാണോ? നിശ്ചയമായും അതു സാധ്യമല്ല!

അതുകൊണ്ട്, ഒരു നിഷേധാത്മക അഭേദ്യഗുണമായോ ദൈവത്തിന്റെ മറ്റ് അഭേദ്യഗുണങ്ങളായ സ്നേഹം, കരുണ, ദയ, നന്മ എന്നിവയോട് വിപരീതമായോ ഉള്ള ഒന്നായി നാം ദൈവത്തിന്റെ ക്രോധത്തെ കാണരുത്. സകല പൂർണ്ണതയുടെയും ആകെത്തുകയാണ് ദൈവം. ദൈവത്തിന് പൂർണ്ണമായി സ്നേഹിക്കുവാൻ സാധിക്കുമ്പോൾതന്നെ, നന്മയുടെ വിപരീതമായിരിക്കുന്ന തിന്മയെ പൂർണ്ണമായി വെറുക്കുകയും ചെയ്യുക സധ്യമാണ്. പാപത്തെ കൈകാര്യം ചെയ്യുന്നില്ല എങ്കിൽ ദൈവത്തിന് പൂർണ്ണനാകുക സാധ്യമല്ല. അതിനാലാണ് ബൈബിൾ പലപ്പോഴും ദൈവത്തിന്റെ ക്രോധത്തെക്കുറിച്ച് സംസാരിക്കുമ്പോൾ നാം ആശ്ചര്യപ്പെടാതിരിക്കേണ്ടത്. വാസ്തവത്തിൽ, ദൈവംതന്നെ തന്റെ ക്രോധത്തെ ലജ്ജയോ ക്ഷമാപണമോ കൂടാതെ, വ്യക്തമായി വിവരിക്കുന്നുണ്ട്:

> *ആവർത്തനം 32:39-41 – ഞാൻ, ഞാൻ മാത്രമേയുള്ളു; ഞാനല്ലാതെ ദൈവമില്ല എന്നു ഇപ്പോൾ കണ്ടുകൊൾവിൻ. ഞാൻ കൊല്ലുന്നു; ഞാൻ ജീവിപ്പിക്കുന്നു; ഞാൻ തകർക്കുന്നു; ഞാൻ സൗഖ്യമാക്കുന്നു; എന്റെ കയ്യിൽനിന്നു വിടുവിക്കുന്നവൻ ഇല്ല. ഞാൻ ആകാശത്തേക്കു കൈ ഉയർത്തി സത്യം ചെയ്യുന്നതു: നിത്യനായിരിക്കുന്ന എന്നാണ എന്റെ മിന്നലാം വാൾ ഞാൻ മൂർച്ചയാക്കി എൻ കൈ ന്യായവിധി തുടങ്ങുമ്പോൾ, ഞാൻ ശത്രുക്കളിൽ പ്രതികാരം നടത്തും; എന്നെ ദ്വേഷിക്കുന്നവർക്കു പകരം വീട്ടും.*

വിശുദ്ധവും മനോഹരവുമായ സകലത്തിലും പ്രസാദിക്കുന്നവൻ തന്റെ സ്വഭാവപ്രകാരം, അശുദ്ധവും വൃത്തിഹീനവുമായ സകലത്തെയും വെറുക്കേണ്ടതാണ്. അത് തികച്ചും സാമാന്യബുദ്ധിയ്ക്കു നിരക്കുന്നതാണ്.

ദൈവത്തിന്റെ ക്രോധം വിളമ്പരം ചെയ്യുവാൻ മടിക്കാതിരുന്നത് ദൈവം മാത്രമല്ല. പഴയ നിയമത്തിൽ പ്രവാചകന്മാരും പുതിയ നിയമത്തിൽ അപ്പോസ്തലന്മാരും അത് പ്രസംഗിക്കുവാൻ മടിച്ചിരുന്നില്ല.

> ***യെശയ്യാ 30:27 – ഇതാ, കോപം ജ്വലിച്ചും കനത്ത പുക പുറപ്പെടുവിച്ചുംകൊണ്ടു യഹോവയുടെ നാമം ദൂരത്തുനിന്നു വരുന്നു; അവന്റെ അധരങ്ങളിൽ ഉഗ്രകോപം നിറഞ്ഞിരിക്കുന്നു; അവന്റെ നാവു ദഹിപ്പിക്കുന്ന തീപോലെയും ഇരിക്കുന്നു.***
>
> ***റോമർ 1:18 – അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽനിന്നു വെളിപ്പെടുന്നു.***

അതുകൊണ്ട്, ദൈവം തന്റെ ക്രോധം വിവരിക്കുവാൻ മടികാണിക്കുന്നില്ല. പ്രവാചകന്മാരും അപ്പോസ്തലന്മാരും അതിന് മടി കാണിച്ചിരുന്നില്ല. നാമും മടി കാണിക്കരുത്! തിന്മയെ ശിക്ഷിച്ചുകൊണ്ട് ദൈവം നീതി നടപ്പിലാക്കുന്നു. താൻ നീതിനാനായ ദൈവമാണെന്ന് ദൈവം കാണിക്കുന്നു. വെറുപ്പ് സംബന്ധിച്ചും അപ്രകാരംതന്നെയാണ്. വെറുപ്പ് മോശമായ കാര്യമാണെന്ന് ചിന്തിക്കുക നമ്മുടെ പ്രവണതയാണ്. എന്നാൽ, യഥാർഥത്തിൽ, ദൈവം പലതിനെയും വെറുക്കുന്നു. ഏതെങ്കിലും ഒന്നിന് വിപരീതമായതിനെ വെറുക്കാതെ അതിനെ സ്നേഹിക്കുക നിങ്ങൾക്ക് സാധ്യമല്ല. അതിനാൽ, നിങ്ങൾ സത്യത്തെ സ്നേഹിക്കുന്നുവെങ്കിൽ തീർച്ചയായും ഭോഷ്കിനെ വെറുക്കണം. നിങ്ങൾ ഭോഷ്കിനെ വെറുക്കുന്നില്ല എങ്കിൽ, യഥാർഥത്തിൽ നിങ്ങൾ സത്യത്തെ സ്നേഹിക്കുന്നില്ല. നിങ്ങൾ സ്വാതന്ത്ര്യത്തെ സ്നേഹിക്കുന്നുവെങ്കിൽ അടിമത്തത്തെ വെറുക്കണം. അതുകൊണ്ട്, ദൈവം നമ്മെ സ്നേഹിക്കുന്നുവെങ്കിൽ, നമ്മെ നശിപ്പിക്കുന്നത് എന്താണോ അതിനെ ദൈവം തീർച്ചയായും വെറുക്കണം.

തിന്മപ്രവർത്തികൾ ചെയ്തവർക്കെതിരെ മാനുഷിക കോടതികൾ ന്യായവിധി നടപ്പിലാക്കുമ്പോൾ നാം അവയെ പ്രശംസിക്കുന്നു. തിന്മ പ്രവർത്തിക്കുന്നവർക്കെതിരെ തന്റെ ക്രോധത്തിൽ പൂർണ്ണമായ ന്യായവിധി നടപ്പിലാക്കുന്ന വിശുദ്ധനായ ദൈവത്തെ നാം എത്രയധികം പുകഴ്ത്തേണ്ടതാണ്? ഭാവിയിൽ,

ദൈവം തന്റെ ക്രോധത്തിൽ തന്റെ സകല ശത്രുക്കൾക്കും ന്യായവിധി നടപ്പിലാക്കുമ്പോൾ നാം ആനന്ദിക്കും എന്ന് തിരുവെഴുത്തുകൾ സാക്ഷ്യം പറയുന്നു. ഇന്നും നാം ജഡത്തിൽ ജീവിച്ചിരിക്കുന്നതിനാൽ ഈ ആശയം ഇപ്പോൾ ഗ്രഹിക്കുക ബുദ്ധിമുട്ടാണ്.

> ***ആവർത്തനം 32:43*** *– ജാതികളേ, അവന്റെ ജനത്തോടു കൂടെ ഉല്ലസിപ്പിൻ; അവൻ സ്വദാസന്മാരുടെ രക്തത്തിന്നു പ്രതികാരം ചെയ്യും; തന്റെ ശത്രുക്കളോടു അവൻ പകരം വീട്ടും; തന്റെ ദേശത്തിന്നും ജനത്തിന്നും പാപപരിഹാരം വരുത്തും.*
>
> ***വെളിപ്പാടു 19:1-3*** *– അനന്തരം ഞാൻ സ്വർഗ്ഗത്തിൽ വലിയോരു പുരുഷാരത്തിന്റെ മഹാഘോഷംപോലെ കേട്ടതു: ഹല്ലെലൂയ്യാ! രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിന്നുള്ളതു. വേശ്യാവൃത്തികൊണ്ടു ഭൂമിയെ വഷളാക്കിയ മഹാവേശ്യക്കു അവൻ ശിക്ഷ വിധിച്ചു തന്റെ ദാസന്മാരുടെ രക്തം അവളുടെ കയ്യിൽനിന്നു ചോദിച്ചു പ്രതികാരം ചെയ്കകൊണ്ടു അവന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ. അവർ പിന്നെയും: ഹല്ലെലൂയ്യാ! അവളുടെ പുക എന്നെന്നേക്കും പൊങ്ങുന്നു എന്നു പറഞ്ഞു."*

ഈ വാക്യങ്ങളിൽ നിന്നും ഈ സത്യം നാം പഠിക്കുന്നു: ദൈവത്തെ തന്റെ കരുണയും സ്നേഹവും നിമിത്തം നാം നന്ദി പറയുകയും പുകഴ്ത്തുകയും ചെയ്യുന്നതുപോലെതന്നെ തന്റെ ക്രോധം പ്രകടിപ്പിക്കുന്നത് നിമിത്തവും നാം പുകഴ്ത്തുകയും നന്ദിയർപ്പിക്കുകയും ചെയ്യേണ്ടതാണ്.

ബൈബിളിന്റെ എഴുത്തുകാർ സുവിശേഷം ആരംഭിച്ചത് "ദൈവം സ്നേഹം ആകുന്നു" എന്നു പറഞ്ഞുകൊണ്ടല്ല. ദൈവം നീതിമാനും വിശുദ്ധനുമാണ്, നാം എല്ലാവരും ദൈവത്തിന്റെ വിശുദ്ധിയുടെ നിലവാരത്തിൽ നിന്നും വീണുപോയിരിക്കുന്നു എന്നും പറഞ്ഞുകൊണ്ടാണ് അത് ആരംഭിച്ചിരിക്കുന്നത്. നമുക്ക് ദൈവവുമായി നല്ല ബന്ധമില്ല എന്നതിനാൽ ദൈവവുമായി ശരിയായ ബന്ധത്തിലേയ്കു വരേണ്ട ആവശ്യമുണ്ട്. അവരുടെ സുവിശേഷപ്രഘോഷണത്തിന്റെ ആരംഭം കുറിക്കുന്ന ആശയം അതായിരുന്നു. നാമും അതിൽതന്നെയാണ് തുടങ്ങേണ്ടത്. അതുകൊണ്ട്, ദൈവത്തിന്റെ ക്രോധം എന്ന ആശയം സംബന്ധിച്ച് അസ്വസ്ഥരാകുന്നതിനു പകരം, മറ്റേതൊരു അഭേദ്യഗുണവും പോലെതന്നെ, ഈ അഭേദ്യഗുണവും മടികൂടാതെ പ്രസംഗിക്കുവാൻ നാം ശ്രമിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ദൈവത്തിന്റെ ക്രോധം സംബന്ധിച്ച സത്യങ്ങളുടെ പ്രായോഗിക പ്രയോജനങ്ങൾ എന്തൊക്കെയാണ്?

## ക്രിസ്ത്യാനിയ്ക് ബാധകമാകുന്ന നാല് പ്രായോഗിക പ്രയോജനങ്ങൾ

### *1. നമുക്ക് ഇനിമേലിൽ ദൈവത്തിന്റെ ക്രോധത്തെ ഭയപ്പെടേണ്ടതില്ല*

നാം കോപത്തിന്റെ മക്കൾ ആയിരുന്നുവെങ്കിലും (ഭൂതകാലം) (എഫേസ്യർ 2:3), നാം ഇപ്പോൾ ദൈവത്തിന്റെ മക്കളും ക്രിസ്തുവിനു കൂട്ടവകാശികളുമാകുന്നു (റോമർ 8:16-17). "വരുവാനുള്ള കോപത്തിൽ നിന്നു നമ്മെ വിടുവിക്കുന്നവൻ" ആണ് യേശു എന്ന് 1 തെസ്സലോനിക്യർ 1:10 പറയുന്നു.

ദൈവത്തിന്റെ ക്രോധം എന്ന വിഷയം അവിശ്വാസികൾ ഇഷ്ടപ്പെടുന്നില്ല. കാരണം, തങ്ങൾ കുറ്റവാളികളാണെന്ന് അവർക്ക് ഉള്ളിന്റെയുള്ളിൽ അറിയാം. തങ്ങളുടെ സ്വന്ത നീതിയും സൽപ്രവർത്തികളും അവരെ സ്വർഗ്ഗത്തിൽ എത്തുക്കുമെന്നതാണ് ആവരുടെ ഏക പ്രത്യാശ. ഒരുവൻ തന്റെ സ്വന്ത പ്രയത്നത്തിൽ ആശ്രയിക്കുമ്പോൾ അത് ശക്തമായ പ്രത്യാശയ്കു വക നൽകുന്നില്ല. എന്നാൽ, വിശ്വാസികൾ എന്ന നിലയിൽ, നാം നമ്മുടെ സ്വന്ത നീതിയിൽ ആശ്രയിക്കുന്നില്ല. ദൈവത്തിന്റെ വിശുദ്ധ നിലവാരത്തെ തൃപ്തിപ്പെടുത്തുന്ന ക്രിസ്തുവിന്റെ നീതിയിലാണ് നാം ആശ്രയിക്കുന്നത്. അതിനാലാണ്, നാം ക്രിസ്തുവിൽ സുരക്ഷിതരാണ് എന്നും തന്മൂലം, ഇനി മേലിൽ ദൈവത്തിന്റെ ക്രോധത്തെ ഭയപ്പെടേണ്ടതില്ല എന്നുമുള്ള ഉറച്ചതും അചഞ്ചലവുമായ പ്രത്യാശ നമുക്കുള്ളത്.

### *2. നാം ദൈവത്തിന് കൂടുതൽ നന്ദിയർപ്പിക്കും*

നാം ദൈവത്തിന്റെ ക്രോധം നേരിടുകയില്ല എന്ന് അറിയുന്നത് ദൈവത്തിന് കൂടുതൽ നന്ദിയർപ്പിക്കുവാൻ കാരണമാകും. നമ്മുടെ നിത്യമായ ഭാവി വളരെ സുരക്ഷിതമാണ്. അത് നാം ചെയ്ത എന്തെങ്കിലും പ്രവൃത്തി കൊണ്ടല്ല. മറിച്ച്, യേശുവിലൂടെ ദൈവം നമുക്കായി ചെയ്ത കാരണത്താലാണ് എന്നത് അറിയുമ്പോൾ നാം നിരന്തരം നന്ദിയാൽ നിറയും (സങ്കീർത്തനം 116:12-13).

### *3. നാം ദൈവത്തെ കൂടുതൽ ഭയപ്പെടുകയും തന്മൂലം പാപത്തെ കൂടുതൽ വെറുക്കുകയും ചെയ്യും*

ഒരു യഥാർഥ ക്രിസ്ത്യാനി രക്ഷ നഷ്ടമാകുന്ന തരത്തിൽ ഒരിക്കലും ദൈവക്രോധം അനുഭവിക്കുകയില്ല എന്നിരിക്കുമ്പോൾ തന്നെ, ചിലപ്പോൾ, മാനസാന്തരപ്പെടാത്ത പാപം ജീവിതത്തിലുള്ളപ്പോൾ കർശനമായ ശിക്ഷണം പ്രതീക്ഷിക്കാവുന്നതാണ് (1 കൊരിന്ത്യർ 11:28-32). ദൈവത്തിന്റെ ക്രോധം സംബന്ധിച്ചുള്ള നിരന്തരമായ ധ്യാനം, പാപപൂർണ്ണമായ ജീവിതത്തെ ലഘൂകരിക്കുന്നതിനു പകരം, പാപത്തെ ഗൗരവത്തോടെ കാണുന്നതിനും തന്മൂലം പാപത്തെ കൂടുൽ വെറുക്കുന്നതിനും വിശ്വാസിയെ പ്രാപ്തനാക്കുന്നു. കർത്താവിനെ ഭയപ്പെടുന്ന ജീവിതം ജീവിക്കുക എന്നാൽ പ്രായോഗിക അർഥത്തിൽ, പാപത്തെ കൂടുതൽ വെറുക്കുക എന്നതാണ്. സദൃശ്യവാക്യങ്ങൾ 8:13 പറയുന്നതുപോലെ, “യഹോവാഭക്തി ദോഷത്തെ വെറുക്കുന്നതാകുന്നു; ഡംഭം, അഹങ്കാരം, ദുർമ്മാർഗ്ഗം, വക്രതയുള്ള വായ് എന്നിവയെ ഞാൻ പകെക്കുന്നു.”

### *4. ദൈവക്രോധത്തിൽ നിന്ന് ഓടിയകലുവാൻ നാം ആളുകളെ പ്രേരിപ്പിക്കും*

പാപങ്ങളെക്കുറിച്ച് മാനസാന്തരപ്പെട്ട് ദൈവക്രോധത്തിൽ നിന്ന് രക്ഷപെടുവാൻ യോഹന്നാൻ സ്നാപകൻ ജനങ്ങളെ ഉദ്ബോധിപ്പിച്ചു (മത്തായി 3:7). നരകത്തെക്കുറിച്ച് മറ്റാരെക്കാളും കൂടുതൽ തവണ യേശു സംസാരിക്കുകയും ദൈവത്തിങ്കലേയ്കു തിരിഞ്ഞ് അവനെ ഭയപ്പെടുവാൻ നമ്മെ ആഹ്വാനം ചെയ്യുകയും ചെയ്തു (മത്തായി 10:28). ദൈവത്തിന്റെ ക്രോധം മനസ്സിലാക്കിയ പൗലോസ് ക്രിസ്തുവിങ്കലേയ്കു തിരിയുവാൻ ജനങ്ങൾക്കു മുന്നറിയിപ്പ് നൽകി (2 കൊരിന്ത്യർ 5:11).

നരകത്തെക്കുറിച്ച് പ്രസംഗിക്കുന്നത് സ്നേഹശൂന്യമായ ഒരു പ്രവൃത്തിയല്ല. മറിച്ച്, അത് സ്നേഹനിർഭരമായ ഒന്നാണ്. ലോകം എന്തു പറഞ്ഞാലും അത് അപ്രകാരംതന്നെയാണ്! നാം ഒരാളെ സ്നേഹിക്കുന്നുവെങ്കിൽ, അയാൾ ക്രിസ്തുവിനെക്കൂടാതെ ജീവിക്കുന്നതു തുടർന്നാൽ, അയാളെ കാത്തിരിക്കുന്ന നിത്യമായ അപകടത്തെക്കുറിച്ച് പറയാതിരിക്കുവാൻ എങ്ങനെ സാധിക്കും? ദൈവത്തിന്റെ ക്രോധത്തെക്കുറിച്ച് മാത്രം പറയുകയല്ല മറിച്ച്, ക്രൂശിൽ ക്രിസ്തുവിന്റെ യാഗത്തിലൂടെ ദൈവം നൽകുന്ന പാപക്ഷമയെ വിളമ്പരം ചെയ്യുകയുമാണ് സുപ്രധാനമായ കാര്യം (സങ്കീർത്തനം 130:3; റോമർ 3:25-26).

## അക്രൈസ്തവന് ബാധകമാകുന്ന രണ്ട് പ്രായോഗിക മാനങ്ങൾ

### *1. ഭൂത, വർത്തമാനകാലത്തെ ദൈവക്രോധം ഭാവിയിൽ വരാൻ പോകുന്ന ക്രോധത്തെ ഉറപ്പിക്കുന്നു*

***ഭൂതകാലത്ത്.*** ഏദെൻ തോട്ടത്തിൽ നിന്നും ആദാമിന്റെയും ഹവ്വായുടെയും പുറത്താക്കൽ (ഉല്പത്തി 3), നോഹയുടെ കാലത്തുണ്ടായ സാർവ്വത്രിക വെള്ളപ്പൊക്കത്താൽ പെട്ടകത്തിലുണ്ടായിരുന്നവർ ഒഴികെ ഭൂമിയിലുണ്ടായിരുന്ന സകലത്തിന്റെയും നാശം (ഉല്പത്തി 7:23), സോദോമിന്റെയും ഗോമോറയുടെയും നാശം (ഉല്പത്തി 19), A.D. 70 -ൽ റോമാക്കാരാൽ സംഭവിച്ച യെരൂശലേമിന്റെ നാശം എന്നിവ ദൈവത്തെ തിരസ്കരിക്കുന്നവർക്കെതിരെയുള്ള ദൈവക്രോധത്തിന്റെ തെളിയിക്കപ്പെട്ട ദൃഷ്ടാന്തങ്ങളാണ്.

***വർത്തമാനകാലത്ത്.*** യോഹന്നാൻ 3:36b ഇപ്രകാരം പറയുന്നു, "പുത്രനിൽ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളൂ." യേശുവിൽ നിന്നും വിദൂരെയായിരിക്കുന്നവർ ഇപ്പോൾ ദൈവക്രോധത്തിൻ കീഴിലാണ്. റോമർ 1:18 പറയുന്നു, "അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽനിന്നു വെളിപ്പെടുന്നു." പാപികൾ തങ്ങളുടെ ദുഷ്ടതയിൽ തുടരുമ്പോൾ അതിന്റെ അനന്തരഫലങ്ങൾ നേരിടേണ്ടതിന്, അവരെ അവരുടെ വഴികളിൽ വിട്ടുകൊടുത്തുകൊണ്ട്, ഈ വർത്തമാനകാലത്ത് ദൈവത്തിന്റെ ക്രോധം പ്രകടമാക്കിയിരിക്കുന്നു (റോമർ 1:24-32).

***ഭാവികാലത്ത്.*** 2 തെസ്സലോനിക്യർ 1:6-10 ൽ നാം ഇപ്രകാരം വായിക്കുന്നു, "കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും പകരം നല്കുന്നതു ദൈവസന്നിധിയിൽ നീതിയല്ലോ. ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിന്നും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയവിഷയം ആകേണ്ടതിന്നും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാ

നവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും." കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കുവാൻ വിസമ്മതിക്കുന്നവരുടെമേൽ ചൊരിയപ്പെടുവാൻ പോകുന്ന വരാനിരിക്കുന്നതും അന്തിമവുമായ ദൈവക്രോധത്തെ വെളിപ്പാട് 6-20 കൂടുതൽ വിവരിക്കുന്നു.

ദൈവത്തിന് ഭോഷ്ക് പറയുക സാധ്യമല്ല എന്ന് ബൈബിൾ പഠിപ്പിക്കുന്നു (തീത്തോസ് 1:2). ക്രിസ്തുവിനെ തിരസ്കരിക്കുന്ന ഏവരേയും ന്യായംവിധിക്കും എന്ന് ദൈവം വാഗ്ദത്തം ചെയ്തിരിക്കയാൽ, താൻ തന്റെ വാക്ക് പാലിക്കും. ഓരോ തിന്മപ്രവൃത്തിയ്കും അപ്പപ്പോൾ ദൈവം ന്യായവിധി നടപ്പാക്കുന്നില്ല എന്നതിനാൽ ദൈവം ഒരിക്കലും പാപത്തെ ശിക്ഷിക്കുകയില്ല എന്നു കരുതി ആരും വഞ്ചിക്കപ്പെടരുത് (സഭാപ്രസംഗി 8:11-14).

ദൈവഭക്തരായ കർഷകരുടെ സമൂഹത്തിൽ ജീവിച്ചിരുന്ന അഭക്തനായ ഒരു കർഷകനെക്കുറിച്ച് ഒരു കഥ ഇപ്രകാരം പറയപ്പെടുന്നു. ഭക്തന്മാരായ കൃഷിക്കാർ ഓരോ ഞായറാഴ്ചയും രാവിലെ നാട്ടിൻപുറത്തെ പള്ളിയിൽ ആരാധനയ്ക് ഒത്തുകൂടുമ്പോഴൊക്കെയും അതിനടുത്തുള്ള തന്റെ കൃഷിയിടത്തിൽ ഈ മനുഷ്യൻ ട്രാക്ടർ ഓടിച്ചുകൊണ്ട് ശബ്ദമുണ്ടാക്കി അവരെ ശല്യപ്പെടുത്തിയിരുന്നു. മാസങ്ങളോളം അയാൾ അത് തുടർന്നുകൊണ്ടിരുന്നു. ഒടുവിൽ, ഒക്ടോബർ മാസത്തിൽ കൊയ്ത്തുകാലം വന്നപ്പോൾ, അയാളുടെ നിലത്ത് ആ പ്രദേശത്തെ ഏറ്റവും വലിയ വിളവ് ലഭിച്ചു. ദൈവത്തിനും അവന്റെ ജനങ്ങൾക്കും എതിരെ താൻ ഇപ്രകാരം ചെയ്തിട്ടും തനിക്കു ലഭിച്ച വിജയത്തെ ക്രിസ്ത്യാനികൾ എപ്രകാരം വിശദീകരിക്കും എന്ന്, അഹംഭാവത്തോടെ, അവരുടെ പ്രാദേശിക വർത്തമാനപത്രത്തിൽ അയാൾ ആരാഞ്ഞു.

അവരുടെ പാസ്റ്റർ ഒരൊറ്റ വാചകത്തിൽ അതിനുത്തരം നൽകി: "ദൈവം തന്റെ എല്ലാ കണക്കുകളും ഒക്ടോബർ മാസത്തിൽ തന്നെ തീർക്കുന്നില്ല."

പ്രിയ സ്നേഹിതാ, താങ്കൾ ഒരു ക്രിസ്ത്യാനിയല്ല എങ്കിൽ, ഇന്ന് എല്ലാം നന്നായിരിക്കുന്നു എന്ന കാരണത്താൽ ദൈവം നിങ്ങളിൽ പ്രസാദിച്ചിരിക്കുകയാണ് എന്നു കരുതരുത്. നിങ്ങളുടെ പാപത്തോട് ദൈവം വിയോജിക്കുന്നില്ല എന്നതിന്റെ തെളിവായി ദൈവത്തിന്റെ ക്ഷമയെ തെറ്റിദ്ധരിക്കരുത്. ദൈവത്തിന്റെ നന്മ ദുരുപയോഗം ചെയ്യപ്പെടുവാനല്ല മറിച്ച്, യഥാർഥ മാനസാന്തരത്തിലേയ്കും തന്റെ പുത്രനിലുള്ള വിശ്വാസത്തിലേയ്കും

നിങ്ങളെ നയിക്കുവൻ രൂപകല്പന ചെയ്തിട്ടുള്ളതാണ് (റോമർ 2:4-5).

*2. ഭാവിയിൽ വരാൻ പോകുന്ന ദൈവക്രോധം യേശുവിങ്കലേയ്ക് ഓടിയെത്തുവാൻ നിങ്ങളെ പ്രേരിപ്പിക്കണം*

ബൈബിൾ പറയുന്നു, "ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരം" (എബ്രായർ 10:31). നിങ്ങളുടെ പാപങ്ങൾ നിങ്ങളെ ദൈവത്തിന്റെ ശത്രുവാക്കിയിരിക്കുന്നു എന്നത് ദയവായി മനസ്സിലാക്കുക. തത്ഫലമായി, ദൈവക്രോധം ഇപ്പോൾ നിങ്ങളുടെ മേൽ ആയിരിക്കുകയും ഭാവിയിൽ നിങ്ങളെ കാത്തിരിക്കുകയും ചെയ്യുന്നു. ദയവായി, കരുണയ്കായി നിലവിളിക്കുക. "വരാനിരിക്കുന്ന കോപത്തിൽ നിന്ന് ഓടിയൊളിക്കുവാനും" ദൈവത്തിന് നിങ്ങളുടെ പാപങ്ങളെ സൗജന്യമായി ക്ഷമിക്കുവാനും സാധിക്കേണ്ടതിന് യേശു ക്രിസ്തു തന്റെമേൽ ദൈവക്രോധം ഏറ്റുവാങ്ങിയ കുരിശിലേയ്ക് ഓടിയടുക്കുകയും ചെയ്യുവാൻ നിങ്ങൾ ആഗ്രഹിക്കണം (മത്തായി 3:7). സ്വയത്തിലുള്ള സകല വിശ്വാസവും വിട്ടുകളഞ്ഞ്, "ദൈവമേ, പാപിയായ എന്നോടു കരുണ തോന്നേണമേ!" എന്ന് താഴ്മയോടെ നിങ്ങൾ നിലവിളിക്കേണ്ടത് ആവശ്യമാണ് (ലൂക്കോസ് 18:13). വരാനിരിക്കുന്ന ക്രോധത്തിൽ നിന്ന് നിങ്ങളെ വിടുവിക്കുവാൻ സാധ്യമായ ഏക മാർഗ്ഗം അതു മാത്രമാണ്.

പ്രിയ സ്നേഹിതാ, ദൈവത്തിന്റെ നന്മയെക്കാളും ക്ഷമയെക്കാളും മാധുര്യമേറിയ യാതൊന്നുമില്ല. എന്നാൽ, ഇനിയും വരാനിരിക്കുന്ന ദൈവക്രോധത്തെക്കാൾ ഭയാനകമായതും മറ്റൊന്നുമില്ല. നിങ്ങളുടെ ദാഹം തീർക്കുവാൻ ഉതകുന്ന അതേ വെള്ളം ഒരു പ്രളയമായി വരുമ്പോൾ ഉഗ്രശത്രുവായിത്തീരാം. നിങ്ങളുടെ ഭക്ഷണം പാകം ചെയ്യുവാൻ ഉപയോഗിക്കുന്ന അതേ അഗ്നി നിങ്ങളെ പൊള്ളിക്കുമ്പോൾ നിങ്ങളുടെ ഉഗ്രശത്രുവായിത്തീരാം. അതുപോലെതന്നെ, ഇന്ന് നിങ്ങളോട് ക്ഷമ കാണിക്കുകയും നന്മ നൽകുകയും ചെയ്യുന്ന അതേ ദൈവം ഒരിക്കൽ ഭയാനകമായ പ്രതികാരത്തോടെ നിങ്ങൾക്ക് എതിരായി തിരിയും. അന്നാളിൽ, അവന്റെ കൈയ്യിൽ നിന്നും ആർക്കും നിങ്ങളെ വിടുവിക്കുവാൻ സാധ്യമല്ല. എത്രതന്നെ കരയുകയും യാചിക്കുകയും ചെയ്താലും അവ നിങ്ങളെ രക്ഷിക്കുകയില്ല. പാപങ്ങൾക്കുവേണ്ടി കുരിശിൽ മരിക്കുകയും പാപത്തിന്റെ പൂർണ്ണ വിലയായി തന്റെ യാഗം സ്വീകരിക്കപ്പെട്ടു എന്നത് തെളിയിക്കുവാൻ ഉയിർ

ക്കപ്പെടുകയും ചെയ്ത യേശുവിനെ നോക്കുക. യേശുവിലൂടെ സമ്പൂർണ്ണ പാപക്ഷമ ലഭ്യമാണ്.

അതുകൊണ്ട്, യഥാർഥ മാനസാന്തരത്തോടെയും വിശ്വാസ ത്തോടെയും, ഇപ്പോൾത്തന്നെ, സമയം തീർന്നുപോകുന്നതിനു മുൻപുതന്നെ, അവനിലേയ്കു തിരിയുക! നിങ്ങൾ എത്രതന്നെ മോശപ്പെട്ടവനായിരുന്നാലും അവൻ നിങ്ങൾക്ക് ഒരു പുതിയ തുടക്കം പ്രദാനം ചെയ്യും! നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരി ക്കരുത്. യേശുക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ സൗജന്യ സമ്മാനമായ നിത്യജീവൻ ദയവായി സ്വീകരിക്കുക (റോമർ 6:23)!

## ചർച്ചയ്കുള്ള ചോദ്യങ്ങൾ

1. എപ്രകാരമാണ് ദൈവത്തിന്റെ ക്രോധം സംബന്ധിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടിനെ ഈ അധ്യായം സ്വാധീനിച്ചത്?
2. ദൈവത്തിന്റെ ഈ അഭേദ്യഗുണത്തിന്റെ വെളിച്ചത്തിൽ ജീവിതത്തിൽ എന്ത് മാറ്റങ്ങളാണ് നിങ്ങൾക്ക് വരുത്തു വാൻ സാധിക്കുന്നത്?
3. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ പ്രാർഥന കളെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?
4. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ സുവിശേഷീ കരണത്തെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?

## ധ്യാന/മനഃപാഠവാക്യം

*സങ്കീർത്തനങ്ങൾ 7:11 - ദൈവം നീതിയുള്ള ന്യായാധിപതി യാകുന്നു; ദൈവം ദിവസംപ്രതി കോപിക്കുന്നു.*

## പ്രാർഥന

*പിതാവേ, അവിടുന്ന് സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണെ ങ്കിലും, ക്രോധത്തിന്റെ ദൈവം കൂടിയാണ് എന്നത് ഞാൻ പലപ്പോഴും മറക്കുന്നു. അങ്ങ് പാപത്തെ വെറുക്കുകയും ന്യായം വിധിക്കുകയും ചെയ്യുന്നു. ഞാൻ അർഹിക്കുന്ന ക്രോധം സമ്പൂർണ്ണമായി കർത്താവായ യേശു ആഗിരണം ചെയ്തതിനാൽ ഞാൻ നന്ദിയുള്ളവനാണ്. പാപത്തെ ലഘുവായി കാണാതവണ്ണം ഭയത്തോടെയും വിറയലോ ടെയും ജീവിക്കുവാൻ എന്നെ സഹായിക്കേണമേ. അങ്ങേ യ്കെതിരെ മത്സരിക്കുന്ന സകലർക്കും എതിരായുള്ള അവിടുത്തെ ക്രോധം എന്നെ, നഷ്ടപ്പെട്ടു പോയവർക്ക്*

*വരാനിരിക്കുന്ന ശിക്ഷാവിധിയിൽ നിന്ന് അവരെ രക്ഷിക്കുവാൻ സാധിക്കുന്ന ഒരേയൊരുവനായ യേശുവിങ്കലേയ്ക് ഓടിയെത്തുവാൻ അവരോട് അഭ്യർഥിക്കുന്നതിന്, ഇടയാക്കട്ടെ. ആളുകളോട് സുവിശേഷം പറയുമ്പോൾ അവിടുത്തെ ക്രോധത്തെക്കുറിച്ചു പറയുവാൻ മടി കാണിക്കുന്നതിൻ നിന്നും എന്നെ തടയുകയും അതീവ ഗൗരവത്തോടെ സ്നേഹത്തിൽ സംസാരിക്കുകയും ചെയ്യുവാൻ എന്നെ സഹായിക്കേണമേ.*

*ആമേൻ!*

## അഭേദ്യഗുണം 9:

# ദൈവത്തിന്റെ വിശ്വസ്തത

*ദൈവത്തിന്റെ സകല വാഗ്ദത്തങ്ങളും നിവർത്തിക്കുവാൻ ദൈവത്തിൽ ആശ്രയിക്കുക സാധ്യമാണ് എന്നാണ് ദൈവത്തിന്റെ വിശ്വസ്തതകൊണ്ട് അർഥമാക്കുന്നത്.*

സദൃശ്യവാക്യങ്ങൾ 20:6-ൽ ശലോമോൻ ഇപ്രകാരം എഴുതി, "മിക്ക മനുഷ്യരും തങ്ങളോടു ദയാലുവായ ഒരുത്തനെ കാണും; എന്നാൽ വിശ്വസ്തനായ ഒരുത്തനെ ആർ കണ്ടെത്തും?" ഈ പഴമൊഴിയുടെ സത്യാവസ്ഥ തെളിയിക്കപ്പെടുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. മനുഷ്യരുടെ അവിശ്വസ്തത മൂലം സുഹൃത്ബന്ധങ്ങൾ, വിവാഹബന്ധങ്ങൾ, വ്യാപാര ഇടപാടുകൾ എന്നിവ തകരുന്നു. ഒരുപക്ഷെ, അവസാനംവരെയും വിശ്വസ്തതയോടെ കൂടെ കാണും എന്ന് വാക്ക് നൽകിയ വ്യക്തികൾതന്നെ ചെയ്ത വഞ്ചനയുടെ ആഴത്തിലുള്ള വേദന നിങ്ങളും അറിഞ്ഞിരിക്കാം.

അത്തരത്തിലുള്ള യാഥാർത്യത്തിന്റെ ഇരുട്ടിൽ, ദൈവത്തിന്റെ വിശ്വസ്തത എന്ന ഈ അഭേദ്യഗുണം വേദനിക്കുന്ന ആത്മാവിന് അതിയായ ആശ്വാസം പ്രദാനം ചെയ്യുന്നു. ദൈവത്തിന്റെ വിശ്വസ്തതയെക്കുറിച്ച് വളരെ നേരത്തേതന്നെ ബൈബിൾ ആവർത്തനം 7:9-ൽ പ്രസ്താവിക്കുന്നു, "ആകയാൽ നിന്റെ ദൈവമായ യഹോവ തന്നേ ദൈവം; അവൻ തന്നേ സത്യദൈവം എന്നു നീ അറിയേണം: അവൻ തന്നെ സ്നേഹിച്ചു തന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറവരെ നിയമവും ദയയും പാലിക്കുന്നു." പിന്നീട്, ആവർത്തനം 32:4-ൽ നാം ഇപ്രകാരം വായിക്കുന്നു, "അവൻ പാറ; അവന്റെ പ്രവൃത്തി അത്യുത്തമം. അവന്റെ വഴികൾ ഒക്കെയും ന്യായം; അവൻ വിശ്വസ്തതയുള്ള ദൈവം, വ്യാജമില്ലാത്തവൻ; നീതിയും നേരുമുള്ളവൻ തന്നേ."

പലപ്പോഴും ചഞ്ചലിക്കുന്ന, വീണുപോയ മനുഷ്യരിൽ നിന്നും വ്യത്യസ്തമായി, ദൈവം തന്റെ വിശ്വസ്തതയിൽ അചഞ്ചലനാണ്. സംഖ്യ 23:19 -ൽ മോശെ നമ്മെ ഓർമ്മിപ്പിക്കുന്നു, "വ്യാജം പറവാൻ ദൈവം മനുഷ്യനല്ല; അനുതപിപ്പാൻ അവൻ മനുഷ്യപു

ത്രനുമല്ല; താൻ കല്പിച്ചതു ചെയ്യാതിരിക്കുമോ? താൻ അരുളിച്ചെയ്തതു നിവർത്തിക്കാതിരിക്കുമോ?" സങ്കീർത്തനക്കാരനായ എസ്രാഹ്യനായ ഏഥാൻ സങ്കീർത്തനം 89:8-ൽ ഇപ്രകാരം എഴുതിയിരിക്കുന്നു, "സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്നെപ്പോലെ ബലവാൻ ആരുള്ളു? യഹോവേ, നിന്റെ വിശ്വസ്തത നിന്നെ ചുറ്റിയിരിക്കുന്നു." തീത്തോസ് 1:2 -ൽ പൗലോസ് നമ്മോടു പറയുന്നത്, "ഭോഷ്കില്ലാത്ത ദൈവം" എന്നാണ്. എബ്രായ ലേഖനത്തിന്റെ എഴുത്തുകാരൻ പറയുന്നത്, "ദൈവത്തിന്നു ഭോഷ്കു പറവാൻ "കഴിയില്ല എന്നാണ് (എബ്രായർ 6:18). "ദൈവത്തിന്റെ സകലവചനവും ശുദ്ധിചെയ്തതാകുന്നു" എന്ന് ആഗൂർ നമ്മെ ഓർമ്മിപ്പിക്കുന്നു (സദൃശ്യവാക്യങ്ങൾ 30:5). ദൈവം തന്റെ വാഗ്ദത്തങ്ങൾ പാലിക്കും എന്ന് നമുക്ക് പൂർണ്ണമായി വിശ്വസിക്കുവാൻ സാധിക്കും എന്നാണ് ഈ വാക്യങ്ങൾ ഒക്കെയും പറയുന്നത്. പൂർണ്ണഹൃദയത്തോടെ തന്നിൽ ആശ്രയിക്കുന്നവരോട് ദൈവം ഒരിക്കലും അവിശ്വസ്തത കാട്ടുകയില്ല (സങ്കീർത്തനങ്ങൾ 34:22).

വെയിൻ ഗ്രൂഡെം ഇപ്രകാരം ഉചിതമായി പ്രസ്താവിച്ചു: "ദൈവത്തിന്റെ വാക്ക് വിശ്വസിക്കുകയും താൻ വാഗ്ദത്തം ചെയ്തത് നിവർത്തിക്കുവാൻ ദൈവത്തിൽ ആശ്രയിക്കുകയും ചെയ്യുക എന്നതാണ് യഥാർഥ വിശ്വാസത്തിന്റെ സത്ത." ദൈവം തന്റെ എല്ലാ വാഗ്ദത്തങ്ങളും നിവർത്തിക്കുവാൻ വിശ്വസ്തൻ ആകുന്നു, നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ എന്ന് ഒരു വിശ്വാസിയ്ക്ക് ഉറപ്പോടെ പറയുക സാധ്യമാണ്. അതു രാവിലെതോറും പുതിയതും തന്റെ വിശ്വസ്ഥത വലിയതും ആകുന്നു. നമുക്ക് നമ്മോടുതന്നെ പറയുവാൻ സാധിക്കും, "യഹോവ എന്റെ ഓഹരി എന്നു എന്റെ ഉള്ളം പറയുന്നു; അതുകൊണ്ടു ഞാൻ അവനിൽ പ്രത്യാശവെക്കുന്നു" (വിലാപങ്ങൾ 3:22-24).

ദൈവം തന്റെ വാഗ്ദത്തങ്ങൾ നിവർത്തിക്കുന്ന ദൃഷ്ടാന്തങ്ങൾ ബൈബിളിൽ നിറഞ്ഞിരിക്കുന്നു. ഏതാനം ചില ഉദാഹരണങ്ങൾ നമുക്കു കാണാം.

1. ഉല്പത്തി 8:22-ൽ രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ച്, "ഭൂമിയുള്ള കാലത്തോളം വിതയും കൊയിത്തും, ശീതവും ഉഷ്ണവും, വേനലും വർഷവും, രാവും പകലും നിന്നുപോകയുമില്ല" എന്ന് ദൈവം നോഹയോട് വാഗ്ദത്തം ചെയ്തു. വർഷം തോറും ഇത് നിവർത്തിയാകുന്നത് നാം കാണുന്നു.
2. ഉല്പത്തി 15:13-16-ൽ യഹൂദജനത 400 വർഷത്തെ അടിമത്തത്തിലേയ്കു പോകുമെന്ന്, വിടുതൽ സംബന്ധിച്ചുള്ള തന്റെ വാഗ്ദത്തത്തം സഹിതം അബ്രഹാമിനോട് ദൈവം

മുൻകൂട്ടി പറഞ്ഞു: "നാനൂറ്റി മുപ്പതു സംവത്സരം കഴിഞ്ഞിട്ടു, ആ ദിവസം തന്നെ, യഹോവയുടെ ഗണങ്ങൾ ഒക്കെയും മിസ്രയീംദേശത്തുനിന്നു പുറപ്പെട്ടു" (പുറപ്പാട് 12:41).

3. യേശുക്രിസ്തുവിന്റെ കന്യകാജനനത്തെക്കുറിച്ച് യെശെയ്യാവ് 7:14-ൽ നമുക്ക് പ്രവചനം നൽകപ്പെട്ടിരിക്കുന്നു, "അതുകൊണ്ടു കർത്താവു തന്നേ നിങ്ങൾക്കു ഒരു അടയാളം തരും: കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനൂവേൽ എന്നു പേർ വിളിക്കും." ഈ പ്രവചനത്തിന്റെ പൂർത്തീകരണം മത്തായി 1:22-25 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന മൂന്ന് ഉദാഹരണങ്ങളല്ലാതെ, കൂടുതൽ ഉദാഹരണങ്ങൾ ഉദ്ധരിക്കുവാൻ സാധിക്കും. എന്നാൽ, എബ്രായർ 10:23 പ്രസ്താവിക്കുന്നതുപോലെ, "വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാണ്" എന്നത് വ്യക്തമാണ്. ദൈവത്തിന്റെ വിശ്വസ്തതയുടെ 2 വശങ്ങളാണ് ഈ അധ്യായത്തിന്റെ ബാക്കി ഭാഗം പരാമർശിക്കുന്നത്:

1. തന്റെ മക്കളുടെ ജീവിതത്തിൽ
2. തന്റെ ശത്രുക്കളുടെ ജീവിതത്തിൽ.

## 1. ദൈവത്തിന്റെ വിശ്വസ്തത: തന്റെ മക്കളുടെ ജീവിതത്തിൽ

*അവരെ സംരക്ഷിക്കുന്നതിൽ.* 1 കൊരിന്ത്യർ 1:8-9 നമ്മോട് ഇപ്രകാരം പറയുന്നു, "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാളിൽ കുറ്റമില്ലാത്തവരായിരിക്കേണ്ടതിന്നു അവൻ നിങ്ങളെ അവസാനത്തോളം ഉറപ്പിക്കും. തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ." ആത്യന്തിക അർഥത്തിൽ, നമ്മുടെ രക്ഷയുടെ സംരക്ഷണം ദൈവത്തിന്റെ വിശ്വസ്തതയിൽ അടിസ്ഥാനപ്പെട്ടതാണ്. നമ്മുടെ രക്ഷയുടെ ഭദ്രത സംബന്ധിച്ച് വിലയേറിയ ഈ വാക്കുകൾ യേശു പറഞ്ഞു, "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു. ഞാൻ അവെക്കു നിത്യജീവൻ കൊടുക്കുന്നു; അവ ഒരുനാളും നശിച്ചുപോകയില്ല; ആരും അവയെ എന്റെ കയ്യിൽനിന്നു പിടിച്ചുപറിക്കയും ഇല്ല" (യോഹന്നാൻ 10:27-28). കൂടാതെ, തന്റെ മഹാപുരോഹിത പ്രാർഥനയിൽ നമ്മുടെ സംരക്ഷണത്തിനു വേണ്ടി യേശു പ്രാർഥിച്ചു: "പരിശുദ്ധപിതാവേ, അവർ നമ്മെപ്പോലെ

ഒന്നാകേണ്ടതിന്നു നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ" (യോഹന്നാൻ 17:11).

***അവരെ ശിക്ഷണം ചെയ്യുന്നതിൽ.*** ദൈവത്തിന്റെ വിശ്വസ്തത നമ്മെ സംരക്ഷിക്കുന്നതിൽ മാത്രമല്ല, ശിക്ഷണം ചെയ്യുന്നതിലും പ്രകടമായിരിക്കുന്നു. ദൈവത്തിന്റെ ശിക്ഷണപ്രക്രിയയിലൂടെ കടന്നു പോകുമ്പോൾ സഹിച്ചുനിൽക്കുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്ന വേദഭാഗമാണ് എബ്രായർ 12:4-11. ദൈവത്താൽ ശിക്ഷിക്കപ്പെടുന്നു (അഥവാ പരിശീലിപ്പിക്കപ്പെടുന്നു എന്നത് നാം അവന്റെ യഥാർഥ മക്കളാണ് എന്നതിന്റെ തെളിവാണെന്നും വിശ്വസ്തനായ ദൈവം തന്റെ പുത്രനെപ്പോലെ നമ്മെ ആയിത്തീർക്കുവാനാണ് അത് ചെയ്യുന്നത് എന്നുമാണ് എഴുത്തുകാരൻ പറയുന്നത്. ഈ സത്യം ഉയർത്തികാട്ടുന്ന വേദഭാഗത്തിന്റെ ശകലങ്ങൾ ഇതാ:

> ***എബ്രായർ 12:7-8, 10-11*** *– നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോടു എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളു? എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല കൌലടേയന്മാരത്രേ. ...അവർ ശിക്ഷിച്ചതു കുറെക്കാലവും തങ്ങൾക്കു ബോധിച്ചപ്രകാരവുമത്രേ; അവനോ, നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന്നു നമ്മുടെ ഗുണത്തിന്നായി തന്നേ ശിക്ഷിക്കുന്നതു. ഏതു ശിക്ഷയും തൽക്കാലം സന്തോഷകരമല്ല ദുഃഖകരമത്രേ എന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്കു നീതി എന്ന സമാധാനഫലം ലഭിക്കും.*

ശിക്ഷണം നേരിട്ടപ്പോൾ, "യഹോവേ, നിന്റെ വിധികൾ നീതിയുള്ളവയെന്നും വിശ്വസ്തതയോടെ നീ എന്നെ താഴ്ത്തിയിരിക്കുന്നു എന്നും ഞാൻ അറിയുന്നു" (സങ്കീർത്തനങ്ങൾ 119:75) എന്ന് സങ്കീർത്തനക്കാരൻ പറഞ്ഞതിൽ അതിശയിക്കേണ്ടതില്ല. നമ്മെ കൂടുതൽ വിശുദ്ധരാക്കുവാൻ ആവശ്യമായത്, അത് വേദനനാജനകമാകാമെങ്കിലും, വിശ്വസ്തനായ ദൈവം ചെയ്യുന്നു.

***അവരെ തേജസ്കരിക്കുന്നതിൽ.*** നമ്മെ സംരക്ഷിക്കുന്നതിലും ശിക്ഷണം നടത്തുന്നതിലും മാത്രമല്ല, നമ്മെ യേശുവിനോട് അനുരൂപപ്പെടുപ്പെടുത്തുമ്പോൾ നമ്മുടെ ആത്യന്തികമായ തേജസ്കരണത്തിലും ദൈവത്തിന്റെ വിശ്വസ്തത പ്രകടമാകുന്നു. റോമർ 8:30-ൽ നമുക്ക് ഇപ്രകാരം വാഗ്ദത്തം നൽകപ്പെട്ടിരിക്കുന്നു, "മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു." ഇനി നടക്കുവാൻ പോകുന്ന സംഗതിയാണെങ്കിലും "തേജസ്കരിച്ചുമിരിക്കുന്നു" എന്ന പദപ്രയോഗം

ഭൂതകാലത്തിൽ നൽകിയിരിക്കുന്നു എന്നത് ശ്രദ്ധിക്കുക. എന്താണ് അതിനർഥം? എന്ന് നിങ്ങൾ ചോദിച്ചേക്കാം. അത് ലളിതമാണ്. ദൈവത്തിന്റെ ദൃഷ്ടിയിൽ നമ്മുടെ തേജസ്കരണം നടന്നുകഴിഞ്ഞ കാര്യമാണ്. അതുകൊണ്ടാണ് അത് ഭൂതകാലത്തിൽ നൽകിയിരിക്കുന്നത്. വിശ്വസ്തനായ ദൈവത്തെ തന്റെ വാഗ്ദത്തങ്ങൾ നിവർത്തിക്കുവാൻ നമുക്ക് അത്രത്തോളം വിശ്വസിക്കാവുന്നതാണ്. ഫിലിപ്പിയർ 1:4-ൽ പൗലോസ് ഇപ്രകാരം പറഞ്ഞതിൽ അതിശയിക്കേണ്ടതില്ല, "നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു."

"സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ. നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തൻ ആകുന്നു; അവൻ അതു നിവർത്തിക്കും" എന്ന് 1 തെസ്സലൊനീക്യർ 5:23-24 പറയുന്നതുപോലെ, തേജസ്കരണം സംബന്ധിച്ച് നമുക്കുള്ള എല്ലാ വാഗ്ദത്തങ്ങളും ദൈവത്തിന്റെ വിശ്വസ്തതയിൽ അടിസ്ഥാനപ്പെട്ടതാണ്. തേജസ്കരിക്കുന്നതിനുള്ള ദൈവത്തിന്റെ വിശ്വസ്തത, വലിയ കഷ്ടതകളുടെ നടുവിലും ദൃഢവിശ്വാസത്തോടെയുള്ള ഈ വാക്കുകൾ പറയുവാൻ പൗലോസിനെ പ്രേരിപ്പിച്ചു, "അതു നിമിത്തം തന്നേ ഞാൻ ഇതൊക്കെയും സഹിക്കുന്നു; എങ്കിലും ലജ്ജിക്കുന്നില്ല; ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു; അവൻ എന്റെ ഉപനിധി ആ ദിവസംവരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു" (2 തിമൊഥെയൊസ് 1:12).

അതായത്, സംരക്ഷിക്കുക, ശിക്ഷണം നടത്തുക, തേജസ്കരിക്കുക എന്നീ മൂന്ന് മേഖലകളിൽ ദൈവം തന്റെ മക്കളായ നമ്മോട് പ്രകടമാക്കുന്ന വിശ്വസ്തത കാണപ്പെടുന്നു. ഇരുട്ടേറിയ സമയത്തും പരാതിപ്പെടുകയോ മടുത്തുപോകുകയോ ചെയ്യാതെ ദൈവത്തിൽ ആശ്രയിക്കുവാൻ ഇതു നമുക്ക് കാരണമാകണം. നാം വിശ്വാസത്തിൽ സഹിഷ്ണത കാണിക്കുകയും ആകുലതയിൽ നിന്ന് സ്വതന്ത്രരാകുകയും ചെയ്യണം. എബ്രായർ 11-ൽ വിവരിച്ചിരിക്കുന്ന വിശ്വസ്തരായ സ്ത്രീപുരുഷന്മാർ അതാണ് ചെയ്തത്. അവർ നിരാശിതരായിരുന്നില്ല. അവസാനത്തിങ്കൽ നാമും നിരാശരാകുകയില്ല. കാരണം, നമ്മോടുള്ള തന്റെ സകല വാഗ്ദത്തങ്ങളും നിവർത്തിക്കുവാൻ ദൈവം വിശ്വസ്തനാണ്.

പാപത്തോട് പോരാടുമ്പോഴും തീവ്രമായ പ്രലോഭനങ്ങളിലൂടെ കടന്നുപോകുമ്പോഴും നമുക്ക് പരാജയം സമ്മതിക്കേണ്ടതില്ല.

1 കൊരിന്ത്യർ 10:13 നമ്മോടു പറയുന്നു, "മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിന്നു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന്നു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും." ദൈവം പരീക്ഷയോടുകൂടെ "പോക്കുവഴിയും ഉണ്ടാക്കും" എന്ന് പറഞ്ഞപ്പോൾ നാം പരീക്ഷകളിൽ നിന്നും *രക്ഷപെടും* എന്ന് അർഥമാക്കിയില്ല. പകരം, പരീക്ഷകൾ നമുക്കു സഹിക്കുവാൻ കഴിയുന്നതിനും മീതേയാണ് എന്ന് കാണപ്പെടുമ്പോഴും നാം ദൈവത്തിൽ ആശ്രയിക്കുന്നിടത്തോളം, അവയെ നേരിടുവാൻ ആവശ്യമായ ബലം നൽകുവാൻ തക്കവണ്ണം വിശ്വസ്തനായ ഈ ദൈവത്തെ വിശ്വസിക്കുവാൻ സാധിക്കും എന്നാണ് അർഥമാക്കിയത്. ചിലപ്പോൾ, അതിന്റെ അനന്തരഫലം മരണമാണെങ്കിൽപോലും അവസാനം വരെയും ദൈവത്തെ തള്ളിപ്പറയാതവണ്ണം നമ്മെ ശക്തീകരിക്കുവാൻ ദൈവം വിശ്വസ്തനാണ്!

"ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല, ഉപേക്ഷിക്കയുമില്ല" (എബ്രായർ 13:5) എന്നും ഈ വിശ്വസ്തത ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു എന്നും നമുക്കു മറക്കാതിരിക്കാം. അന്ത്യത്തോളം നമ്മോടു കൂടെയിരിക്കും എന്ന് യേശു വാഗ്ദത്തം നൽകിയിരിക്കുന്നു, "ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു" (മത്തായി 28:20). ആശ്രയം എന്നത് ദൈവത്തിന്റെ വാക്ക് വിശ്വസിക്കുകയും തന്റെ സകല വാഗ്ദത്തങ്ങളും നിവർത്തിക്കുവാൻ ദൈവം വിശ്വസ്തനാകയാൽ, പ്രത്യാശയറ്റ സാഹചര്യങ്ങളിൽപോലും അവ നിവർത്തിക്കുവാൻ ദൈവത്തിൽ ആശ്രയിക്കുകയും ചെയ്യുകയാണ്. പഴയ നിയമ പ്രവാചകനായ ഹബക്കൂക്ക് അതുതന്നെയാണ് ചെയ്തത്. തത്ഫലമായി അദ്ദേഹം തന്റെ ഹൃദയത്തിൽ ആനന്ദം അനുഭവിച്ചു: "അത്തിവൃക്ഷം തളിർക്കയില്ല; മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല; ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായ്പോകും; നിലങ്ങൾ ആഹാരം വിളയിക്കയില്ല; ആട്ടിൻകൂട്ടം തൊഴുത്തിൽനിന്നു നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും" (ഹബക്കൂക് 3:17-18).

പ്രിയ ക്രിസ്ത്യാനീ, താങ്കൾ വിഷമകരമായ ഒരു സമയം നേരിടുകയാണോ? ഓരോ ദിവസവും കഴിച്ചുകൂട്ടുവാൻ താങ്കൾ പ്രയാസപ്പെടുകയാണോ? മടുത്തുപോകരുത്. കാര്യങ്ങൾ നിരാശാജനകമാണെന്ന് തോന്നുമ്പോഴും ഹബക്കൂക്കിനെപ്പോലെ ഈ

വിശ്വസ്തനായ ദൈവത്തെ ആശ്രയിക്കുക. മടുത്തുപോകാതെ, വിശ്വാസത്തിൽ മുന്നേറുക! യെശയ്യാ 46:4-ൽ ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു, "നിങ്ങളുടെ വാർദ്ധക്യംവരെ ഞാൻ അനന്യൻ തന്നേ; നിങ്ങൾ നരെക്കുവോളം ഞാൻ നിങ്ങളെ ചുമക്കും; ഞാൻ ചെയ്തിരിക്കുന്നു; ഞാൻ വഹിക്കയും ഞാൻ ചുമന്നു വിടുവിക്കയും ചെയ്യും."

## 2. ദൈവത്തിന്റെ വിശ്വസ്തത: തന്റെ ശത്രുക്കളുടെ ജീവിതത്തിൽ

തന്റെ മക്കളോടുള്ള വാഗ്ദത്തങ്ങൾ പാലിക്കുവാൻ ദൈവം വിശ്വസ്തനായിരിക്കുന്നതുപോലെതന്നെ, തന്നെ തിരസ്കരിക്കുകയും തത്ഫലമായി തന്റെ ശത്രുക്കളായിരിക്കുകയും ചെയ്യുന്നവരെ ന്യായം വിധിക്കുമെന്ന തന്റെ വാഗ്ദത്തവും പാലിക്കുവാൻ ദൈവം വിശ്വസ്തനാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, രക്ഷകൻ എന്ന നിലയിലും ന്യായാധിപൻ എന്ന നിലയിലും ദൈവം വിശ്വസ്തനാണ്. തനിക്കെതിരെ മത്സരിച്ചവരെ ന്യായംവിധിക്കുന്നതിലുള്ള ദൈവത്തിന്റെ വിശ്വസ്തതയെ ദൈവത്തിന്റെ മുൻകാല ന്യായവിധികൾ സംശയലേശമന്യേ തെളിയിക്കുന്നു. നോഹയുടെ കാലത്ത് മാനസാന്തരപ്പെടാതിരുന്ന എല്ലാവരെയും നശിപ്പിച്ച ആഗോളവ്യാപകമായ വെള്ളപ്പൊക്കത്തിലൂടെ ദൈവം ലോകത്തെ ന്യായംവിധിച്ചു (ഉല്പത്തി 6-8). ദൈവത്തിന്റെ ദൃഷ്ടിയിൽ കൃപ ലഭിച്ച നോഹയും കുടുംബവുമല്ലാതെ ഒരാൾപോലും രക്ഷപെട്ടില്ല. അതുപോലെ, തങ്ങളെ വാഗ്ദത്ത നാട്ടിലേയ്ക് കൊണ്ടുവരുവാൻ ദൈവത്തിൽ ആശ്രയിക്കുവാൻ പരാജയപ്പെട്ട കാരണത്താൽ അവിശ്വാസികളെയും മരുഭൂമിയിലെ യാത്രയിൽ ദൈവം ന്യായംവിധിച്ചു (സംഖ്യ 14:26-34; എബ്രായർ 3:15-19). കഴിഞ്ഞ കാലങ്ങളിൽ ന്യായവിധി നടപ്പിലാക്കുന്നതിൽ ദൈവം തന്റെ വാക്ക് പാലിച്ചുകൊണ്ട് വിശ്വസ്തത പ്രകടമാക്കിയതിനാൽ, ഭാവിയിലും അതു ചെയ്യുവാൻ ദൈവം വിശ്വസ്തനായിരിക്കും എന്ന് നമുക്ക് ഉറപ്പിക്കുക സാധ്യമാണ്!

പാപങ്ങളിൽ നിന്ന് പിന്തിരിയുകയും യേശുക്രിസ്തുവിൽ ആശ്രയിക്കുകയും ചെയ്യുവാൻ പരാജയപ്പെടുന്ന സകലർക്കും ഭാവിയിൽ തീപ്പൊയ്ക അഥവാ നരകത്തിൽ അഗ്നിയാലുള്ള ന്യായവിധി ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു. "ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും" എന്ന് വെളിപ്പാട് 20:15 പറയുന്നു. ഇതു സംഭവിക്കും. "കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ

സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ ... സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും" (2 തെസ്സലൊനീക്യർ 1:6,7,10).

താങ്കൾ ദൈവത്തിന്റെ പൈതൽ ആയിതീർന്നിട്ടില്ല, തത്ഫലമായി ദൈവത്തിന്റെ ശത്രുവായിരിക്കുന്നുവെങ്കിൽ, ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്ന ന്യായവിധി നടപ്പിലാക്കുന്നതിൽ ദൈവത്തിന്റെ വിശ്വസ്തയുടെ വെളിച്ചത്തിൽ താങ്കളുടെ പ്രതികരണം എന്തായിരിക്കണം?

ഒന്നാമതായി, താങ്കളുടെ സ്യഷ്ടാവായ ദൈവത്തിനെതിരെ പാപം ചെയ്തിരിക്കുന്നു എന്നത് കാണുവാൻ താങ്കളുടെ കണ്ണുകളെ തുറക്കുവാൻ ദൈവത്തോട് അപേക്ഷിക്കുക. അതിനുശേഷം, താങ്കൾ പാപം ചെയ്തിരിക്കുന്നു എന്നും ശിക്ഷയ്കു യോഗ്യനാണ് എന്നും സമ്മതിക്കുക. മുടന്തൻ ന്യായങ്ങൾ പറയരുത്. "ഞാൻ നിനക്കെതിരെ പാപം ചെയ്തിരിക്കുന്നു. കർത്താവേ ഞാൻ കുറ്റക്കാരനാണ്" എന്ന വ്യക്തമായ ഏറ്റുപറച്ചിൽ മാത്രമാണ് ആവശ്യമായിരിക്കുന്നത്. താങ്കളുടെ പാപങ്ങളെക്കുറിച്ച് വേദിക്കുന്നു എന്നും പാപകരമായ ജീവിതശൈലിയിൽ നിന്നും പിന്തിരിയുവാൻ ആഗ്രഹിക്കുന്നു എന്നും ദൈവത്തോടു പറയുക. അതിനെയാണ് "മാനസാന്തരം" എന്ന് ബൈബിൾ വിളിക്കുന്നത്. എന്നാൽ, അതു മാത്രം പോരാ. ഒടുവിൽ, സമ്പൂർണ്ണമായ ജീവിതം ജീവിക്കുകയും കുരിശിൽ മരിക്കുകയും അതിനുശേഷം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തുകൊണ്ട്, പാപങ്ങളുടെ മുഴുവൻ വിലയും യേശു നൽകി എന്നു വിശ്വസിക്കുന്നതിനാൽ യേശുക്രിസ്തുവിലൂടെ ദൈവം നൽകുന്ന പാപക്ഷമ നിങ്ങൾ വിശ്വാസത്താൽ സ്വീകരിക്കേണ്ടത് ആവശ്യമാണ്. അങ്ങനെയാണ് നിങ്ങളുടെ പാപങ്ങളിൽ നിന്നും ദൈവത്തിന്റെ ക്രോധത്തിൽ നിന്നും നിങ്ങൾക്കു രക്ഷപ്രാപിക്കാൻ സാധിക്കുന്നത്. അങ്ങനെയാണ് നിങ്ങൾക്ക് ദൈവത്തിന്റെ പൈതൽ ആയിത്തീരുവാൻ സാധിക്കുന്നത് (യോഹന്നാൻ 1:12).

"കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും" എന്ന് ബൈബിൾ വാഗ്ദത്തം ചെയ്യുന്നു (റോമർ 10:13). അവനെ വിളിച്ചപേക്ഷിക്കുക. നിങ്ങളുടെ കർത്താവും രക്ഷകനുമായി യേശുവിനെ സ്വീകരിക്കുക. നിങ്ങളുടെ മാനസാന്തരത്തിന്റെയും വിശ്വാസത്തിന്റെയും പിന്നാലെ സ്നാനജലത്തിൽ മുങ്ങി *പരസ്യമായി* സാക്ഷീകരിക്കുക (അപ്പോസ്തലപ്രവർത്തികൾ 8:36-38). ദൈവപൈതൽ ആയിത്തീർന്നതിനു *ശേഷമുള്ള*

അനുസരണത്തിന്റെ ആദ്യപടിയാണ് സ്നാനം (അപ്പോസ്തല പ്രവർത്തികൾ 2:41).

തങ്ങളുടെ പാപങ്ങളാലും കുറ്റബോധത്താലും ഭാരപ്പെടുന്ന എല്ലാവരേയും യേശു ക്ഷണിക്കുന്നു: "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്തായി 11:28). അപ്രകാരം തന്റെ അടുക്കലേയ്കു വരുവാൻ മനസ്സുകാണിക്കുന്ന ഏവർക്കും യേശു ഈ വാഗ്ദത്തം നൽകുന്നു: "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല" (യോഹന്നാൻ 6:37b). തന്റെ വാഗ്ദത്തം പാലിക്കുവാൻ യേശു വിശ്വസ്തനാണ്. അവനെ വിശ്വസിക്കാം. വരിക, അവന്റെ പാപക്ഷമ അനുഭവിക്കുക. ക്രിസ്തുവിലേയ്കു വരുന്നതിൽ നിന്നും ആളുകളെ തടയുവാൻ ഒന്നിനെയും ഒരുവനെയും അനുവദിക്കരുത്. *യേശുവിന്റെ അടുക്കലേയ്കു വരുന്നതിന് കൊടുക്കേണ്ട വിലയെക്കാൾ വളരെയധികമാണ് യേശുവിൽ നിന്നും അകന്നു നിൽക്കുന്നതിന് കൊടുക്കേണ്ടിവരുന്ന വില.* യേശുവിനോടു ചേരുന്നതിന് നിങ്ങൾക്ക് സകലവും, ആവശ്യമെങ്കിൽ നിങ്ങളുടെ ജീവൻ പോലും ത്യജിക്കേണ്ടിവന്നാലും സാരമില്ല. ഒടുവിൽ, നിങ്ങൾ ഉപേക്ഷിച്ചുകളഞ്ഞ സകലത്തെക്കാളും വിലയേറിയ, യഥാർഥവും നിലനിൽക്കുന്നതുമായ നിധിയായ യേശുവിനെ നിങ്ങൾ കണ്ടെത്തും.

സ്നേഹിതാ, ദയവായി മനസ്സിലാക്കുക. ഈ വിശ്വസ്തനായ ദൈവം *ക്ഷമിക്കുന്ന* ദൈവവുമാണ്. ദൈവപുത്രനായ യേശുവിന്റെ രക്തത്താൽ നിങ്ങളുടെ പാപങ്ങൾ കഴുകിക്കളയുക. ആത്മാർഥ ഹൃദയത്തോടെ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. യേശുവിങ്കലേയ്കു വരിക. യേശുവിനെ ഒരു ന്യായാധിപതിയായി കാണും മുമ്പെ രക്ഷകനായി കാണുക. വരാനിരിക്കുന്ന ന്യായവിധിയിൽ നിന്ന് ഓടിയകലുക. നിങ്ങൾ എത്രമാത്രം പാപം ചെയ്തുവെന്നാലും, എത്രമാത്രം കുഴപ്പത്തിലായിരുന്നാലും, നിങ്ങൾക്ക് യേശുവിൽ യഥാർഥമായ സമാധാനവും വിശ്രമവും കണ്ടെത്തുക സാധ്യമാണ്. യേശുവിങ്കലേയ്കു വന്ന ശേഷം, ദൈവത്തിന്റെ മറ്റു മക്കളോടൊപ്പം നിങ്ങൾക്കും ദാവീദിനെപ്പോലെ പറയുവാൻ സാധിക്കും, "യഹോവേ, നിന്റെ ദയ ആകാശത്തോളവും നിന്റെ വിശ്വസ്തത മേഘങ്ങളോളവും എത്തുന്നു" (സങ്കീർത്തനങ്ങൾ 36:5).

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1. എപ്രകാരമാണ് ദൈവത്തിന്റെ വിശ്വസ്തത സംബന്ധിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടിനെ ഈ അധ്യായം സ്വാധീനിച്ചത്?
2. ദൈവത്തിന്റെ ഈ അഭേദ്യഗുണത്തിന്റെ വെളിച്ചത്തിൽ ജീവിതത്തിൽ എന്ത് മാറ്റങ്ങളാണ് നിങ്ങൾക്ക് വരുത്തുവാൻ സാധിക്കുന്നത്?
3. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ പ്രാർഥനകളെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?
4. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ സുവിശേഷീകരണത്തെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?

## മനഃപാഠ/ധ്യാന വാക്യം

*സങ്കീർത്തനങ്ങൾ 89:8 – സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്നെപ്പോലെ ബലവാൻ ആരുള്ളു? യഹോവേ, നിന്റെ വിശ്വസ്തത നിന്നെ ചുറ്റിയിരിക്കുന്നു.*

## പ്രാർഥന

*കൃപാലുവായ ദൈവമേ, സ്നേഹവാനായ പിതാവേ, മനുഷ്യർ തങ്ങളുടെ വാഗ്ദാനങ്ങളെ നിസ്സാരമായി ലംഘിക്കുന്ന ഈ ലോകത്തിൽ, അവിടുന്ന് അവിടുത്തെ എല്ലാ വാഗ്ദത്തങ്ങളും പാലിക്കുവാൻ വിശ്വസ്തനായിരിക്കുന്ന ദൈവമായിരിക്കുന്നതിനാൽ ഞാൻ അങ്ങയെ വാഴ്ത്തുന്നു. ഞാൻ ഇരുളേറിയ താഴ്വരയിലൂടെ നടക്കുമ്പോഴും അവിടുത്തെ വിശ്വസ്തത ഓർമ്മിക്കുവാൻ എന്നെ സഹായിക്കേണമേ. എല്ലാ കാലത്തും എന്നോടു കൂടെയിരിക്കും എന്ന് അങ്ങ് എനിക്കു വാഗ്ദത്തം നൽകിയിരിക്കുന്നു. അവിടുന്ന് കൂടെയില്ല എന്ന് എനിക്കു തോന്നുന്ന വേളയിലും വിശ്വാസത്താൽ അവിടുത്തെ വാക്ക് സ്വീകരിക്കുവാൻ എന്നെ സഹായിക്കേണമേ. എന്നിൽ നല്ല പ്രവൃത്തി ആരംഭിച്ചിരിക്കുന്ന അങ്ങ് ഒരുനാൾ അത് പൂർത്തിയാക്കും എന്ന് ഉറച്ചു വിശ്വസിക്കുവാൻ എന്റെ ഹൃദയത്തെ ബലപ്പെടുത്തേണമേ. മറ്റുള്ളവരോടുള്ള എന്റെ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ അങ്ങയെ അനുകരിക്കുവാൻ എന്റെ ഹൃദയത്തെ ഒരുക്കേണമേ. വിശ്വസ്തത എന്റെ അടയാളമായിരിക്കുവാൻ എന്നെ സഹായിക്കേണമേ.*

*ആമേൻ!*

## അഭേദ്യഗുണം 10:

# ദൈവത്തിന്റെ സർവ്വാധികാരം

*തിരുവെഴുത്തുകളിൽ വെളിപ്പെടുത്തപ്പെട്ട ദൈവഹിതത്തിന് വിരുദ്ധമായ പ്രവൃത്തികളുടെ കാരണങ്ങൾ ഉൾപ്പെടെ, ജീവിതത്തിലെ എല്ലാ സംഭവങ്ങളുടെയും മീതേ ദൈവത്തിനുള്ള പരിപൂർണ്ണമായ നിയന്ത്രണത്തെയാണ് ദൈവത്തിന്റെ സർവ്വാധികാരം സൂചിപ്പിക്കുന്നത്.*

ദൈവത്തിന്റെ സർവ്വാധികാരം എന്ന വിഷയം സംബന്ധിച്ച് ഒരു ക്രിസ്ത്യാനി എപ്രകാരമാണ് ചിന്തിക്കേണ്ടത് എന്നതിന്റെ മികച്ച ദൃഷ്ടാന്തമാണ് താഴെ കൊടുത്തിരിക്കുന്ന കഥ:

*1902-ൽ ഒരു ഇംഗ്ലീഷ് ബാലൻ പ്രഭാതഭക്ഷണത്തിന് എത്തിയപ്പോൾ, തന്റെ പിതാവ് വർത്തമാനപത്രം വായിക്കുന്നതു കണ്ടു. ബ്രിട്ടണിൽ 64 വർഷത്തിനു ശേഷം നടക്കുന്ന കിരീടധാരണത്തിന്റെ തയ്യാറെടുപ്പുകളുടെ വാർത്ത ഉൾക്കൊള്ളുന്നതായിരുന്നു ആ പത്രം. പ്രഭാതഭക്ഷണത്തിനിടയിൽ, ആ പിതാവ് തിരിഞ്ഞ് തന്റെ ഭാര്യയോട് ഇപ്രകാരം പറഞ്ഞു, "ഹൊ, ഇങ്ങനെ എഴുതിയത് കാണേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു."*

*"എന്താണത്?" അവൾ ചോദിച്ചു.*

*"ഒരു നിശ്ചിത തീയതിയിൽ, എഡ്വേർഡ് രാജകുമാരൻ വെസ്റ്റ് മിനിസ്റ്ററിൽ വച്ച് രാജാവായി കിരീടധാരണം ചെയ്യപ്പെടും എന്ന വിളമ്പരമാണിത്. എന്നാൽ, ഇതിൽ, 'ഡിയോ വോളന്റെ 'അഥവാ 'ദൈവഹിതമായാൽ 'എന്ന പ്രയോഗം കാണുന്നില്ല. എന്തുകൊണ്ടാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്?" നിശ്ചയിച്ചിരുന്ന ആ ദിവസം, ഭാവിയിലെ എഡ്വേർഡ് ഏഴാമനായ രാജകുമാരൻ അപ്പന്റിസൈറ്റിസ് മൂലം രോഗബാധിതനാകുകയും തത്ഫലമായി, കിരീടധാരണം മാറ്റിവയ്കുകയും ചെയ്തു. അക്കാരണത്താൽ, വാക്കുകൾ ആ ചെറിയ ബാലന്റെ മനസ്സിൽ തറച്ചു. അത് വിക്ടോറിയ രാജ്ഞിയുടെ വാഴ്ചയുടെ അവസാനത്തിങ്കൽ, ബ്രിട്ടീഷ്*

*സാമ്രാജ്യത്തിന്റെ രാഷ്ട്രീയ, സാമ്പത്തിക, സൈനിക ശക്തി അതിന്റെ പാരമ്യത്തിലായിരുന്ന സമയമായിരുന്നു.*

*എങ്കിലും, മഹത്തായ ബ്രിട്ടന് സകല ശക്തിയും ഉണ്ടായിരുന്നിട്ടും, പദ്ധതി ചെയ്തിരുന്നപ്രകാരം, നിശ്ചയിച്ച ദിനത്തിൽ കിരീടധാരണം നടത്തുവാൻ സാധിച്ചില്ല. വിളമ്പരത്തിൽ നിന്നും "ദൈവഹിതമായാൽ" എന്ന പ്രയോഗം ഒഴിവാക്കിയതും അതിനെത്തുടർന്ന് കിരീടധാരണം മാറ്റിവയ്ക്കേണ്ടി വന്നതും വെറും യാദൃശ്ചികമാണോ? അവ പരസ്പര ബന്ധമില്ലാത്ത രണ്ടു സംഭവങ്ങൾ മാത്രമാണോ? അതോ താൻ "നിയന്ത്രണം നടത്തുന്നു" എന്നു കാണിക്കുവാൻ എഡ്വേർഡ് രാജകുമാരന് ദൈവം അപ്പന്റിസൈറ്റിസ് വരുത്തിയതാണോ?*

*എങ്ങനെയാണ് അപ്രകാരം സംഭവിച്ചത് എന്ന് നമുക്കറിയില്ല. എന്നിരുന്നാലും, ഒന്ന് നമുക്കറിയാം: 'ദൈവഹിതമായാൽ' എന്ന പദപ്രയോഗത്തോടെ നാം അംഗീകരിച്ചാലും ഇല്ലെങ്കിലും, ദൈവത്തിന്റെ ഹിതത്തിന് വെളിയിൽ യാതൊരു പദ്ധതിയും നടപ്പിലാക്കുവാൻ നമുക്കു സാധ്യമല്ല. ആ വസ്തുത സംബന്ധിച്ച് യാതൊരു സംശയത്തിനും ബൈബിൾ ഇട നൽകുന്നില്ല ... ദൈവം നിയന്ത്രണം നടത്തുന്നു; അവൻ സർവ്വാധികാരിയാണ്. ദൈവം തനിക്ക് ഇഷ്ടമുള്ളതൊക്കെയും ചെയ്യുകയും നാം പദ്ധതി ചെയ്തിരിക്കുന്ന കാര്യങ്ങൾ നമുക്കു ചെയ്യുക സാധ്യമാണോ എന്നു തീരുമാനിക്കുകയും ചെയ്യുന്നു. അതാണ് ദൈവത്തിന്റെ സർവ്വാധികാരത്തിന്റെ സത്ത; തനിക്ക് ഇഷ്ടമുള്ളതൊക്കെയും ചെയ്യുന്നതിനുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യവും തന്റെ സകല സൃഷ്ടികളുടെയും പ്രവൃത്തികളുടെമേൽ സമ്പൂർണ്ണ നിയന്ത്രണവും. യാതൊരു സൃഷ്ടിക്കോ വ്യക്തിക്കോ സാമ്രാജ്യത്തിനോ ദൈവത്തിന്റെ ഹിതത്തെ തടയുവാനോ തന്റെ ഹിതത്തിന്റെ പരിധിയ്കു വെളിയിൽ പ്രവർത്തിക്കുവാനോ സാധ്യമല്ല.*

ആർതർ പിങ്ക് യഥോചിതം ഇപ്രകാരം പറഞ്ഞു: "ദൈവം സർവ്വാധികാരിയാണ് എന്നു നാം പറയുമ്പോൾ, ദൈവം തനിക്കായി ഉണ്ടാക്കിയ പ്രപഞ്ചത്തെ തനിക്ക് ഇഷ്ടമുള്ളതുപോലെ ഭരിക്കുന്നതിനുള്ള അധികാരത്തെ നാം അംഗീകരിക്കുകയാണ്. കുശവന് കളിമണ്ണിന്മേലുള്ള അധികാരമാണ് *ദൈവത്തിന്റെ അധികാരം* എന്നത് നാം അംഗീകരിക്കുകയാണ് ... മറ്റൊരു നിയമത്തിന്റെ കീഴിലോ തന്റെ സ്വന്ത ഇച്ഛയ്കും സ്വഭാവത്തിനും പുറത്തുള്ള ഒരു നിയമത്തിന്റെ കീഴിലോ അല്ല ദൈവം എന്നും

ദൈവത്തിന് താൻ തന്നെയാണ് നിയമം എന്നും താൻ ചെയ്യുന്ന കാര്യങ്ങളുടെ കണക്ക് ആർക്കെങ്കിലും കൊടുക്കേണ്ട ബാധ്യതയും ദൈവത്തിനില്ല എന്നുമാണ് നാം അംഗീകരിക്കുന്നത്." അതെ, തനിക്കു മാത്രം അറിയാവുന്ന കാരണങ്ങളും വെളിപ്പെടുത്തപ്പെട്ട തന്റെ ഹിതത്തിന് എതിരായി നിലകൊള്ളുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടെ, ജീവിതത്തിലെ എല്ലാ സംഭവങ്ങളുടെയും മേൽ ദൈവത്തിന് പരിപൂർണ്ണമായ നിയന്ത്രണം ഉണ്ട്. തന്റെ വലിയ ജ്ഞാനത്തിൽ, മനുഷ്യരുടെയും പിശാചിന്റെയും തിന്മപ്രവൃത്തികളെ തന്റെ നല്ല ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുവാൻ ദൈവം ഉപയോഗിക്കുന്നു.

ദൈവത്തിന്റെ സർവ്വാധികാരത്തെക്കുറിച്ച് പഠിപ്പിക്കുന്ന ഏതാനം ചില തിരുവെഴുത്തുഭാഗങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

> *ഉല്പത്തി 50:20 – നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു; ദൈവമോ, ഇന്നുള്ളതുപോലെ ബഹുജനത്തിന്നു ജീവരക്ഷ വരുത്തേണ്ടതിന്നു അതിനെ ഗുണമാക്കിത്തീർത്തു.*
>
> *യെശയ്യാ 46:9-10 – പണ്ടുള്ള പൂർവ്വകാര്യങ്ങളെ ഓർത്തുകൊൾവിൻ; ഞാനല്ലാതെ വേറൊരു ദൈവമില്ല; ഞാൻ തന്നേ ദൈവം, എന്നെപ്പോലെ ഒരുത്തനുമില്ല. ആരംഭത്തിങ്കൽ തന്നേ അവസാനവും പൂർവ്വകാലത്തു തന്നേ മേലാൽ സംഭവിപ്പാനുള്ളതും ഞാൻ പ്രസ്താവിക്കുന്നു; എന്റെ ആലോചന നിവൃത്തിയാകും; ഞാൻ എന്റെ താല്പര്യമൊക്കെയും അനുഷ്ടിക്കും എന്നു ഞാൻ പറയുന്നു.*
>
> *ഇയ്യോബ് 42:2 – നിനക്കു സകലവും കഴിയുമെന്നും നിന്റെ ഉദ്ദേശമൊന്നും അസാദ്ധ്യമല്ലെന്നും ഞാൻ അറിയുന്നു.*
>
> *സങ്കീർത്തനങ്ങൾ 115:3 – നമ്മുടെ ദൈവമോ സ്വർഗ്ഗത്തിൽ ഉണ്ടു; തനിക്കു ഇഷ്ടമുള്ളതൊക്കെയും അവൻ ചെയ്യുന്നു.*
>
> *സദൃശ്യവാക്യങ്ങൾ 19:21 – മനുഷ്യന്റെ ഹൃദയത്തിൽ പല വിചാരങ്ങളും ഉണ്ടു; യഹോവയുടെ ആലോചനയോ നിവൃത്തിയാകും.*
>
> *സദൃശ്യവാക്യങ്ങൾ 21:30 – യഹോവെക്കെതിരെ ജ്ഞാനവുമില്ല, ബുദ്ധിയുമില്ല, ആലോചനയുമില്ല.*
>
> *വിലാപങ്ങൾ 3:37 – കർത്താവു കല്പിക്കാതെ ആർ പറഞ്ഞിട്ടാകുന്നു വല്ലതും സംഭവിക്കുന്നതു?*

"തന്റെ ഹിതത്തിന്റെ ആലോചനപോലെ സകലവും പ്രവർത്തിക്കുന്നവൻ" എന്ന് ദൈവത്തെക്കുറിച്ച് പൗലോസ് നമ്മോടു പറഞ്ഞിരിക്കുന്നു (എഫേസ്യർ 1:11). ചുരുക്കത്തിൽ, അതാണ് ദൈവത്തിന്റെ സർവ്വാധികാരം: തന്റെ ഹിതത്തിനും പ്രസാദത്തിനും അനുസ്യതമായി ദൈവം സകലവും പ്രവർത്തിക്കുന്നു. ദൈവം ഒരിക്കലും പാപത്തിന്റെ കാരണക്കാരനല്ല (ഹബക്കൂക്ക് 1:13; യാക്കോബ് 1:13). എന്നാൽ, സംഭവിക്കുന്ന തിന്മകളെപ്പോലും, തന്റെ വിശുദ്ധ സ്വഭാവത്തിൽ വിട്ടുവീഴ്ച വരുത്താതെതന്നെ, ആത്യന്തികമായി നല്ലതും മഹത്വകരവുമായ തന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുവാൻ, ദൈവം തന്റെ സർവ്വാധികാരത്തിൽ, ഉപയോഗിക്കുന്നു (ഉല്പത്തി 50:20). ഇത് ചെയ്യുവാൻ ദൈവത്തിന് എങ്ങനെയാണ് സാധിക്കുക എന്നത് നമ്മുടെ പരിമിതമായ ബുദ്ധിയ്ക്ക് ഒരിക്കലും പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കാത്ത നിഗൂഢതയാണ്.

തിന്മ സംഭവിക്കുമ്പോൾപോലും ദൈവം നിയന്ത്രണം നടത്തുന്നു എന്ന സത്യത്തെ പിന്തുണയ്ക്കുന്ന ചില തിരുവെഴുത്തുഭാഗങ്ങൾ താഴെ നൽകിയിരിക്കുന്നു.

*പുറപ്പാട് 4:11 – അതിന്നു യഹോവ അവനോടു: മനുഷ്യനു വായ് കൊടുത്തതു ആർ? അല്ല, ഊമനെയും ചെകിടനെയും കാഴ്ചയുള്ളവനെയും കുരുടനെയും ഉണ്ടാക്കിയതു ആർ? യഹോവയായ ഞാൻ അല്ലയോ?*

***ആവർത്തനം 32:39*** *– ഞാൻ, ഞാൻ മാത്രമേയുള്ളു; ഞാനല്ലാതെ ദൈവമില്ല എന്നു ഇപ്പോൾ കണ്ടുകൊൾവിൻ. ഞാൻ കൊല്ലുന്നു; ഞാൻ ജീവിപ്പിക്കുന്നു; ഞാൻ തകർക്കുന്നു; ഞാൻ സൗഖ്യമാക്കുന്നു; എന്റെ കയ്യിൽനിന്നു വിടുവിക്കുന്നവൻ ഇല്ല.*

***ഇയ്യോബ് 2:10*** *– അവൻ അവളോടു: ഒരു പൊട്ടി സംസാരിക്കുന്നതുപോലെ നീ സംസാരിക്കുന്നു; നാം ദൈവത്തിന്റെ കയ്യിൽനിന്നു നന്മ കൈക്കൊള്ളുന്നു; തിന്മയും കൈക്കൊള്ളരുതോ എന്നു പറഞ്ഞു. ഇതിൽ ഒന്നിലും ഇയ്യോബ് അധരങ്ങളാൽ പാപം ചെയ്തില്ല.*

***യെശയ്യാ 45:7*** *– ഞാൻ പ്രകാശത്തെ നിർമ്മിക്കുന്നു, അന്ധകാരത്തെയും സൃഷ്ടിക്കുന്നു; ഞാൻ നന്മയെ ഉണ്ടാക്കുന്നു, തിന്മയെയും സൃഷ്ടിക്കുന്നു. യഹോവയായ ഞാൻ ഇതൊക്കെയും ചെയ്യുന്നു.*

*വിലാപങ്ങൾ 3:37-38 – കർത്താവു കല്പിക്കാതെ ആർ പറഞ്ഞിട്ടാകുന്നു വല്ലതും സംഭവിക്കുന്നതു? അത്യുന്നതന്റെ വായിൽനിന്നു നന്മയും തിന്മയും പുറപ്പെടുന്നില്ലയോ?*

മറ്റുള്ളവരെ സൗഖ്യമാക്കുവാൻ ദൈവം ഉപയോഗിച്ച എലീശാ രോഗബാധിതനായാണ് മരിച്ചത് എന്നതും ശ്രദ്ധേയമാണ്.

*2 രാജാക്കന്മാർ 13:14 – ആ കാലത്തു എലീശാ മരണഹേതുകമായ രോഗംപിടിച്ചു കിടന്നു; അപ്പോൾ യിസ്രായേൽരാജാവായ യോവാശ് അവന്റെ അടുക്കൽ ചെന്നു അവന്റെ മുഖത്തിന്മീതെ കുനിഞ്ഞു കരഞ്ഞു; എന്റെ പിതാവേ, എന്റെ പിതാവേ, യിസ്രായേലിന്റെ തേരും തേരാളികളുമായുള്ളോവേ എന്നു പറഞ്ഞു.*

അതുകൊണ്ട്, നന്മയും തിന്മയുമായ എല്ലാ കാര്യങ്ങളുടെയും മീതേ ദൈവം സർവ്വാധികാരിയാണ് എന്ന് മുകളിൽ നൽകപ്പെട്ടിരിക്കുന്ന തിരുവെഴുത്തുകളിൽ നിന്നും നമുക്കു വ്യക്തമായി കാണുവാൻ സാധിക്കും.

ദൈവത്തിന്റെ സർവ്വാധികാരത്തിന്റെ ചില പ്രായോഗിക പ്രയോജനങ്ങൾ ഏവ? അവയിൽ 4 എണ്ണം താഴെ നൽകിയിരിക്കുന്നു.

## 1. അത് ദൈവത്തെ ഈ പ്രപഞ്ചത്തിലെ സർവ്വോന്നതൻ എന്ന നിലയിൽ ബഹുമാനിക്കുന്നു

മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഈ അഭേദ്യഗുണം ദൈവത്തെ ദൈവമായി അംഗീകരിക്കുന്നു! സകലത്തിന്റേയും മീതേ രാജാവായി ഭരണം നടത്തുവാൻ തനിക്കുള്ള അവകാശത്തെ അത് അംഗീകരിക്കുന്നു. ദൈവം സൃഷ്ടാവും നാം സൃഷ്ടികളുമാണെന്ന് അത് നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിന് നമ്മുടെ ആവശ്യമില്ല. നേരേമറിച്ച്, അടുത്ത ശ്വാസം എടുക്കുവാൻകൂടി നമുക്ക് ദൈവത്തെ ആവശ്യമാണ്!

യെശയ്യാവ് പ്രവാചകനിലൂടെ ദൈവം നമ്മോടു പറയുന്നു, “ഞാൻ യഹോവ അതുതന്നേ എന്റെ നാമം; ഞാൻ എന്റെ മഹത്വം മറ്റൊരുത്തന്നും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കയില്ല” (യെശയ്യാവ് 42:8). ദൈവത്തിന്റെ ആത്യന്തികമായ സർവ്വാധികാരം അംഗീകരിക്കുന്നതിലൂടെ നാം ദൈവത്തിന് പൂർണ്ണ മഹത്വം നൽകുന്നു. എല്ലാറ്റിനുമുപരി, നാം സൃഷ്ടിക്കപ്പെട്ടത് തന്റെ മഹത്വത്തിനു വേണ്ടിയാണ്: “എന്റെ നാമത്തിൽ വിളിച്ചും എന്റെ മഹത്വത്തിന്നായി സൃഷ്ടിച്ചു നിർമ്മിച്ചു ഉണ്ടാക്കിയും ഇരിക്കുന്ന ഏവരെയും കൊണ്ടുവരിക എന്നു ഞാൻ കല്പിക്കും” (യെശയ്യാവ് 43:7)! അതുകൊണ്ട്, സകലത്തിന്റെയും മീതേയുള്ള ദൈവത്തി

ന്റെ സർവ്വാധികാരത്തെ അംഗീകരിച്ചുകൊണ്ട്, പ്രപഞ്ചത്തിലെ സർവ്വോന്നതൻ എന്ന ന്യായമായ അർഹതപ്പെട്ട സ്ഥാനം നമുക്കു ദൈവത്തിനു നൽകാം!

## 2. അത് നമ്മെ എളിമപ്പെടുത്തുന്നു

ദൈവം എല്ലായ്പോഴും താഴ്മയുള്ള ഹൃദയത്തെ അന്വേഷിക്കുന്നവനാണ് എങ്കിൽ, "ദൈവം സകലത്തിന്റെയും മീതേ നിയന്ത്രണം നടത്തുന്നു, നാം അപ്രകാരമല്ല" എന്ന ചിന്തയേക്കാൾ എളിമപ്പെടുത്തുന്നത് എന്താണ്? ഈ സത്യം ദൈവത്തെ താൻ ആരായിരിക്കുന്നുവോ അക്കാരണത്താലും നമുക്കു വേണ്ടി എന്തു ചെയ്തു എന്നതിനാലും മഹത്വപ്പെടുത്തുന്നു!

മനുഷ്യന്റെ അഹംഭാവത്തെ ദൈവം എപ്രകാരമാണ് താഴ്ത്തുന്നത് എന്ന് ലോകം ഭരിച്ച എക്കാലത്തേയും ഏറ്റവും ശക്തരായ രാജാക്കന്മാരിൽ ഒരാളായിരുന്ന നെബുഖദുനേസർ കഠിനമായ വിധത്തിൽ പഠിച്ചു. തന്റെ നേട്ടങ്ങളെക്കുറിച്ച് വമ്പു പറയുകയും ദൈവത്തിന് മഹത്വം കൊടുക്കുവാൻ പരാജയപ്പെടുകയും ചെയ്തപ്പോൾ, രാജാവിന്റെ അഹംഭാവം തന്റെ ഹൃദയത്തെ വഞ്ചിച്ചു: അദ്ദേഹം ഇപ്രകാരം പറഞ്ഞു, "ഇതു ഞാൻ എന്റെ ധനമാഹാത്മ്യത്താൽ എന്റെ പ്രതാപമഹത്വത്തിന്നായിട്ടു രാജധാനിയായി പണിത മഹതിയാം ബാബേൽ അല്ലയോ?" (ദാനിയേൽ 4:30). താനാണ് സകലത്തിന്റേയും മീതേ സർവ്വാധികാരിയായവൻ, അല്ലാതെ, വെറുമൊരു മനുഷ്യനല്ല എന്ന് അദ്ദേഹത്തെ ഓർമ്മിപ്പിക്കുവാൻ ദൈവം രാജാവിനെ ന്യായവിധിച്ചു താഴ്ത്തിക്കളഞ്ഞത് എപ്രകാരമാണെന്നത് കാണുക: "ഈ വാക്കു രാജാവിന്റെ വായിൽ ഇരിക്കുമ്പോൾ തന്നേ, സ്വർഗ്ഗത്തിൽനിന്നു ഒരു ശബ്ദം ഉണ്ടായതെന്തെന്നാൽ: നെബൂഖദുനേസർരാജാവേ, നിന്നോടു ഇതു കല്പിക്കുന്നു: രാജത്വം നിന്നെ വിട്ടു നീങ്ങിയിരിക്കുന്നു. നിന്നെ മനുഷ്യരുടെ ഇടയിൽനിന്നു നീക്കിക്കളയും; നിന്റെ പാർപ്പു കാട്ടിലെ മൃഗങ്ങളോടുകൂടെ ആയിരിക്കും; നിന്നെ കാളയെപ്പോലെ പുല്ലു തീറ്റും; അത്യുന്നതനായവൻ മനുഷ്യരുടെ രാജത്വത്തിന്മേൽ വാഴുകയും അതിനെ തനിക്കു ബോധിച്ചവന്നു കൊടുക്കയും ചെയ്യുന്നു എന്നു നീ അറിയുന്നതുവരെ നിനക്കു ഏഴു കാലം കഴിയും'" (ദാനിയേൽ 4:31-32).

എളിമപ്പെട്ട നെബുഖദുനേസർ ഒടുവിൽ ദൈവം സകലത്തിന്റെയും മീതേ സർവ്വാധികാരിയാണ് എന്ന് അംഗീകരിക്കുന്നു: "ആ കാലം കഴിഞ്ഞിട്ടു നെബൂഖദുനേസർ എന്ന ഞാൻ സ്വർഗ്ഗത്തേക്കു കണ്ണുയർത്തി എന്റെ ബുദ്ധിയും എനിക്കു മടങ്ങിവന്നു; ഞാൻ അത്യുന്നതനായവനെ വാഴ്ത്തി, എന്നേക്കും ജീവിച്ചിരി

ക്കുന്നവനെ സ്മരിച്ചു ബഹുമാനിക്കയും ചെയ്തു; അവന്റെ ആധിപത്യം എന്നേക്കുമുള്ള ആധിപത്യവും അവന്റെ രാജത്വം തലമുറതലമുറയായുള്ളതും അല്ലോ. അവൻ സർവ്വഭൂവാസികളെയും നാസ്തിയായി എണ്ണുന്നു; സ്വർഗ്ഗീയസൈന്യത്തോടും ഭൂവാസികളോടും ഇഷ്ടംപോലെ പ്രവർത്തിക്കുന്നു; അവന്റെ കൈ തടുപ്പാനോ നീ എന്തു ചെയ്യുന്നു എന്നു അവനോടു ചോദിപ്പാനോ ആർക്കും കഴികയില്ല... ഇപ്പോൾ നെബൂഖദുനേസർ എന്ന ഞാൻ സ്വർഗ്ഗസ്ഥനായ രാജാവിനെ സ്തുതിച്ചു പുകഴ്ത്തി ബഹുമാനിക്കുന്നു; അവന്റെ പ്രവൃത്തികൾ ഒക്കെയും സത്യവും അവന്റെ വഴികൾ ന്യായവും ആകുന്നു; നിഗളിച്ചുനടക്കുന്നവരെ താഴ്ത്തുവാനും അവൻ പ്രാപ്തൻ തന്നേ" (ദാനിയേൽ 4:34-35, 37).

ദൈവത്തിന്റെ സർവ്വാധികാരം എന്ന അടിസ്ഥാനപ്രമാണത്തെ നാം എത്രമാത്രം സ്വീകരിക്കുന്നുവോ അത്രയധികം നാം താഴ്മയിൽ വളരും.

## 3. അത് കഠിനമായ പരിശോധനാവേളകളിൽ വലിയ ആശ്വാസം നൽകുന്നു

പ്രപഞ്ചത്തിന്റെ സർവ്വാധികാരിയായ, സകലത്തെയും നിയന്ത്രിക്കുന്നവനായ കർത്താവ് നമ്മോട് കരുണയും സ്നേഹവും കാണിക്കുവാൻ തീരുമാനിച്ചു. അപ്രകാരമുള്ള സ്നേഹം അർഹിക്കുന്നതിന് നാം എന്താണ് ചെയ്തത്? യാതൊന്നും ചെയ്തില്ല! നമ്മുടെ പാപങ്ങളെ കൂട്ടാക്കാതെ ദൈവം നമ്മെ സ്നേഹിക്കുകയും നമ്മെ തന്റെ മക്കളാക്കിത്തീർക്കുകയും ചെയ്തുവെങ്കിൽ പരശോധനകളിലൂടെ കടന്നു പോകുമ്പോൾ, അവ എത്ര കഠിനമായിരുന്നാൽതന്നെയും, നാം എന്തിന് ഭയാകുലരാകണം?

യോസേഫിന് ദൈവത്തിന്റെ സർവ്വാധികാരത്തിൽ വലിയ ഉറപ്പുണ്ടായിരുന്നു. അതിനാലാണ്, അതീവ കഠിനമായ സമയങ്ങളിലൂടെ കടന്നുപോയിട്ടും, തന്റെ സഹോദരന്മാരോട് ഇപ്രകാരം പറയുവാൻ സാധിച്ചത്: "നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു; ദൈവമോ, ഇന്നുള്ളതുപോലെ ബഹുജനത്തിന്നു ജീവരക്ഷ വരുത്തേണ്ടതിന്നു അതിനെ ഗുണമാക്കിത്തീർത്തു" (ഉല്പത്തി 50:20). തന്റെ ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളെയും ദൈവം നിയന്ത്രിച്ചിരുന്നു എന്ന് അറിഞ്ഞിരുന്നതിനാൽ കാര്യങ്ങൾ ഭയാനകമായിത്തീർന്നപ്പോൾപോലും അദ്ദേഹം നിരാശപ്പെട്ടില്ല.

ജെറി ബ്രിഡ്ജസ് ഇപ്രകാരം എഴുതി:

> *ദൈവം നിയന്ത്രിക്കുന്നു. എന്നാൽ, ദൈവത്തിന്റെ നിയന്ത്രണം വേദന അനുഭവിക്കുവാൻ നമ്മെ അനുവദിക്കുന്നു.*

> *വേദന തികച്ചും യഥാർഥമാണ്. നാം വേദനിക്കുന്നു, നാം കഷ്ടതയനുഭവിക്കുന്നു. എന്നൽ, നമ്മുടെ കഷ്ടതകളുടെ നടുവിൽ, ദൈവം നിയന്ത്രണം നടത്തുന്നു എന്നത് നാം വിശ്വസിക്കേണ്ടതാണ്; അപ്പോഴും ദൈവം പരമാധികാരിയാണ്. മാർഗരറ്റ് ക്ലാർക്സൻ എന്ന എഴുത്തുകാരി മനോഹരമായി എഴുതിയതുപോലെ, കഷ്ടതയനുഭവിക്കുന്ന മനുഷ്യഹൃദയം പറ്റിച്ചേർന്നിരിക്കേണ്ട തകർക്കപ്പെടാനാകാത്ത ഒരു പാറയാണ് ദൈവത്തിന്റെ പരമാധികാരം എന്നത്. നമ്മുടെ ജീവിതങ്ങളുടെ ചുറ്റുപാടുകളിലെ സാഹചര്യങ്ങൾ യാദൃശ്ചികമല്ല; അവ തിന്മയുടെ പ്രവർത്തനമായിരിക്കാം, എന്നാൽ, ആ തിന്മയെ പരമാധികാരിയായ ദൈവത്തിന്റെ ശക്തമായ കരത്തിൽ മുറുക്കിപ്പിടിച്ചിരിക്കുന്നു ... സകല തിന്മയും അവനു കീഴ്പ്പെടുന്നു, അവൻ അനുവദിക്കാതെ തിന്മയ്ക് അവന്റെ മക്കളെ സ്പർശിക്കുക സാധ്യമല്ല. മാനവ ചരിത്രത്തിന്റെയും ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട കുടുംബത്തിലെ ഓരോ അംഗങ്ങളുടെയും വ്യക്തിഗത ചരിത്രത്തിന്റെയും കർത്താവാണ് ദൈവം.*
>
> *മറ്റുള്ളവരുടെ മനപ്പൂർവ്വമായ ദുഷ്പ്രവർത്തികൾ മാത്രമല്ല, മറ്റുള്ളവരുടെ തെറ്റുകളും പരാജയങ്ങളും ദൈവത്തിന്റെ സർവ്വാധികാരത്തിന്റെ കീഴിലാണ്. ചുവന്ന വെളിച്ചത്തിൽ മുമ്പോട്ടുപോയ മറ്റൊരു ഡ്രൈവർ നിങ്ങളുടെ കാറിൽ ഇടിയ്കുകയും നിങ്ങളെ പല ഒടിവുകളോടെ ആശുപത്രിക്കിടക്കയിലാക്കുകയും ചെയ്തോ? ചികത്സിച്ചു ഭേദമാക്കായിരുന്ന സമയത്ത് തുടക്കത്തിൽതന്നെ നിങ്ങളുടെ ക്യാൻസർ കണ്ടെത്തുവാൻ ഒരു ഡോക്ടർ പരാജയപ്പെട്ടുവോ? കോളേജിലെ സുപ്രധാനമായ ഒരു കോഴ്സിൽ കഴിവുകെട്ട ഒരു അധ്യാപകനെയോ ബിസ്നസിൽ നിങ്ങളുടെ കരിയറിന് തടസ്സമായിത്തീർന്ന ഒരു കഴിവുകെട്ട മേൽനോട്ടക്കാരനെയോ നിങ്ങൾക്കു ലഭിച്ചുവോ? ഈ സാഹചര്യങ്ങൾ എല്ലാം നമ്മുടെ ജീവിതത്തിൽ നമ്മുടെ നന്മയ്കായി ഉപയോഗിക്കുന്ന സർവ്വാധികാരിയായ ദൈവത്തിന്റെ നിയന്ത്രിക്കുന്ന കരത്തിനു കീഴിലാണ്.*

ഞാൻ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന *ഈ* പ്രത്യേക പരീക്ഷ പോലും, സമ്പൂർണ്ണ നിയന്ത്രണം നടത്തുന്ന സർവ്വാധികാരിയും സ്നേഹവാനുമായ ക്രിസ്തുവിന്റെ ആണിപ്പഴുതേറ്റ കരങ്ങളിലൂടെ കടക്കേണ്ടിയിരുന്നു എന്ന ചിന്ത ദൈവത്തിന്റെ സർവ്വാധികാരത്തിലുള്ള വിശ്വാസത്തിൽ ഉൾപ്പെടേണ്ടതാണ്. ഈ പരീക്ഷയിലൂടെ ദൈവം തന്റെ ഉദ്ദേശ്യങ്ങൾ സകലവും നടപ്പിലാക്കും. നമുക്കു

ചുറ്റും കാര്യങ്ങൾ തകിടംമറിയുമ്പോൾ ഈ ആറിവ് വളരെ ആശ്വാസം നൽകുന്നു! സകലത്തെയും നിയന്ത്രിക്കുന്ന സ്നേഹനിധിയായ ദൈവത്തിന്റെ കരങ്ങളിൽ നാം എല്ലായ്പോഴും സുരക്ഷിതരാണ്. അന്ധകാരത്തിന്റെ നടുവിലും നമുക്ക് അത് ഓർമ്മിക്കാം.

## 4. അത് മാനുഷിക ഉത്തരവാദിത്തത്തെ ഇല്ലാതാക്കുന്നില്ല

ദൈവത്തിന്റെ സർവ്വാധികാരം മനുഷ്യന്റെ ഉത്തരവാദിത്തത്തെ എതിർക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നില്ല. നമ്മുടെ പരിമിതമായ മനസ്സുകൾക്ക് ഇത് പൂർണ്ണമായി മനസ്സിലാക്കുക പ്രയാസകരമാണെന്നത് ഒരു വസ്തത തന്നെയാണ്. മനുഷ്യന്റെ പ്രവൃത്തികൾ ദൈവത്തെ പരിമിതപ്പെടുത്തുന്നില്ല, ദൈവത്തിന്റെ ഉദ്ദേശ്യങ്ങളും നമ്മുടെ ശ്രമങ്ങളാൽ തടസ്സപ്പെടുന്നില്ല. നമ്മുടെ പാപങ്ങൾക്ക് ദൈവം ഉത്തരവാദിയല്ല എന്നതൊഴിച്ചാൽ, ദൈവത്തിന്റെ സർവ്വാധികാരത്തിൽ നമ്മുടെ എല്ലാ പ്രവൃത്തികളും ഉൾപ്പെടുന്നു. അപ്പോസ്തലപ്രവൃത്തികൾ 2:23-ൽ ഒരു നല്ല ഉദാഹരണം കാണാം, "നസറായനായ യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും ഏല്പിച്ചിട്ടു [ദൈവിക സർവ്വാധികാരം] നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറെപ്പിച്ചു കൊന്നു [മാനുഷിക ഉത്തരവാദിത്തം]." തന്റെ പുത്രന്റെ മരണത്തിൽ ഉത്തരവാദികളായവർക്ക് ദൈവം കണക്കിടുന്നു. എന്നാൽ, യേശു കുരിശിലേയ്കു പോയത് ദൈവത്തിന്റെ സർവ്വാധികാരത്തിലുള്ള പദ്ധതിയുടെ ഭാഗമായിരുന്നു!

പ്രധാന ആശയം ഇതാണ്: ദൈവത്തിന്റെ സർവ്വാധികാരം മനുഷ്യന്റെ ഉത്തരവാദിത്തത്തെ റദ്ദാക്കുന്നില്ല, മനുഷ്യന്റെ ഉത്തരവാദിത്തം ദൈവത്തിന്റെ സർവ്വാധികാരത്തെയും റദ്ദാക്കുന്നില്ല. ഈ രണ്ട് അടിസ്ഥാനസത്യങ്ങളും തിരുവെഴുത്തുകളിൽ പഠിപ്പിച്ചിരിക്കുന്നു. നമ്മുടെ പരിമിതിയുള്ള മനസ്സുകൾക്ക് ഈ സത്യങ്ങളുമായി പൊരുത്തപ്പെടുവാൻ സാധിക്കുന്നില്ല. എന്നാൽ, നമുക്ക് അഗ്രാഹ്യമായ വഴികളുള്ള സർവാധികാരിയും അപരിമേയനും സർവജ്ഞാനിയുമായ ദൈവത്തിന്റെ കണ്ണുകളിൽ അവ സമ്പൂർണ്ണമായും യോജിച്ചുപോകുന്നവതന്നെയാണ്.

സകലത്തിന്റെയും മീതേ സർവ്വാധികാരിയായിരിക്കുന്ന ദൈവത്തിന്റെ ഈ അഭേദ്യഗുണം സംബന്ധിച്ച് നാം ആശ്ചര്യപ്പെടുകയും അതിന് വിധേയപ്പെടുകയും ചെയ്യുമ്പോൾ നാം ധ്യാനിക്കേണ്ട നാല് പ്രായോഗിക പ്രയോജനങ്ങളാണ് *മുകളിൽ കണ്ടത്.*

നിങ്ങൾ ഒരു ദൈവപൈതലാണ് എങ്കിൽ, നിങ്ങളുടെ ജീവിതത്തിലെ ഓരോ സംഭവത്തെയും നിയന്ത്രിക്കുന്ന ദൈവത്തിന്റെ കരങ്ങളിലാണ് നിങ്ങൾ എന്നതിനാൽ ആനന്ദിക്കുകയും വിശ്രമിക്കുകയും ചെയ്യുക. എന്തെല്ലാം സംഭവിച്ചാലും, താമസിയാതെതന്നെ നിങ്ങൾ ദൈവത്തിന്റെ അടുക്കലെത്തും, നിത്യത മുഴുവൻ ദൈവത്തോടൊപ്പം ആയിരിക്കും. അതുവരേയ്കും, നിങ്ങളുടെമേലുള്ള ദൈവത്തിന്റെ അധികാരത്തിന് വിധേയപ്പെടുക. നല്ലതും മോശവുമായ എല്ലാ സമയങ്ങളിലും ദൈവത്തെ മഹത്വപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ജീവിതം പിന്തുടരുക.

നിങ്ങൾ ദൈവപൈതലല്ല എങ്കിൽ, ദയവായി മനസ്സിലാക്കുക, സർവ്വാധികാരിയായ ഈ ദൈവത്തിനെതിരെ യുദ്ധം ചെയ്ത് നിങ്ങൾക്ക് വിജയിക്കുക സാധ്യമല്ല. നിങ്ങളുടെ പാപങ്ങളിൽ നിന്ന് പിന്തിരിയുവാനും പാപങ്ങൾക്കുള്ള വില നൽകിയ തന്റെ പുത്രനായ യേശുക്രിസ്തുവിൽ നിങ്ങളുടെ ആശ്രയം വയ്കുവാനും ദൈവം നിങ്ങളോട് കല്പിച്ചിരിക്കുന്നു. അപ്പോൾമാത്രമാണ് നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും ദൈവത്തിന്റെ പൈതലായി ന്യായവിധിയിൽ നിന്ന് രക്ഷപെടുകയും ചെയ്യുവാൻ നിങ്ങൾക്കു സാധ്യമാകുന്നത്. അതുകൊണ്ട്, ദയവായി, ഇന്നുതന്നെ അതു ചെയ്യുക. യേശുവിന്റെ രക്തത്താൽ നിങ്ങളുടെ പാപങ്ങൾ കഴുകിക്കളയുന്നതിലൂടെ ലഭിക്കുന്ന സമാധാനവും ആനന്ദവും അനുഭവവേദ്യമാക്കുക. താമസിക്കരുത്!

## ചർച്ചയ്കുള്ള ചോദ്യങ്ങൾ

1. എപ്രകാരമാണ് ദൈവത്തിന്റെ സർവ്വാധികാരം സംബന്ധിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടിനെ ഈ അധ്യായം സ്വാധീനിച്ചത്?
2. ദൈവത്തിന്റെ ഈ അഭേദ്യഗുണത്തിന്റെ വെളിച്ചത്തിൽ ജീവിതത്തിൽ എന്ത് മാറ്റങ്ങളാണ് നിങ്ങൾക്ക് വരുത്തുവാൻ സാധിക്കുന്നത്?
3. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ പ്രാർഥനകളെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?
4. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ സുവിശേഷീകരണത്തെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?

## ധ്യാന/മനഃപാഠ വാക്യം

***സങ്കീർത്തനങ്ങൾ 115:3 – നമ്മുടെ ദൈവമോ സ്വർഗ്ഗത്തിൽ ഉണ്ടു; തനിക്കു ഇഷ്ടമുള്ളതൊക്കെയും അവൻ ചെയ്യുന്നു.***

## പ്രാർഥന

*കർത്താവേ,*

*ഞാൻ കാത്തിരിക്കുന്നു; എന്റെയല്ല, അങ്ങയുടെ ഹിതം നടപ്പാകുമ്പോൾ, ഞാൻ കാണുന്നു, വിശ്വസിക്കുന്നു, ജീവിക്കുന്നു;*

*ഏതെങ്കിലും യോഗ്യതയുടെയോ കൃപയുടെയോ അടിസ്ഥാനത്തിൽ, അവിടുത്തെ കരുതലിന്റെയോ വാഗ്ദത്തങ്ങളുടെയോ അടിസ്ഥാനത്തിൽ എനിക്ക് യാചിക്കുക സാധ്യമല്ല, അവ അങ്ങയുടെ പ്രസാദപ്രകാരം മാത്രമേ സാധ്യമാകൂ.*

*അങ്ങയുടെ കരുണ എന്നെ ദരിദ്രനും നികൃഷ്ടനുമാക്കുന്നുവെങ്കിൽ, അങ്ങ് അനുഗ്രഹിക്കപ്പെട്ടവനാകട്ടെ!*

*എന്റെ ആവശ്യങ്ങളിൽ നിന്ന് ഉയരുന്ന പ്രാർഥനകൾ ഭാവി കരുണയുടെ തയ്യാറെടുപ്പുകളാണ്; തോന്നൽ ഉളവാകും മുമ്പെ വിശ്വസിച്ചുകൊണ്ട് അങ്ങയെ മാനിക്കുവാൻ എന്നെ സഹായിക്കേണമേ, കാരണം, തോന്നലുകളെ വിശ്വാസത്തിനു കാരണമാക്കിയാൽ ഞാൻ ചെയ്യുന്ന പാപം വലുതാണ്...*

*വിശ്വാസത്തിൽ പ്രാർഥിക്കുവാനും അങ്ങനെ അങ്ങയുടെ ധാരാളമായ കരുണയിൽ ചാരിയും അങ്ങു നൽകിയ വാക്ക് പാലിക്കും എന്ന് വിശ്വസിച്ചും അങ്ങയുടെ ഹിതം കണ്ടെത്തുവാൻ എന്നെ സഹായിക്കേണമേ;*

*പ്രാർഥനയ്ക്കുത്തരം നൽകപ്പെടുംവരെയും, അവിടുത്തെ ദാനമായി ലഭിക്കുമെന്ന വിശ്വാസത്തോടെ പ്രാർഥിക്കുവാൻ എന്നെ ശക്തീകരിക്കേണമേ...*

*അങ്ങനെ ഞാൻ അങ്ങയുടെ ഹിതത്തിനായി കാത്തിരിക്കും, അത് നടപ്പിലാകുവാൻ പ്രാർഥിക്കും, അങ്ങയുടെ കൃപയാൽ പൂർണ്ണ അനുസരണവാനായിത്തീരും.*

*ആമേൻ!*

## അഭേദ്യഗുണം 11:

# ദൈവത്തിന്റെ ക്ഷമ

*ന്യായവിധി നടപ്പിലാക്കുന്നത് ദീർഘകാലത്തേയ്ക്ക് നീട്ടിവയ്കുന്നതിനുള്ള ദൈവത്തിന്റെ കഴിവിനെയാണ് ദൈവത്തിന്റെ ക്ഷമ എന്നത് അർഥമാക്കുന്നത്.*

ദൈവം മോശെയ്ക് തന്നത്താൻ വെളിപ്പെടുത്തി, തന്റെ അഭേദ്യഗുണങ്ങളെ ദൈവം ഇപ്രകാരം മോശെയോടു പ്രഘോഷിച്ചു, "യഹോവ അവന്റെ മുമ്പാകെ കടന്നു ഘോഷിച്ചതു എന്തെന്നാൽ: യഹോവ, യഹോവയായ ദൈവം, കരുണയും കൃപയുമുള്ളവൻ; ദീർഘക്ഷമയും മഹാ ദയയും വിശ്വസ്തതയുമുള്ളവൻ" (പുറപ്പാട് 34:6). "ദീർഘക്ഷമ യുള്ളവൻ" എന്ന പദപ്രയോഗം നിങ്ങൾ ശ്രദ്ധിച്ചുവോ? ദൈവം അത്രമേൽ ക്ഷമയുള്ളവനായതിനാൽ, മനുഷ്യർക്ക് ഉടനടി ശിക്ഷ നൽകാതെ, തന്റെ ന്യായവിധി പലപ്പോഴും മുൻപോട്ട് ദീർ ഘകാലത്തേയ്ക്പോലും നീട്ടിവയ്കുന്നു.

ദൈവത്തിന്റെ ക്ഷമ സംബന്ധിച്ച് സ്റ്റീഫൻ ചാർനോക്കിന്റെ വാക്കുകളെ ആർതർ പിങ്ക് ഇപ്രകാരം ഉദ്ധരിക്കുന്നു:

> *ഇത് ദൈവത്തിന്റെ നന്മയുടെയും കരുണയുടെയും ഭാഗമാണ്, എന്നാൽ, ഇത് രണ്ടിൽ നിന്നും വ്യത്യസ്തമാണ്. ഏറ്റവും വലിയ നന്മയായിരിക്കുന്ന ദൈവത്തിന് ഏറ്റവും വലിയ മൃദുലതയുണ്ട്; മൃദുലത എന്നത് എല്ലായ്പോഴും യഥാർഥ നന്മയുടെ സഹചാരിയാണ്, നന്മ എത്രയധികമാ യിരിക്കുന്നുവോ മൃദുലതയും അത്രയധികമായിരിക്കും. ക്രിസ്തുവിനെപ്പോലെ വിശുദ്ധനായവൻ ആർ, ക്രിസ്തു വിനെപ്പോലെ സൗമ്യനായവൻ ആർ? കോപിക്കുന്നതി നുള്ള ദൈവത്തിന്റെ താമസം തന്റെ കരുണയുടെ ഒരു ശാഖയാണ്: "യഹോവ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ളവൻ (സങ്കീർത്തനങ്ങൾ 145:8).*

ദൈവത്തിന്റെ ക്ഷമയെക്കുറിച്ച് പഴയ നിയമത്തിൽ പറഞ്ഞിരി ക്കുന്ന ഏതാനം പരാമർശനങ്ങൾ ഇവിടെ നൽകിയിരിക്കുന്നു:

> ***സംഖ്യാപുസ്തകം 14:17*** *– യഹോവ ദീർഘക്ഷമയും മഹാദ യയും ഉള്ളവൻ; അകൃത്യവും ലംഘനവും ക്ഷമിക്കുന്നവൻ.*

*സങ്കീർത്തനങ്ങൾ 86:15 - നീയോ കർത്താവേ, കരുണയും കൃപയും നിറഞ്ഞ ദൈവമാകുന്നു; ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ തന്നേ.*

*സങ്കീർത്തനങ്ങൾ 103:8 - യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു; ദീർഘക്ഷമയും മഹാദയയും ഉള്ളവൻ തന്നേ.*

*സങ്കീർത്തനങ്ങൾ 145:8 – യഹോവ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും ഉള്ളവൻ.*

നിനവെക്കാരോട് പ്രസംഗിക്കുന്നതിനുള്ള ദൈവത്തിന്റെ കല്പന അനുസരിക്കാതെ ഓടിയൊളിച്ചത് എന്തുകൊണ്ടാണെന്ന് യോനാ വിശദമാക്കിയപ്പോൾ, ദൈവത്തിന്റെ ക്ഷമയാണ് തന്റെ അനുസരണക്കേടിനു കാരണം എന്നാണ് അദ്ദേഹം എടുത്തു പറഞ്ഞത്. “അവൻ യഹോവയോടു പ്രാർത്ഥിച്ചു: അയ്യോ, യഹോവേ, ഞാൻ എന്റെ ദേശത്തു ആയിരുന്നപ്പോൾ ഞാൻ പറഞ്ഞ വാക്കു ഇതു തന്നേ അല്ലയോ? അതുകൊണ്ടായിരുന്നു ഞാൻ തർശീശിലേക്കു ബദ്ധപ്പെട്ടു ഓടിപ്പോയതു; നീ കൃപയും കരുണയും ***ദീർഘക്ഷമയും*** മഹാദയയുമുള്ള ദൈവമായി അനർത്ഥത്തെക്കുറിച്ചു അനുതപിക്കുന്നവൻ എന്നു ഞാൻ അറിഞ്ഞു” (യോനാ 4:2, ഊന്നൽ ഞാൻ നൽകിയതാണ്). മറ്റൊരു തരത്തിൽ പറഞ്ഞാൽ, ദുഷ്ടരായ നിനെവേക്കാർപോലും മാനസാന്തരപ്പെട്ടാൽ ക്ഷമിക്കുന്ന ദൈവത്തിന്റെ ക്ഷമയെക്കുറിച്ച് യോനാ എന്ന പ്രവാചകൻ അറിഞ്ഞിരുന്നു. അവർക്കു ക്ഷമ ലഭിക്കണം എന്ന് യോനാ ആഗ്രഹിച്ചിരുന്നില്ല. അതിനാൽ, അവരോട് സുവിശേഷം പ്രസംഗിക്കുവാൻ, യോനായെക്കൊണ്ട് ദൈവം തന്റെ കല്പന *അനുസരിപ്പിക്കുന്നതുവരെ*, അദ്ദേഹം വിസമ്മതിക്കുന്നു! ദൈവത്തിന്റെ ക്ഷമയും പാപികളോടുള്ള സ്നേഹവും ചേർന്നപ്പോൾ ദുഷ്ടരായ നിനവെക്കാരോടുപോലും ക്ഷമിക്കുവാൻ അത് ഇടയാക്കി. അനേക വർഷങ്ങൾക്കു ശേഷം, നിനവെക്കാരോട് പ്രസംഗിക്കുമ്പോൾ നഹൂം പ്രവാചകനും ദൈവത്തിന്റെ ക്ഷമയെക്കുറിച്ച് എഴുതി, “യഹോവ ദീർഘക്ഷമയും മഹാശക്തിയുമുള്ളവൻ; അവൻ ഒരിക്കലും ശിക്ഷിക്കാതെ വിടുകയില്ല” (നഹൂം 1:3)!

പഴയ നിയമത്തിലെ ദൈവം ശിക്ഷിക്കുന്ന ദൈവം മാത്രമാണ്, വളരെ അപൂർവ്വമായി മാത്രമാണ് സ്നേഹം കാണിക്കുന്നത് എന്നു പറയുന്നവർക്ക്, മുകളിൽ നൽകപ്പെട്ടരിക്കുന്ന വാക്യങ്ങൾ ഒരു ശാസനയായി നിലകൊള്ളുന്നു. ദീർഘകാലത്തേയ്ക് പാപം ചെയ്ത മനുഷ്യരോട് ദൈവം കാണിച്ച ക്ഷമ എത്രയധികമാണ്!

പുതിയ നിയമത്തിലേയ്കു വരുമ്പോൾ, ദൈവത്തിന്റെ ക്ഷമയെ എടുത്തുകാട്ടുന്ന അനേക പരാമർശങ്ങൾ കാണുന്നു. ഏതാനം ചിലത് താഴെ കൊടുത്തിരിക്കുന്നു:

> *റോമർ 2:4 – അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നു അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ?*

> *1 തിമൊഥെയൊസ് 1:16 – എന്നിട്ടും യേശുക്രിസ്തു നിത്യജീവന്നായിക്കൊണ്ടു തന്നിൽ വിശ്വസിപ്പാനുള്ളവർക്കു ദൃഷ്ടാന്തത്തിന്നായി സകല ദീർഘക്ഷമയും ഒന്നാമനായ എന്നിൽ കാണിക്കേണ്ടതിന്നു എനിക്കു കരുണ ലഭിച്ചു.*

"ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ; ആ പാപികളിൽ ഞാൻ ഒന്നാമൻ" (1 തിമൊഥെയൊസ് 1:15) എന്നു പറഞ്ഞതിനു ശേഷം, പൗലോസ് തുടർന്നു പറയുന്നു, താൻ പാപികളിൽ ഒന്നാമൻ ആയിരുന്നെങ്കിലും, "എനിക്കു കരുണ ലഭിച്ചു." എന്തുകൊണ്ട്? "നിത്യജീവന്നായിക്കൊണ്ടു തന്നിൽ വിശ്വസിപ്പാനുള്ളവർക്കു ദൃഷ്ടാന്തത്തിന്നായി സകല ദീർഘക്ഷമയും ഒന്നാമനായ എന്നിൽ കാണിക്കേണ്ടതിന്നു" യേശു തന്റെ കരുണ പ്രകടമാക്കി. മറ്റൊരു തരത്തിൽ പറഞ്ഞാൽ, യേശുവിന് എതിരായി അത്രത്തോളം പോരാടിയ പൗലോസിനോട് ദൈവം അത്രത്തോളം ക്ഷമ കാണിക്കുകയും അവനെ രക്ഷിക്കുകയും ചെയ്തുവെങ്കിൽ, ദൈവത്തിന്റെ പുത്രനായ യേശുവിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് നിത്യജീവൻ എന്ന ദാനം സ്വീകരിക്കുന്നുവെങ്കിൽ, മറ്റ് പാപികളെയും ദൈവം രക്ഷിക്കുകയില്ലയോ?

പണ്ട് നോഹയുടെ പെട്ടകം പണിതുകൊണ്ടിരുന്നപ്പോൾ ദൈവം കാണിച്ച ദീർഘക്ഷമയെക്കുറിച്ച് പത്രോസും പരാമർശിക്കുന്നു: "ആത്മാവിൽ അവൻ ചെന്നു, പണ്ടു നോഹയുടെ കാലത്തു പെട്ടകം ഒരുക്കുന്ന സമയം ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുമ്പോൾ അനുസരിക്കാത്തവരായി തടവിലുള്ള ആത്മാക്കളോടു പ്രസംഗിച്ചു. ആ പെട്ടകത്തിൽ അല്പജനം, എന്നുവെച്ചാൽ എട്ടുപേർ, വെള്ളത്തിൽകൂടി രക്ഷ പ്രാപിച്ചു" (1 പത്രൊസ് 3:20). മനുഷ്യർ മാനസാന്തരപ്പെടുവാനും തത്ഫലമായി, തന്റെ ന്യായവിധി ഒഴിവാക്കുന്നതിനുമായി 100 വർഷത്തോളം ദൈവം തന്റെ അപാരമായ ക്ഷമയാൽ കാത്തിരുന്നു. അവരുടെ ദുഷ്ടത നിമിത്തം അവരെ ഉടനടി നശിപ്പിക്കാമായിരുന്നു. എങ്കിലും, അവർ മാനസാന്തരപ്പെടുകയില്ല എന്ന് അറിയാമായിരുന്നിട്ടും,

തന്റെ ന്യായവിധി ദീർഘകാലത്തേയ്ക് നീട്ടിവയ്കുവാൻ, ദൈവത്തിന്റെ ദീർഘക്ഷമ കാരണമായി (ഉല്പത്തി 6:13, 18).

ഇതിനോടു സമാനമായ ഒരു കാര്യം റോമർ 9:22 -ൽ പൗലോസ് പറയുന്നു, “എന്നാൽ ദൈവം തന്റെ കോപം കാണിപ്പാനും ശക്തി വെളിപ്പെടുത്തുവാനും തന്റെ തേജസ്സിന്റെ ധനം വെളിപ്പെടുത്തുവാനും ഇച്ഛിച്ചിട്ടു നാശയോഗ്യമായ കോപപാത്രങ്ങളെ വളരെ ദീർഘക്ഷമയോടെ സഹിച്ചു എങ്കിൽ എന്തു?” മാനസാന്തരപ്പെട്ട് തന്റെ അടുക്കലേയ്കു വരുന്നതിന് പരാജയപ്പെടുന്നതിനാൽ അവസാനം തന്റെ ക്രോധവും നാശവും നേരിടുവാൻ പോകുന്ന മനുഷ്യരോടുപോലും ദൈവം ദീർഘക്ഷമ കാണിക്കുന്നു. അന്തിമ വിശകലനത്തിൽ തന്നെ തിരസ്കരിക്കുവാൻ പോകുന്നവരോടുള്ള ദൈവത്തിന്റെ ദീർഘക്ഷമയെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ അത് അവിശ്വസനീയംതന്നെ!

ദൈവത്തിന്റെ ഈ അഭേദ്യഗുണത്തിന് നമ്മുടെ ജീവിതത്തിൽ ഉള്ള പ്രായോഗിക പ്രയോജനങ്ങൾ ഏവ?

## ക്രിസ്ത്യാനിയ്ക്

നമ്മുടെ അന്യോന്യമുള്ള ബന്ധങ്ങളിൽ നാം ക്ഷമ പ്രകടമാക്കണം. അതാണ് പ്രധാനമായും അർഥമാക്കുന്നത്. നാം പലപ്പോഴും, ആളുകളോട് പെട്ടെന്ന് കോപിക്കുന്നവരാണ്. പലപ്പോഴും, അത്തരത്തിലുള്ള മനോഭാവം, നമുക്കു വേദനിച്ചു എന്ന എകാരണത്താൽ വേദനിപ്പിക്കുന്ന വിധത്തിലുള്ള പ്രതികാരത്തിലേയ്കു നയിക്കുന്നു. എങ്കിലും, പരസ്പരമുള്ള ബന്ധങ്ങളിൽ (കോപിക്കുവാൻ താമസമുള്ളവരായിക്കൊണ്ട്) ക്ഷമയെ പിന്തുടരുവാൻ ബൈബിൾ നമ്മെ ആവർത്തിച്ച് ആഹ്വാനം ചെയ്യുന്നു.

> *സദൃശ്യവാക്യങ്ങൾ 19:11 – വിവേകബുദ്ധിയാൽ മനുഷ്യനു ദീർഘക്ഷമവരുന്നു; ലംഘനം ക്ഷമിക്കുന്നതു അവന്നു ഭൂഷണം.*
>
> *1 കൊരിന്ത്യർ 13:4 – സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല.*
>
> *കൊലൊസ്സ്യർ 3:12 – അതുകൊണ്ടു ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവു, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ടു.*
>
> *എഫെസ്യർ 4:2 – പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടുംകൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും.*

*1 തെസ്സലൊനീക്യർ 5:14 – സഹോദരന്മാരേ, ഞങ്ങൾ നിങ്ങളെ പ്രബോധിപ്പിക്കുന്നതു: ക്രമം കെട്ടവരെ ബുദ്ധിയുപദേശിപ്പിൻ: ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുവിൻ; ബലഹീനരെ താങ്ങുവിൻ; എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ.*

തനിക്കുള്ളവർ മാനസാന്തരപ്പെടുവാൻ കാത്തിരിക്കുന്ന ദൈവത്തിന്റെ ക്ഷമയെക്കുറിച്ച് പത്രോസ് ഈ വാക്കുകളിലൂടെ വിശ്വാസികളെ ഓർമ്മിപ്പിക്കുന്നു: “ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു” (2 പത്രൊസ് 3:9).

നാം ദൈവത്തിങ്കലേയ്കു വരുന്നതിനു മുൻപ് ദൈവം നമ്മോട് എത്ര ക്ഷമയുള്ളവനായിരുന്നു, തന്റെ മക്കളായതിനു ശേഷവും, പലപ്പോഴും, പരാജയപ്പെടുന്ന നമ്മോട് ഇപ്പോഴും എത്ര ക്ഷമയുള്ളവനായിരിക്കുന്നു എന്നത് തുടർമാനമായി ധ്യാനിച്ചുകൊണ്ട് നമുക്കും നമുക്കെതിരെ പാപം ചെയ്യുന്ന കഠിന മനുഷ്യരുമായിപോലും ഇടപെടുമ്പോൾ, ക്ഷമയുടെ ആത്മാവിനെ വളർത്തുവാൻ സാധിക്കും. നാം ആവർത്തിച്ച് അപമാനിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുമ്പോഴും നാം പ്രതികാരം ചെയ്യേണ്ട ആവശ്യമില്ല. ശലോമോൻ ജ്ഞാനത്തോടെ പറഞ്ഞതുപോലെ, “വിവേകബുദ്ധിയാൽ മനുഷ്യനു ദീർഘക്ഷമവരുന്നു; ലംഘനം ക്ഷമിക്കുന്നതു അവന്നു ഭൂഷണം” (സദൃശ്യവാക്യങ്ങൾ 19:11)! കഴിഞ്ഞകാല സഭാനേതാക്കന്മാരിൽ ഒരാളായിരുന്ന ക്രിസോസ്റ്റം ഇപ്രകാരം പറഞ്ഞു, “പ്രതികാരം ചെയ്യുന്നതിനുള്ള വിഭവങ്ങളും അവസരവും ഉണ്ടായിട്ടും അവ ഉപയോഗിക്കുന്നതിൽ നിന്നും വിട്ടുനിൽക്കുവാൻ തീരുമാനിക്കുന്നവനാണ് ക്ഷമയുള്ള മനുഷ്യൻ.”

പ്രസിഡന്റ് ലിങ്കൺന്റെ നയങ്ങളെ അപലപിക്കുകയും അദ്ദേഹത്തെ “സാമർഥ്യമില്ലാത്ത കോമാളി” എന്ന് വിളിക്കുകയും ചെയ്ത എഡ്വിൻ സ്റ്റാന്റനെക്കാൾ അവജ്ഞയോടെ ആരും എബ്രഹാം ലിങ്കണോട് പെരുമാറിയിട്ടില്ല. സ്റ്റാന്റൺ അദ്ദേഹത്തെ “യഥാർത്ഥ ഗൊറില്ല” എന്ന് വിളിച്ചിരുന്നു. സ്പ്രിംഗ്ഫീൽഡ് ഇല്ലിനോയിസിൽ ഒരു ഗൊറില്ലയെ കിട്ടുമായിരുന്നിട്ടും ഒരു ഗൊറില്ലയെ പിടിക്കുവാൻ ആഫ്രിക്കയിൽ അലഞ്ഞുനടന്ന പോൾ ഡു ചൈലു എന്ന പര്യവേക്ഷകൻ, ഒരു മണ്ടനാണെന്ന് അദ്ദേഹം പറഞ്ഞു. അതിനു മറുപടിയായി ലിങ്കൺ ഒന്നും പറഞ്ഞില്ല. വാസ്തവത്തിൽ, അദ്ദേഹം സ്റ്റാന്റണെ തന്റെ യുദ്ധമന്ത്രിയാക്കി, കാരണം,

സ്റ്റാന്റൺ ആ ജോലിക്ക് അനുയോജ്യനായ ഏറ്റവും മികച്ച വ്യക്തിയായിരുന്നു. ആദരവോടുകൂടെ ലിങ്കൺ അദ്ദേഹത്തോടു പെരുമാറി. വർഷങ്ങൾ കടന്നുപോയി.

ഒടുവിൽ, തിയറ്ററിൽ വച്ച് കൊലയാളിയുടെ വെടിയുണ്ട ലിങ്കൺന്റെ തല തുളച്ച ദിനം വന്നെത്തി. ആ രാത്രിയിൽ ലിങ്കൺന്റെ ശരീരം വച്ച മുറിയുടെ ഒരു വശത്ത് സ്റ്റാന്റൺ നിന്നു. പ്രസിഡന്റിന്റെ നിശബ്ദമായ, പരുപരുത്ത മുഖത്തേയ്കു നോക്കവെ, കണ്ണുനീരോടെ സ്റ്റാന്റൺ ഇപ്രകാരം പറഞ്ഞു, "ലോകം കണ്ട ഏറ്റവും മഹാനായ ഭരണാധികാരി ഇതാ കിടക്കുന്നു."

റോമർ 12:21 നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ, സ്നേഹത്തിന്റെ ക്ഷമ ഒടുവിൽ വിജയിച്ചു: "തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക." തന്നെ തുടർമാനമായി പരിഹസിക്കുന്ന ദുഷ്ടനോടും ദൈവം വലിയ ക്ഷമ കാണിക്കുന്നു. നമ്മെ വേദനിപ്പിക്കുന്നവരോടും ക്ഷമ കാണിച്ചുകൊണ്ട് നാം ദൈവത്തെ അനുകരിക്കേണ്ടതല്ലയോ? പിതാവിനെപ്പോലെതന്നെ മക്കളും. അതാണ് നമ്മുടെ ലക്ഷ്യം!

**എപ്രകാരമാണ് നമുക്ക് ക്ഷമ വളർത്തുവാൻ സാധിക്കുന്നത്?** നമുക്ക് സ്വയമായി ക്ഷമ ഉളവാക്കുവാൻ സാധ്യമല്ല എന്നത് ഓർമ്മിക്കേണ്ടത് പ്രധാനമാണ്. നമ്മുടെ ജീവിതങ്ങളിൽ ക്ഷമയെന്ന ഈ അഭേദ്യഗുണം പ്രയോഗിക്കുവാൻ നമുക്ക് പരിശുദ്ധാത്മാവിനെ *ആവശ്യമായിരിക്കുന്നു.* ആത്മാവിന്റെ ഫലത്തിലുള്ള സ്വഭാവസവിശേഷതകളിൽ ഒന്ന് ദീർഘക്ഷമയാണ്. "ആത്മാവിന്റെ ഫലമോ ... ദീർഘക്ഷമ" (ഗലാത്യർ 5:22-23). നാം പരിശുദ്ധാത്മാവിന് പതിവായി വിധേയപ്പെടുത്തിക്കൊടുക്കുമ്പോൾ, (തിരുവെഴുത്തുകൾ അനുസരിച്ചു ജീവിക്കുക എന്നത്), പരിശുദ്ധാത്മാവ് നമ്മിൽ ക്ഷമയുടെ ഫലം ഉളവാക്കുന്നു. നമ്മുടെ പരസ്പര ബന്ധങ്ങളിൽ ക്ഷമയുടെ ആത്മാവിനെ വളർത്തുന്നതിനുള്ള മാർഗ്ഗം അതാണ്.

## അക്രൈസ്തവന്

നോഹയുടെ കാലത്ത്, മനുഷ്യർ മാനസാന്തരപ്പെടുവാൻ ദൈവം ഒരു നൂറ്റാണ്ടോളം കാത്തിരിക്കുന്നതിൽ, പാപികളോട് ഇടപെടുന്നതിലുള്ള ദൈവത്തിന്റെ ക്ഷമ പ്രകടമാകുന്നു. അവർക്ക് മാനസാന്തരപ്പെടുവാൻ ദൈവം അനേക അവസരങ്ങൾ നൽകി. അവരുടെ പാപങ്ങളിൽ നിന്ന് പിന്തിരിയുവാനും ദൈവത്തിങ്കലേയ്ക് വിശ്വാസത്തിൽ തിരിയുവാനും ആവർത്തിച്ച് അവരെ ആഹ്വാനം ചെയ്യുന്നതിന് "നീതിപ്രസംഗി" യായ നോഹയെ

ദൈവം ഉപയോഗിച്ചു (2 പത്രോസ് 2:5). എങ്കിലും, അവർ മാനസാന്തരപ്പെടുവാൻ പരാജയപ്പെട്ടപ്പോൾ ദൈവം അവരെ *ന്യായംവിധിച്ചു.*

അതുപോലെതന്നെ, ഇന്ന് നിങ്ങളോട് ദൈവം തന്റെ ദീർഘക്ഷമ കാണിക്കുമ്പോൾ, നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം, നിങ്ങൾ മാനസാന്തരപ്പെടുക എന്നതാണ്. റോമർ 2:4-ൽ പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു, "അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നു അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ?" എന്നാൽ, മാനസാന്തരപ്പെടുന്നതിൽ നിങ്ങൾ പരാജയപ്പെട്ടാൽ, അടുത്ത രണ്ടു വാക്യങ്ങളിൽ ഒരു മുന്നറിയിപ്പ് നൽകിയിരിക്കുന്നു: "എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേക്കു നിനക്കു തന്നേ കോപം ചരതിച്ചുവെക്കുന്നു. അവൻ ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും" (റോമർ 2:5-6).

പഴയ നിയമവും ഇതേ മുന്നറിയിപ്പ് നൽകുന്നു. ഇന്ന് നിങ്ങൾ വിധിക്കപ്പെട്ടില്ല എന്നത് ഭാവിയിൽ നിങ്ങൾ ന്യായംവിധിക്കപ്പെടുകയില്ല എന്ന് ചിന്തിക്കുവാൻ തക്കവണ്ണം നിങ്ങളെ വഞ്ചിക്കരുത്. സഭാപ്രസംഗി 8:11-13 യിൽ നിന്നുമുള്ള ദൈവത്തിന്റെ മുന്നറിയിപ്പ് ഇതാണ്, "ദുഷ്പ്രവൃത്തിക്കുള്ള ശിക്ഷാവിധി തൽക്ഷണം നടക്കായ്കകൊണ്ടു മനുഷ്യർ ദോഷം ചെയ്‌വാൻ ധൈര്യപ്പെടുന്നു. പാപി നൂറു പ്രാവശ്യം ദോഷം ചെയ്കയും ദീർഘായുസ്സോടെ ഇരിക്കയും ചെയ്യുന്നുണ്ടെങ്കിലും ദൈവത്തെ ഭയപ്പെടുന്ന ഭക്തന്മാർക്കു നന്മ വരുമെന്നു ഞാൻ നിശ്ചയമായി അറിയുന്നു. എന്നാൽ ദുഷ്ടന്നു നന്മ വരികയില്ല; അവൻ ദൈവത്തെ ഭയപ്പെടായ്കയാൽ നിഴൽപോലെ അവന്റെ ആയുസ്സു ദീർഘമാകയില്ല." ഇന്ന് എല്ലാം ശുഭമായിരിക്കുന്നു എന്ന കാരണത്താൽ, നാളെയും എല്ലാം ശുഭമായിരിക്കും എന്ന് അനുമാനിക്കരുത്! നിങ്ങൾ ദൈവത്തിങ്കലേയ്ക്കു തിരിയുകയും തന്റെ പുത്രനായ യേശു ക്രിസ്തുവിൽ ആശ്രയിക്കുകയും ചെയ്തില്ല എങ്കിൽ, സഭാപ്രസംഗി 8:13 പഠിപ്പിക്കുന്നതനുസരിച്ച് നിങ്ങൾക്ക് "നന്മ വരികയില്ല". ഞാൻ ഇതു പറയുന്നത് സ്നേഹംതുടിക്കുന്ന, നുറുങ്ങിയ ഹൃദയത്തോടെയാണ്. എന്നാൽ, ഇവ ആത്മാർഥമായ വാക്കുകളാണ്. ദയവായി, ഇത് ഗൗരവത്തോടെ സ്വീകരിക്കുക.

ദീർഘക്ഷമയുള്ളവനും കോപത്തിനു താമസമുള്ളവനുമായ ഇതേ ദൈവം ക്രോധത്തിന്റെ ദൈവവുമാണ് (പിന്നിലേയ്ക്കു പോയി "ദൈവത്തിന്റെ ക്രോധം" എന്ന അധ്യായം വായിക്കുക).

തന്റെ പുത്രനെ തിരസ്കരിക്കുന്ന എല്ലാവരെയും ദൈവം ന്യായം വിധിക്കും. തന്റെ ക്ഷമയ്ക് പരിധിയുണ്ട്. നിങ്ങൾ നിങ്ങളുടെ ഹൃദയം കഠിനമാക്കുകയും ദൈവത്തിന്റെ ക്ഷമ ഗണ്യമാക്കാതിരിക്കുകയും ചെയ്താൽ, നിങ്ങൾക്കായി ഇനി അവശേഷിക്കുന്നത് ദൈവത്തിന്റെ പൂർണ്ണവും അന്തിമവുമായ ക്രോധം നേരിടുന്നതിനുള്ള അവസരം മാത്രമാണ്. നിങ്ങളോടുള്ള ദൈവത്തിന്റെ ക്ഷമ നിങ്ങളോടുള്ള ദൈവത്തിന്റെ പ്രസാദമായി തെറ്റിദ്ധരിക്കരുത്. ദൈവത്തിന്റെ കല്പനകളോട് മത്സരിക്കുന്ന ജീവിതം ജീവിക്കുന്നിടത്തോളം, ദൈവം നിങ്ങളോട് പ്രസാദിക്കുകയില്ല. അതുകൊണ്ട്, ദയവായി നിങ്ങളുടെ പാപങ്ങളിൽ നിന്നും ഇന്നുതന്നെ പിന്തിരിയുകയും യേശുവിങ്കലേയ്കു തിരിയുകയും ചെയ്യുക!

## ചർച്ചയ്കുള്ള ചോദ്യങ്ങൾ

1. എപ്രകാരമാണ് ദൈവത്തിന്റെ ക്ഷമ സംബന്ധിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടിനെ ഈ അധ്യായം സ്വാധീനിച്ചത്?
2. ദൈവത്തിന്റെ ഈ അഭേദ്യഗുണത്തിന്റെ വെളിച്ചത്തിൽ ജീവിതത്തിൽ എന്ത് മാറ്റങ്ങളാണ് നിങ്ങൾക്ക് വരുത്തുവാൻ സാധിക്കുന്നത്?
3. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ പ്രാർഥനകളെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?
4. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ സുവിശേഷീകരണത്തെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?

## ധ്യാന/മനഃപാഠവാക്യം

*സങ്കീർത്തനങ്ങൾ 103:8 – യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു; ദീർഘക്ഷമയും മഹാദയയും ഉള്ളവൻ തന്നേ.*

## പ്രാർഥന

*പിതാവേ, എന്നോടുള്ള അവിടുത്തെ ക്ഷമ എന്നെ വിസ്മയിപ്പിക്കുന്നു. ഓരോ ദിനവും ആവർത്തിച്ച് എന്നിൽ കുറവുകൾ വരുന്നുവെങ്കിലും, അങ്ങ് എന്നെ സഹിക്കുന്നതു തുടരുന്നു. അങ്ങ് എനിക്ക് ശിക്ഷണം നൽകുമ്പോൾ പ്പോലും എന്റെ നന്മയ്കായി സ്നേഹത്തിൽ ചെയ്യുന്നു. അവിടുത്തെ ക്ഷമയെ നിസ്സാരമായി കാണാതിരിക്കുവാൻ എന്നെ ദയവായി, സഹായിക്കേണമേ. മറ്റുള്ളവരോട് അക്ഷമ കാട്ടിക്കൊണ്ട് അവിടുത്തെ ആത്മാവിനെ ദുഃഖി*

*പ്പിക്കാതിരിക്കുവാൻ എന്നെ സഹായിക്കേണമേ. അങ്ങ് കോപിക്കുവാൻ താമസമുള്ളവനും എന്റെ പാപത്തിന് അനുസൃതമായി എന്നോട് പകരം ചെയ്യാത്തവനുമായിരിക്കുന്നതുപോലെ മറ്റുള്ളവരോട് അധികമായ ക്ഷമ ഞാനും കാണിക്കേണ്ടതാണ് എന്ന് എന്നെ ഓർമ്മിപ്പിക്കേണമേ. ഈ ഭൂമിയിൽ ജീവിച്ചപ്പോൾ കഠിനരായ മനുഷ്യരോട് വലിയ ക്ഷമ കാണിച്ച അവിടുത്തെ പുത്രനായ യേശുവിനെപ്പോലെ കൂടുതൽ ആയിത്തീരുവാൻ എന്നെ സഹായിക്കേണമേ.*

*ആമേൻ!*

## അഭേദ്യഗുണം 12:

# ദൈവത്തിന്റെ മാറ്റമില്ലായ്മ

*ദൈവത്തിന്റെ മാറ്റമില്ലായ്മ അഥവാ അവ്യയത്വം അർഥമാക്കുന്നത് ദൈവം തന്റെ അസ്തിത്വത്തിലും ഉദ്ദേശ്യങ്ങളിലും മാറ്റമില്ലാത്തവനാണ് എന്നതാണ്.*

ദൈവത്തിന് വികാരങ്ങൾ അനുഭവവേദ്യമല്ല എന്നോ വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്ത രീതിയിൽ പ്രവർത്തിക്കുക സാധ്യമല്ല എന്നോ മുകളിൽ പറഞ്ഞിരിക്കുന്ന നിർവ്വചനത്തിന് അർഥമില്ല. ദൈവം വളരുകയോ ജീർണ്ണിക്കുകയോ ചെയ്യുന്നില്ല എന്നതാണ് അതിനർഥം. ദൈവത്തിന് ആരംഭമോ അവസാനമോ ഇല്ല. കൂടുതൽ മെച്ചപ്പെട്ട നിലയിലേയ്കോ മോശപ്പെട്ട നിലയിലേയ്കോ മാറുവാൻ തനിക്കു സാധിക്കുകയില്ല. ഇന്നലെ ആയിരിക്കാത്ത ഒന്ന് ഇന്ന് ആകുന്നില്ല. ഇതുവരെ ആയിരുന്നതിനേക്കാൾ കൂടുതൽ വിശുദ്ധനോ സ്നേഹവാനോ കരുണാമയനോ ഇന്ന് ആയിരിക്കുകയോ എന്നെങ്കിലും ആയിത്തീരുകയോ ചെയ്യുന്നില്ല. തന്റെ അഭേദ്യഗുണങ്ങളിൽ ഏതെങ്കിലും ഒന്നിലെങ്കിലും ദൈവം കൂട്ടിച്ചേർക്കുകയോ കുറയ്കുകയോ മങ്ങൽ ഏല്പിക്കുകയോ ചെയ്തിട്ടില്ല.

### ദൈവം തന്റെ അസ്ഥിത്വത്തിൽ മാറ്റമില്ലാത്തവനാണ്

ദൈവം മോശെയ്ക് സ്വയം വെളിപ്പെടുത്തിയപ്പോൾ "ഞാനാകുന്നവർ ഞാനാകുന്നു എന്ന് പറഞ്ഞു" (പുറപ്പാട് 3:14). ദൈവം എന്നെന്നും അനന്യനാണ്. മലാഖിയിലൂടെ സംസാരിക്കുമ്പോൾ, "യഹോവയായ ഞാൻ മാറാത്തവൻ" (3:6) എന്നു പറഞ്ഞുകൊണ്ട് ദൈവം തന്റെ മാറ്റമില്ലായ്മ ദൃഢമായി പ്രസ്താവിച്ചിരിക്കുന്നു. ദൈവത്തിന് "...ഗതിഭേദത്താലുള്ള ആഛാദനം ഇല്ല" (1:17) എന്ന് യാക്കോബ് നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ടാണ്, ദൈവത്തെ പലപ്പോഴും അചഞ്ചലമായ പാറയായി താരതമ്യപ്പെടുത്തുന്നത്. ചുറ്റുപാടുമുള്ള നിരന്തരം ചാഞ്ചാടുന്ന സമുദ്രവുമായി താരതമ്യപ്പെടുത്തുമ്പോൾ പാറ അചഞ്ചലമാണ്. "അവൻ പാറ; അവന്റെ പ്രവൃത്തി അത്യുത്തമം. അവന്റെ വഴികൾ ഒക്കെയും ന്യായം; അവൻ വിശ്വസ്തതയുള്ള ദൈവം,

വ്യാജമില്ലാത്തവൻ; നീതിയും നേരുമുള്ളവൻ തന്നേ" (ആവർത്തനം 32:4).

മാനുഷിക ദൃഷ്ടിയിൽ മാറ്റമില്ലാത്തവയായി കാണപ്പെടുന്ന ആകാശത്തെയും ഭൂമിയെയും ദൈവവുമായി താരതമ്യം ചെയ്തുകൊണ്ട് സങ്കീർത്തനക്കാരൻ ഇപ്രകാരം പറഞ്ഞു:

> *സങ്കീർത്തനങ്ങൾ 102:25-27 – പൂർവ്വകാലത്തു നീ ഭൂമിക്കു അടിസ്ഥാനമായിട്ടു; ആകാശം നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു. അവ നശിക്കും നീയോ നിലനില്ക്കും; അവ യെല്ലാം വസ്ത്രംപോലെ പഴകിപ്പോകും; ഉടുപ്പുപോലെ നീ അവയെ മാറ്റും; അവ മാറിപ്പോകയും ചെയ്യും. നീയോ അനന്യനാകുന്നു; നിന്റെ സംവത്സരങ്ങൾ അവസാനിക്കയുമില്ല.*

ആകാശവും ഭൂമിയും സൃഷ്ടിക്കപ്പെടുന്നതിനു മുൻപുതന്നെ ദൈവം ഉണ്ടായിരുന്നതുപോലെ, അവ ഇല്ലാതെയായിത്തീർന്ന ശേഷവും ദൈവം നിലനിൽക്കും എന്ന് സങ്കീർത്തനക്കാരൻ ഉറപ്പിച്ചു പറയുന്നു. സൃഷ്ടാവ് എന്ന നിലയിൽ ദൈവം മാറ്റമില്ലാത്തവനായി നിലകൊള്ളുന്നു. എബ്രായർ 1:10-12 വാക്യങ്ങളിൽ, എബ്രായലേഖനകർത്താവ് ഈ വാക്യങ്ങളെ യേശുക്രിസ്തുവിന് ആരോപിക്കുന്നു. പിന്നീട്, യേശുക്രിസ്തുവിനെ "ഇന്നലെയും ഇന്നും എന്നെന്നും അനന്യൻ" എന്നും അദ്ദേഹം വിശേഷിപ്പിച്ചിരിക്കുന്നു (എബ്രായർ 13:8). അതേ അഭേദ്യഗുണങ്ങൾ യേശുവിനുണ്ട് എന്ന് പ്രസ്താവിക്കുന്നതിലൂടെ, പിതാവിനോട് യേശുവിനുള്ള സമത്വത്തെ എഴുത്തുകാരൻ ഉറപ്പിച്ചു പറയുകയാണ്.

ദൈവത്തിന്റെ മാറ്റമില്ലായ്മയുടെ സത്തയെ A.W. Pink ശരിയാംവണ്ണം ഈ വിധത്തിൽ, പറഞ്ഞിരിക്കുന്നു:

> *ദൈവം ഇന്ന് ആയിരിക്കുന്നത്, എന്നെങ്കിലും ആയിരുന്നതോ എന്നെങ്കിലും ആകുന്നതോ എല്ലാം .... ദൈവത്തിന് കൂടുതൽ മെച്ചപ്പെടുവാൻ സാധ്യമല്ല; കാരണം, അവൻ ഇപ്പോൾത്തന്നെ പരിപൂർണ്ണനാണ്; പരിപൂർണ്ണനായിരിക്കെ ഇനി മോശമായി മാറുകയും സാധ്യമല്ല. തനിക്കു പുറമെയുള്ള എന്തിനാലെങ്കിലും ബാധിക്കപ്പെടാത്തവന് മെച്ചപ്പെടുകയോ മോശപ്പെടുകയോ ചെയ്യുക അസാധ്യമാണ്. അവൻ എന്നെന്നും ഒന്നുതന്നെയാണ്.*

## ദൈവം തന്റെ ഉദ്ദേശ്യങ്ങളിൽ മാറ്റമില്ലാത്തവനാണ്

ദൈവം തന്റെ അസ്തിത്വത്തിൽ മാറ്റമില്ലാത്തവനാണ് എന്നു മാത്രമല്ല, തന്റെ സകല ഉദ്ദേശ്യങ്ങൾ സംബന്ധിച്ചും മാറ്റമില്ലാത്ത

വനാണ്. അനേക തിരുവെഴുത്തുഭാഗങ്ങൾ ഈ സത്യത്തെ ഉറപ്പി ക്കുന്നു. ഏതാനം ചിലത് താഴെക്കൊടുത്തിരിക്കുന്നു:

> *ഇയ്യോബ് 23:13 – അവനോ അനന്യൻ; അവനെ തടുക്കു ന്നതു ആർ? തിരുവുള്ളത്തിന്റെ താല്പര്യം അവൻ അനു ഷ്ഠിക്കും.*
>
> *ഇയ്യോബ് 42:2 – നിനക്കു സകലവും കഴിയുമെന്നും നിന്റെ ഉദ്ദേശമൊന്നും അസാദ്ധ്യമല്ലെന്നും ഞാൻ അറിയുന്നു.*
>
> *സങ്കീർത്തനങ്ങൾ 33:11 – യഹോവയുടെ ആലോചന ശാശ്വതമായും അവന്റെ ഹൃദയവിചാരങ്ങൾ തലമുറതലമു റയായും നില്ക്കുന്നു.*
>
> *സങ്കീർത്തനങ്ങൾ 115:3 – നമ്മുടെ ദൈവമോ സ്വർഗ്ഗത്തിൽ ഉണ്ടു; തനിക്കു ഇഷ്ടമുള്ളതൊക്കെയും അവൻ ചെയ്യുന്നു.*
>
> *യെശയ്യാ 46:10 - ആരംഭത്തിങ്കൽ തന്നേ അവസാനവും പൂർവ്വകാലത്തു തന്നേ മേലാൽ സംഭവിപ്പാനുള്ളതും ഞാൻ പ്രസ്താവിക്കുന്നു; എന്റെ ആലോചന നിവൃത്തിയാകും; ഞാൻ എന്റെ താല്പര്യമൊക്കെയും അനുഷ്ടിക്കും എന്നു ഞാൻ പറയുന്നു.*

കാര്യങ്ങൾ ശുഭകരമല്ലാതെ കാണപ്പെട്ടപ്പോഴും യിസ്രായേലിനോ ടുള്ള ദൈവത്തിന്റെ ഉടമ്പടിസ്നേഹവും വാഗ്ദത്തങ്ങളോടുള്ള പ്രതിബദ്ധതയും മീഖാ സ്ഥിരീകരിക്കുന്നു: "അകൃത്യം ക്ഷമി ക്കയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോടു അതിക്രമം മോചിക്കയും ചെയ്യുന്ന നിന്നോടു സമനായ ദൈവം ആരുള്ളു? അവൻ എന്നേക്കും കോപം വെച്ചുകൊള്ളുന്നില്ല; ദയയിലല്ലോ അവന്നു പ്രസാദമുള്ളതു. അവൻ നമ്മോടു വീണ്ടും കരുണ കാണിക്കും നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും; അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകള യും. *പുരാതനകാലം മുതൽ നീ ഞങ്ങളുടെ പിതാക്കന്മാരോടു സത്യം ചെയ്തിരിക്കുന്ന* നിന്റെ വിശ്വസ്തത നീ യാക്കോബി നോടും നിന്റെ ദയ അബ്രാഹാമിനോടും കാണിക്കും" (മീഖാ 7:18-20, ഊന്നൽ ഞാൻ നൽകിയിരിക്കുന്നു). യിസ്രായേലിനുള്ള ദൈവത്തിന്റെ സംരക്ഷണത്തെ മറ്റു വാക്യങ്ങളോടൊപ്പം, ഈ വാക്യങ്ങൾ സ്ഥിരീകരിക്കുന്നു.

കഷ്ടതയനുഭവിക്കുന്ന വിശ്വാസികൾക്ക് എബ്രായ ലേഖനകർ ത്താവ് എഴുതുമ്പോൾ, തന്റെ ജനത്തോടുള്ള സകല നല്ല വാഗ്ദ ത്തങ്ങളും പ്രത്യേകിച്ച്, വരാനിരിക്കുന്ന അവകാശത്തിന്റെ വാഗ്ദത്തം പൂർത്തികരിക്കുന്നതിനുള്ള ദൈവത്തിന്റെ അചഞ്ച

ലമായ പ്രതിബദ്ധതയെ ഓർമ്മിപ്പിച്ചുകൊണ്ട് അവരുടെ വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുന്നു. എബ്രായർ 6:17-18 -ൽ അദ്ദേഹം അത് എഴുതിയിരിക്കുന്നു: "അതുകൊണ്ടു ദൈവം *വാഗ്ദത്തത്തിന്റെ അവകാശികൾക്കു തന്റെ ആലോചന മാറാത്തതു എന്നു അധികം സ്പഷ്ടമായി കാണിപ്പാൻ ഇച്ഛിച്ചു* ഒരു ആണയാലും ഉറപ്പുകൊടുത്തു. അങ്ങനെ, നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള പ്രത്യാശ പിടിച്ചുകൊൾവാൻ ശരണത്തിന്നായി ഓടിവന്ന നാം മാറിപ്പോകാത്തതും ദൈവത്തിന്നു ഭോഷ്കുപറവാൻ കഴിയാത്തതുമായ രണ്ടു കാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിപ്പാൻ ഇടവരുന്നു" (ഊന്നൽ ഞാൻ നൽകിയിരിക്കുന്നു).

താൻ നടപ്പിലാക്കുവാൻ ഉദ്ദേശിച്ച സകലതും കഴിഞ്ഞകാല നിത്യതയിൽ ദൈവം തീരുമാനിച്ചു. ദൈവത്തിന് പുതിയ ഏതെങ്കിലും അറിവിന്റെയോ ശക്തിയുടെ കുറവിന്റെയോ വെളിച്ചത്തിൽ തന്റെ പദ്ധതികളെ പുനഃക്രമീകരിക്കേണ്ട ആവശ്യമില്ല. ദൈവം എല്ലായ്പോഴും സകലവും അറിയുന്നവനും (സർവ്വജ്ഞാനി) സകല ശക്തിയുള്ളവനും (സർവ്വശക്തനും) ആയിരിക്കുന്നു. താൻ പദ്ധതി ചെയ്തത് സകലവും ദൈവം നടപ്പിലാക്കും.

ഇത് ഒരു വലിയ ചോദ്യം ഉയർത്തുന്നു.

## ദൈവം ചിലപ്പോൾ തന്റെ മനസ്സ് മാറ്റുന്നുണ്ടോ?

ദൈവം തന്റെ അസ്തിത്വത്തിലും ഉദ്ദേശ്യങ്ങളിലും അചഞ്ചലനാണ് എങ്കിൽ, ദൈവം അനുതപിക്കുന്നതിനെക്കുറിച്ച് (പശ്ചാത്തപിക്കുന്നത് സംബന്ധിച്ച്) അഥവാ തന്റെ മനസ്സ് മാറ്റുന്നതിനെക്കുറിച്ച് നാം വായിക്കുന്ന സന്ദർഭങ്ങൾ എങ്ങനെ വിശദീകരിക്കാനാകും?

> *ഉല്പത്തി 6:6 – താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുക കൊണ്ടു യഹോവ അനുതപിച്ചു; അതു അവന്റെ ഹൃദയത്തിന്നു ദുഃഖമായി:*

> *1 ശമൂവേൽ 15:11 – ഞാൻ ശൌലിനെ രാജാവായി വാഴിച്ചതിനാൽ എനിക്കു മനസ്താപമായിരിക്കുന്നു; അവൻ എന്നെ വിട്ടുമാറിയിരിക്കുന്നു; എന്റെ കല്പനകളെ നിവൃത്തിച്ചതുമില്ല.*

ദൈവം ന്യായവിധി പ്രസ്താവിക്കുകയും എന്നാൽ ആളുകൾ പ്രാർഥിക്കുകയോ ചിലപ്പോൾ, അവരുടെ വഴികളിൽ മാറ്റം വരുത്തുകയോ ചെയ്തു എന്ന കാരണത്താൽ, അനുകമ്പ കാണി

ക്കുകയും നടപ്പാക്കും എന്നു പറഞ്ഞ ന്യായവിധി നടപ്പാക്കാതിരിക്കുകയും ചെയ്തു. പല ഉദാഹരണങ്ങളിൽ ചിലത് താഴെ നൽകിയിരിക്കുന്നു:

a. യിസ്രായേൽ ജനതയെ നശിപ്പിക്കുന്നതിൽ നിന്നും ദൈവത്തെ തടയുവാൻ മോശെ വിജയകരമായി പ്രാർഥിച്ചു (പുറപ്പാട് 32:9-14). യിസ്രായേല്യർ "ദുശ്ശാഠ്യമുള്ള ജനം" (വാക്യം. 9) ആയിരുന്നതുകൊണ്ട് ദൈവം അവരെ, "ദഹിപ്പിക്കേണ്ടതിന്" ഒരുങ്ങി (വാക്യം. 10). അതിനാൽ, "മോശെ തന്റെ ദൈവമായ യഹോവയോട് അപേക്ഷിച്ചു പറഞ്ഞു" (വാക്യം. 11). മോശെയുടെ മധ്യസ്ഥതയുടെ ഫലമായി, "യഹോവ തന്റെ ജനത്തിന്നു വരുത്തും എന്നു കല്പിച്ച അനർത്ഥത്തെക്കുറിച്ചു അനുതപിച്ചു" (വാക്യം. 14).

b. ഹിസ്കീയാവിന്റെ ആയുസ്സിനോട് ദൈവം പതിനഞ്ച് വർഷം കൂട്ടിക്കൊടുത്തു (യെശയ്യാ 38:1-6). യെശയ്യാ 38:1 ഹിസ്കീയാവിന്നു മരിക്കത്തക്ക രോഗം പിടിച്ചപ്പോൾ, "നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക; നീ മരിച്ചുപോകും; സൗഖ്യമാകയില്ല" എന്ന് അവനോടു പറയുവാൻ ആമോസിന്റെ മകനായ യെശയ്യാപ്രവാചകനെ ദൈവം അയച്ചു (വാക്യം. 1). അതു കേട്ടപ്പോൾ ഹിസ്കീയാവ് യഹോവയോട് ഇപ്രകാരം പ്രാർഥിച്ചു (വാക്യം. 2). അവന്റെ ആത്മാർഥമായ പ്രാർഥനയാൽ അനുകമ്പതോന്നിയ ദൈവം യെശയ്യാവിലൂടെ ഇപ്രകാരം ഹിസ്കീയാവിനോടു പറഞ്ഞു, "ഞാൻ നിന്റെ പ്രാർത്ഥന കേട്ടു നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു. ഞാൻ നിന്റെ ആയുസ്സിനോടു പതിനഞ്ചു സംവത്സരം കൂട്ടും" (വാക്യം. 5).

ദൈവത്തിന്റെ മാറ്റമില്ലാത്ത സ്വഭാവത്തെ സ്ഥിരീകരിക്കുന്ന (നേരത്തെ പരാമർശിച്ച തിരുവചനഭാഗങ്ങൾ കൂടാതെ) താഴെപ്പറയുന്നതുപോലെയുള്ള, തിരുവെഴുത്തുകളുമായി ഈ സംഭവങ്ങളെ നമുക്ക് എങ്ങനെ പൊരുത്തപ്പെടുത്തുവാൻ സാധിക്കും?

***സംഖ്യാപുസ്തകം 23:19** – വ്യാജം പറവാൻ ദൈവം മനുഷ്യനല്ല; അനുതപിപ്പാൻ അവൻ മനുഷ്യപുത്രനുമല്ല; താൻ കല്പിച്ചതു ചെയ്യാതിരിക്കുമോ? താൻ അരുളിച്ചെയ്തതു നിവർത്തിക്കാതിരിക്കുമോ?*

***1 ശമൂവേൽ 15:29** – യിസ്രായേലിന്റെ മഹത്വമായവൻ ഭോഷ്കു പറകയില്ല, അനുതപിക്കയുമില്ല; അനുതപിപ്പാൻ അവൻ മനുഷ്യനല്ല എന്നു പറഞ്ഞു.*

പല ചോദ്യങ്ങൾ ഉയരുന്നു. ദൈവത്തിന് മാറ്റം വന്നുവെങ്കിൽ, ദൈവത്തിന്റെ മാറ്റമില്ലാത്ത സ്വഭാവത്തെ സ്ഥിരീകരിക്കുന്ന വേദ ഭാഗങ്ങൾക്ക് അത് വിരുദ്ധമാകുകയില്ലേ? തന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുവാൻ ദൈവത്തിന് സ്ഥിരതയോ ശക്തിയോ ഇല്ല എന്ന് അതിന് അർഥമുണ്ടോ? ഈ വിഷയം ചിലർക്ക് ആശയക്കുഴപ്പം ഉണ്ടാക്കുന്നു എന്നതിനാൽ, ചുരുക്കമായിട്ടെങ്കിലും ഇതിനെ അഭിസംബോധന ചെയ്യേണ്ടതാണ്.

*Bible Doctrine* എന്ന തന്റെ പുസ്തകത്തിൽ വെയ്ൻ ഗ്രൂഡെം ഈ വിശദീകരണം നൽകുന്നു:

> *നിലവിലുള്ള ഒരു സാഹചര്യത്തിൽ ദൈവത്തിന്റെ മനോഭാവം അഥവാ ഉദ്ദേശ്യത്തിന്റെ യഥാർഥ പ്രകടനമായാണ് ഈ സംഭവങ്ങൾ ഒക്കെയും മനസ്സിലാക്കേണ്ടത്. സാഹചര്യം മാറിയാൽ, അപ്പോൾ ദൈവത്തിന്റെ മനോഭാവം അഥവാ ഉദ്ദേശ്യത്തിന്റെ പ്രകടനവും മാറുന്നതാണ്. വ്യത്യസ്ത സാഹചര്യങ്ങളോട് ദൈവം വ്യത്യസ്തമായി പ്രതികരിക്കുന്നു എന്നുമാത്രമാണ് ഇത് പറയുന്നത്.*

മറ്റൊരു തരത്തിൽ പറഞ്ഞാൽ, മാറ്റമില്ലാത്ത ദൈവം തന്റെ മറ്റ് അഭേദ്യഗുണങ്ങളായ സ്നേഹം, കരുണ എന്നിവയ്ക്കനുസൃതമായി വ്യത്യസ്ത ആളുകളോടുള്ള തന്റെ ഇടപെടലുകളിൽ പലപ്പോഴും മാറ്റം വരുത്തുന്നു. ഈ വിഷയത്തിൽ Rolland McCune-ന്റെ അഭിപ്രായം സഹായകരമാണ്:

> *അചഞ്ചലത എന്നാൽ നിശ്ചലത എന്ന് അർഥമില്ല. പകരം, ദൈവത്തിന്റെ മാറ്റമില്ലാത്ത മനോഭാവം, പ്രത്യേകിച്ചും പാപത്തോടുള്ള ബന്ധത്തിൽ, തിന്മയുടെ സ്വാധീനവും സ്വതന്ത്രമായ ധാർമ്മികഹേതുവും കൂടിച്ചേരുമ്പോൾ ദൈവത്തിന്റെ ഇടപെടലുകൾ മാറുന്നു. അതായത്, ആളുകളോടുള്ള ഇടപെടലിന്റെ രീതി മാറുന്നു: താനുമായുള്ള ധാർമ്മികമായ ബന്ധത്തിൽ ഒരു വ്യത്യസ്തമായ തലത്തിലേയ്കു മനുഷ്യൻ മാറുമ്പോൾ ദൈവം ക്രമീകരണത്തിൽ മാറ്റം വരുത്തുന്നു."*

ഇത് ചിന്തിക്കുക. ആളുകൾ വ്യത്യസ്ത വിധത്തിൽ പ്രവർത്തിച്ചപ്പോൾ ദൈവം വ്യത്യസ്തമായി അവരോട് പ്രതികരിച്ചില്ല എങ്കിൽ, പ്രാർഥനയോ നമ്മുടെ വഴികളിൽ മാറ്റം വരുത്തുകയോ ചെയ്യുന്നത് ദൈവത്തിന് വ്യത്യാസം ഉളവാക്കുകയില്ല. എന്നാൽ, മോശെയുടെയും ഹിസ്കീയാവിന്റെയും പ്രാർഥനകൾ ദൈവത്തിന്റെ പ്രവൃത്തികളിൽ മാറ്റം വരുത്തി എന്നു നാം കണ്ടു കഴിഞ്ഞു. കാരണം, അവ ദൈവത്തിന്റെ സർവ്വാധികാര ഉദ്ദേ

ശ്യങ്ങൾക്ക് അനുസൃതമായവയായിരുന്നു. ദൈവം യോനായെ അയച്ച നിനെവെക്കാരുടെ ഒരൊറ്റ ഉദാഹരണം നോക്കിയാൽ, ദൈവത്തിന് മനുഷ്യരോടുള്ള ഇടപെടലുകളിൽ "മാറ്റംവരുത്തുവാൻ" മനുഷ്യരുടെ പ്രവൃത്തികൾ എപ്രകാരം കാരണമാകുന്നു എന്നു കാണാവുന്നതാണ്.

നിനെവെയുടെ ദുഷ്ടത കണ്ട്, അവർക്കുള്ള തന്റെ ന്യായവിധി പ്രസ്താവിക്കുവാൻ ദൈവം യോനായെ അയച്ചു: "നീ പുറപ്പെട്ടു മഹാനഗരമായ നിനെവേയിലേക്കു ചെന്നു അതിന്നു വിരോധമായി പ്രസംഗിക്ക; അവരുടെ ദുഷ്ടത എന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു" (യോനാ 1:2). അതിന്റെ സന്ദേശം ഇതായിരുന്നു, "ഇനി നാല്പതു ദിവസം കഴിഞ്ഞാൽ നിനെവേ ഉന്മൂലമാകും" (യോനാ 3:4). അവർ മാനസാന്തരപ്പെട്ടാൽ, ദൈവം തന്റെ ന്യായവിധി നടപ്പാക്കുകയില്ല എന്ന് *സ്പഷ്ടമായി* പറഞ്ഞിരുന്നില്ല എങ്കിലും, അവർ തങ്ങളുടെ വഴികളിൽ മാറ്റംവരുത്തിയാൽ ദൈവം നടപ്പാക്കുമെന്നു പറഞ്ഞിരുന്ന ന്യായവിധി ഒഴിവാക്കും എന്നത് വ്യക്തമായിരുന്നു. നിനവെയുടെ രാജാവ് അത് മനസ്സിലാക്കിയിരുന്നു. അതിനാലാണ് അദ്ദേഹം ഈ വിളമ്പരം പ്രസ്താവിക്കുന്നത്:

> *യോനാ 3:7-9 – അവൻ നീനെവേയിൽ എങ്ങും ഘോഷിപ്പിച്ചു പരസ്യമാക്കിയതു എന്തെന്നാൽ: രാജാവിന്റെയും അവന്റെ മഹത്തുക്കളുടെയും ആജ്ഞയാവിതു: മനുഷ്യനോ മൃഗമോ കന്നുകാലിയോ ആടോ ഒന്നും ഒരു വസ്തുവും ആസ്വദിക്കരുതു; മേയ്കയും വെള്ളം കുടിക്കയും അരുതു. മനുഷ്യനും മൃഗവും രട്ടു പുതെച്ചു ഉച്ചത്തിൽ ദൈവത്തോടു വിളിച്ചു അപേക്ഷിക്കേണം; ഓരോരുത്തൻ താന്താന്റെ ദുർമ്മാർഗ്ഗവും താന്താന്റെ കൈക്കലുള്ള സാഹസവും വിട്ടു മനംതിരികയും വേണം. ദൈവം വീണ്ടും അനുതപിച്ചു നാം നശിച്ചുപോകാതെയിരിക്കേണ്ടതിന്നു അവന്റെ ഉഗ്രകോപം വിട്ടുമാറുമായിരിക്കും; ആർക്കറിയാം.*

ദൈവം മുന്നറിയിപ്പ് നൽകിയതിന്റെ ഉദ്ദേശ്യംതന്നെ അവർ മാനസാന്തരപ്പെടുകയും തത്ഫലമായി ന്യായവിധി ഒഴിവാക്കുകയുമാണ് എന്ന് രാജാവ് മനസ്സിലാക്കിയിരുന്നു. അതുതന്നെയാണ് അവിടെ സംഭവിച്ചത്: "അവർ ദുർമ്മാർഗ്ഗം വിട്ടുതിരിഞ്ഞു എന്നു ദൈവം അവരുടെ പ്രവൃത്തികളാൽ കണ്ടപ്പോൾ താൻ അവർക്കു വരുത്തും എന്നു അരുളിച്ചെയ്തിരുന്ന അനർത്ഥത്തെക്കുറിച്ചു ദൈവം അനുതപിച്ചു അതു വരുത്തിയതുമില്ല" (യോനാ 3:10). വാസ്തവത്തിൽ, ഇതുതന്നെയാണ് സംഭവിക്കുവാൻ പോകുന്നത് എന്നത് യോനാ അറിഞ്ഞിരുന്നു എന്നത്

യോനായുടെതന്നെ വാക്കുകൾ സ്ഥിരീകരിക്കുന്നു: "അവൻ യഹോവയോടു പ്രാർഥിച്ചു: അയ്യോ, യഹോവേ, ഞാൻ എന്റെ ദേശത്തു ആയിരുന്നപ്പോൾ ഞാൻ പറഞ്ഞ വാക്കു ഇതു തന്നേ അല്ലയോ? അതുകൊണ്ടായിരുന്നു ഞാൻ തർശീശിലേക്കു ബദ്ധപ്പെട്ടു ഓടിപ്പോയതു; നീ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ള ദൈവമായി അനർത്ഥത്തെക്കുറിച്ചു അനുതപിക്കുന്നവൻ എന്നു ഞാൻ *അറിഞ്ഞു*" (യോനാ 4:2, ഊന്നൽ ഞാൻ നൽകിയിരിക്കുന്നു).

ഭൂതകാലവും വർത്തമാനകാലവും ഭാവിയും എല്ലാം അറിയുന്ന സർവ്വജ്ഞനായ ദൈവം മനുഷ്യർ തങ്ങളുടെ പെരുമാറ്റത്തിൽ മാറ്റം വരുത്തുകയോ ശ്രദ്ധാപൂർവ്വം പ്രാർഥിക്കുകയോ ചെയ്യുമ്പോൾ ആശ്ചര്യപ്പെടുന്നില്ല. സർവ്വാധികാരിയും സ്നേഹവാനും സർവ്വജ്ഞാനിയുമായ ദൈവം മനുഷ്യന്റെ പെരുമാറ്റത്തിൽ വരുന്ന ഈ മാറ്റങ്ങളെപ്പോലും തന്റെ നിത്യപദ്ധതികളിലേയ്ക് പരിഗണിക്കുകയും അത് തന്റെ ന്യായവിധി നടപ്പാക്കാതിരിക്കുവാൻ കാരണമാകുകയും ചെയ്യുന്നു.

നല്ല കാറ്റുള്ള സമയത്ത് നിങ്ങൾ ബൈക്ക് ഓടിക്കുകയാണെന്നു കരുതുക. എന്നാൽ, നിങ്ങൾ മുൻപോട്ടു പോകുന്നത് നിർത്തിയശേഷം വണ്ടി തിരിച്ച് എതിർദിശയിൽ പോകുവാൻ ആരംഭിച്ചാൽ, കാറ്റിനു മാറ്റം ഭവിച്ച്, അത് നിങ്ങളെ തടയുന്നതിനു പകരം ഇപ്പോൾ സഹായിക്കുകയാണ് എന്നു നിങ്ങൾക്കു തോന്നും. വാസ്തവത്തിൽ കാറ്റിനു മാറ്റം വന്നില്ല. മാറിയത് നിങ്ങളാണ്.

തെറ്റായ വഴിയിലൂടെ പോകുന്ന മനുഷ്യർ ദൈവത്തിന്റെ മുന്നറിയിപ്പ് ശ്രദ്ധിച്ച് ദൈവത്തിങ്കലേയ്കു തിരിയുമ്പോൾ അവർ ദൈവത്തിന്റെ ക്രോധത്തിന്റെ കീഴിൽ നിന്നും ദൈവത്തിന്റെ സംരക്ഷണകരത്തിന്റെ കീഴിലേയ്കു മാറുകയാണ് എന്ന് യേഹേസ്കേൽ പ്രവാചകനിലൂടെ ദൈവം നമ്മോടു പറയുന്നു.

> ***യേഹേസ്കേൽ 18:21-23*** *– എന്നാൽ ദുഷ്ടൻ താൻ ചെയ്ത സകല പാപങ്ങളെയും വിട്ടുതിരിഞ്ഞു എന്റെ ചട്ടങ്ങളെയൊക്കെയും പ്രമാണിച്ചു, നീതിയും ന്യായവും പ്രവർത്തിക്കുന്നു എങ്കിൽ, അവൻ മരിക്കാതെ ജീവിച്ചിരിക്കും. അവൻ ചെയ്ത അതിക്രമങ്ങളിൽ ഒന്നിനെയും അവന്നു കണക്കിടുകയില്ല; അവൻ ചെയ്ത നീതിയാൽ അവൻ ജീവിക്കും. ദുഷ്ടന്റെ മരണത്തിൽ എനിക്കു അല്പമെങ്കിലും താല്പര്യം ഉണ്ടോ? അവൻ തന്റെ വഴികളെ വിട്ടുതിരിഞ്ഞു ജീവിക്കേണമെന്നല്ലയോ എന്റെ താല്പര്യം എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു.*

ലളിതമായി പറഞ്ഞാൽ, മനുഷ്യർ മാനസാന്തരപ്പെടുമെങ്കിൽ, ദൈവം മനസ്സലിഞ്ഞ് അവരുടെമേൽ ന്യായവിധി വരുത്തുകയില്ല എന്നത് ദൈവം വാഗ്ദത്തം ചെയ്യുന്നതുപോലെയാണത്. അവർ മാനസാന്തരപ്പെടുന്നില്ല എങ്കിൽ, ദൈവം തന്റെ ക്രോധം അവരുടെമേൽ ചൊരിയുന്നതിൽ നിന്ന് പിന്മാറുകയില്ല. ബൈബിളിലെ ദൈവം തന്റെ സ്വഭാവപ്രകാരം മനുഷ്യരെ നിത്യ നരകത്തിലേയ്ക് എറിയുന്നതിൽ രസിക്കുന്നവനല്ല. മറിച്ച്, മനുഷ്യർ തങ്ങളുടെ വഴികളിൽ മാറ്റം വരുത്തുകയും ആത്മാർഥമായ ഹൃദയത്തോടെ തന്നെ അന്വേഷിക്കുകയും ചെയ്താൽ അവരുടെ പാപങ്ങൾ ക്ഷമിക്കുന്നതിലും കരുണ കാണിക്കുന്നതിലും ദൈവം സന്തോഷിക്കുന്നു (മീഖാ 7:18). ആ യാഥാർഥ്യം ദൈവത്തിന്റെ മുൻനിർണ്ണയിക്കപ്പെട്ട പദ്ധതിയിലും ഉദ്ദേശ്യത്തിലും സ്ഥാപിതമായിരിക്കുന്നു. അതുകൊണ്ട്, ദൈവം തന്റെ മനസ്സ് മാറ്റുന്നു എന്നതല്ല. മനുഷ്യർ തങ്ങളുടെ ജീവിതത്തിൽ മാറ്റം വരുത്തുമ്പോൾ, ദൈവത്തിന്റെ ക്രോധം നേരിടുന്നതിനുപകരം തന്റെ കരുണ സ്വീകരിക്കുന്നു എന്നതാണ് വാസ്തവം.

ദൈവം തന്റെ മനസ്സ് മാറ്റുന്ന ഈ വിഷയത്തെ ജോൺ മക് ആർതർ ഇപ്രകാരം സംഗ്രഹിച്ചിരിക്കുന്നു:

> *ഒരുവൻ ദൈവത്തിന്റെ മുമ്പിൽ നിൽക്കുന്നത് എപ്രകാരമാണെന്നതാണ് അവന്/ അവൾക്ക് എന്തു സംഭവിക്കുന്നു എന്നത് നിർണ്ണയിക്കുന്നത്. മെഴുകിനെ ഉരുക്കുകയും കളിമണ്ണിനെ കട്ടിയാക്കുകയും ചെയ്യുന്നതിനാൽ സൂര്യനെ നിങ്ങൾക്ക് കുറ്റപ്പെടുത്തുക സാധ്യമല്ല. സൂര്യനല്ല മറിച്ച്, ആ വസ്തുക്കളുടെ പദാർഥങ്ങൾക്കാണ് പ്രശ്നമുള്ളത്. ദൈവത്തിന് ഒരിക്കലും മാറ്റമില്ല. നല്ലതിന് പ്രതിഫലം നൽകുകയും തിന്മയ്ക്ക് ശിക്ഷ നൽകുകയും ചെയ്യുന്നത് ദൈവം തുടരും.*

അപ്പോൾ, ദൈവത്തിന്റെ മാറ്റമില്ലായ്മയുടെ പ്രായോഗിക പ്രയോജനങ്ങൾ എന്തെല്ലാമാണ്?

## പ്രായോഗിക പ്രയോജനം #1. അത് വിശ്വാസികൾക്ക് ആശ്വാസം പ്രദാനം ചെയ്യണം

മനുഷ്യരുടെ മാറുന്ന സ്വഭാവവുമായി താരതമ്യം ചെയ്യുമ്പോൾ, ദൈവത്തിന്റെ അഭേദ്യഗുണങ്ങളിൽവച്ച് വിശ്വാസിയ്ക് ഏറ്റവും അടിസ്ഥാനപരവും എന്നാൽ, ആശ്വാസപ്രദവുമായ അഭേദ്യഗുണമാണ് ദൈവത്തിന്റെ മാറ്റമില്ലാത്ത സ്വഭാവം. “ഹോശന്ന... ഹോശന്ന” (മത്തായി 21:9) എന്ന് ആർത്തുകൊണ്ട് കർത്താവായ യേശുവിനെ സ്വീകരിച്ച ജനക്കൂട്ടം വെറും ആറുദിവസത്തിനു ശേഷം “അവനെ ക്രൂശിക്ക” (മത്തായി 27:22), എന്ന്

നിലവിളിച്ചത് എത്ര പെട്ടെന്നാണ്! സ്നേഹിതർ, കുടുംബാംഗങ്ങൾ, സഹപ്രവർത്തകർ അല്ലെങ്കിൽ അയൽക്കാർ എന്നിവർ നമ്മെ നിരാശപ്പെടുത്തുന്നത് നാമെല്ലാവരും അനുഭവിച്ചിട്ടുണ്ട്. സങ്കടകരമെന്നുപറയട്ടെ, നാമും മറ്റുള്ളവരെ നിരശപ്പെടുത്താറുണ്ട്. എന്നാൽ, പാറയായിരിക്കുന്ന ദൈവം, തന്റെ അസ്ഥിത്വത്തിൽ മാത്രമല്ല, ഉദ്ദേശ്യങ്ങളിലും മാറ്റമില്ലാത്തവനായി നിലനിൽക്കുന്നു. യേശുവിൽ വിശ്വാസമർപ്പിച്ചുകൊണ്ട് തന്നിൽ ആശ്രയിച്ചിരിക്കുന്ന എല്ലാവരെയും അവസാനംവരെയും സുരക്ഷിതമായി സൂക്ഷിക്കുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യങ്ങളിൽ ഒന്ന്!

ഫിലിപ്പിയർ 1:6-ൽ ഈ ഉറപ്പിനെക്കുറിച്ച് പൗലോസ് പറയുന്നു, “നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു.” “ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു” (റോമർ 8:39) എന്ന് പൗലോസ് വാഗ്ദത്തമായി പറയുന്നു. ഈ ആശ്വാസവാക്കുകളാൽ യേശു തന്നെ തനിക്കുള്ളവരെ ഉറപ്പിക്കുന്നു, “ഞാൻ അവെക്കു നിത്യജീവൻ കൊടുക്കുന്നു; അവ ഒരുനാളും നശിച്ചു പോകയില്ല; ആരും അവയെ എന്റെ കയ്യിൽനിന്നു പിടിച്ചുപറിക്കയും ഇല്ല.” (യോഹന്നാൻ 10:28). അത് പോരാഞ്ഞിട്ടെന്നവണ്ണം, നമ്മെ അന്ത്യത്തോളം സൂക്ഷിക്കുക എന്ന അതേ പ്രതിബദ്ധത പിതാവിനുമുണ്ട് എന്ന് യേശു ഉറപ്പു നൽകി: “അവയെ തന്നിരിക്കുന്ന എന്റെ പിതാവു എല്ലാവരിലും വലിയവൻ; പിതാവിന്റെ കയ്യിൽനിന്നു പിടിച്ചുപറിപ്പാൻ ആർക്കും കഴികയില്ല” (യോഹന്നാൻ 10:29). ദൈവത്തിന്റെ മാറ്റമില്ലാത്ത സ്വഭാവം, ഈ വാഗ്ദത്തങ്ങളുടെയും യേശുവിന്റെ മഹത്വപ്രത്യക്ഷത (മത്തായി 25:31), പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നത് (യെശെയ്യാ 65:17; വെളിപ്പാട് 21:1), നമ്മുടെ കണ്ണീർ തുടയ്കുന്നത്, മരണം, ദുഃഖം, വേദന, കരച്ചിൽ എന്നിവയെ എന്നെന്നേയ്കുമായി നീക്കുന്നത് (വെളിപ്പാട് 21:4) എന്നിങ്ങനെയുള്ള മറ്റനേക വാഗ്ദത്തങ്ങളുടെയും പൂർത്തീകരണം ഉറപ്പാക്കുന്നു. അതിനാലാണ്, ജീവിത കൊടുങ്കാറ്റുകൾ നമ്മെ ബാധിക്കുമ്പോൾ (അവ ബാധിക്കും), നമുക്ക് അചഞ്ചലവും മാറ്റമില്ലാത്തതുമായ പാറയും നമ്മുടെ അചഞ്ചലമായ വിശ്വാസത്തിന് തികച്ചും യോഗ്യനുമായ ബൈബിളിലെ ദൈവത്തിൽ ചാരുവാൻ സാധിക്കുന്നത്.

ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ ഒന്നുപോലും പരാജയപ്പെടുകയില്ല കാരണം, ദൈവം "ഭോഷ്കില്ലാത്ത ദൈവമാണ്" (തീത്തോസ് 1:2). ദൈവത്തിന്റെ മാറ്റമില്ലാത്ത സ്വഭാവം മനസ്സിലാക്കുന്നത്, നമ്മുടെ ജീവിതങ്ങളെക്കുറിച്ചുള്ള തന്റെ നല്ലതും മഹത്വകരവുമായ ഉദ്ദേശ്യങ്ങൾ ദൈവം നിവർത്തിക്കും എന്ന് അറിഞ്ഞുകൊണ്ട് വിശ്വാസത്തോടെ പ്രാർഥിക്കുന്നതിന് സഹായിക്കുകയും അന്ത്യംവരെയും വിശ്വാസത്തോടെ മുന്നേറുന്നത് തുടരുവാൻ സാധ്യമാക്കുകയും ചെയ്യുന്നു. യിസ്രായേലിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങൾ (തന്റെ മക്കൾക്കും ലഭ്യമായിരിക്കുന്നത്) ഇന്നും നിലനിൽക്കുന്നു. ദൈവത്തിന്റെ മാറ്റമില്ലാത്ത സ്വഭാവം എന്ന സത്യത്തെ പൂർണ്ണഹൃദയത്തോടെ സ്വീകരിക്കുമ്പോൾ അത് നൽകുന്ന ആശ്വാസം എത്രയധികമാണ്:

> ***യെശയ്യാ 54:10*** *– പർവ്വതങ്ങൾ മാറിപ്പോകും, കുന്നുകൾ നീങ്ങിപ്പോകും; എങ്കിലും എന്റെ ദയ നിന്നെ വിട്ടുമാറുകയില്ല; എന്റെ സമാധാനനിയമം നീങ്ങിപ്പോകയുമില്ല എന്നു നിന്നോടു കരുണയുള്ള യഹോവ അരുളിച്ചെയ്യുന്നു.*

## പ്രായോഗിക പ്രയോജനം #2. അത് അവിശ്വാസികൾക്ക് ഭീതി ഉളവാക്കേണ്ടതാണ്

ഒരുവന്റെ ദാഹം ശമിപ്പിക്കുവാനും ജീവൻ നൽകുവാനും കഴിയുന്ന വെള്ളത്തിന് ജീവിതങ്ങളെ നശിപ്പിക്കുവാനും സാധിക്കും. യേശുവിലുള്ള വിശ്വാസത്തിലൂടെ ദൈവത്തിന്റെ മക്കളായിരിക്കുന്നവർക്ക്, ദൈവത്തിന്റെ മാറ്റമില്ലാത്ത സ്വഭാവം ആശ്വാസം പ്രദാനം ചെയ്യുമ്പോൾ ദൈവത്തിൽ നിന്ന് വിദൂരത്തിലായിരിക്കുന്നവർക്ക് അത് തികച്ചും വിപരീതഫലം, ഭീതി ഉളവാക്കുന്നു. എന്തുകൊണ്ട്? ദൈവം വിശുദ്ധനും നീതിമാനും ക്രോധവാനുമായതിനാൽ പാപത്തോടുള്ള തന്റെ മനോഭാവം മാറ്റമില്ലാതെ തുടരുന്നു. പാപത്തെ ശിക്ഷിക്കാതിരിക്കുവാൻ ദൈവത്തിന് സാധിക്കുകയില്ല, ദൈവം അപ്രകാരം ചെയ്യുകയില്ല.

മനുഷ്യൻ മാനസാന്തരപ്പെടാതെ ജീവിക്കുന്നത് തുടർന്നാൽ, ദൈവം എല്ലായ്പ്പോഴും പാപത്തെ വെറുക്കുകയും ന്യായവിധി നടപ്പിലാക്കുകയും ചെയ്യും എന്നത് നമ്മെ ഓർമ്മിപ്പിക്കുന്നതിനുള്ള ഏതാനം ചില ഉദാഹരണങ്ങളാണ് നോഹയെയും കുടുംബത്തെയും ഒഴികെ മാനവജാതിയെ മുഴുവൻ നശിപ്പിച്ചുകളഞ്ഞ നോഹയുടെ കാലത്തെ വെള്ളപ്പൊക്കം, സോദോമിന്റെയും ഗോമോറയുടെയും തീയ്കിരയാകൽ, ചെങ്കടലിൽ ഫറവോന്റെ സൈന്യം മുങ്ങിമരിച്ചത്, A.D. 70-ൽ യെരൂശലേമിന്റെ നാശം എന്നിവ.

പാപം സംബന്ധിച്ച് ദൈവം തന്റെ മനസ്സ് മാറ്റിയിട്ടില്ല. ഭാവിയിലും ദൈവം മനസ്സ് മാറ്റുകയില്ല! പാപത്തോട് അനുകൂലമനോഭാവം പുലർത്തുവാൻ സാധിക്കാത്ത വിശുദ്ധനായ ദൈവത്തിന് (ഹബക്കൂക്ക് 1:13) തനിക്ക് മഹത്വം നൽകുവാൻ വിസമ്മതിക്കുന്ന സകലരെയും ന്യായം വിധിക്കാതിരിക്കുക സാധ്യമല്ല (റോമർ 3:23). ന്യായവിധി ദിനത്തിലെ നിലവിളി എത്രയധികമായിരുന്നാലും ദൈവം തന്റെ മനസ്സ് മാറ്റുകയില്ല. തന്റെ നിബന്ധനകൾ അനുസരിച്ച് തന്റെ അടുക്കലേയ്കു വരുവാൻ വിസമ്മതിക്കുന്ന തന്റെ ശത്രുക്കൾക്ക് ദൈവം പ്രതികാരം വാഗ്ദത്തം ചെയ്തിരിക്കുന്നു. താഴെക്കാണുന്ന തിരുവെഴുത്തുഭാഗങ്ങൾ ഈ വസ്തുതയെ സാക്ഷ്യപ്പെടുത്തുന്നു:

> ***ആവർത്തനം 32:40-42*** *– ഞാൻ ആകാശത്തേക്കു കൈ ഉയർത്തി സത്യം ചെയ്യുന്നതു: നിത്യനായിരിക്കുന്ന എന്നാണ- - എന്റെ മിന്നലാം വാൾ ഞാൻ മൂർച്ചയാക്കി എൻ കൈ ന്യായവിധി തുടങ്ങുമ്പോൾ, ഞാൻ ശത്രുക്കളിൽ പ്രതികാരം നടത്തും; എന്നെ ദ്വേഷിക്കുന്നവർക്കു പകരം വീട്ടും. ഹതന്മാരുടെയും ബദ്ധന്മാരുടെയും രക്തത്താലും, ശത്രുനായകന്മാരുടെ ശിരസ്സിൽനിന്നു ഒലിക്കുന്നതിനാലും ഞാൻ എന്റെ അസ്ത്രങ്ങളെ ലഹരിപ്പിക്കും; എന്റെ വാൾ മാംസം തിന്നുകയും ചെയ്യും.*

> ***യേഹേസ്കേൽ 8:18*** *– ആകയാൽ ഞാനും ക്രോധത്തോടെ പ്രവർത്തിക്കും; എന്റെ കണ്ണു ആദരിക്കയില്ല; ഞാൻ കരുണ കാണിക്കയുമില്ല; അവർ അത്യുച്ചത്തിൽ എന്നോടു നിലവിളിച്ചാലും ഞാൻ അപേക്ഷ കേൾക്കയില്ല എന്നു അരുളിച്ചെയ്തു.*

> ***മത്തായി 13:41-43*** *– മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും; അവർ അവന്റെ രാജ്യത്തിൽനിന്നു എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളകയും, അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും. അന്നു നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ.*

> ***2 തെസ്സലൊനീക്യർ 1:6-10*** *– കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന*

*നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും പകരം നല്കുന്നതു ദൈവസന്നിധിയിൽ നീതിയല്ലോ. ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിന്നും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയവിഷയം ആകേണ്ടതിന്നും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും.*

വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ച് ഈ വാഗ്ദത്തങ്ങൾ നൽകപ്പെട്ടിരിക്കുമ്പോൾ (ഏതാനം ചിലതു മാത്രമാണ് മുകളിൽ കൊടുത്തിരിക്കുന്നത്) ഇപ്പോഴും ദൈവത്തിൽ നിന്ന് വിദൂരത്തിലായിരിക്കുന്ന പ്രിയ വായനക്കാരാ, താങ്കൾ എന്താണ് ചെയ്യേണ്ടത്? താങ്കൾ യഥാർഥത്തിൽ ആരാണ്, ദൈവത്തിന്റെ ദൃഷ്ടിയിൽ ഒരു പാപിയാണ് എന്നത് കാണുവാൻ താങ്കളുടെ കണ്ണുകൾ തുറക്കേണ്ടതിന് ദൈവത്തോട് അപേക്ഷിക്കുക. താങ്കളുടെ അനുസരണക്കേട് ഗണ്യമാക്കാതെ താങ്കൾക്കു കഴിക്കാൻ ആഹാരവും ആസ്വദിക്കുവാൻ മറ്റനേക കാര്യങ്ങളും നൽകുന്ന ഈ ദൈവം, ഇനിയും താങ്കൾ അവനെ തിരസ്കരിക്കുന്നതു തുടരുകയും താങ്കളുടെ ജീവിതരീതി സ്വയം തിരഞ്ഞെടുക്കുകയും ചെയ്താൽ, ഒരുനാൾ ക്രോധത്തോടെ താങ്കൾക്ക് എതിരെ തിരിയും എന്ന് മനസ്സിലാക്കുക.

അതുകൊണ്ടാണ്, ദൈവത്തിന്റെ വിശുദ്ധ കല്പനകളെ ഗണ്യമാക്കാതെ തനിക്കെതിരെ മത്സരിച്ച ഒരു പാപിയാണ് താങ്കൾ എന്നത് അംഗീകരിക്കുവാൻ സഹായിക്കേണ്ടതിന് താങ്കൾ ദൈവത്തോട് അപേക്ഷിക്കേണ്ടത്. അത്തരം ഒരു ജീവിതശൈലിയിൽ നിന്ന് പിന്തിരിയുകയും ദൈവം തന്റെ പുത്രനായ യേശുവിലൂടെ നിങ്ങൾക്കു നൽകുന്ന പാപക്ഷമ സ്വീകരിക്കുവാൻ തയ്യാറാകുകയും ചെയ്യേണ്ടിയിരിക്കുന്നു. ആർക്കും ഒരുനാളും, ഒരു നിമിഷത്തേയ്ക്കു പോലും ജീവിക്കുവാൻ സാധിക്കാതിരുന്ന പൂർണ്ണതയുള്ള ജീവിതം യേശു ജീവിച്ചു. യേശു നമ്മുടെ പാപങ്ങൾക്കു വേണ്ടി കുരിശിൽ മരിച്ചു. നമ്മുടെ പാപങ്ങൾക്കുള്ള വില ദൈവം സ്വീകരിച്ചു എന്നു കാണിച്ചുകൊണ്ട് ദൈവം അവനെ മൂന്നാം ദിവസം ഉയിർത്തെഴുന്നേൽപ്പിച്ചു. യേശുവിൽ മാത്രം ആശ്രയിക്കുന്നതിലൂടെ നിങ്ങൾക്ക് നിങ്ങളുടെ സകല പാപങ്ങൾക്കും ക്ഷമ പ്രാപിക്കാവുന്നതാണ്. നിങ്ങൾക്ക് പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാൻ സാധിക്കും. ദൈവവുമായി ശരിയായ ബന്ധം ഉണ്ടാകുക സാധ്യമാണ്. വരാനിരിക്കുന്ന ഭയാനകവും അന്തിമ

വുമായ ന്യായവിധിയിൽ നിന്നും രക്ഷപെടുന്നതിനുള്ള ഏക വഴി അതാണ്.

ദൈവത്തിന്റെ കൃപയാൽ, അപ്രകാരം ചെയ്യുവാൻ നിങ്ങൾക്കു സാധിച്ചിരിക്കുന്നു എങ്കിൽ, വലിയവനും മഹത്വവാനും കർത്താവായ യേശുക്രിസ്തുവിന്റെ പിതാവുമായ ഈ ദൈവത്തിന്റെ മാറ്റമില്ലാത്ത സ്വഭാവത്തെ ധ്യാനിക്കുമ്പോൾ ഭീതിയ്കു പകരം താങ്കൾ ആശ്വാസം അനുഭവിക്കും. ദയവായി വൈകരുത്. താങ്കൾ ആയിരിക്കുന്നതുപോലെ വരിക. താങ്കളുടെ മുട്ടുകൾ രാജാവായ യേശുവിനു മുമ്പിൽ മടക്കുക. തന്റെ രക്തത്തിൽ താങ്കളുടെ സകല പാപങ്ങളെയും കഴുകിക്കളയുക. പുതിയ ജീവൻ സ്വീകരിക്കുക. പരിശുദ്ധാത്മാവിനെ സ്വീകരിക്കുക. നിത്യതയിലുടനീളം ഖേദത്തിനിടയാകാത്ത ഒരു പുതിയ തുടക്കം അനുഭവിക്കുക!

## ചർച്ചയ്കുള്ള ചോദ്യങ്ങൾ

1. എപ്രകാരമാണ് ദൈവത്തിന്റെ മാറ്റമില്ലായ്മ സംബന്ധിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടിനെ ഈ അധ്യായം സ്വാധീനിച്ചത്?
2. ദൈവത്തിന്റെ ഈ അഭേദ്യഗുണത്തിന്റെ വെളിച്ചത്തിൽ ജീവിതത്തിൽ എന്ത് മാറ്റങ്ങളാണ് നിങ്ങൾക്ക് വരുത്തുവാൻ സാധിക്കുന്നത്?
3. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ പ്രാർഥനകളെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?
4. ദൈവത്തിന്റെ ഈ അഭേദ്യഗുണം നിങ്ങളുടെ സുവിശേഷീകരണത്തെ എപ്രകാരമാണ് സ്വാധീനിക്കുന്നത്?

## ധ്യാന/മനഃപാഠവാക്യം

*മലാഖി 3:6 – യഹോവയായ ഞാൻ മാറാത്തവൻ; അതുകൊണ്ടു യാക്കോബിന്റെ പുത്രന്മാരേ, നിങ്ങൾ മുടിഞ്ഞുപോകാതിരിക്കുന്നു.*

## പ്രാർഥന

*പിതാവേ, നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ, അങ്ങ് അങ്ങയുടെ സ്വഭാവത്തിലും ഉദ്ദേശ്യങ്ങളിലും അചഞ്ചലനാണ് എന്നത് അറിയുന്നത് വളരെ ആശ്വാസകരമാണ്. പലപ്പോഴും, ഞാൻ ഇത് മറക്കുകയും സംശയത്തിനും*

*നിരുത്സാഹത്തിനും ഇരയായിത്തീരുകയും ചെയ്യുന്നു. ഈ പാപം എന്നോടു ക്ഷമിക്കേണമേ. കാര്യങ്ങൾ തകിടം മറിയുമ്പോഴും അങ്ങയിൽ ആശ്രയിക്കുവാനും ഭാവിയെക്കുറിച്ച് പരിഭ്രമിക്കാതെ അങ്ങയുടെ സാമീപ്യത്തിൽ വിശ്രമിക്കുവാനും എന്നെ സഹായിക്കേണമേ. എന്റെ കർത്താവും ഒരു ദിനം എന്നെ സുരക്ഷിതമായി ഭവനത്തിലെത്തിക്കുവാൻ പോകുന്നവനുമായ ക്രിസ്തുവിൽ അങ്ങയുടെ എല്ലാ നല്ല വാഗ്ദത്തങ്ങളും നിറവേറിയിരിക്കുന്നു എന്നത് എന്നെ ദയവായി ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കേണമേ.*

*ആമേൻ!*

# ഉപസംഹാരം:

## കൃതജ്ഞത

താങ്കളുടെ വായന ഇവിടെവരെ എത്തിയെങ്കിൽ, ഈ പുസ്തകം വായിക്കുവാൻ കാട്ടിയ സന്നദ്ധതയ്ക്കായി ഞാൻ നന്ദി പറയുന്നു. നിങ്ങളുടെ ഹൃദയം പ്രോത്സാഹനം നേടുന്നുവെന്നും ദൈവത്തെക്കുറിച്ച് നിങ്ങൾക്ക് ഉന്നതമായ കാഴ്ചപ്പാടുണ്ട് എന്നും ഞാൻ ആത്മാർഥമായി പ്രത്യാശിക്കുന്നു.

ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ നിങ്ങളുടെ മുമ്പിൽ നിരന്തരം വയ്കുന്നത് സംബന്ധിച്ച് ഒരു പ്രായോഗിക നിർദ്ദേശം നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇംഗ്ലീഷിൽ ACTS എന്ന അക്രനിം (ഒരുകൂട്ടം പദങ്ങളിൽ നിന്നും ഓരോ പദത്തിന്റെയും ആദ്യ അക്ഷരം ചേർത്തുണ്ടാക്കുന്ന പദം) അഥവാ പദം പ്രാർഥനയിൽ ഉപയോഗിക്കുന്നത് സംബന്ധിച്ചു നിങ്ങൾ ഇതിനു മുൻപ് കേട്ടിരിക്കാം. ഇല്ല എങ്കിൽ, അത് ഇപ്രകാരമാണ്:

- (A)doration അഥവാ ആരാധന - ദൈവത്തിന്റെ ഒന്നോ അതിലധികമോ അഭേദ്യഗുണങ്ങളുടെ അടിസ്ഥാനത്തിൽ ദൈവത്തെ താൻ ആരായിരിക്കുന്നുവോ അപ്രകാരം അംഗീകരിക്കുക.
- (C)onfession ഏറ്റുപറച്ചിൽ - നിങ്ങളുടെ പാപങ്ങൾ ദൈവത്തോട് ഏറ്റുപറയുകയും പാപങ്ങൾക്ക് ക്ഷമ ചോദിക്കുകയും ചെയ്യുക.
- (T)hanksgiving നന്ദി പറച്ചിൽ - നിങ്ങളുടെയും മറ്റുള്ളവരുടെയും ജീവിതത്തിൽ ലഭ്യമായ ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കായി ദൈവത്തിന് നന്ദി പറയുക.
- (S)upplication അപേക്ഷ അഥവാ പ്രാർഥന - മറ്റുള്ളവരുടെയും നിങ്ങളുടെയും ആവശ്യങ്ങൾക്കായി ദൈവത്തോട് അപേക്ഷിക്കുക.

ദൈവത്തിന്റെ അഭേദ്യഗുണങ്ങളെ മനസ്സിൽ മായാതെ സൂക്ഷിക്കുവാൻ ഒന്നാമത്തെ ഭാഗമായ (A) ഉപയോഗിക്കുവാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഈ പുസ്തകത്തിൽ നൽകിയിരിക്കുന്ന വിവിധ അഭേദ്യഗുണങ്ങളും ബൈബിളിൽ നൽകപ്പെട്ടിരിക്കുന്ന മറ്റുള്ള അഭേദ്യഗുണങ്ങളും പരിശോധിച്ച് അവ ഓരോന്നിനുമായി ദൈവത്തെ സ്തുതിക്കുക. അങ്ങനെ, ദൈവം

ആരാണെന്ന് നിങ്ങൾ നിരന്തരം ചിന്തിക്കുകയും മാത്രമല്ല, ആ അഭേദ്യഗുണങ്ങൾക്കനുസൃതമായി നിങ്ങളുടെ ജീവിതം നയിക്കുവാൻ പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യും.

ഉദാഹരണത്തിന്, ദൈവത്തിന്റെ വിശുദ്ധി എന്ന അഭേദ്യഗുണം നോക്കാം. അത് സംബന്ധിച്ച് ധ്യാനിക്കണമെങ്കിൽ, നിങ്ങൾക്ക് ഏതാണ്ട് ഇപ്രകാരം പ്രാർഥിക്കാം:

*പിതാവേ, അവിടുന്ന് വിശുദ്ധനാണ് എന്ന് ഞാൻ അറിയുന്നു. വിശുദ്ധിയിൽ മഹത്വവാനായ അങ്ങയെപ്പോലെ ആരുമില്ല. എന്നെപ്പോലെ ഒരു പാപിയെ രക്ഷിച്ചതിന് നന്ദി. അങ്ങയെപ്പോലെ വിശുദ്ധനാകുവാൻ എന്നെ സഹായിക്കേണമേ.*

മറ്റൊരു ഉദാഹരണമായി ദൈവത്തിന്റെ വിശ്വസ്തതയെ കാണാം. നിങ്ങൾക്ക് ഇപ്രകാരം പ്രാർഥിക്കാം:

*പിതാവേ, അങ്ങ് എന്നെന്നും വിശ്വസ്തനായ ദൈവമാണ്. അങ്ങയുടെ മക്കളോടുള്ള അങ്ങയുടെ വിശ്വസ്തതയ്ക്ക് ബൈബിളിൽ ഒന്നിനു പിറകെ ഒന്നായി ഉദാഹരണങ്ങൾ നൽകിയിരിക്കുന്നു. കഴിഞ്ഞകാലത്തിൽ അനേക തവണ ഞാൻതന്നെ അത് രുചിച്ചറിഞ്ഞിരിക്കുന്നു. ഇപ്പോൾ, കഷ്ടതകൾ എന്നെ ഞെരുക്കുകയും ഞാൻ വളരെ നിരാശിതനായിരിക്കുകയും ചെയ്യുന്നു. എന്റെ വിശ്വാസം ദുർബലമാണ്. എന്നോടുള്ള അങ്ങയുടെ വിശ്വസ്തതയിൽ ആശ്രയിക്കുവാൻ ദയവായി എന്നെ സഹായിക്കേണമേ. അങ്ങ് വേഗത്തിൽ വിടുതൽ നൽകുമന്ന് അല്ലെങ്കിൽ, എന്റെ കഷ്ടങ്ങളെ നേരിടുവാൻ കൂടുതൽ കൃപ നൽകുമെന്ന് വിശ്വസിക്കുവാൻ എന്നെ സഹായിക്കേണമേ.*

ദൈവം സർവ്വജ്ഞനാണ് എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ നിങ്ങൾക്ക് ഇപ്രകാരം പ്രാർഥിക്കാം:

*പിതാവേ, അങ്ങ് സർവ്വജ്ഞനായ ദൈവമാണ് എന്ന് ഞാൻ അറിയുന്നു. ഈ സർവ്വ പ്രപഞ്ചവും അങ്ങ് അങ്ങയുടെ ജ്ഞാനത്താൽ സൃഷ്ടിച്ചിരിക്കുന്നു. അങ്ങ് സകലതും അറിയുന്നു; ഞാൻ അറിയുന്നില്ല. ഇപ്പോൾ, ഈ പ്രത്യേക കാര്യവുമായി ബന്ധപ്പെട്ട് ഏതു വഴിയിലൂടെ പോകണം എന്നതിൽ ഞാൻ വിഷമിക്കുകയാണ്. എന്താണ് ചെയ്യേണ്ടത് എന്ന് എനിക്കറിയില്ല. എന്നാൽ, ജ്ഞാനത്തിനായി ഞാൻ അങ്ങയെ നോക്കുന്നു. ആത്മാർഥമായി അങ്ങയെ അന്വേഷിക്കുന്നവർക്ക് അങ്ങ് ജ്ഞാനം വാഗ്ദാനം ചെയ്തിരിക്കുന്നു. അതിനാൽ, ഞാൻ അങ്ങയുടെ അടുക്കലേയ്ക്കു*

*വരുന്നു. ശരിയായ തെരഞ്ഞെടുപ്പ് നടത്തിക്കൊണ്ട്, അത് വെല്ലുവിളികൾ നേരിടുന്നതാണെങ്കിൽപോലും, അങ്ങയെ മഹത്വപ്പെടുത്തുവാൻ എന്നെ സഹായിക്കേണമേ. അങ്ങയുടെ ഹിതം എല്ലായ്പോഴും എനിക്ക് ഏറ്റവും മികച്ചതാണ് എന്ന് വിശ്വസിക്കുവാൻ എന്നെ സഹായിക്കേണമേ. എന്റെ സ്വന്ത ജ്ഞാനത്തിലും വിവേകത്തിലും ആശ്രയിക്കുന്നതിൽ നിന്നും എന്നെ തടയുകയും ചെയ്യേണമേ.*

ദൈവത്തിന്റെ അഭേദ്യഗുണങ്ങൾ പരാമർശിച്ചുകൊണ്ട് നമ്മുടെ പ്രാർഥനകൾ ആരംഭിച്ചാൽ, നാം ദൈവത്തിന് പ്രഥമ സ്ഥാനം നൽകുക മാത്രമല്ല പിന്നെയോ ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവിൽ വലിയ വളർച്ച ഉണ്ടാകുകയും അങ്ങനെ ദൈവത്തോടുള്ള വലിയ സ്നേഹത്തിലേയ്ക അത് നമ്മെ നയിക്കുകയും ചെയ്യും.

*കുറിപ്പ്:* ഈ ശീലം വളർത്തിയെടുക്കുന്നതിന് സഹായകരമാകും വിധം ഈ പുസ്തകത്തിന്റെ ഓരോ അഭേദ്യഗുണങ്ങളും ഒടുവിൽ കൊടുത്തിരിക്കുന്ന മാതൃകാപ്രാർഥനകളും നിങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

# ഗ്രന്ഥകാരനെക്കുറിച്ച്

കർത്താവായ യേശുവിന്റെ കൃപയാൽ മാത്രം രക്ഷിക്കപ്പെട്ട ഒരു പാപിയാണ് ഞാൻ. ഒരു യാഥാസ്ഥിതിക ഹിന്ദു ബ്രാഹ്മണ (ഇന്ത്യൻ) പശ്ചാത്തലത്തിൽ നിന്നുമാണ് ഞാൻ വരുന്നത്. കൃപയാൽ ക്രിസ്തുവിങ്കലേയ്ക് പരിവർത്തനം ചെയ്ത, ഹിന്ദുവായിരുന്ന വിജയ് എന്ന ക്രിസ്തീയ സുഹൃത്തിന്റെ സ്നേഹവും വിശ്വസ്തതയും കലർന്ന നിരന്തര സാക്ഷ്യം കർത്താവ് എന്റെ ജീവിതത്തിൽ ഉപയോഗിച്ചു. അതോടൊപ്പം തന്നെ, USA-യിലെ ടെക്സ്സിൽ, പഠനകാലത്ത് എന്റെ വാതിൽപ്പടിയിൽ അജ്ഞാതനായ ഒരു വ്യക്തി കൊണ്ടുവച്ച ബൈബിളിന്റെ വായനയിലൂടെയുമാണ് പ്രാഥമികമായും കർത്താവ് എന്നെ രക്ഷിച്ചത്. “ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു,” എന്ന യോഹന്നാൻ 10:11-ൽ നൽകപ്പെട്ടിരിക്കുന്ന യേശുവിന്റെ വാക്കുകളാണ് ഈ മത്സരിയായ പാപിയെ കൃപാലുവായ ഇടയനും രക്ഷകനുമായ കർത്താവായ യേശു ക്രിസ്തുവിന്റെ രക്ഷയുടെ അറിവിലേയ്ക് നയിക്കുവാൻ പരിശുദ്ധാത്മാവ് ഉപയോഗിച്ച പ്രധാന തിരുവെഴുത്ത് വാക്യം.

ഗീതയെ വിവാഹം കഴിക്കുവാനും പോൾ, പ്രീതി എന്നീ രണ്ടു കുട്ടികളുടെ പിതാവാകുവാനും ഞാൻ അനുഗ്രഹീതനായിരിക്കുന്നു. ദൈവത്തിന്റെ കൃപയാൽ എല്ലാവരും വിശ്വാസികളാണ്. ഒന്റാറിയോയിലെ വിൻഡ്സറിലുള്ള ഗ്രേസ് ബൈബിൾ ചർച്ച് 2003-ൽ സ്ഥാപിതമായതു മുതൽ പാസ്റ്റർ ആയി സേവനം അനുഷ്ഠിക്കുന്നതിനുള്ള വലിയ ഭാഗ്യപദവിയും എനിക്കു ലഭിച്ചിരിക്കുന്നു! അവർ സ്നേഹമയരായ സഹോദരീസഹോദരന്മാരുടെ ഒരു വലിയ കൂട്ടമാണ്. തീർച്ചയായും, അവരെ സേവിക്കുന്നത് ആനന്ദമാണ്.

എന്നെക്കുറിച്ച് വ്യക്തിപരമായ കൂടുതൽ വിവരങ്ങൾ www.gbc-windsor.org, www.biblebasedhope.org. എന്നിവയിൽ ലഭ്യമാണ്. എന്നോട് നേരിട്ട് ബന്ധപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ദയവായി എനിക്ക് Rk2serve@yahoo.com. എന്ന വിലാസത്തിൽ ഇമെയിൽ അയയ്കുക.

ഈ പുസ്തകത്തിന്റെ പകർപ്പുകൾ ആമസോൺ വെബ് സൈറ്റിൽ, പ്രിന്റ്, കിൽഡിൽ പതിപ്പുകളിൽ ലഭ്യമാണ്.

താഴെക്കൊടുത്തിരിക്കുന്ന സൈറ്റുകളിൽ ഈ പുസ്തകത്തിന്റെ സൗജന്യ PDF പതിപ്പുകൾ ലഭ്യമാണ്:

https://english.biblebasedhope.com/

and

https://gbc-windsor.org/

*ഈ പുസ്തകത്തിന്റെ ഉള്ളടക്കം സംബന്ധിച്ച് നിങ്ങൾക്ക് എന്തെങ്കിലും ചോദ്യങ്ങളുണ്ട് എങ്കിൽ, ദയവായി എനിക്ക് എഴുതുവാൻ മടിക്കരുത്. നിങ്ങളുടെ അഭിപ്രായങ്ങൾ ഞാൻ സ്വാഗതം ചെയ്യുന്നു. ഞാൻ എന്റെ പരിമിതികൾ പൂർണ്ണമായും തിരിച്ചറിയുകയും തിരുവെഴുത്തുകൾ സംബന്ധിച്ചുള്ള അവബോധത്തിൽ വളരുവാൻ തുടർമാനമായി ശ്രമിക്കുകയും ചെയ്യുന്നു.*

## ദൈവത്തെ മഹത്വപ്പെടുത്തുകയും എന്നേയ്ക്കും ദൈവത്തെ ആസ്വദിക്കുകയും ചെയ്യുകയാണ മനുഷ്യന്റെ ആത്യന്തിക ഉദ്ദേശ്യം!

"മനുഷ്യന്റെ ആത്യന്തിക ഉദ്ദേശ്യമെന്ത്?" എന്ന ഒന്നാമത്തെ ചോദ ത്തിന് വെസ്റ്റ്മിൻസ്റ്റർ ഷോർട്ടർ കാറ്റക്കിസം നൽകുന്ന ഉത്തര ദൈവത്തെ മഹത്വപ്പെടുത്തുകയും ദൈവത്തെ എന്നേയ്ക്കും ആസ്വദ ക്കുകയും ചെയ്യുകയാണ് മനുഷ്യന്റെ ആത്യന്തിക ഉദ്ദേശ്യം എന്ന പ്രസ്ത വനയാണ്. എന്നാൽ, ദൈവത്തിന്റെ സ്വഭാവം സംബന്ധിച്ച് ശരിയാ അവബോധം ഇല്ല എങ്കിൽ, നാം ദൈവത്തെ മഹത്വപ്പെടുത്തുകയേ എന്നേയ്ക്കും ആസ്വദിക്കുകയോ ചെയ്യുന്നില്ല. ബൈബിളിലെ ദൈവത്തെ തന്റെ അഭേദ്യഗുണങ്ങളാൽ മാത്രമാണ് മനസ്സിലാക്കുവാൻ സാധിക്ക ന്നത് എന്നതിനാൽ, നാം അവയെ പഠിക്കേണ്ട് അനിവാര്യമാണ്.

ചിത്രീകരണങ്ങളും പ്രായോഗികതയും നിറഞ്ഞ ഭക്തിസാന്ദ്രശൈലിയ ലുള്ള ഈ ഹ്യസ്വപുസ്തകം പ്രാഥമികമായും യേശുക്രിസ്തുവിന്റെ ശിഷ ന്മാരെ ബൈബിളിലെ ദൈവത്തെക്കുറിച്ചുള്ള അവബോധത്തിൽ വളര വാൻ സഹായിക്കുന്നതിനു വേണ്ടിയാണ് എഴുതപ്പെട്ടിരിക്കുന്നത്. താങ്കഗ ഒരു ക്രിസ്ത്യാനിയല്ല എന്നാൽ, ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച് കൂട തൽഅറിയുവാൻതാത്പര്യപ്പെടുന്നുവെങ്കിലുംഇത്നിങ്ങൾക്കപ്രയോജന പ്രദമാകാം. താങ്കളെ സൃഷ്ടിക്കുകയും തന്നോട് ബന്ധം സ്ഥാപിക്ക വാൻ താങ്കളെ ക്ഷണിക്കുകയും ചെയ്യുന്ന ബൈബിളിലെ ദൈവത്തിന സ്വഭാവത്തെ മനസ്സിലാക്കുന്നതിന് താങ്കളെ സഹായിക്കുവാൻ ഇ പുസ്തകം ലക്ഷ്യം വയ്ക്കുന്നു.

ദൈവം അപരിമേയനും "അവന്റെ മഹിമ അഗോചരവും" (സങ്കീർത്തന 145:3)ആയതിനാൽദൈവത്തെപൂർണ്ണമായിമനസ്സിലാക്കുവാൻആർക്കു ഒരിക്കലും സാധിക്കുകയില്ല. എങ്കിലും, പരിമിതരായ നമുക്ക് പരിമിതമാ നിലയിൽ ദൈവത്തെ അറിയുവാൻ പദവി നൽകപ്പെട്ടിരിക്കുന്നു. ബൈബ ളിന്റെ താളുകളിൽ കാണപ്പെടുന്ന പുതിയ ഉടമ്പടിയനുസരിച്ച്, "ആബാ വൃദ്ധം എല്ലാവർക്കും" ദൈവത്തെ അറിയുവാൻ സാധിക്കും (എബ്രായ 8:11). അത് നമുക്ക് ആശ്വാസം നൽകുന്നുവെന്ന് മാത്രമല്ല പിന്നെയോ ദൈവത്തെക്കുറിച്ചുള്ള ആഴമായ അറിവ് പിന്തുടരുവാൻ നമുക പ്രോത്സാഹനവും പ്രദാനം ചെയ്യുന്നു. അപ്രകാരം സാധ്യമാക്കിത്തീ ക്കുവാൻ ഈ പുസ്തകം നിങ്ങളെ സഹായിക്കും എന്ന് ഞാൻ പ്രത്യാശ ക്കുന്നു.

രാം കൃഷ്ണമൂർത്തി രണ്ടു പതിറ്റാണ്ടിലേറെയായി, കാനഡയിലെ ഒന്റാ യോയിൽ വിൻഡ്സർ എന്ന സ്ഥലത്ത് സ്ഥാപിതമായ ഗ്രേസ് ബൈബിള ചർച്ചിൽ പാസ്റ്റർ ആയി സേവനം അനുഷ്ഠിക്കുന്നു. ഗീതയാണ് അദ ഹത്തിന്റെ ഭാര്യ. അവർക്ക് രണ്ട് മക്കളുണ്ട്. കൂടുതൽ വിവരങ്ങ malayalam.biblebasedhope.com and www.gbc-windsor.org. എന്നീ വെ റ്റുകളിൽ ലഭ്യമാണ്.

മലയാളം / MALAYALAM